# കരയോഗ സൗഹൃദം

സത്യം പരം ധീമഹി

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 68

വാല്യം - 12 ലക്കം - 3 കുംഭം - 1194 മാർച്ച് 2019





എറണാകുളം കരയോഗം കഥകളി ക്ലബ്ബിൻെറ 61-ാം വാർഷികവും, 24-ാമത് പുരസ്ക്കാരസമർപ്പണ ചടങ്ങിന്റെ ഉദ്ഘാടനം ശ്രീ.പ്രസാദ് കെ.പണിക്കർ, (എക്സിക്യൂട്ടിവ് ഡയറക്ടർ, ബിപിസിഎൽ, കൊച്ചി റിഫൈനറി)ഭദ്ര ദീപം കൊളുത്തി നിർവ്വഹിക്കുന്നു. ശ്രീ.കെ.പി.കെ. മേനോൻ, പി.രാമചന്ദ്രൻ (വേണു), കെ.രാധാകൃഷ്ണൻ, രഞ്ജിനി സുരേഷ്, എസ് ശശികല തുടങ്ങിയവർ....





എഡിറ്റോറിയൽ

# കൊലപാതക രാഷ്ട്രീയം അവസാനിപ്പിക്കുക

നാളുകളേറെയായി മലയാളിയുടെ മനസ്സിനും മനസ്സാക്ഷിക്കും മുറിവേറ്റിട്ട്. ദിവസേനയെന്നോണം ആ മുറിവിന്റെ ആഴം വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു – അതിൽ നിന്നുളവാകുന്ന വേദനയും. നമ്മുടെ ഈ സംസ്ഥാനത്ത് നടക്കുന്ന രാഷ്ട്രീയ കൊലപാതകങ്ങൾ മനസാക്ഷിയുള്ള മനുഷ്യർക്ക് സഹിക്കാവുന്നതിനുമപ്പുറമാണ്. ആശയസംവാദങ്ങൾ നടത്തേണ്ടതിന് പകരം ആയുധമത്സരം നടത്തുമ്പോഴാണ് സമൂഹമനസാക്ഷിക്ക് മുറിവേല്ക്കുംവിധം രക്തച്ചൊരിച്ചിലും കൊലപാതകങ്ങളും നടക്കുന്നത്. ഏതെങ്കിലും ഒരാശയത്തിൽ ആകൃഷ്ടരായി അതിനുവേണ്ടി നിലക്കൊള്ളുന്നവരെ, ശത്രുതാഭാവത്തിൽ കാണുമ്പോഴാണ് ആയുധം എടുത്തും അല്ലാതെയും അവരെ ഇല്ലാതാക്കാൻ ശ്രമിക്കുന്നത്. ആശയസംവാദങ്ങളിലൂടെയുള്ള മത്സരങ്ങൾ പോലും സൗഹൃദാന്തരീക്ഷത്തിലായിരിക്കണം നടക്കേണ്ടത്. ശത്രുവിനോടല്ല സൗഹൃദത്തിലുള്ള തന്റെ പ്രതിയോഗിയോടാണ് താൻ ഏറ്റുമുട്ടുന്നതെന്ന ഉത്തമബോധ്യത്തോടെ സാമൂഹ്യരാഷ്ട്രീയ, മത, ജാതി പ്രവർത്തനങ്ങളിൽ ഇടപെട്ടാൽ ഒരിക്കലും ഇപ്പോൾ നാം കാണുന്ന ഹിംസാത്മക പ്രവർത്തനങ്ങൾ ഉണ്ടാവില്ല. ഇതിന് വിപരീതമായി ഹിംസയിലൂടെ സമൂഹത്തിൽ തന്റെ ആശയങ്ങള അടിച്ചേല്പിക്കാമെന്ന മിഥ്യാബോധത്തിൽ നിന്നാണ് അന്യന്റെ നേരെ ആയുധം എടുക്കുന്നത്. ഏതുവിധ ആശയപ്രചരണമായാലും അവിടെ ചോര വീഴ്ത്തിയുള്ള പ്രവർത്തനങ്ങൾ പാടില്ല എന്ന കർക്കശ നിലപാട് എല്ലാ സംഘടനകളും നിർബന്ധമായും പാലിക്കണം. തങ്ങളുടെ അനുയായികളെ അമ്മാതിരിയുള്ള സഹൃദയരാക്കി മാറ്റി സ്നേഹസംവാദങ്ങളിൽ പരിശീലനം നല്കി നമ്മുടെ പൊതുജീവിതം സംശുദ്ധവും ശാന്തസുന്ദരവുമാക്കി മാറ്റണം.ഇനി ഒരിക്കലും നമ്മുടെ ഈ 'ദൈവത്തിന്റെ സ്വന്തം നാട്ടിൽ' ഒരു നരഹത്യ പോലും ഉണ്ടാകാൻ പാടില്ല. ഇനി ഒരിക്കലും അകാലത്ത്

# ഉള്ളടക്കം

വാല്യം 12 | ലക്കം 3 | മാർച്ച് 2019


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| ജനറൽ സെക്രട്ടറിയുടെ പംക്തി | 5 |
| എറണാകുളം കരയോഗം പ്രതിമാസ പരിപാടി | 6 |
| ബാലലോകം | 7 |
| രാഗപരിചയം | 9 |
| വാസ്തു | 10 |
| ഭാരതത്തിലെ ഋഷികവികൾ | 11 |
| ക്ഷേത്രങ്ങളിലൂടെ | 14 |
| മഹാഭാരത കഥ | 17 |
| ചെറിയ കവിയും വലിയ കവിതയും | 19 |
| സാംസ്കാരിക ചരിത്രത്തിലെ ചില മൊഴിമുത്തുകൾ | 22 |
| ഹരിസുധാലഹരി | 25 |
| പാതഞ്ജലയോഗ ദർശനം | 27 |
| ഉത്തര രാമായണത്തിലൂടെ | 28 |
| മഹാകവി ചങ്ങമ്പുഴ | 32 |
| വിശ്വാസം | 34 |
| ക്ഷേത്രവും തന്ത്രിയും | 37 |
| മസ്തിഷ്കം, മനുഷ്യന്റെ വരപ്രസാദം | 42 |
| ജഗദ് ഗുരു ശ്രീ ശങ്കരാചാര്യർ | 44 |
| ഗൃഹൗഷധികൾ | 46 |
| വലിയ ചോദ്യങ്ങൾക്കുള്ള ചെറിയ ഉത്തരങ്ങൾ | 51 |
| ആദരാഞ്ജലികൾ | 55 |
| കങ്കാരു (Kangaroo) ക്കളുടെ നാട് | 57 |
| മാസഫലം | 58 |
| മാട്രിമോണിയൽ | 59-66 |



## പത്രാധിപസമിതി

കെ.പി. കൃഷ്ണമേനോൻ (മാനേജിംഗ് എഡിറ്റർ)

എം. ശ്രീവല്ലഭൻ നായർ (എഡിറ്റർ)

പി. രാമചന്ദ്രൻ (വേണു)

കെ.ടി. മോഹനൻ

എ. മുരളീധരൻ

കെ. പ്രസന്നകുമാർ

ഒരു സ്ത്രീയും വിധവയാകാൻ പാടില്ല, ഒരു കുട്ടിയും അനാഥമാകാൻ പാടില്ല, ഒരമ്മയും ഒരച്ഛനും നിരാലംബയോ നിരാലംബനോ ആകാൻ പാടില്ല. ഇക്കാര്യത്തിൽ നമ്മുടെ പോലീസ് വകുപ്പിനും ഏറെ ചെയ്യുവാൻ കഴിയും. കുറ്റവാളിയെ കുറ്റവാളിയായി തന്നെ കാണുക. യാതൊരു വിധ രാഷ്ട്രീയ മത പ്രാദേശിക ചിന്തകളാലും സ്വാധീനിക്കപ്പെടാതെ, കുറ്റാന്വേഷണത്തിൽ അതിവിദഗ്ധരെന്ന് പേരെടുത്തിട്ടുള്ള നമ്മുടെ സംസ്ഥാനപോലീസ് കൃത്യമായി കേസന്വേഷണം നടത്തി കുറ്റവാളിയെ നിയമത്തിനു മുമ്പിൽ കൊണ്ടു വന്നാൽ, അത് തീർച്ചയായും ഒരു പാഠമായുൾകൊണ്ടുകൊണ്ട്, പിന്നീട് ആയുധമെടുക്കാൻ ആരും തയ്യാറാവില്ല.സമൂഹമനസ്സാക്ഷിയെ മുറിവേല്പ്പിക്കുന്ന കൊലയാളികളായ ഇരുകാലിമൃഗങ്ങൾക്ക് പൊതുസമൂഹത്തോടൊപ്പം അവരുടെയിടയിൽ ജീവിക്കുവാനുള്ള അർഹതയില്ല. അവർക്കുള്ള സ്ഥാനം അഴികൾക്കുള്ളിലാണ്. അവരെ അവിടെത്തന്നെ തളച്ചിടുവാനുള്ള ദൗത്യം നീതിന്യായ വകുപ്പിന്റെയും. പൊതുജന നന്മയെ ലാക്കാക്കി അത് അങ്ങനെ തന്നെ സംഭവിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം.

ഇനി ഒന്ന് ഓർമ്മപ്പെടുത്തിക്കൊള്ളട്ടെ – ആയുധം കൊണ്ടുള്ള ഈ മത്സരവും പകപോക്കലും അവസാനിപ്പിക്കുന്നില്ലെങ്കിൽ അത് ചെയ്യുന്നവർക്ക് ജനങ്ങൾ തക്കതായ തിരിച്ചടി നല്കും. അത് അപരിഷ്കൃതമായ ആയുധപോരാട്ടത്തിലൂടെയല്ല, അവരുടെ അധീനതയിലുള്ള വജ്രായുധമായ സമ്മതിദാനാവകാശം കൊണ്ടായിരിക്കും. അത് എല്ലാവർക്കും എപ്പോഴും ഓർമ്മയുണ്ടാവട്ടെ.

വിദ്യാഭ്യാസത്തിൽ ഏറെ മുൻപന്തിയിലെത്തിയെന്ന് സദാ വീമ്പിളക്കുന്ന നമ്മുടെ ഈ സംസ്ഥാനത്തായിരിക്കും ഒരു പക്ഷെ ഭാരതത്തിൽ ഏറ്റവും കൂടുതൽ രാഷ്ട്രീയ കൊലപാതകങ്ങൾ നടക്കുന്നത്. വിദ്യാഭ്യാസംകൊണ്ട് ആർജ്ജിക്കേണ്ട അറിവും വിവേകവും ഉണ്ടാകാതെയിരിക്കുമ്പോഴും പാഠ്യപദ്ധതിയിൽ വിദ്യാർത്ഥികളുടെ സ്വഭാവരൂപികരണത്തിനുതകുമാറുള്ള വിഷയങ്ങൾ ഉൾപ്പെടുത്താതെ നിലവാരത്തകർച്ച സംഭവിക്കുമ്പോഴുമൊക്കെയാണ് മനുഷ്യനിൽ ചെറുപ്പത്തിലേ മൃഗീയവാസനകൾ ഉണ്ടാകുന്നതും വളരുന്നതും. സർവ്വചരാചരങ്ങളിലും ഈശ്വരീയാംശത്തെ ദർശിച്ച് അവയെയെല്ലാം സ്നേഹാദരവുകളോടെ പൂജിച്ചാരാധിക്കണമെന്ന് പഠിപ്പിക്കുന്ന, ആദ്ധ്യാത്മീകതയുടെ അടിത്തറയുള്ള ഭാരതീയ സംസ്കാരത്തിന്റെ ആധാരശിലകളായ വേദേതിഹാസങ്ങൾക്ക് വേണ്ട പ്രാമുഖ്യം നല്കാതെ, ഉപരിപ്ലവമായ ഭൗതികതയിലൂന്നിയ പാശ്ചാത്യസംസ്കാരം വിദ്യാർത്ഥികളിൽ ചെറുപ്രായത്തിലേ കുത്തി നിറച്ച് അവനെ മറ്റുള്ളവരോട് മത്സരിക്കാനും ഏത് മാർഗ്ഗത്തിലൂടെയും അവരെ പരാജയപ്പെടുത്തി മുമ്പനാകാനും സജ്ജരാക്കുന്നതിന്റെ പരിണതഫലമാണ് ഇന്ന് നാം കാണുന്ന കലുഷിതമായ കലാലയന്തരീക്ഷവും അവിടെനിന്ന് പുറത്തേക്കിറങ്ങുന്ന ക്രൂരതയുടെ മുഖമുദ്ര പേറുന്ന യുവജനങ്ങളും. ഇവിടെയാണ് മാതാപിതാക്കളുടെ ശ്രദ്ധ പതിയേണ്ടത്. കുട്ടികളിൽ ചെറുപ്പത്തിൽ തന്നെ ആർദ്രതയും സ്നേഹവും ഭക്തിയും വളർത്തിയെടുക്കുവാൻ പര്യാപ്തമായ വിദ്യാഭ്യാസ സമ്പ്രദായമായിരിക്കണം അവർക്ക് പകർന്ന് നല്കേണ്ടത്. അതായത് പരമ്പരാഗതമായ നമ്മുടെ ആചാരനുഷ്ഠാനങ്ങളിലൂന്നിയുള്ള ആർഷഭാരതസംസ്കാരത്തെ പരിപോഷിപ്പിക്കു വാനുതകുന്ന പാഠ്യസമ്പ്രദായങ്ങൾക്ക് പ്രാമുഖ്യം നൽകുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കുട്ടികളെ അയച്ചാൽ തീർച്ചയാണ് അവർ ഭാവിയുടെ വാഗ്ദാനങ്ങളായി ഉത്തമ പൗരന്മാരായി വളർന്നു വരും. അതുപോലെ ഭക്തിക്കും ആദ്ധ്യാത്മീകതക്കും പ്രാധാന്യം നല്കി സത്യസന്ധതയോടെ സ്നേഹസൗഹൃദസഹവർത്തനത്തിലൂടെ ജീവിതം മുന്നോട്ടുകൊണ്ടുപോകുവാനുതകും വിധം അവരെ സജ്ജരാക്കേണ്ട കടമ മാതാപിതാക്കളിലർപ്പിതമാണ്. അത് ശരിയായി നിർവ്വഹിക്കപ്പെട്ടാൽ ഇന്ന് നാം കാണുന്ന ഈ ക്രൂരതയും അക്രമവും എല്ലാം ഇല്ലാതാകും.

ഉദാത്തമായ സൗഹൃദാന്തരീക്ഷത്തിൽ മാന്യമായ ആശയസംവാദങ്ങളിലൂടെ നമ്മുടെ ജനാധിപത്യ ഭരണസംവിധാനം പുഷ്കലമാവട്ടെ – ശാന്തിയും സമാധാനവും കളിയാടുന്ന ലോകത്തിലെ ഏറ്റവും മനോഹരമായ ജനാധിപത്യോദ്യാനമായി നമ്മുടെ ഈ നാട് വളരട്ടെ – അനശ്വരമായി നിലനില്ക്കട്ടെ.


## വേദാന്ത പഠനക്ലാസ്സ്

**എറണാകുളം കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ**

**ശ്രീ.കെ.ആർ നമ്പ്യാരുടെ നേതൃത്വത്തിൽ വേദാന്ത പഠനക്ലാസ്സ്**

**എല്ലാ ശനിയാഴ്ചയും രാവിലെ 10.00ന് ഉണ്ടായിരിക്കുന്നതാണ്.**






# ജനറൽ സെക്രട്ടറിയുടെ പംക്തി

എറണാകുളം കരയോഗം നവതിയോടനുബന്ധിച്ചുള്ള വിവിധ പദ്ധതികളും പരിപാടികളും ആസൂത്രണം ചെയ്യുകയും അവ ഓരോന്നായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ കാലഘട്ടമാണിത്. നവതിയുടെ ഭാഗമായി ആദ്യം തുടങ്ങിവച്ചത് വിപുലമായ ഒരു പോളി ക്ലിനിക് ആണ്. ആയുഷ്യം പോളിക്ലിനിക് എന്ന പേരിൽ ടിഡിഎം ഹാൾ കോംപ്ലക്സിൽ ഹോമിയോ/അലോപ്പതി വിഭാഗങ്ങളിലെ ഡോക്ടർമാരുടെ സേവനം ഉപയോഗപ്പെടുത്തി ക്ലിനിക്ക് പ്രവർത്തനം പുരോഗമിച്ച് വരുന്നു. കൂടാതെ വിദഗ്ധ ഡോക്ടർമാരുടെ സേവനം ഉപയോഗപ്പെടുത്തി മാസത്തിൽ എല്ലാ രണ്ടാമത്തെ ഞായറാഴ്ചകളിൽ പാർക്കിൻസൺസ് രോഗികൾക്ക് സൗജന്യ വൈദ്യപരിശോധനയും ചികിത്സയും നല്കി വരുന്നു. ക്ലിനിക്കിൽ ഫിസിയോതെറാപ്പി വിഭാഗത്തിന്റെ വിപുലമായ സേവനവും ഉടൻ തന്നെ ആരംഭിക്കുന്നു.

മുൻവർഷങ്ങളിലെ പൊതുയോഗങ്ങളുടെ തീരുമാനപ്രകാരം ഒരു മെഡിക്കൽ ഷോപ്പ് തുടങ്ങുവാനുള്ള പ്രവർത്തനം ആരംഭിച്ചിട്ട് കുറച്ച് നാളായി സാങ്കേതികമായ എല്ലാ നടപടികളും പൂർത്തിയാക്കി 'ആയുഷ്യം മെഡിക്കൽസ' എന്ന പേരിൽ ഡ്രഗ് ലൈസൻസ് അനുവദിച്ച് കിട്ടിയ വിവരം സന്തോഷപൂർവ്വം അംഗങ്ങളെ അറിയിക്കുന്നു.വരും ദിവസങ്ങളിൽ ക്രമീകരണങ്ങൾ പൂർത്തിയാക്കി 'ആയുഷ്യം മെഡിക്കൽസ്' മറ്റു മരുന്നുകളോടൊപ്പം ജനറിക് മെഡിസിൻ വിതരണവും ആരംഭിക്കുവാനുള്ള ശ്രമവും കൂടി ഉണ്ടാവും. ടിഡിഎം ഹാളിൽ ദിവാൻസ് റോഡിന് അഭിമുഖമായിട്ടാണ് മെഡിക്കൽ ഷോപ്പ് ആരംഭിക്കുന്നത്. മിതമായ നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ ജീവൻരക്ഷാമരുന്നുകൾ, ജീവിതശൈലീ രോഗങ്ങൾക്കുള്ള മരുന്നുകൾ എന്നിവയുടെ വിതരണമാണ് ആദ്യമായി ആരംഭിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. കരയോഗാംഗങ്ങളിൽ മെഡിക്കൽ ഷോപ്പ് നടത്തി പരിചയമുള്ളവരുടെയും ഫാർമസിസ്റ്റ് ആയി പ്രവർത്തിച്ച് പരിചയമുള്ളവരുടെയും നിർദ്ദേശങ്ങളും ഉപദേശങ്ങളും സ്വാഗതം ചെയ്യുന്നു.

എറണാകുളം കരയോഗത്തിന്റെ സേവന സംരംഭങ്ങളിൽ അംഗങ്ങൾ സഹകരിച്ചുകൊണ്ട് കരയോഗം തുടങ്ങിവയ്ക്കുന്ന പ്രസ്ഥാനങ്ങളെ നിലനിർത്തേണ്ടതും പൊതുജനോപകാരപ്രദമായി പ്രവർത്തിക്കുവാനുള്ള സാഹചര്യവും സാമ്പത്തികവും ഒരുക്കേണ്ട ഉത്തരവാദിത്വം അംഗങ്ങൾക്കുണ്ടെന്നും വിനയപുരസ്സരം ഓർമ്മിപ്പിച്ചുകൊള്ളട്ടെ.എല്ലാ അംഗങ്ങളുടെയും സഹായ സഹകരണങ്ങൾ പ്രതീക്ഷിച്ചുകൊള്ളുന്നു.

എറണാകുളം കരയോഗത്തിന്റെ 32–ാമത് ശ്രീമദ് ഭാഗവത സപ്താഹയജ്ഞം ഫെബ്രുവരി 17 മുതൽ 24 വരെ നടത്തപ്പെട്ടു.

മലയാളികളുടെ പ്രിയപ്പെട്ട കവി, ചലച്ചിത്രഗാന രചയിതാവ്, അനേകം ഗ്രന്ഥങ്ങളുടെ കർത്താവ്, അന്യഭാഷാ സാഹിത്യകൃതികൾ മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തി പരിചയപ്പെടുത്തിയ ബഹുഭാഷാപണ്ഡിതൻ, മധുരമായ ഭക്തിഗാന, ലളിത ഗാന സൃഷ്ടിയിലൂടെ ഭാഷയ്ക്ക് തുളസീമാലാർപ്പണം നടത്തിയ സാഹിതീസേവകൻ തുടങ്ങി അനേകമനേകം ബഹുമതികൾക്കുടമയായ നമ്മുടെ അഭിമാനമായ ശ്രീ.എസ്.രമേശൻ നായരുടെ ശ്രീനാരായണ ഗുരുദേവന്റെ ജീവിതവും ദർശനവും ആധാരമാക്കി രചിച്ച 'ഗുരുപൗർണ്ണമി' എന്ന കാവ്യ സമാഹാരത്തിന് 2018 ലെ കേന്ദ്രസാഹിത്യഅക്കാദമി അവാർഡ് ലഭിക്കുകയുണ്ടായി. അഭിമാനകരമായ ഈ നേട്ടത്തിൽ അദ്ദേഹത്തെ അഭിനന്ദിക്കുന്നതിനായി കൊച്ചി പൗരാവലി ഒരുക്കിയ സ്വീകരണ സമ്മേളനത്തിൽ വച്ച് ബഹു.മിസോറാം ഗവർണർ ഹിസ് എക്സലൻസി ശ്രീ.കുമ്മനം രാജശേഖരൻ അദ്ദേഹത്തെ പൊന്നാട അണിയിച്ച് മൊമന്റോയും നല്കി ആദരിച്ചു. കരയോഗം പ്രസിഡന്റ് ശ്രീ.കെ.പി.കെ.മേനോൻ, ശ്രീ.കുമ്മനം രാജശേഖരൻ അവർകളെ പൊന്നാടയണിയിച്ച് സ്വീകരിച്ച ചടങ്ങിൽ കൊച്ചി നഗരസഭ മേയർ ശ്രീമതി.സൗമിനി ജെയിൻ, ഡോ.കെ.എസ്.രാധാകൃഷ്ണൻ, കെ.എൽ.മോഹനവർമ്മ, പ്രൊഫ.എം.കെ.സാനു, ഇ.എൻ.നന്ദകുമാർ തുടങ്ങിയവർ പങ്കെടുത്തു.കരയോഗം ജനറൽ സെക്രട്ടറി പി.രാമചന്ദ്രൻ(വേണു) സ്വാഗതമാശംസിച്ച യോഗത്തിന് സി.ജി.രാജഗോപാൽ കൃതജ്ഞത അർപ്പിക്കുകയും ചെയ്തു.

ഫെബ്രുവരി 14ന്, കാശ്മീരിൽ പുൽവാമയിൽ ഉണ്ടായ അതിനീചവും നിന്ദ്യവുമായ തീവ്രവാദി

ആക്രമണത്തിൽ വീരമൃത്യു വരിച്ച നമ്മുടെ 44 ഓളം ധീരജവാൻമാരുടെ വീരസ്മരണയ്ക്കു മുമ്പിൽ എറണാകുളം കരയോഗത്തിന്റെ ബാഷ്പാഞ്ജലികൾ. മാതൃഭൂമിയുടെ സുരക്ഷയ്ക്കുവേണ്ടിയുള്ള ആ ബലിദാനികളുടെ ജീവാർപ്പണം എന്നെന്നും സ്മരിക്കപ്പെടും. നമ്രശിരസ്കരായി നിന്ന് ആ പുണ്യാത്മക്കൾക്കു വേണ്ടി നമുക്കും പ്രാർത്ഥിക്കാം. രാജ്യത്തിന് വേണ്ടി ജീവൻ ബലി അർപ്പിച്ച ഈധീരജവാൻമാരുടെ ആത്മാക്കൾക്ക് നിത്യശാന്തി നേർന്നുകൊണ്ട് ഫെബ്രുവരി 17-ാം തീയതി ദീപപ്രോജ്ജ്വലനത്തോടു കൂടി മൗനപ്രാർത്ഥന നടത്തുകയും അനുശോചനം രേഖപ്പെടുത്തുകയും ഉണ്ടായി.

എറണാകുളം കരയോഗവും ബീമും സംയുക്തമായി സംഘടിപ്പിക്കുന്ന പ്രതിമാസ പരിപാടിയിൽ അവതരിപ്പിക്കുന്ന 'ഗാനമേള' മാർച്ച് 16 ന് ശനിയാഴ്ച വൈകുന്നേരം 6.30ന് ടിഡിഎം ഹാൾ ഗംഗയിൽ നടത്തുന്നതാണ്.

എറണാകുളം കരയോഗം ഫിലിം ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 17ന് ഞായറാഴ്ച വൈകുന്നേരം 5.00 മണിക്ക് 'സാര ബാൻഡ്' സിനിമാപ്രദർശനം ടിഡിഎം ഹാൾ നർമ്മദയിൽ നടത്തുന്നതാണ്.

എറണാകുളം കരയോഗം കഥകളി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പ്രതിമാസ കഥകളി 'രാവണവിജയം' മാർച്ച് 26, ചൊവ്വാഴ്ച, വൈകുന്നേരം 6.30ന് ടിഡിഎം ഹാൾ ഗംഗയിൽ നടത്തുന്നതാണ്.

കരയോഗത്തിന്റെ തുടർന്നുള്ള എല്ലാ പ്രവർത്തനങ്ങളിലും അംഗങ്ങളുടെ സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

*ജനറൽ സെക്രട്ടറി*

## എറണാകുളം കരയോഗം
## 16.03.2019 മുതൽ 14.04.2019 വരെയുള്ള പരിപാടികൾ

| | | | |
|---|---|---|---|
| 16.3.2019 | ശനി | 10.00 a.m. | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| | | 6.30 p.m. | : ബീം പ്രതിമാസ പരിപാടി- |
| 17.3.2019 | ഞായർ | 5.00 p.m. | : കരയോഗം ഫിലിംക്ലബ്ബ് - സിനിമ - സാരാ ബാൻഡ് |
| 20.3.2019 | ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| 21.3.2019 | വ്യാഴം | 4.00 p.m. | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 23.3.2019 | ശനി | 10.00 a.m. | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 26.3.2019 | ചൊവ്വ | 6.30 p.m. | : കരയോഗം കഥകളി ക്ലബ്ബ്- കഥകളി-രാവണവിജയം |
| 27.3.2019 | ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| | | 2.30 p.m. | : വിമൻസ് ഫോറം യോഗം |
| 28.3.2019 | വ്യാഴം | 4.00 p.m. | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 30.3.2019 | ശനി | 10.00 a.m. | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 3.4.2019 | ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| 4.4.2019 | വ്യാഴം | 4.00 p.m. | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 6.4.2019 | ശനി | 10.00 a.m. | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 7.4.2019 | ഞായർ | 10.00 a.m. | : വിഷു വിപണനമേള ആരംഭം |
| 10.4.2019 | ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| 11.4.2019 | വ്യാഴം | 4.00 p.m. | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 13.4.2019 | ശനി | 10.00 a.m. | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 14.04.2019 | ഞായർ | 10.00 a.m. | : പാർക്കിൻസൺസ് രോഗചികിത്സ(ആയുഷ്യം പോളിക്ലിനിക്) |
| | | | : വിഷു വിപണനമേള സമാപനം |

## നായർ സ്ത്രീസമാജം 2019 മാർച്ച് മാസ പരിപാടികൾ

| തീയതി | പരിപാടി | സമയം |
|---|---|---|
| 19.03.2019 | അംഗങ്ങളുടെ ഒത്തുചേരൽ | 4.00 pm |





# ബാല ലോകം

**ലക്ഷ്മിദേവി നായർ (ഫോൺ: 9947770638)**

പ്രിയപ്പെട്ട കൂട്ടുകാരെ,

പരീക്ഷാക്കാലം അടുത്തു.കൂട്ടുകാരെല്ലാം നിഷ്ഠയോടെ ഏകാഗ്രതയോടെ പഠിക്കുന്നുണ്ടായിരിക്കുമല്ലോ? ഈ സമയത്ത് ആഹാരകാര്യങ്ങളിലും ചില ചിട്ടകളൊക്കെ വേണം. നല്ല ഭക്ഷണം ബുദ്ധികൂർമതയെ കൂട്ടും എന്ന് കൂട്ടുകാർക്കറിയാമോ?

ഭക്ഷണശീലത്തെക്കുറിച്ചു ചില കാര്യങ്ങൾ പറഞ്ഞു തരാം. രുചികരമായ ഭക്ഷണം എല്ലാവരുടേയും ദൗർബല്യമാണ്, അല്ലെ കൂട്ടുകാരെ? പഴയ കാലത്തു രുചിയെക്കാൾ പ്രാധാന്യം ഗുണത്തിനാണ് അമ്മമാർ നൽകിയിരുന്നത്. അവർ തരുന്നതെന്തും അമൃത്പോലെ ഭക്ഷിച്ചിരുന്ന ഒരു കാലം ഉണ്ടായിരുന്നു. ഇപ്പോഴാകട്ടെ നിറവും രുചിയും കൂടുതലുള്ള വൈവിധ്യം ഏറിയ ഭക്ഷണസാധനങ്ങളാണ് നമ്മുടെ മുൻപിൽ നിരക്കുന്നത്. പക്ഷെ അതിന്റെ ദോഷവശങ്ങളെക്കുറിച്ചറിയാതെ നാം അവയെല്ലാം ഭക്ഷിക്കുന്നു.

ചില ഭക്ഷ്യ വസ്തുക്കൾ നമ്മുടെ ചിന്തയെ ബാധിക്കും. ഇതാ കേട്ടോളൂ. കൃത്യതയില്ലാത്ത ഭക്ഷണശീലം നമ്മെ രോഗത്തിലേക്കു നയിക്കും. വിശപ്പില്ലെങ്കിലും നമുക്ക് കഴിക്കാനാവും. പക്ഷെ ഇത് ദോഷമേ ചെയ്യൂ. അധികം കൊഴുപ്പുകൾ, അന്നജം തുടങ്ങിയവ അടങ്ങിയ ഭക്ഷണം, മധുരപലഹാരങ്ങൾ എന്നിവ വലിയതോതിൽ കഴിക്കുമ്പോൾ നമ്മുടെ ശരീരത്തെ അത് മോശമായ രീതിയിൽ ബാധിക്കും. ആരോഗ്യമുള്ള ശരീരത്തിലെ ആരോഗ്യമുള്ള മനസ്സുണ്ടാകു എന്ന് കൂട്ടുകാർ കേട്ടിട്ടില്ലേ? കടകളിൽ നിന്ന് ലഭിക്കുന്ന മധുരമുള്ള പാനീയങ്ങൾ, വറുത്ത പലഹാരങ്ങൾ എന്നിവ കഴിയുന്നതും ഒഴിവാക്കുക. ഇത് വിശപ്പിനെ തടുക്കില്ല. എന്നാൽ കുറെ നേരത്തേയ്ക്ക് ഭക്ഷണം കഴിക്കാനും തോന്നില്ല. ലളിതമായ ഭക്ഷണരീതി കുട്ടികളായ നിങ്ങൾ ചെറുപ്പത്തിലേ ശീലിച്ചോളു.

സംസ്കരിച്ചെടുത്ത ഭക്ഷ്യപദാർത്ഥങ്ങൾ കഴിയുന്നതും വേണ്ടെന്നു വെക്കണം കൂട്ടുകാരെ. സമീകൃതമായ ആഹാരം കൂട്ടുകാരുടെ വളർച്ചയ്ക്ക് അനിവാര്യമാണ്. പലപ്പോഴും നമ്മൾ ഇത് മറക്കുന്നു. ഇഷ്ടപ്പെട്ടതും രുചികരമായതും നിറങ്ങൾ ചേർത്തതുമായ ആഹാരം നമ്മുടെ നാവിനെ ആകർഷിക്കുന്നു. ഒരു പാത്രത്തിൽ കുറെ പഴവർഗങ്ങളും, മറ്റൊരു പാത്രത്തിൽ നിറം പിടിപ്പിച്ച മധുര പലഹാരങ്ങളും കിട്ടിയാൽ കൂട്ടുകാർ ഏതെടുക്കും എന്ന് ചോദിക്കേണ്ടതുണ്ടോ? അതുപോലെ മേശപ്പുറത്തു പിസയും, പുട്ടും കടലയും കിട്ടിയാലോ? ഒരുദാഹരണം പറയാം. ജ്വലിക്കുന്ന അഗ്നിയെ ഭക്ഷണമാണെന്നു ധരിച്ചു ഏറെ ആഗ്രഹത്തോടെ പറന്നടുക്കുന്ന ഈയാംപാറ്റകളെ കൂട്ടുകാർ കണ്ടിട്ടില്ലേ? ഇവിടെ എന്താണ് സംഭവിക്കുന്നത് ? പാറ്റകൾ തീയിൽ പെട്ട് മരിക്കുന്നു. ഇതുപോലെയാണ് കാഴ്ച്ചയിൽ നാം വിശ്വസിക്കുമ്പോൾ ഉണ്ടാകുന്ന ഭവിഷ്യത്തും. കാഴ്ചയ്ക്ക് ഏറെ മനോഹരമായ മധുരപദാർത്ഥങ്ങൽ കാണുമ്പോൾ ഈ പാറ്റകളെ ഓർത്തോളൂ കൂട്ടുകാരെ. ഇവിടെയാണ് കൂട്ടുകാരുടെ വിവേകം ഉണരേണ്ടത്. നാളത്തെ ഉത്തമ പൗരന്മാരാവേണ്ടവർ നല്ല ഭക്ഷണം കഴിച്ചു വേണം വളരാൻ എന്ന് മനസ്സിലായല്ലോ?

അതുപോലെ വെള്ളത്തിന് ഏറെ ഔഷധഗുണങ്ങൾ ഉണ്ടെന്നു കൂട്ടുകാർക്കറിയാമോ? ശരീരത്തിൽ ശരിയായ രാസപ്രവർത്തനം നടക്കണമെങ്കിലും, ശരിയായ രീതിയിൽ ദഹനം നടക്കണമെങ്കിലും വെള്ളം ആവശ്യമാണ് കേട്ടോ. ഇടയ്ക്കിടെ വെള്ളം കുടിക്കുന്നതും നമ്മുടെ ശരീരത്തിന് നല്ലതാണ്.

ഇനിയെങ്കിലും അമ്മയോട് പറയൂ, എനിക്ക് ഉച്ചയ്ക്ക് കഴിക്കാൻ ബ്രഡ്, പിസ ഇതൊന്നും വേണ്ട പകരം മുളപ്പിച്ച ധാന്യങ്ങളോ, പഴങ്ങളോ മതി എന്ന്. അതുകൊണ്ടന്താ ? അമ്മയ്ക്ക് പണി എളുപ്പം. കുട്ടികളായ നിങ്ങൾക്ക് ഊർജ്ജവും കൂടും.

ഇനി ഈ മനോഹരമായ കവിത ചൊല്ലി പഠിച്ചോളൂ. കൈലാസനാഥനെക്കുറിച്ചു കൂട്ടുകാർ കേട്ടിട്ടില്ലെ? കൈലാസത്തെക്കുറിച്ചും. ഹിമാലയത്തിലെ ഒരു കൊടുമുടിയാണ് കൈലാസം.

കൈലാസപർവ്വതത്തെക്കുറിച്ചുള്ള വർണ്ണനയാണ് താഴെ കൊടുത്തിരിക്കുന്നത്.

ഹിമകരമഹസാം പിണ്ഡംപോലെ
കർപ്പൂരത്തിൻ കൂട്ടം പോലെ
പുരഹരശോഭാ നിലയം പോലെ
വിസതന്തൂനാം ജാലംപോലെ
മുക്താഫലതതിയെത്തും പോലെ
കൈലശാംബുധിതൻ കഠിനതപോലെ
പ്രളയ ഹുതാശന ഭസ്മംപോലെ
ഗംഗാസലിലം പൊങ്ങും പോലെ
ശങ്കരവാഹന വൃഷവര കേളീ -
ഹുംകൃതി സങ്കുലം അങ്ങൊരുഭാഗം
ഹരിണീ, കരിണീ ഖുരരേണുഗണൈഃ
ആരുണീകൃതശിലമങ്ങൊരുഭാഗം
ഇലകളിലെല്ലാം കലുപിലമണ്ടും
കലകളുമുണ്ടങ്ങൊരു ഭാഗാന്തേ.

# തത്തവർത്തമാനം

പറവൂർ രാജഗോപാൽ. ഫോൺ: 9847291483

തത്തയെക്കൊണ്ടു ലക്ഷണം പറയിക്കുന്ന ഒരു കാക്കാലൻ ഉണ്ടായിരുന്നു. ഒരിക്കൽ ഒരു പൊന്തക്കാട്ടിൽ നിന്നായിരുന്നു അയാൾക്ക് തത്തയെ കിട്ടിയത്. തത്തയെ അയാൾ പലതും പറഞ്ഞു പഠിപ്പിക്കുവാൻ നോക്കി. തത്ത എന്തിനും ഏതിനും മൂളിമൂളി ഇരുന്നു. പറഞ്ഞുകൊടുത്തതൊന്നും പറയാതെ, എന്തു ചോദിച്ചാലും അത് 'ഇതിലെന്താണു സംശയം' എന്നു മാത്രം പറഞ്ഞു.

കാക്കാലന് ഒരു ബുദ്ധിതോന്നി. അയാൾ തത്തയുമായി കറങ്ങി നടന്നു. പല നാടുകളും ചുറ്റി. നാട്ടുകാർ അവർക്ക് അറിയേണ്ട കാര്യങ്ങൾ തത്തയോടു തിരക്കുമ്പോഴും തത്ത ചിലച്ചും മൂളിയുമിരിക്കും. തത്തശാസ്ത്രം അറിയുന്ന ആളെപ്പോലെ കാക്കാലൻ അവരോട് ഓരോന്നു പറയും. അതുശരിയാണോ എന്ന് അവരാരെങ്കിലും തിരക്കിയാൽ തത്തപറയും 'ഇതിലെന്താണു സംശയം?!'

കാക്കാലന് തത്ത കാലക്ഷേപത്തിന് കൈവന്ന ഒരു വഴിയായി. പല നാടു താണ്ടി ഒരിക്കൽ അയാൾ എന്റെ ഊരായ പറവൂരുമെത്തി.

ഞങ്ങൾ നാട്ടുകാരോടു കാക്കാലൻ പറഞ്ഞു.

'എന്ത് ചോദിച്ചാലും തത്ത മറുപടി പറയും'

'ഊവ്വോ തത്തേ?' ഞങ്ങൾ ചോദിച്ചു

'ഇതിലെന്താണു സംശയം!' തത്തയുടെ മറുപടി ഉടൻ വന്നു

'കൊള്ളാമല്ലോ ഈ തത്ത' ഞങ്ങൾക്ക് രസമായി

ഇരിക്കുന്ന കൊമ്പുമുറിച്ചുകൊണ്ടിരുന്ന മുനിയൻ മൊട്ടാണ്ടിയെകണ്ട് ഒരു നാൾ തത്ത ചിലച്ചു

'എന്തായി തത്ത പറേണെ?' മരക്കൊമ്പിലിരുന്ന് മൊട്ടാണ്ടി വിളിച്ചു ചോദിച്ചു.

അശ്ശശ്ശോ, നീങ്ക ഇരിക്കണ ചില്ലയാമുറിക്കണേന്ന്.....വീഴൂന്ന്..... കാക്കാലൻ പറഞ്ഞു.

'ഊവ്വ് ഊവ്വ് വീണതുതന്നെ, ആര് ഞാനോ....? മ്മിണി പുളിക്കും. ഒന്നു പോന്റെ കാക്കാലാ നിന്റെ തത്തേം കൊണ്ട്'.

മണ്ടൻ മുനിയൻ വിളിച്ചു പറഞ്ഞു

കാക്കാലൻ തത്തയേയും കൊണ്ടു ഒരു വാരമെത്തിയില്ല മുനിയൻ മൊട്ടാണ്ടി ശിഖരം മുറിഞ്ഞു താഴെ പൊത്തോന്നു ദേ, കിടക്കുന്നു. എഴുന്നേറ്റ് പൊടിതട്ടി മൊട്ടാണ്ടി ഓടിച്ചെന്ന് കാക്കാലനൊപ്പം എത്തി.

'നിന്റെ തത്ത കൊള്ളാമല്ലോ. തത്തോട് ചോദിക്ക് ന്റെ ദീനം വന്ന്കെടക്കണ വാഴുന്നോർടെ തമ്പ്രാട്ടി എന്നാ മരിക്കുന്നേന്ന്. പറയാൻ പറേടോ നിന്റെ തത്തോട്.'

'അത് തമ്പ്രാ..... അത് പിന്നേയ് ഏന്...........' കാക്കാലൻ തല മാന്തി നിന്നു.

'എങ്കിവേണ്ട, ഇത് ചോദിക്ക് ഞാൻ മരിക്ക്യോന്ന്' അതുകേട്ട് തത്ത പറഞ്ഞു

'ഇതിലെന്താണു സംശയം!'

മൊട്ടാണ്ടി നാടുമുഴുവൻ പറഞ്ഞു നടന്നു തത്തയെപ്പറ്റി. തത്ത ഞങ്ങൾക്കെല്ലാം പ്രിയപ്പെട്ടതാകുന്നത് അങ്ങനെയാണ്. ഞങ്ങൾ തത്തയ്ക്ക് പാലും പഴവും കൊടുത്തു. കാക്കാലന് ചോറും മീൻകറിയും നൽകി.

തത്തയെ ഞങ്ങൾ ഞങ്ങളുടെ സ്വകാര്യ സ്വത്താക്കാൻ നിശ്ചയിച്ചു. കാക്കാലനോട് ഞങ്ങൾ അക്കാര്യം സൂചിപ്പിച്ചു.

'എന്റമ്പ്രാ..... അതെങ്ങനാ? എന്റെ തൊഴിലല്ലേത്. ഈ കിളി മിണ്ടീലെങ്കി എന്റെ കഞ്ഞികുടിമുട്ടൂല്ലോ......'

'തന്റെ കഞ്ഞികുടി മുട്ടാതെ ഞങ്ങൾ നോക്കിക്കൊള്ളാം. താനും തത്തേം ഇനി മറ്റെവിടേം പോകണ്ടാ ഞങ്ങടെ നാട്ടിൽ പാർത്തോ.....'

കാക്കാലൻ സമ്മതിച്ചു. എങ്ങനേം സമ്മതിപ്പിച്ചു എന്നു വേണം പറയാൻ. തത്തയും കാക്കാലനും

ഞങ്ങളുടെ നാട്ടിലെ താമസക്കാരായി.

ഓരോന്നിനും തത്തവർത്തമാനം കാതോർത്ത് ഞങ്ങൾ ഒപ്പം കൂടി. ഒരു വേനലും ഒരു വർഷവും കഴിഞ്ഞു. ഒരു നാൾ കാക്കാലൻ പറഞ്ഞു. 'ഏനെന്റെ ഊരക്ക് പോവ്വാ..... നിങ്ങക്കീ തത്തയെ ഞാൻ തരാം. പക്ഷേങ്കി ഏന് ആയിരം പണം തരണം'. ഞങ്ങൾ സമ്മതിച്ചു.

'ആയിരോങ്കി ആയിരം'

തത്തയെ ഞങ്ങളെ ഏൽപ്പിച്ച് കാക്കാലൻ പോയി. തത്തയോട് ഞങ്ങൾ തിരക്കി

'തത്തപ്പെണ്ണേ, നിന്നെ ഞങ്ങൾക്ക് വിറ്റിട്ടുപോയ നിന്റെ യജമാനൻ ഒരു വിഡ്ഢിയല്ലേ ? പറ

തത്ത പറഞ്ഞു. 'ഇതിലെന്താണു സംശയം!'

അതിന് അങ്ങനെയല്ലേ പറയാൻ അറിയൂ. അതല്ലേ അത് പഠിച്ചിട്ടുള്ളൂ. തത്തയായാലും പഠിച്ചതല്ലേ പാടൂ.

പിന്നീട് അക്കാര്യം മനസ്സിലാക്കുമ്പോഴും ഞങ്ങൾക്ക് തത്തയോട്ു യാതൊരു ദേഷ്യവും തോന്നിയില്ല.





രാഗപരിചയം

# പൂർവ്വികല്ല്യാണി

ഡോ. ജയലക്ഷ്മി നന്ദകുമാർ

53-ാമത്തെ മേളകർത്താരാഗമായ ഗമനശ്രമയുടെ ജന്യരാഗമാണ് പൂർവ്വികല്ല്യാണി. പ്രശസ്തവും പ്രസന്നവും ആയ രാഗമാണിത്. സംഗീതസമ്പ്രദായ പ്രദർശിനി എന്ന സുബ്ബരാമദീക്ഷിതരുടെ ഗ്രന്ഥത്തിൽ ഈ രാഗത്തെ ഗമക ക്രിയ എന്നാണ് പരാമർച്ചിരിക്കുന്നത്. പൂർവ്വി എന്ന രാഗത്തിന്റെ ആദ്യപകുതിയും കല്ല്യാണി രാഗത്തിന്റെ രണ്ടാം പകുതിയും ചേർന്നു വരുന്നതിനാൽ ആണ് പൂർവ്വികല്ല്യാണി എന്ന നാമം.

ആരോഹണം : സ രി ഗ മ പ ധ പ സ

അവരോഹണം : സ നി ധ പ മ ഗ രി സ

സ്വരസ്ഥാനങ്ങൾ : ഷഡ്ജം, ശുദ്ധരിഷഭം, അന്തരഗാന്ധാരം , പ്രതിമമദ്ധ്യമം, പഞ്ചമം, ചതു: ശ്രുതി ധൈവതം, കാകളി നിഷാദം.

ഗമനശ്രമയുടെ സ്വരങ്ങൾ മാത്രമേ പൂർവ്വികല്ല്യാണിയിൽ വരുന്നുള്ളൂ. അന്യസ്വരങ്ങൾ ഇല്ലാത്തതിനാൽ ഇതൊരു ഉപാംഗ രാഗമാണ്. ആരോഹണത്തിൽ ആറും അവരോഹണത്തിൽ ഏഴും സ്വരങ്ങൾ വരുന്നതിനാൽ പൂർവ്വികല്ല്യാണി ഷാഡവ - സമ്പൂർണ്ണ രാഗമാണ്. ഹിന്ദുസ്ഥാനി സംഗീതത്തിൽ പൂർവ്വികല്ല്യാണിയുടെ മേളകർത്താരാഗമായ ഗമനശ്രമയയ്ക്ക് സമാനമായ പൂരിയകല്ല്യാൺ എന്ന രാഗമുണ്ട്.

ഗമകത്തോടെ ആലപിച്ച് ഭാവം വരുത്തേണ്ട രാഗമാണിത്. കച്ചേരികളിൽ രാഗം, താനം, പല്ലവി, നിരവൽ, കല്പനസ്വരം എന്നിവയ്ക്ക് സാദ്ധ്യതയുള്ള രാഗമാണിത്. വർണ്ണം, കൃതി, കീർത്തനം, പദം, ജാവലി, രാഗമാലിക തുടങ്ങി എല്ലാ സംഗീതരൂപങ്ങളും ഈ രാഗത്തിൽ ഉണ്ട്. മുത്തുസ്വാമി ദീക്ഷിതരുടെ 'മീനാക്ഷി മേ മുദം' എന്ന് കൃതിയിൽ 'വീണാ ഗാന ഗമകക്രിയേ' എന്ന രാഗമുദ്ര ഉള്ളതായി കാണാം. സർവ്വകാലിക രാഗമാണെങ്കിലും സൂര്യാസ്തമയത്തിനു ശേഷം ആലപിച്ചാൽ കൂടുതൽ ശോഭനീയം. വിരഹം, ഭക്തി, ദു:ഖം, ശൃംഗാരം എന്നി ഭാവങ്ങൾ ഉൾക്കൊള്ളാൻ പറ്റുന്ന രാഗം.

## ഈ രാഗത്തിലുള്ള കൃതികൾ

| | | | | | |
|---|---|---|---|---|---|
| 1. | മീനാക്ഷി മേ മുദം | - | ആദി | - | മുത്തുസ്വാമി ദീക്ഷിതർ |
| 2. | ഏകാമ്രനാഥം | - | ആദി | - | മുത്തുസ്വാമി ദീക്ഷിതർ |
| 3. | കാശി വിശാലാക്ഷിം | - | രൂപകം | - | മുത്തുസ്വാമി ദീക്ഷിതർ |
| 4. | നവരത്ന മാലിനീം | - | ഖണ്ഡ ഏക | - | മുത്തുസ്വാമി ദീക്ഷിതർ |
| 5. | ജ്ഞാനമൊ സഗരാദാ | - | രൂപകം | - | ത്യാഗരാജസ്വാമി |
| 6. | പരിപൂർണ്ണ കാമ | - | രൂപകം | - | ത്യാഗരാജസ്വാമി |
| 7. | ദേവ ദേവ ജഗദീശ്വര | - | ആദി | - | സ്വാതി തിരുനാൾ |

## ചലച്ചിത്രഗാനങ്ങൾ

| | | | |
|---|---|---|---|
| 1. | മനസ്സിലുണരൂ | - | മറുനാട്ടിൽ ഒരു മലയാളി (തുടക്കം) |
| 2. | പദ്മ തീർത്ഥമേ ഉണരൂ | - | ഗായത്രി |
| 3. | ദേവീ കന്യാകുമാരീ | - | ദേവീ കന്യാകുമാരി |
| 4. | ശംഭോ ഞാൻ | - | നല്ല തങ്ക |
| 5. | പച്ചില ച്ചാർത്താം | - | കരയിലേക്ക് ഒരു കടൽദൂരം |
| 6. | പുഴയിൽ മുങ്ങി താഴും | - | ഉൾക്കടൽ |

**എറണാകുളം കരയോഗത്തിന്റെ പ്രതിമാസ പാർക്കിൻസൺസ് രോഗചികിത്സാ ക്ലിനിക് 2019 മാർച്ച് മാസം 10-ാം തീയതി, ഞായറാഴ്ച രാവിലെ 10 മണിമുതൽ 1 മണി വരെ ഇകെഎൻഎം പോളിക്ലിനിക്കിൽ വച്ച് നടത്തുന്നതാണ്.**


**ജനറൽ സെക്രട്ടറി**

വാസ്തു

# വാസ്തുശാസ്ത്രം

ശ്രീ.പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ (ഫോൺ: 9447032434)

ഒരു ബെഡ്റൂം മാത്രം താഴത്തെ നിലയിൽ ഉണ്ടായിരിക്കുന്ന പക്ഷം യാതൊരു കാരണവശാലും ബെഡ്റൂം വടക്കു കിഴക്കും കാർ പോർച്ച് തെക്കുപടിഞ്ഞാറും വരരുത്. കഴിഞ്ഞ ആഴ്ച ഞാൻ കാണാൻ ഇട വന്ന വീടിന്റെ പ്ലാൻ ആണ് താഴെ കൊടുത്തിരിക്കുന്നത്. തെക്കോട്ടാണ് മുഖം. തെക്ക് റോഡ്, വടക്കു കിഴക്ക് ബെഡ്റൂം. വടക്കു പടിഞ്ഞാറ് അടുക്കള. അടുക്കളയുടെ അകത്തേയ്ക്ക് വടക്കു കിഴക്കായി ടോയ്‌ലറ്റ് തള്ളി നില്ക്കുന്നു. വരാന്തയിൽ നിന്ന് കിഴക്കോട്ടാണ് ഇറങ്ങുന്നത്. അവിടെ താമസിക്കുന്നവർക്ക് പല തരത്തിലുള്ള പ്രശ്നങ്ങൾ ഉണ്ട്.




*രണ്ടു പ്ലാനുകളും നോക്കുക.*

ഇപ്പോൾ ഉള്ള വടക്ക് കിഴക്ക് ബെഡ്റൂം, അടുക്കള ആയി മാറ്റണം. അടുക്കളയും കാർപോർച്ചും കിടപ്പുമുറികളാക്കി മാറ്റണം. തെക്കു റോഡായതിനാൽ തെക്ക് നിന്ന് വീട്ടിലേയ്ക്കു കയറണം.

സ്റ്റേർകെയ്സ് അടിഭാഗം വളരെ താഴ്ന്ന് കിടക്കുന്നുണ്ട്. അതു മാറ്റി മുറിയുടെ നിരപ്പിലേക്ക് പൊക്കണം. കാർപോർച്ച് കിഴക്കു വശത്ത് എടുക്കാവുന്നതാണ്.

അടുക്കള വടക്കു പടിഞ്ഞാറ് ആകാം. വടക്കോട്ടോ, കിഴക്കോട്ടോ തിരിഞ്ഞു നിന്ന് കത്തിക്കുവാൻ സൗകര്യം വേണം. ഇവിടെ അടുക്കളയിലേക്ക് ടോയ്‌ലറ്റ് തള്ളി നില്ക്കുന്നത് കൊണ്ട് അതിന് കഴിയുകയില്ല. വീട്ടിൽനിന്ന് കിഴക്കോട്ട് ഇറങ്ങണമെങ്കിൽ കിഴക്കു മദ്ധ്യത്തിന്റെ വടക്കു വശത്തായിരിക്കണം പടി.

**വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻ കൂർ പേർ രജിസ്റ്റർ ചെയ്തിരിക്കണം.**

## അറിയിപ്പ് /കരയോഗാംഗങ്ങളുടെ ശ്രദ്ധയ്ക്ക്

**കരയോഗ നിയമാവലി 7(iii) പ്രകാരം എല്ലാ കരയോഗാംഗങ്ങളും ചാരിറ്റി ഫണ്ടിലേക്ക് പ്രതിവർഷം 120 രൂപ നൽകേണ്ടതാണ്. മുൻവർഷങ്ങളിൽ തുക അടക്കാത്തവർ കുടിശ്ശിക സഹിതം അടയ്ക്കേണ്ടതാണ് എന്ന് ഓർമ്മപ്പെടുത്തുന്നു. 2000 രൂപ ഒറ്റത്തവണയായി അടച്ചാൽ പ്രസ്തുത അംഗത്തിന് ആജീവനാന്തം തുക അടയ്ക്കേണ്ടതില്ല എന്ന് അറിയിക്കുന്നു. അതുപോലെ തന്നെ ഏതെങ്കിലും ഇനത്തിൽ കരയോഗത്തിലേക്ക് അടയ്ക്കേണ്ടതായ തുക കുടിശ്ശിക വരുത്തിയിട്ടുണ്ടെങ്കിൽ ആയതുകൂടി നല്കുവാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.**

***ജനറൽ സെക്രട്ടറി***





തുടർച്ച

# ഭാരതത്തിലെ ഋഷികവികൾ

## അധിനിവേശം-പൈതൃകം-നവോത്ഥാനം

ശ്രീകുമാരി രാമചന്ദ്രൻ (ഫോൺ: 9947054009)

**ഗോവിന്ദദാസ്**

ചൈതന്യമഹാപ്രഭുവിന്റെ കൃഷ്ണഭക്തി പ്രസ്ഥാനത്തിലൂടെ വളർന്ന ഒരു ഋഷികവിയാണ് ഗോവിന്ദദാസ്. മുർഷിദാബാദ് ജില്ലയിലെ തെലിയബുധുരിഗ്രാമത്തിൽ ചിരഞ്ജീവയുടെയും സുലോചനയുടെയും പുത്രനായി എ.ഡി. 1535 ൽ ജനിച്ചു. മാതാവിന്റെ ജന്മദേശമായ ശ്രീഖണ്ഡ എന്ന ഗ്രാമത്തിൽ ബാല്യം ചിലവഴിച്ചു. മാതാമഹനായ ദാമോദർസെൻ നല്ലൊരു കവിയായിരുന്നു. 'സംഗീതദാമോദരം' എന്ന ഗ്രന്ഥം അദ്ദേഹത്തിന്റെ രചനയാണ്. അദ്ദേഹത്തിന്റെ സഹോദരനായ രാമചന്ദ്രസെന്നും മികച്ച കവിതകൾ രചിച്ചു. ഇവരുടെ സഹവാസം ഗോവിന്ദദാസിൽ സ്വാധീനം ചെലുത്തി. അക്കാലത്ത് ശ്രീഖണ്ഡയുൾപ്പെട്ട ബർദ്ദാമൻജില്ല വൈഷ്ണവ ഭക്തിയുടെ കേന്ദ്രമായിരുന്നു. ദേവീഭക്തനായിരുന്ന ഗോവിന്ദദാസ് ശ്രീനിവാസ ആചാര്യ എന്ന ഗുരുവിൽനിന്ന് ദീക്ഷ സ്വീകരിച്ച് വൈഷ്ണവ പ്രസ്ഥാനത്തിന്റെ പ്രചാരകനായിത്തീർന്നു. അദ്ദേഹത്തിലെ കാവ്യ പ്രതിഭയുണരാൻ താമസമുണ്ടായില്ല. വിദ്യാപതിയുടെ കാവ്യരചനകളാണ് അദ്ദേഹത്തിനു പ്രചോദനം പകർന്നത്. മധുരഭക്തിയായിരുന്നു ഗോവിന്ദദാസ് കൃതികളുടെ മുഖമുദ്ര. സംസ്കൃതത്തിൽ പാണ്ഡിത്യമുണ്ടായിരുന്നെങ്കിലും അദ്ദേഹം തന്റെ രചനകളെ അപഭ്രംശഭാഷയിലൂടെയാണ് ലോകത്തിനു സമർപ്പിച്ചത്. പിന്നീട് 'അഭിനവ വിദ്യാപതി'എന്ന പേരിൽ അദ്ദേഹം അറിയപ്പെട്ടു. 'സംഗീതമാധവം', 'ഗീതാമൃതം' എന്നിവയാണ് ഗോവിന്ദദാസിന്റെ മുഖ്യരചനകൾ.പിൽക്കാലത്ത് രബീന്ദ്രനാഥടാഗോർ ഗോവിന്ദദാസിന്റെ കൃതികളിൽ നിന്നു പ്രചോദനമുൾക്കൊണ്ട് 'ഭാനുസിംഹേർ പദാവലി' എന്ന നൃത്തനാടകം രചിച്ചു. ഗോവിന്ദദാസിന്റെ പല കീർത്തനങ്ങൾക്കും സംഗീതം നൽകിയത് ടാഗോർ തന്നെ. ബംഗാളിൽ ഇന്നും ഗോവിന്ദദാസ് കൃതികൾ സംഗീതക്കച്ചേരികളിൽ ആലപിക്കപ്പെടുന്നുണ്ട്.

**ഹരിദാസ് തകുറാ**

ബംഗാളിലെ സത്കിരാ ജില്ലയിൽപ്പെട്ട ബുറോൺ എന്ന ഗ്രാമത്തിനാണ് ഹരിദാസ് തകുറാ എന്ന മഹാഭക്തനു ജന്മമേകാൻ ഭാഗ്യമുണ്ടായത്. ഈ ജില്ല ഇപ്പോൾ ബംഗ്ളാദേശിന്റെ ഭാഗമാണ്. വിഷ്ണുവിന്റെ ഓമനയായ പ്രഹ്ളാദൻ അസുരകുലത്തിൽ ജനിച്ചതുപോല, രാമദാസനായ ഹനുമാൻ വാനരകുലത്തിൽ ജനിച്ചതുപോലെ, പരമഭാഗവതനായ ഗരുഡൻ പക്ഷികുലത്തിൽ ജനിച്ചതുപോലെ, ഭക്തശിരോമണിയായ ഹരിദാസ് തകുറാ യവനകുല (ഇസ്ലാം)ത്തിലാണു ജന്മംകൊണ്ടത്. മതാനുശാസനങ്ങൾ അദ്ദേഹത്തെ കൃഷ്ണനാമം ഉച്ചരിക്കുന്നതിൽ നിന്നു വിലക്കിയിരുന്നെങ്കിലും ഏതോ മുജ്ജന്മസ്മരണകണക്കെ ഹരിഭക്തിയിലുറച്ച മനസുമായാണ് അദ്ദേഹം ജനിച്ചത്.

അസാമാന്യ ബുദ്ധിശക്തിയുള്ള ബാലനായിരുന്നു ഹരിദാസൻ. ഹരിനാമജപമേ ജീവിതവ്രതം എന്ന മട്ടിലാണ് അദ്ദേഹം ജീവിച്ചത്. കൗമാരപ്രാ



**ശ്രീമതി. ശ്രീകുമാരി രാമചന്ദ്രൻ എഴുതി കരയോഗം സൗഹൃദം തുടർച്ചയായി പ്രസിദ്ധീകരിച്ചുകൊണ്ടിരുന്ന 'ഭാരതത്തിലെ ഋഷികവികൾ' എന്ന ലേഖന പരമ്പര പുസ്തകരൂപത്തിൽ സംഗീതജ്ഞൻ ശ്രീ. ശ്രീവത്സൻ മേനോൻ എഴുത്തുകാരൻ ശ്രീ. രമേഷ് ഗോപാലകൃഷ്ണന് ആദ്യപ്രതി നല്കി പ്രകാശനം നിർവ്വഹിക്കുന്നു.**

യമെത്തിയപ്പോൾ ഗംഗാതീരത്തു സ്ഥിതിചെയ്യുന്ന ശാന്തിപൂർ എന്ന ഗ്രാമത്തിലെത്തി. അവിടെ ഫുലിയ എന്ന പ്രദേശത്താണ് ഗുരു അദ്വൈതാചാര്യ താമസിച്ചിരുന്നത്. ഹരിദാസിന് അദ്ദേഹം ദീക്ഷ നൽകി വൈഷ്ണവ സമ്പ്രദായത്തിലേക്കു സ്വാഗതം ചെയ്തു. ഇരുവരുംചേർന്ന് ഹരിഭജനം ചെയ്യാൻ തുടങ്ങി. ഗ്രാമവാസികൾക്ക് ഇത് ഏറെ സന്തോഷം പകർന്നു. ബ്രാഹ്മണരടക്കം ഒട്ടേറെ ഭക്തജനങ്ങൾ ഹരിദാസിന്റെ നാമജപം കേൾക്കാൻ ഫുലിയ ഗ്രാമത്തിലെത്തി. സ്മാർത്ത ബ്രാഹ്മണരിൽ ചിലർക്ക് ഇക്കാര്യം അശേഷം രുചിച്ചില്ല. ഉറക്കെയുറക്കെ നാമം ചൊല്ലുന്നത് തെറ്റാണെന്നും നിശബ്ദമായി മനസുകൊണ്ടു മാത്രമേ നാമം ചൊല്ലാവൂ എന്നും അവർ നിഷ്ക്കർഷിച്ചു.

'പക്ഷിമൃഗാദികൾക്കും വൃക്ഷലതാദികൾക്കും സ്വയം ഹരിനാമം ജപിക്കാനാവില്ല. നമ്മൾ ഉറക്കെ നാമം ചൊല്ലുന്നതു കേട്ടാൽ അവയ്ക്കും പുണ്യം ലഭിക്കുമല്ലോ,' എന്നായി ഹരിദാസ്. ബ്രാഹ്മണർ സമ്മതിക്കാൻ മടിച്ചു. 'അല്ലയോ ബ്രാഹ്മണരേ, നിങ്ങൾ ശ്രീമദ്ഭാഗവതം വായിച്ചിട്ടില്ലേ. ഭഗവാന്റെ നാമം അവനവൻ മാത്രം ഉച്ചരിക്കുമ്പോൾ ഒരു പുണ്യം കിട്ടുന്നു. മറ്റുള്ളവർക്കു കേൾക്കാൻ പാകത്തിൽ ഉച്ചരിക്കുമ്പോൾ നൂറുപുണ്യം കിട്ടുന്നു എന്നല്ലേ വ്യാസദേവൻ പറഞ്ഞിരിക്കുന്നത് ? ഏതാണു നല്ലത്; അവനവൻ മാത്രം വിശപ്പടക്കുന്നതോ അവനവനൊപ്പം മറ്റായിരംപേരുടെ വിശപ്പുകൂടി ശമിപ്പിക്കുന്നതോ?' ഹരിദാസ് തിരിച്ചു ചോദിച്ചപ്പോൾ ബ്രാഹ്മണർക്ക് ഉത്തരംമുട്ടി.

ഇതിനിടെ ഹരിദാസിന്റെ രീതികളോട് അപ്രിയം തോന്നിയ സുൽത്താൻ ഫുലിയയിലേക്ക് സൈനികരെ അയച്ചു. ഹരിദാസനെ ബന്ധിച്ച് അവർ സുൽത്താനു മുമ്പിൽ ഹാജരാക്കി. 'താങ്കൾ ഖുർആൻ വായിക്കാറില്ലേ? പിന്നെന്തിനു കൃഷ്ണനാമം ചൊല്ലുന്നു?' സുൽത്താൻ ഹരിദാസിനെ ചോദ്യം ചെയ്തു.

'അവിടുന്ന് ക്ഷമിക്കണം. ഈശ്വരൻ ഒന്നേയുള്ളൂ. ആ പരംപൊരുളിനെ പലരും പല പേരുകളിൽ അറിയുന്നു. ഒരേ ശക്തിയെയാണ് പലരും പല പേരുകളിൽ സംബോധന ചെയ്യുന്നത്. രാമനും കൃഷ്ണനും അള്ളാഹുവും ഒരേ ശക്തിയാണെന്നിരിക്കെ ഞാൻ കൃഷ്ണനെന്നു വിളിക്കുമ്പോഴും അങ്ങ് അള്ളാഹു എന്നു വിളിക്കുമ്പോഴും വിളി കേൾക്കുന്നത് ഒരേ ശക്തിയല്ലേ?' ഹരിദാസ് വിനയത്തോടെ മൊഴിഞ്ഞു. ഈ വാക്കുകൾ കേട്ട സുൽത്താൻ ഉൽബുദ്ധനായിത്തീർന്നു. എന്നാൽ കാസിക്ക് തൃപ്തിയായില്ല. ഹരിദാസിനെ ശിക്ഷിച്ചേ മതിയാവൂ എന്നയാൾ വാശിപിടിച്ചു. 'എന്നെ വെട്ടി നുറുക്കിയാലും ഞാൻ ഹരേകൃഷ്ണ എന്നു തന്നെ ജപിക്കും!' എന്നായി ഹരിദാസ്. 'ഇവനെ പരസ്യമായി ചാട്ടവാറിനടിച്ചു കൊല്ലുക!' കാസി ഉത്തരവിട്ടു. അതനുസരിച്ച് സൈനികർ ഹരിദാസിനെ പരസ്യമായി ചാട്ടകൊണ്ടടിച്ചു. ഇരുപതു ചന്തകളിലൂടെ വലിച്ചിഴച്ചു. ഒടുവിൽ ഗംഗാനദിയിലേക്കു വലിച്ചെറിഞ്ഞു. എന്നാൽ ഭഗവാന്റെ കാരുണ്യത്താൽ ഹരിദാസിന് തരിമ്പുപോലും വേദന അനുഭവപ്പെട്ടില്ല. തന്നെയുമല്ല ഗംഗയുടെ ആഴങ്ങളിൽ നിന്ന് അൽഭുതകരമാംവണ്ണം അദ്ദേഹം ഉയർന്നു വരികയും ചെയ്തു. പശ്ചാത്താപഭാരത്താൽ കാസിയുടെ ശിരസു കുനിഞ്ഞു. അദ്ദേഹത്തിന്റെ ദിവ്യത്വം തിരിച്ചറിഞ്ഞ ബ്രാഹ്മണർ ഹരിദാസിനോടു ക്ഷമായാചനം ചെയ്തു.

'ഇപ്പോഴനുഭവിച്ചതെല്ലാം ഈശ്വരനിന്ദ കേട്ടുനിന്നതിന് എനിക്കു കിട്ടിയ ശിക്ഷയായി കരുതിക്കോളാം,' ഹരിദാസൻ അവരെ ആശ്വസിപ്പിച്ചതിനു ശേഷം കൃഷ്ണനാമം ജപിച്ചുകൊണ്ട് യാത്രയായി. ഈ യാത്രയിൽ അദ്ദേഹം നിത്യാനന്ദയെ സന്ദർശിച്ചു. അദ്ദേഹത്തിൽ നിന്നു പ്രേരണയുൾക്കൊണ്ട് നാമസങ്കീർത്തനപ്രസ്ഥാനത്തിനു രൂപം നൽകി; പദയാത്രകൾ നടത്തി. ബംഗാളിലുടനീളം കൃഷ്ണനാമം മുഴങ്ങി. ഒറീസ്സയിലെ ജഗന്നാഥപുരിയിലെത്തിയപ്പോൾ ചൈതന്യ മഹാപ്രഭു ഹരിദാസിനെ വരവേൽക്കയും തന്റെ ആശ്രമത്തോടു ചേർന്ന ഉപവനത്തിൽ താമസ സൗകര്യം നൽകുകയും ചെയ്തു. 'അല്ലയോ ഹരിദാസ്, അങ്ങയെ യവനന്മാർ ചാട്ട കൊണ്ട് അടിച്ചപ്പോൾ നാം അവർക്കു നേരേ ചക്രായുധം പ്രയോഗിക്കാൻ ആലോചിച്ചതാണ്. എന്നാൽ താങ്കൾ അവർക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരുന്നതിനാൽ, നമുക്കൊന്നും ചെയ്യാനാകാതെ വന്നു,' ചൈതന്യ മഹാപ്രഭു പറഞ്ഞു. 'എന്നാൽ മറ്റൊരുവിധത്തിൽ നാം അങ്ങയെ സഹായിച്ചു. ഇതാ കണ്ടോ! അന്നത്തെ പ്രഹരങ്ങൾ ഏല്പിച്ച പാടുകൾ ഇനിയും നമ്മുടെ ശരീരത്തിൽ മായാതെ കിടപ്പുണ്ട്,' ചൈതന്യ ഉത്തരീയം മാറ്റിക്കാണിച്ചു. അദ്ദേഹത്തിന്റെ ശരീരമാസകലം ചാട്ടയടികൾ ഏറ്റതിൻ വണ്ണം കരിനീലനിറമുള്ള പാടുകൾ തിണർത്തു കിടന്നിരുന്നു. ഹരിദാസ് നടുങ്ങിപ്പോയി. ചാട്ടയടിയേറ്റപ്പോൾ വേദന തോന്നാഞ്ഞതിന്റെ രഹസ്യമെന്തെന്ന് അദ്ദേഹത്തിന് ബോദ്ധ്യപ്പെട്ടു. 'മഹാപ്രഭോ ഈ പാപിയോടു ക്ഷമിക്കണമേ!' ഹരിദാസ് ചൈതന്യയുടെ പാദങ്ങളിൽ വീണു.ജഗന്നാഥപുരിയിലെ വാസവും ചൈതന്യയുമായുണ്ടായ സമ്പർക്കവും ഹരിദാസിന്റെ ആദ്ധ്യാത്മികതക്കു തിളക്കം പകർന്നു. നിത്യവും ചൈതന്യയുടെ പൂജകളിൽ പങ്കെടുക്കാനും മംഗളആരതി തൊഴാനും പ്രസാദം ഭുജിക്കാനും ഭാഗ്യമുണ്ടായി. വൃന്ദാവനത്തിൽ നിന്നു കൂടെക്കൂടെ സന്ദർശനത്തിനെത്തിയ സനാതന ഗോസ്വാമി, രൂപ് ഗോസ്വാമി തുടങ്ങിയ സന്യാസിവര്യന്മാർ ഹരിദാസിന്റെ പർണ്ണകുടീരത്തിലാണ് താമസിച്ചു പോന്നത്. അക്കാലത്ത് ബ്രാഹ്മണർക്കു മാത്രമേ ജഗന്നാഥക്ഷേത്രത്തിനകത്തേക്ക് പ്രവേശനമുണ്ടായിരുന്നുള്ളൂ. അതിനാൽ ഹരിദാസ് മാറിനിന്ന് ക്ഷേത്രത്തിന്റെ താഴികക്കുടത്തിനു നേർക്കുനോക്കി പ്രാർത്ഥിച്ചു സംതൃപ്തിയടയുകയായിരുന്നു പതിവ്. എന്നാൽ മഹാപ്രഭു തന്റെ പൂജാപ്രസാദം ഹരിദാസിനു നൽകിയതിനു ശേഷം മാത്രമേ ബ്രാഹ്മണർക്കിടയിൽ വിതരണം ചെയ്തിരുന്നുള്ളൂ.കൃഷ്ണനാമസങ്കീർത്തനത്തിൽ സായൂജ്യം കണ്ട ഹരിദാസ് ചൈതന്യ മഹാപ്രഭുവിന്റെ സാന്നിദ്ധ്യത്തിൽ ഈശ്വരപാദം പൂകി. ചൈതന്യ, ഹരിദാസിന്റെ ഭൗതിക ശരീരം സ്വന്തം കൈകളിലെടുത്തുകൊണ്ട് സമുദ്രതീരത്തേക്കു ചെന്നു. അനുയായികൾ ഹരിനാമം ചൊല്ലിക്കൊണ്ട് അദ്ദേഹത്തെ അനുഗമിച്ചു. പ്രഭു ഹരിയുടെ ശരീരം മണ്ണിനടിയിൽ മറവു ചെയ്തു അനുയായികളോടായി ചൈതന്യ ഇപ്രകാരം പറഞ്ഞു. 'ഭഗവാൻ കൃഷ്ണന്റെ കൃപകൊണ്ടു മാത്രമാണ് നമുക്ക് ഹരിദാസ്ജിയെപ്പോലൊരാളുമായി സമ്പർക്കം പുലർത്താനായത്. ഇപ്പോഴിതാ ഭഗവാൻ അദ്ദേഹത്തെ മടക്കി വിളിച്ചു കൊണ്ടുപോയിരിക്കുന്നു. മഹാനായ ഭീഷ്മരെപ്പോലെ ഹരിദാസ്ജിയും ഇഛാമൃത്യു വരിച്ചിരിക്കയാണ്'. ജഗന്നാഥപുരിയിലെ സമുദ്രതീരത്ത് ഇന്നും ഹരിദാസ് തക്കൂറയുടെ സമാധിയിൽ ഭക്തജനങ്ങൾ പ്രണാമമർപ്പിച്ചുപോരുന്നു.

**ജയദേവൻ**

ഗീതഗോവിന്ദം എന്ന സംസ്കൃത കാവ്യം രചിച്ച് ജനഹൃദയങ്ങളിൽ ഭക്തിയുടെ അമൃതുനിറച്ച കവിയാണ് ജയദേവർ. ഒറീസ്സയിലെ 'കിന്ദുബിലം' എന്ന ഗ്രാമത്തിൽ, 12-ാം നൂറ്റാണ്ടിൽ ഭോജദേവന്റെയും രമാദേവിയുടെയും പുത്രനായി ജനിച്ചു. ദരിദ്രരായ മാതാപിതാക്കൾക്ക് മകന്റെ വിദ്യാഭ്യാസ കാര്യങ്ങളിൽ ശ്രദ്ധിക്കാനായില്ല. ജന്മസിദ്ധമായ വാസനയും പ്രായത്തിൽക്കവിഞ്ഞ ബുദ്ധിയുമുണ്ടായിരുന്ന ജയദേവൻ സംസ്കൃത ഭാഷ വളരെ എളുപ്പം വശമാക്കി. പുരി ജഗന്നാഥസ്വാമിയെ ഉപാസിച്ചുകൊണ്ട് ദാരിദ്ര്യത്തെ മറക്കാനും അദ്ദേഹം ശീലിച്ചു.

ദേവശർമ്മ എന്ന ബ്രാഹ്മണന്റെ പുത്രിയായ പത്മാവതിയെ ജയദേവർ പാണിഗ്രഹണം ചെയ്തു. ഇരുവരും ചേർന്ന് ശ്രീകൃഷ്ണോപാസന തുടർന്നു. ഇതിനിടെ സംസ്കൃതത്തിൽ 'ഗീതഗോവിന്ദം' എന്ന ഉത്തമ കൃതി രചിച്ചു. പന്ത്രണ്ടു സർഗങ്ങളായി രചിക്കപ്പെട്ട ഈ കാവ്യത്തിൽ ഇരുപത്തിനാലു ഗാനങ്ങളുണ്ട്. ഓരോ ഗാനത്തിലും എട്ടു ചരണങ്ങൾ വീതമുള്ളതിനാൽ 'അഷ്ടപദി' എന്ന പേരിലാണ് ഗീതഗോവിന്ദത്തിന് പ്രചാരം സിദ്ധിച്ചിട്ടുള്ളത്.

ഒരിക്കൽ 'വദസിയദി കിഞ്ചിദപി' എന്നു തുടങ്ങുന്ന അഷ്ടപദി രചിച്ചുകൊണ്ടിരിക്കെ ജയദേവർക്ക് ഒരു സംശയമുണ്ടായി. ഒന്നു കുളിച്ചിട്ടാകാം ബാക്കി എന്നു കരുതി ശരീരമാസകലം എണ്ണ പുരട്ടിക്കൊണ്ട് അദ്ദേഹം നദിയിലേക്കു പോയി. ഈ തക്കം നോക്കി സാക്ഷാൽ ശ്രീകൃഷ്ണഭഗവാൻ ജയദേവരുടെ രൂപത്തിൽ വീട്ടിലെത്തി. പത്മാവതിയിൽ നിന്നും പാതിയെഴുതിവെച്ച എഴുത്തോല വാങ്ങി കൃതിയുടെ ബാക്കിഭാഗം എഴുതിച്ചേർത്തു. എഴുത്തോല പത്മാവതിയെ മടക്കി എൽപിച്ച് ഭഗവാൻ പോയി. കുളികഴിഞ്ഞു മടങ്ങിയെത്തിയ ജയദേവൻ പത്മാവതിയിൽ നിന്നും വിവരങ്ങളെല്ലാമറിഞ്ഞു. തെളിവായി പത്മാവതി എണ്ണപുരണ്ട എഴുത്തോലയെടുത്തു നൽകി. ഭഗവാൻ സ്വയം തന്റെ കൃതി പൂർത്തിയാക്കിയതിൽ ജയദേവർ ആനന്ദക്കണ്ണീരൊഴുക്കി. ഭഗവാനെ നേരിൽക്കാണാൻ സാധിച്ച പത്മാവതിയാണ് തന്നെക്കാൾ ഭാഗ്യവതിയെന്ന് അദ്ദേഹത്തിന് ബോദ്ധ്യമായി. കാലക്രമത്തിൽ ഈ കൃതി 'ദർശനാഷ്ടപദി' എന്ന പേരിൽ അറിയപ്പെട്ടു. 'ജയതി പത്മാവതീരമണജയദേവകവി' എന്ന പ്രയോഗത്തിൽ പത്മാവതിയുടെ പതിയായറിയപ്പെടുന്നതിൽ താനഭിമാനം കൊള്ളുന്നു എന്ന സൂചന കാണാം.

'ഗീതഗോവിന്ദ'ത്തിൽ അന്തർലീനമായിരിക്കുന്ന ദാർശനിക ഭാവം ഉൾക്കൊണ്ടവർ വിരളം. പക്ഷേ ശൃംഗാരകാവ്യമെന്നു കരുതി വിമർശിച്ചവർ പോലും അഷ്ടപദിയുടെ മാധുര്യം നുകരാൻ എന്നും ഉത്സുകരായിട്ടേയുള്ളൂ. കോടാനുകോടി ജനങ്ങളെ കൃഷ്ണഭക്തിയുടെ ഛത്രഛായയിൽ ഒരുമിച്ചു നിർത്താൻ ഗീതഗോവിന്ദത്തിനു കഴിഞ്ഞു.നാഡിയ രാജാവായ ലക്ഷ്മണസേനനും രാജ്ഞിക്കും ജയദേവനോടും പത്മാവതിയോടും വലുതായ സ്നേഹവും മതിപ്പുമുണ്ടായിരുന്നു. ഒരുനാൾ, ജയദേവൻ രാജസദസിൽ വീണു മരിച്ചു എന്ന് രാജ്ഞി പത്മാവതിയോടു കളവു പറഞ്ഞു. ഹൃദയം തകർന്ന പത്മാവതി തൽക്ഷണം പ്രാണനറ്റു വീണു. രാജ്ഞി ധർമ്മസങ്കടത്തിലായി. അവർ ജയദേവനെ വരുത്തി വിവരം പറഞ്ഞു. ഇതിനിടെ, കോപാകുലനായ രാജാവ് രാജ്ഞിയെ വധിക്കാൻ വാളോങ്ങി. ജയദേവൻ രാജാവിനെ തടഞ്ഞു. പിന്നെ 'വദസിയദികിഞ്ചിദപി'

**(ശേഷം 56-ാം പേജിൽ)**

ക്ഷേത്രങ്ങളിലൂടെ

# മണ്ടക്കാട് ഭഗവതിക്ഷേത്രം

**ഇന്ദിരാഭായി (ഫോൺ: 80785 52892)**

ഭാരതീയ ജനതയുടെ ആദ്ധ്യാത്മിക ചൈതന്യത്തിന്റെ അനശ്വരപ്രതീകങ്ങളാണ് ക്ഷേത്രങ്ങൾ. ഭക്തിയുടെ പ്രഭവകേന്ദ്രങ്ങളാകുന്ന ക്ഷേത്രങ്ങൾ ജനങ്ങളുടെ സാമൂഹ്യവും ആദ്ധ്യാത്മികവുമായ ഉയർച്ചയിൽ പ്രധാന പങ്കു വഹിക്കുന്നു. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധം നമ്മുടെ പൗരാണിക സംസ്കാരത്തിന്റെ മുഖമുദ്രയായിരുന്നു. പ്രകൃതിയെന്നാൽ ഈശ്വരനാണ്. പ്രകൃതിയിൽ കാണുന്ന എന്തിലും ഏതിലും ഈശ്വരചൈതന്യം കുടികൊള്ളുന്നു എന്നതാണ് നമ്മുടെ വിശ്വാസം. ഈ വിശ്വാസത്തിന് ഒരു ഉദാഹരണമാണ് മണ്ടക്കാട് ശ്രീ ഭഗവതിക്ഷേത്രം. പണ്ട് കേരളത്തിന്റെ ഭാഗമായിരുന്ന മണ്ടക്കാട് ഇന്ന് കന്യാകുമാരി ജില്ലയുടെ ഭാഗമാണ്. കന്യാകുമാരി ജില്ലയിലെ കുളച്ചലിനടുത്ത് കൽക്കുളം ദേശത്ത് തക്കലയിൽ കടൽത്തീരത്തുള്ള മണ്ടക്കാട് എന്ന സ്ഥലത്തു സ്ഥിതിചെയ്യുന്ന അതിപ്രശസ്തമായ ഒരു ഭഗവതി ക്ഷേത്രമാണ് മണ്ടക്കാടു ഭഗവതി ക്ഷേത്രം. ശ്രീ പാർവ്വതി ദേവീ ചൈതന്യമാണ് ഇവിടുത്തെ ആരാധനാമൂർത്തി. തമിഴ്നാട്ടിലേയും കേരളത്തിലെയും ജനങ്ങൾ ഒരു പോലെ ദർശനം നടത്തുന്ന ക്ഷേത്രമാണിത്. പണ്ട് കുളച്ചൽ ദേശത്തെ ഒരു പ്രധാന നായർ തറവാട്ടു വക ക്ഷേത്രമായിരുന്നു ഇത്. ഊരാണ്മക്കാർ തമ്മിലുള്ള തർക്കം മൂത്തപ്പോൾ വേലുത്തമ്പി ദളവയുടെ കാലത്ത് ഈ ക്ഷേത്രം സർക്കാർ ഏറ്റെടുത്തു. കേരളത്തിൽ പല സ്ഥലങ്ങളിൽ വച്ചും ശങ്കരാചാര്യ സ്വാമികൾ ശ്രീചക്ര പൂജ നടത്തുകയും ദേവിയെ ആരാധിക്കുകയും ചെയ്തിരുന്നു. ഒരിക്കൽ സ്വാമികൾ ശിഷ്യന്മാരുമൊത്ത് ഈ ക്ഷേത്രസ്ഥാനത്ത് ശ്രീചക്രപൂജ നടത്തുകയുണ്ടായി. കുറെക്കാലം അദ്ദേഹം ഈ ക്ഷേത്രസ്ഥാനത്ത് ധ്യാനനിരതനായിരിക്കുകയും ചെയ്തിരുന്നു. അദ്ദേഹം ശ്രീചക്രം വച്ചു പൂജിച്ച സ്ഥലത്താണ് മണ്ടക്കാടു ഭഗവതീ ക്ഷേത്രത്തിൽ ഇന്നു നാം കാണുന്ന ചിതൽപ്പുറ്റ് വളർന്നു വന്നതെന്നാണ് വിശ്വസിക്കുന്നത്. പിന്നീട് ദേവീചൈതന്യ മാഹാത്മ്യമറിഞ്ഞ് മാർത്താണ്ഡവർമ്മ മഹാരാജാവ് അവിടെ ക്ഷേത്രം പണികഴിപ്പിക്കുകയും ചെയ്തു.

സാധാരണയായി നാം കാണാറുള്ള ക്ഷേത്രങ്ങളും ക്ഷേത്രാചാരങ്ങളും ക്ഷേത്രവഴിപാടുകളും ക്ഷേത്രപ്രതിഷ്ഠകളും വ്യത്യസ്ഥങ്ങളാകാം. എന്നാൽ ഈ വ്യത്യസ്ഥതകളിലൊന്നും ഉൾപ്പെടാത്ത ഒരു പ്രത്യേകതയുള്ള ക്ഷേത്രമാണ് മണ്ടക്കാട് ശ്രീഭഗവതിക്ഷേത്രം. പൊതുവെ നാം കാണുന്ന ക്ഷേത്രങ്ങളിലെ പ്രതിഷ്ഠകളെല്ലാം ഏതെങ്കിലും തരം ശിലകളിലോ, തടിയിലോ ലോഹക്കൂട്ടുകളിലോ നിർമ്മിച്ചിട്ടുള്ള താകാം. എന്നാൽ മണ്ടക്കാട് ദേവീക്ഷേത്രത്തിലെ പ്രതിഷ്ഠ ഇവയിലൊന്നും പെടുന്നതല്ല. ആരാലും നിർമ്മിച്ചതുമല്ല.

ദേവി തന്നെ തിരഞ്ഞെടുത്ത ദേവീരൂപമാണിവിടെയുള്ളത്. ഈശ്വരാരാധനയ്ക്ക് സാധാരണ മനുഷ്യർക്ക് മനസ്സിൽ ഒരു രൂപം ആവശ്യമാണ്. മണ്ടക്കാട് ദേവിയെ മനസ്സിൽ ധ്യാനിക്കുന്നവർക്ക് മൺപുറ്റിന്റെ രൂപമാണ് മനസ്സിൽ തെളിയുന്നത്. വാത്മീക രൂപത്തിൽ ആവിർഭവിച്ചതാണ് ഈ ക്ഷേത്രത്തിലെ ആരാധനാമൂർത്തി. ചിതൽപ്പുറ്റ്, മൺപ്പുറ്റ് എന്നൊക്കെ അറിയപ്പെടുന്ന പുറ്റ് പന്ത്രണ്ടടിയിലേറെ ഉയരത്തിൽ അഞ്ചു മുഖങ്ങളോടുകൂടിയാണ് കാണപ്പെടുന്നത്. ഉയരത്തിൽ ശിഖരങ്ങളായി നില്ക്കുന്ന ഈ പുറ്റിന് കേടുപാടുകൾ ഉണ്ടാകാതിരിക്കുവാൻ ചുറ്റും തറ കെട്ടി മേൽക്കൂരയും കെട്ടി സംരക്ഷിച്ചിരിക്കുന്നു. ഈ പുറ്റ് വളർന്നുകൊണ്ടിരിക്കുന്നതിനാൽ രണ്ടു പ്രാവശ്യം ഈ ക്ഷേത്രശ്രീകോവിലിന്റെ മേൽക്കൂര പൊളിച്ചു മാറ്റേണ്ടി വന്നിട്ടുണ്ട്. പിന്നീട് പ്രത്യേക പൂജാവിധി പ്രകാരം പൂജകൾ നടത്തിയപ്പോൾ വർഷത്തിൽ ഒരു നെൽമണി വലുപ്പത്തിൽ മാത്രമേ ഇനി വളരുകയുള്ളൂ എന്ന് ഒരശരീരി കേൾക്കുകയുണ്ടായി. അതനുസരിച്ച് മേൽക്കൂര നിർമ്മിച്ചതാണ് ഇന്നു നാം കാണുന്ന ക്ഷേത്രമേൽക്കൂര. ഇന്നും ഈ പുറ്റു വളർന്നുകൊണ്ടിരിക്കുന്നു. മറ്റു മഹാക്ഷത്രങ്ങളിലേതുപോലെ തന്നെ ക്ഷേത്ര ധ്വജവും, ചുറ്റമ്പലവും നടപ്പന്തലും ഉപദേവമന്ദിരങ്ങളും ഉപപ്രതിഷ്ഠകളും എല്ലാം ഇവിടെയുമുണ്ട്. ക്ഷേത്ര പരിസരങ്ങളിലുള്ള വൃക്ഷങ്ങളേയും പ്രത്യേകം പ്രത്യേകം തറകെട്ടി സംരക്ഷിച്ചിട്ടുമുണ്ട്.

പണ്ട് ഈ പ്രദേശങ്ങളെല്ലാം കാട് പിടിച്ച്





കിടന്നിരുന്നു. അക്കാലത്ത് ആളുകൾ ഈ പ്രദേശത്ത് പശുക്കളെ മേയ്ക്കുവാൻ വന്നിരുന്നു. ധാരാളം പനകൾ വളർന്നു നിന്നിരുന്ന ഈ സ്ഥലത്ത് പശുക്കളെ മേയ്ക്കുവാൻ വന്നിരുന്ന കുട്ടികൾ പല കളികളിലും ഏർപ്പെട്ടിരുന്നു. പന്തുകൾക്കു പകരം അവർ പനന്തേങ്ങ ഉപയോഗിച്ചു കളിക്കുമ്പോൾ ഒരു ദിവസം കളിക്കിടയിൽ പനന്തേങ്ങ അവിടെയുള്ള ഒരു പുറ്റിൽ ചെന്നു കൊണ്ടു പുറ്റിന്റെ കുറച്ചു ഭാഗം അടർന്നു വീണു. പുറ്റിന്റെ പൊട്ടിയ ഭാഗത്തു നിന്നും രക്തം ഒഴുകുന്നതു കണ്ടു ഭയപ്പെട്ട അവർ നാട്ടുകാരെ വിവരം അറിയിച്ചു. ഓടിക്കൂടിയ നാട്ടുകാരിൽ ഒരാൾ ഇത് ദേവിസാന്നിദ്ധ്യമാണ്. ഈ പുറ്റിൽ കുടികൊള്ളുന്നത് ഭദ്രകാളിയമ്മയാണ്. ദേവി ഇവിടെ പുറ്റു രൂപത്തിൽ ആവിർഭവിച്ചിരിക്കുകയാണ്. ദേവിയെ വേണ്ടവിധം പൂജിച്ചാരാധിച്ചാൽ നാടിനും, നാട്ടുകാർക്കും സർവ്വ ഐശ്വര്യങ്ങളും ഉണ്ടാകും എന്നും അറിയിച്ചു. ചിതൽപുറ്റിന്റെ പൊട്ടിയ ഭാഗത്ത് ചന്ദനം അരച്ചു തേച്ചു വിടവടച്ചാൽ രക്തപ്രവാഹം നിലക്കുമെന്നും പറഞ്ഞു. അദ്ദേഹം പറഞ്ഞതു പോലെ ബ്രാഹ്മണർ ചന്ദനമരച്ചു പുറ്റിന്റെ പൊട്ടിയ ഭാഗത്തു തേക്കുകയും രക്തപ്രവാഹം നിലക്കുകയും ചെയ്തു. പിന്നീട് പ്രശ്നം വച്ചുനോക്കിക്കുകയും അദ്ദേഹം പറഞ്ഞതെല്ലാം ശരിയാണെന്നു മനസ്സിലാക്കുകയും ചെയ്തു. പിന്നീട് ഈ പുറ്റു നിന്നിരുന്ന സ്ഥലത്തിന്റെ ഉടമസ്ഥൻ ഈ സ്ഥലത്ത് ക്ഷേത്രം പണിയുന്നതിനായി സ്ഥലം വിട്ടു കൊടുക്കുകയും ചെയ്തു. ആ സ്ഥലത്തു തന്നെയാണ് ഇന്നു നാം കാണുന്ന മണ്ടക്കാട്ട് ഭഗവതി ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. നിത്യവും പൂജകളും പ്രാർത്ഥനയും വഴിപാടുകളും നടത്തുകയും ദേവിയുടെ ചൈതന്യം നാൾക്കുനാൾ വർദ്ധിക്കുകയും ചെയ്തു.

വടക്കോട്ട് ദർശനമായാണ് മണ്ടക്കാട്ട് ഭഗവതി ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. പൊങ്കാല സമർപ്പണം ദേവിയുടെ പ്രധാന വഴിപാടാണ്. ചൊവ്വാഴ്ച ദിവസങ്ങൾ ഇവിടെ വളരെ പ്രധാനമാണ് . മാസത്തിലെ അവസാന ചൊവ്വാഴ്ച പഴുക്കാമണ്ഡപം പോലെ ഒരു മണ്ഡപം കെട്ടിയുണ്ടാക്കി അതിൽ ദേവിയുടെ ശൂലം വച്ച് എഴുന്നള്ളിക്കുന്നു. ഈ മണ്ഡപം ചപ്രം എന്നാണറിയപ്പെടുന്നത്. മണ്ടക്കാട്ടമ്മയെ ദർശിക്കുവാനെത്തുന്നവർ ആദ്യം കടലിലാണ് പോകേണ്ടത്. കടലിൽ കാൽ നനച്ചശേഷമാണ് ദേവിയെ ദർശിക്കേണ്ടത്. കണ്ണ്, മൂക്ക്, ചെവി, നാവ്, തല, എന്നീ അവയവങ്ങൾക്കും മാനസികമായും ബുദ്ധിപരമായും തലച്ചോറിനെ ബാധിക്കുന്നതുമായ അസുഖങ്ങൾക്ക് ദേവിയുടെ നടയിൽ പട്ടും, മഞ്ഞളും, കുങ്കുമവും മണ്ടപ്പുറ്റും വച്ച് നെയ്‌വിളക്കു തെളിയിച്ച് അർച്ചനയും നടത്തി ഭക്തിപൂർവ്വം പ്രാർത്ഥിച്ചാൽ അത്ഭുതകരമായ മാറ്റങ്ങൾ ഉണ്ടാകും എന്നാണ് വിശ്വസിക്കുന്നത്.

സാധാരണ ദേവീക്ഷേത്രങ്ങളിൽ നടത്താറുള്ള എല്ലാ വഴിപാടുകളും ഇവിടെയും നടത്തുന്നുണ്ട്. കർപ്പൂര തുളസി പോലെയുള്ള ഒരു പ്രത്യേക തരം ചെടിയുടെ തണ്ടുകൾ ഇലയോടുകൂടി മുറിച്ച് കെട്ടുകളാക്കി ദേവിക്കു സമർപ്പിക്കുന്നു. ഇത് കൊളുന്ത് എന്നാണ് അറിയപ്പെടുന്നത്. അർച്ചന കഴിഞ്ഞ പ്രസാദത്തോടൊപ്പം ഈ കൊളുന്ത് ഭക്തജനങ്ങൾക്കു വിതരണം ചെയ്യുന്നു. ഇത് വീട്ടിൽ സൂക്ഷിക്കുന്നത് വളരെ വിശിഷ്ടമാണെന്നു വിശ്വസിക്കുന്നു. തലമുറകളായുള്ള കുടുംബ ദോഷങ്ങൾക്ക് ഇവിടെ പ്രത്യേക അർച്ചനകളും നടത്താറുണ്ട്. വെള്ളികൊണ്ടുള്ള ആൾരൂപസമർപ്പണവും ഉണ്ട് . ദേവി പുറ്റിന്റെ രൂപത്തിൽ സ്ഥിതി ചെയ്യുന്നതിനാലും പുറ്റിന്റെ മണ്ട (ശിരസ്സ്) ഭാഗം പ്രത്യക്ഷമായി കാണുന്നതിനാലും ശിരസ്സിനുള്ള അസ്വസ്ഥകൾക്കു മണ്ടപ്പുറ്റ് സമർപ്പണം ഇവിടെ വളരെ പ്രധാനമാണ്. ക്ഷേത്ര പ്രതിഷ്ഠയായ പുറ്റിൽ ചിലപ്പോൾ വിടവുകൾ ഉണ്ടാകാറുണ്ട്. പൂജാരിമാർ ചന്ദനം അരച്ച് തേച്ച് വിടവുകൾ അടയ്ക്കുകയും ചെയ്യും. ദേവിയുടെ പൂജകളിൽ പിഴവുകൾ വന്നാലാണ് ഇങ്ങനെയുണ്ടാകുന്നത് എന്നും വിശ്വസിക്കുന്നു. വിടവുകൾ അടയ്ക്കാൻ താമസിച്ചാൽ നാട്ടിൽ പകർച്ചവ്യാധികളുണ്ടാവുമെന്നും വിശ്വസിക്കുന്നുണ്ട്.

പണ്ട് കൊല്ലം നിവാസികളും വ്യാപാരികളുമായ രണ്ടു പേർ യാത്രാമദ്ധ്യേ ഈ പ്രദേശത്തെത്തുകയും വിശന്നു വലഞ്ഞ അവർ അവിടെ കണ്ട ഒരു പ്രായമായ സ്ത്രീയുടെ വീട്ടിൽ കയറി ഭക്ഷണം ചോദിക്കുകയും ചെയ്തു. കടലിൽ പോയി കുളിച്ച് ശുദ്ധമായി വന്നോളൂ, ഭക്ഷണം തരാം എന്ന ആ സ്ത്രീ അവരെ അറിയിക്കുകയും ചെയ്തു. കുളികഴിഞ്ഞുവന്ന അവർ ഭക്ഷണം കഴിച്ച് വിശ്രമിച്ചു. ക്ഷീണിതരായി ഉറങ്ങിപ്പോയ അവർ ഉറക്കമുണർന്നപ്പോൾ ഒരു പുറ്റിനടുത്ത് അവർ കിടക്കുന്നതാണ് കണ്ടത്. അവർ അവരുടെ ധനത്തിന്റെ ഒരു ഭാഗം കിഴികെട്ടി പുറ്റിനു സമീപം വെച്ച് പോകുകയും ചെയ്തു. ഈ ഐതിഹ്യ പ്രകാരമോ എന്തോ ഇന്നും കൊല്ലം ദേശത്തു നിന്നും ധാരാളം പേർ ഇവിടെ ദർശനത്തിനെത്താറുണ്ട്. പൊങ്കാലസമർപ്പണത്തിനു വരുന്നവർ സാധനങ്ങൾ ഇരുമുടി കെട്ടാക്കി ഇവിടെയെത്തുന്നതിനാൽ ഈ ക്ഷേത്രം സ്ത്രീകളുടെ ശബരിമലയെന്നും അറിയപ്പെടുന്നുണ്ട്. പണ്ടു കാല

ത്ത് ഒരു പ്രത്യേക വിഭാഗം ആളുകളുടെ വകയായി ഇവിടെ ജന്തു ബലി നടത്തിയിരുന്നു. റാണീലക്ഷ്മിഭായിയുടെ കാലത്ത് ജന്തുബലി നിർത്തലാക്കി. മണ്ടക്കാട്ടമ്മയുടെ പരിചാരകരായ ഭൂതഗണങ്ങൾക്ക് വേണ്ടിയായിരുന്നു ഇങ്ങനെ ജന്തുബലി നടത്തിയിരുന്നത്. ദേവിയുടെ പരിചാരകർക്കു വേണ്ടതെല്ലാം നൽകിയില്ല എങ്കിൽ അനർത്ഥങ്ങളുണ്ടാകും അസുഖങ്ങൾ വ്യാപിക്കും എന്നും വിശ്വസിക്കുന്നു. കുംഭമാസത്തിലെ അവസാനത്തെ ചൊവ്വാഴ്ചയാണ് ദേവിയുടെ ഉത്സവ കൊടിയേറ്റ് നടക്കാറ്. പത്തു ദിവസമാണ് ഉത്സവം. ഇവിടെ ഉത്സവത്തിന് നക്ഷത്രമോ തിഥിയോ ഒന്നും നോക്കാറില്ല. കുംഭത്തിലെ ഒടുവിലത്തെ ചൊവ്വാഴ്ച ഏകാദശിയാണെങ്കിൽ അതിനുമുമ്പത്തെ ചൊവ്വാഴ്ചയാണ് കൊടിയേറ്റ് നടക്കാറ്.

മണ്ടക്കാട്ടമ്മയുടെ ഉത്സവം മണ്ടക്കാട്ട് കൊട എന്നാണറിയപ്പെടുന്നത്. ഉത്സവക്കാലത്ത് ദേവിയുടെ പരിവാരങ്ങളെ പ്രീതിപ്പെടുത്തുന്ന ചടങ്ങ് വലിയ പടുക്കയെന്നാണറിയപ്പെടുന്നത്. ജന്തുബലിക്കു പകരം അവിൽ, മലർ, പഴം, അപ്പം, അട, തിരളി എന്നിവയുണ്ടാക്കി ദേവിയുടെ നടയിൽ കൂട്ടി പരിവാരങ്ങളെ പ്രീതിപ്പെടുത്തുകയാണ് പതിവ്. പണ്ട് മീനമാസത്തിൽ ഭരണി നാളിൽ ഇവിടെ തൂക്കം നടത്തുന്ന പതിവുണ്ടായിരുന്നു. പിന്നീട് അതും നിർത്തലാക്കി. ഉത്സവത്തോടനുബന്ധിച്ചു നടത്തുന്ന പ്രധാന പൂജയാണ് ഒടുക്കു പൂജ. ഉത്സവത്തിന്റെ 9-ാം ദിവസം വെള്ളിപ്പല്ലക്കിൽ ദേവിയെ എഴുന്നള്ളിക്കുന്നു. ശാസ്താക്ഷേത്രത്തിലാണ് ഒടുക്കു പൂജയുടെ വിഭവങ്ങൾ തയ്യാറാക്കുന്നത്. പിന്നീടാണ് ഗുരുക്കന്മാർ വായ്മൂടിക്കെട്ടിയ പാത്രങ്ങളിൽ വിഭവങ്ങൾ എത്തിക്കുന്നത്. ഒൻപതു മൺ കലങ്ങൾ, നാലുചട്ടികൾ, ഒരു പനയോലപ്പെട്ടി എന്നിവയിൽ പതിനൊന്നു കൂട്ടം പദാർത്ഥങ്ങളും രണ്ടു കുടം തേൻ എന്നിവ നിവേദിച്ചു പൂജകൾ ചെയ്യുന്നതാണ് ഒടുക്കു പൂജ. അർദ്ധരാത്രിയിലാണ് ഈ പൂജ നടക്കുന്നത്. ഒടുക്കു പൂജയിൽ നിവേദിച്ച അന്നം സംസാരശേഷിയില്ലാത്ത കുട്ടികൾക്കു കൊടുത്താൽ സംസാരശേഷി ഉണ്ടാകുമെന്നാണ് വിശ്വാസം.

മണ്ടക്കാടു ക്ഷേത്രത്തിലെ മൺപുറ്റിൽ കുടികൊള്ളുന്ന ദേവിയെ വലം വെച്ച് തൊഴുതു നെയ്ദീപം തെളിയിച്ച് മൺപുറ്റിനു സമീപം അല്പനേരം ധ്യാനനിരതരായിരിക്കുക. അതൊരു പ്രത്യേക അനുഭവമാണ്. ധാരാളം ഭക്തജനങ്ങൾ ദിവസവും പ്രത്യേകിച്ച് ചൊവ്വാഴ്ച ദിവസങ്ങളിൽ മൺപുറ്റിനെ വലം വെച്ച് തൊഴുത് പ്രാർത്ഥനാനിരതരായിരിക്കുന്നതു കാണാം. മൺപുറ്റിനു മുന്നിലായി കാണുന്ന ലോഹനിർമ്മിതമായ വിഗ്രഹത്തിലാണ് ദേവിയുടെ അഭിഷേക പൂജകൾ നടത്തുന്നത്. കേരവൃക്ഷങ്ങൾ നിറഞ്ഞതും കടൽതീരത്തോടു ചേർന്നുള്ളതുമായ ഈ പ്രദേശം ദേവീകടാക്ഷത്താൽ സമ്പൽ സമൃദ്ധമാണ്.

മണ്ടക്കാട്ടമ്മയുടെ തിരുമുമ്പിൽ തെളിയുന്ന നെയ്ദീപപ്രകാശം പോലെ ഭക്തമനസ്സിലും ദേവീകടാക്ഷം തെളിയണമേ എന്ന പ്രാർത്ഥനയോടെ.


ചൈത്രം

- മാനസിക സംഘർഷമനുഭവിക്കുന്നവർ
- ഏകാന്തതയനുഭവിക്കുന്നവർ
- ജീവിതം അവസാനിപ്പിക്കണമെന്ന് തോന്നുന്നവർ
- നിങ്ങളുടെ വിഷമം പങ്കുവയ്ക്കാൻ നേരിട്ടും ഫോണിലും ബന്ധപ്പെടാം;

0484 2361161. ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്

ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ


*(മിനിക്കഥ)*

# അന്യം

ഉണ്ണി വാരിയത്ത്
ഫോൺ: 09867179480

മറുനാടൻ ജീവിതം അവസാനിപ്പിച്ച് നാടൻ ജീവിതത്തിലേക്ക് പ്രവേശിച്ച അയാൾ അന്തം വിട്ടുപോയി. മറുനാട്ടിൽ അനുഭവിച്ച കഷ്ടങ്ങൾക്കു പകരം ഇവിടെ തന്നെ കാത്തിരിക്കുന്നത് നഷ്ടങ്ങളാണല്ലോ !

നാട് ആകെ മാറിയിരിക്കുന്നു. പ്രകൃതിയും കാലാവസ്ഥയും എല്ലാം. ഭക്ഷ്യവസ്തുക്കൾ പോലും പണ്ട് ശീലിച്ചതുപോലെയുള്ളവയല്ല. തന്റെ നാട് തനിക്ക് അന്യമായിരിക്കുന്നു. ഒന്നുമൊന്നും താൻ പരിചയിച്ചതുപോലെയല്ല.

ഓർമ്മയിലെ പച്ചപുതച്ച കാലത്തെ വീണ്ടെടുക്കാൻ ആഹ്വാനം ചെയ്താലോ എന്ന് അയാൾക്കു തോന്നി. പക്ഷെ, ഇക്കാലത്ത് ആഹ്വാനം കേൾക്കാൻ പോലും ആളോഹരി പണം നൽകേണ്ട അവസ്ഥയാണെന്നു കണ്ട് അയാൾ നെടുവീർപ്പിട്ടു.





# മഹാഭാരത കഥ പ്രാധാന്യം, വിവരിച്ച സന്ദർഭം

ഡോഃ രാജേശ്വരികുഞ്ഞമ്മ. ഫോൺ : 9388382009

## ശന്തനുമഹാരാജാവ്

മഹാഭാരതവർണ്ണനയിൽ ജനമേജയനുള്ള പ്രാധാന്യം വളരെ വലുതാണ്. ജനമേജയനും വൈശമ്പായനും കൂടി നടത്തുന്ന ചർച്ചകളിലൂടെ ആ കാലഘട്ടത്തിന്റെ ചരിത്രം നമുക്കു മനസിലാക്കാൻ കഴിയുന്നുണ്ട്. ഇദ്ദേഹത്തിന്റെ പുത്രന്മാരെല്ലാം തന്നെ ശക്തരായ ചക്രവർത്തിമാരായിരുന്നു. ഇവരിൽ ധൃതരാഷ്ട്രരുടെ മകനായിരുന്നു പ്രതിപൻ എന്ന മഹാരാജാവ്. ലോകത്തിലുള്ള എല്ലാ ജീവജാലങ്ങൾക്കും പ്രിയങ്കരനായ പ്രതിപൻ ഗംഗാതീരത്തു ധ്യാനനിരതനാകുക പതിവായിരുന്നു. ഇവിടെ ഗംഗാദേവിയുടെ കഥയും ഇക്ഷ്വാകുവംശത്തിലെ മഹാഭിഷ എന്ന രാജാവിന്റെ ചരിതവും പ്രാധാന്യമർഹിക്കുന്നു. മഹാഭിഷ എന്ന രാജാവ് ആയിരം അശ്വമേധയാഗവും നൂറു രാജസൂയവും നടത്തി ദേവതകളെയെല്ലാം തൃപ്തിപ്പെടുത്തിയിരുന്നു. അങ്ങനെ സ്വർഗ്ഗത്തിലും അദ്ദേഹത്തിനു സ്ഥാനമുണ്ടായിരുന്നു. ഒരിക്കൽ ബ്രഹ്മപൂജക്ക് രാജാവും എത്തി. അവിടെയെത്തിയ സുന്ദരിയായ ഗംഗാദേവിയെ നോക്കിയിരുന്നതിന് നീ വീണ്ടും ഭൂമിയിൽ ജനിക്കുമെന്നുള്ള ശാപം ലഭിച്ചു. വേദനയോടെ അവിടെനിന്നും നീങ്ങി. ഗംഗാദേവിയും മഹാഭിഷന്റെ കാര്യങ്ങൾ ചിന്തിച്ചു മടങ്ങവേ സ്വർഗ്ഗം നഷ്ടപ്പെട്ടു നടക്കുന്ന വസുക്കളെ കണ്ടുമുട്ടി. അവരുടെ ദുഃഖത്തിന്റെ കാരണം അന്വേഷിച്ചു. മഹർഷി വസിഷ്ഠന്റെ സന്ധ്യാപ്രാർത്ഥനവേളയിൽ അവിടെ കുറുകെ കടന്ന ഇവരെ മനുഷ്യരായി ജനിക്കുവാൻ വസിഷ്ഠൻ ശപിച്ചുവെന്നും അവർക്ക് സാധാരണ ഒരു സ്ത്രീയുടെ ഗർഭപാത്രത്തിൽ ജനിക്കുവാനിഷ്ടമില്ലായെന്നും ഉത്തമനായ വ്യക്തിയുടെ കുട്ടികളായി ഗംഗാദേവിയിൽ കൂടി ജനിക്കുവാനാഗ്രഹിക്കുന്നുവെന്നും അതു പ്രതിപൻ എന്ന മഹാരാജാവിന്റെ മകനായി ജനിക്കുന്ന വ്യക്തിയിലായാൽ നന്നെന്നും പറഞ്ഞു. പക്ഷെ ഒരു വ്യവസ്ഥ കൂടി അവർ പറഞ്ഞു. പ്രസവിച്ചാലുടനെ കുട്ടിയെ വെള്ളത്തിൽ എറിയണം. ഒരു പുത്രനെങ്കിലും ജീവിച്ചാൽ മാത്രമേ പ്രതിപപുത്രനുമായുള്ള ബന്ധത്തിനു ശക്തിയുള്ളു എന്നു ഗംഗാദേവി പറഞ്ഞപ്പോൾ ഞങ്ങൾ ഞങ്ങളുടെ 1/8 ശക്തിയോടുകൂടിയ ഒരു പുത്രൻ ജീവിക്കുമെന്നും ഗംഗയുടെ ആഗ്രഹം നടക്കുമെന്നും പറഞ്ഞു. ആ കുട്ടിക്ക് കുട്ടികളുണ്ടാകാൻ പാടില്ല എന്നു കൂടി പറഞ്ഞ് അവർ അവിടെനിന്നും പോയി.

ഒരു ദിവസം ഗംഗാതീരത്ത് ധ്യാനത്തിലിരിക്കുന്ന പ്രതിപമഹാരാജാവിന്റെ സമീപം സുന്ദരിയായ ഗംഗാദേവി വന്ന് വലതു തുടയിൽ ഇരുന്നു. വിവരമന്വേഷിച്ച പ്രതിപനോട് തന്നെ സ്വീകരിക്കണമെന്നു ദേവി പറഞ്ഞു. പക്ഷെ മറ്റൊരാളുടെ ഭാര്യയെ താൻ സ്വീകരിക്കില്ലായെന്നും, നീ എന്റെ വലതു വശത്താണിരുന്നതെന്നും ഇത് പുത്രിമാർക്കും പുത്രവധുക്കൾക്കുമുള്ളതാണെന്നും പറഞ്ഞു. ഇടതുഭാഗമാണ് ഭാര്യക്കവകാശം. ദേവി അതു സ്വീകരിച്ചതുമില്ല. അതുകൊണ്ട് എനിക്കു സ്വീകരിക്കുവാൻ കഴിയില്ല. അതുകൊണ്ട് എന്റെ മകനുവേണ്ടി നിന്നെ സ്വീകരിക്കാം. താൻ കീർത്തികെട്ട ഭരതവംശത്തിന്റെ മരുമകളാകുന്നതിൽ സന്തോഷമുണ്ടെന്നും ഞാൻ താങ്കളുടെ മകന്റെ ജീവിതം ധന്യമാക്കുമെന്നും ഗംഗാദേവി ഉറപ്പുകൊടുത്തു മറഞ്ഞു.

പ്രതിപൻ പിന്നീട് ഭാര്യയുമായി സന്തോഷത്തിൽ കഴിഞ്ഞു വരവേയാണ് മഹാഭിഷന്റെ ശന്തനുവായിയുള്ള ജനനം. മൂല്യാധിഷ്ഠിതമായ ജീവിതപന്ഥാവ് സ്വീകരിച്ചാൽ മാത്രമേ അനന്തമായ സന്തോഷം കൈവരിക്കാൻ കഴിയൂ എന്നു മനസിലാക്കിയ ശന്തനു അതിൻപടി ജീവിതം നയിച്ചു. ശന്തനുവിനേക്കുറിച്ച് വൈശമ്പായൻ പറയുന്നതെന്തെന്നോ :

യം യം കരാഭ്യാം സ്പൃശതി ജീർണാം സ സുഖമശ്നതേ

പുനർയുവാ ച ഭവതി തസ്മാത് തം ശാന്തനും വിദുഃ

ഇതി തദസ്യ ശാന്തനുത്വം

ഈ രാജാവിന്റെ കൈകൊണ്ട് എന്തു സ്പർശിക്കുന്നുവോ അതെല്ലാം സന്തോഷദായനിയാകും. കൂടാതെ തന്നെ അതിന്റെ യൗവ്വനദശയിലെത്തിച്ചേരുകയും ചെയ്യും. ശന്തനുവിനു പ്രായപൂർത്തിയായപ്പോൾ പ്രതിപൻ പറഞ്ഞു, കുറച്ചുനാൾ മുൻപ് സുന്ദരിയായ ഒരു തരുണി വന്നിരുന്നു. നീ ആ സുന്ദരിയെ കണ്ടാൽ ഭാര്യയായി സ്വീകരിക്കണം. അവളാരെന്നോ അവളുടെ പ്രവർത്തി എന്തെന്നോ

അന്വേഷിക്കരുത്. അവളെ ഭാര്യയായി സ്വീകരിക്കണം. പിന്നീട് പ്രതിപൻ ശന്തനുവിനെ രാജ്യഭാരം ഏൽപ്പിച്ചിട്ട് വാനപ്രസ്ഥത്തിനു പോയി. ശന്തനു നായാട്ടിൽ സന്തോഷം കാണുന്ന വ്യക്തിയായിരുന്നു. അങ്ങനെ ഗംഗാതീരത്തുവെച്ച് ഒരു സുന്ദരിയെ കണ്ടു. തന്റെ ഭാര്യയായി വരാൻ ക്ഷണിച്ചു. ഗംഗാദേവി സമ്മതിച്ചു. പക്ഷെ ഒരു കാര്യം. താൻ പറയുന്നതിന് എതിരു പറയാനും പ്രവർത്തിക്കുവാനും പാടില്ല. അഥവാ അങ്ങനെ സംഭവിച്ചാൽ വിട്ടു പോകും. അങ്ങനെ ഗംഗയും ശന്തനുവും സുഖമായി ജീവിതം ആരംഭിച്ചു. കുട്ടികൾ ഓരോന്നോരോന്നായി ഗംഗയിൽ പതിച്ചു. 8-ാമത്തെ പുത്രനെ ഗംഗയിലെറിയാൻ തുനിഞ്ഞപ്പോൾ ശന്തനു എതിർത്തു. ശന്തനുവിനു വേണമെങ്കിൽ പുത്രനെ നൽകാം, പക്ഷെ നമ്മുടെ കരാർപ്രകാരം ഞാൻ പോകുകയാണെന്നും താൻ ആരാണെന്നും മരിച്ച കുട്ടികൾ ആരാണെന്നുമുള്ള സത്യാവസ്ഥ ശന്തനുവിനോടു പറഞ്ഞു. തനിക്കു വസുക്കളെ രക്ഷിക്കാൻ സാധിച്ചുവെന്ന വിവരവും വെളിപ്പെടുത്തി. ജീവിച്ചിരിക്കുന്ന കുട്ടിക്കു ഗംഗാദത്തൻ എന്ന് നാമകരണവും ചെയ്തു മകനോടു കൂടി മറഞ്ഞു.

ശന്തനുമഹാരാജാവ് ധർമ്മിഷ്ഠനും ആത്മനിയന്ത്രണം ഉള്ളതുമായ ഒരു മഹാത്മാവായിരുന്നു. അദ്ദേഹം കോപത്തിൽനിന്നും സ്വതന്ത്രനായിരുന്നു. സൂര്യനോളം പ്രകാശവാനും വായുവിനോളം ധൈര്യശാലിയുമായിരുന്നു. കോപത്തിൽ യമനോളവും സമാധാനത്തിൽ ഭൂമിയോളവുമായിരുന്നു.

അരഗദ്ധേഷസംയുക്തഃ സോമവത് പ്രിയദർശനഃ

തേജസാ സൂര്യകൽപോƒ ഭൂദ് വായുവേഗസമോ ജവേ

അന്തകപ്രതിമഃ കോപേ ക്ഷമയാ പൃഥിവീസമഃ

ശന്തനുവിന്റെ മകനായ ഗംഗാപുത്രൻ (ദേവവ്യതൻ) അച്ഛനേപ്പോലെ സൗന്ദര്യവാനും ഗുണശാലിയുമായിരുന്നു. നായാട്ടിനുപോയ ശന്തനു ഒരിക്കൽ ഗംഗാതീരത്തുകൂടി നടന്നുവരവേ ദൃഢഗാത്രനായ ഒരു യുവാവിനെ കണ്ടു. ശന്തനു തന്റെ മകനെ പ്രസവസമയത്ത് ഒന്നു ദർശിച്ചിരുന്നു. അതുകൊണ്ട് ഇതു തന്റെ മകനാണെന്നു തിരിച്ചറിഞ്ഞു. പക്ഷെ പുത്രൻ മായാശക്തിയാൽ മറഞ്ഞു. അപ്പോൾ ശന്തനു ഗംഗാദേവിയോട് തന്റെ പുത്രനെ കാണിച്ചു തരാൻ അപേക്ഷിച്ചു. സർവ്വാഭരണഭൂഷിതയായ ഗംഗാദേവി മകന്റെ കയ്യും പിടിച്ച് പ്രത്യക്ഷപ്പെട്ടു. ഗംഗാദേവി ഇതു തങ്ങളുടെ 8 ാമത്തെ പുത്രനാണെന്നും ആയുധകലയിൽ പ്രാവീണ്യം നേടിയെന്നും പറഞ്ഞു. പുത്രനെ ശന്തനുവിനു കൊടുത്തു. ബ്രഹസ്പതി പുത്രനിൽനിന്നും വേദശാസ്ത്രങ്ങളും പരശുരാമനിൽനിന്നും ആയുധവിദ്യയും പഠിച്ച ധീരയോദ്ധാവാണെന്നുമുള്ള സത്യം കൂടി ഗംഗാദേവി പറഞ്ഞു. അങ്ങനെ ശന്തനു ദേവവ്യതനുമായി കൊട്ടാരത്തിലെത്തി നാലുകൊല്ലക്കാലം ജീവിച്ചു. കുരുവംശം രക്ഷിക്കാനായി ദേവവ്യതന് രാജ്യഭാരം നല്കാനും ശന്തനു വിചാരിച്ചു.

ഒരു ദിവസം ശന്തനുമഹാരാജാവ് യമുനയുടെ തീരത്തുകൂടി നടന്നു നീങ്ങിയപ്പോൾ സുന്ദരിയായ ഒരു മുക്കുവസ്ത്രീയെ കണ്ടു. വിവരങ്ങൾ അന്വേഷിച്ച അദ്ദേഹത്തിന് ആ സ്ത്രീയെ സ്വന്തമാക്കണമെന്നുള്ള മോഹത്താൽ മുക്കുവന്മാരുടെ തലവനെ കണ്ടു കാര്യങ്ങൾ പറഞ്ഞു. ആ മുക്കുവൻ പക്ഷെ ഒരു കാര്യം പറഞ്ഞു.

അസ്യാം ജായേത യഃ പുത്രഃ സ രാജാ പൃഥിവീപതേ

ത്വദൂർധ്വമഭിഷേക്തവ്യോ നാന്യഃ കശ്ചന പാർഥിവ

ഈ പെൺകുട്ടിക്കുണ്ടാകുന്ന പുത്രനായിരിക്കണം അടുത്ത കിരീടാവകാശി. വേറെ ആരെയും പിൻഗാമി ആക്കാൻ പാടില്ല. ഇവിടെ വൈശമ്പായൻ പറയുന്നത് മുക്കുവന്റെ ഇഷ്ടം നടത്താൻ ശന്തനു ആഗ്രഹിച്ചില്ല. രാജാവു തിരികെ ആ മത്സ്യഗന്ധിയേയും ചിന്തിച്ചു ഹസ്തിനപുരിയിലെത്തി. ദുഃഖനിമഗ്നനായിരിക്കുന്ന ശന്തനുവിനെ കണ്ട് ദേവവ്യതൻ കാരണമന്വേഷിച്ചു. വിവരങ്ങൾ ചോദിക്കുന്നതിനിടയിൽ ദേവവ്യതൻ പുത്രധർമ്മത്തേക്കുറിച്ചും പറഞ്ഞു. ഇവിടെ വൈശമ്പായൻ പറയുന്നത് ശന്തനുവിന്റെ ദുഃഖകാരണമറിഞ്ഞ മകൻ ഒരു നിമിഷം ചിന്തിച്ചുനിന്നുവെന്നാണ്. ദേവവ്യതൻ മുക്കുവനോടും മറ്റും വിവരം ധരിപ്പിച്ചു. അയാളുടെ ആവശ്യം നിറവേറ്റാൻ തയാറായി. വൈശമ്പായൻ പറയുന്നത് ദേവവ്യതന്റെ വാക്കുകൾ കേട്ട് സ്തബ്ധനായി നിന്നിട്ട് മുക്കുവൻ തന്റെ മകളെ കൊടുക്കുന്നുറച്ച കാര്യം പറഞ്ഞു. അപ്പോൾ ദേവതകൾ പുഷ്പവൃഷ്ടി നടത്തി പറഞ്ഞു, ഈ മനുഷ്യനാണ് ഭീഷ്മർ

തതോ ന്തരിക്ഷേ പ്സരസോ ദേവാഃ സർഷിഗണാസ്തദാ

അഭ്യവർഷന്ത കുസുമൈർഭീഷ്മോ യമിതി ചാബ്രവൻ

സത്യവതിയെ അമ്മേ എന്നു വിളിച്ച് രഥത്തിൽ കയറി ശന്തനു സമീപം എത്തിക്കുകയും ചെയ്തു. വിവരങ്ങൾ ഗ്രഹിച്ച ശന്തനു ഭീഷ്മർക്കു സ്വഛന്ദ മരണത്തിനുള്ള വരവും നൽകി.

**(ശേഷം 26-ാം പേജിൽ)**





# ചെറിയ കവിയും വലിയ കവിതയും

**ഡോ. സി. ശാന്തകുമാരി**

ഫ്യൂഡലിസത്തിന് എന്നും സാമൂഹ്യ ജീവിതത്തിൽ പ്രസക്തിയുണ്ടായിരുന്നു. സാഹിത്യം ജീവിതത്തിന്റെ പ്രതിഫലനമായതുകൊണ്ട് കാലങ്ങൾക്കു മുമ്പ് ഭാഷാസാഹിത്യത്തിലും ഫ്യൂഡലിസം കൊടികുത്തി വാണിരുന്നു. സാഹിത്യത്തിലെ മഹാരഥന്മാർ, ഇതരർ, സാധാരണക്കാർ ഇവർക്കൊക്കെ കൂടി അന്ന് ഒരു സാഹിത്യരാജാവും വാണിരുന്നു. അതായിരുന്നു അന്നത്തെ സാഹിത്യത്തിന്റെ രീതി. പക്ഷെ ഉള്ളൂരും, ആശാനും, വള്ളത്തോളും ഭാഷാസാഹിത്യത്തിൽ പ്രസക്തരായപ്പോൾ ഈ രംഗത്തുണ്ടായിരുന്ന സാഹിത്യ ചക്രവർത്തി മറഞ്ഞു പോയി. അപ്പോൾപോലും കവിത്രയത്തിന്റെ തണലിൽ സാഹിത്യകാരന്മാർ തല കുനിച്ചു നിന്നു. കവിത്രയത്തിന്റെ കാലത്തിനുശേഷം മലയാള സാഹിത്യത്തിൽ ജനാധിപത്യത്തിന്റെ ഒരു യുഗം വിടർന്നു വരികയായിരുന്നു. ഈ സമയത്ത് പുതിയതും വർണ്ണവൈവിദ്ധ്യമുള്ളതും സുന്ദരവും ആയ ഒട്ടേറെ പൂക്കൾ കാവ്യോദ്യാനത്തിൽ വിരിഞ്ഞു. അതേ സമയം ഓരോന്നിനും തനതായ സൗന്ദര്യമുണ്ടായിരുന്നു. അക്കൂട്ടത്തിൽ ലളിതവും അർത്ഥപൂർണ്ണവുമായ കാവ്യമലരായിരുന്നു കുഞ്ഞുണ്ണിമാഷ്ടെ കവിത. മുൻഗാമികൾ എന്ന നിലയ്ക്ക് ആരുടെയും വഴി അദ്ദേഹം സ്വീകരിച്ചില്ല. സ്വന്തം വ്യക്തിത്വത്തിന്റെയും മനസ്സിന്റെയും പ്രതിഫലനമായിരുന്നു ആ കവിത. വ്യക്തിക്കുള്ള മഹത്വം കവി തന്നെ വിളിച്ചു പറയുന്നു.

'പുഴപോലൊഴുകും പുഴയും
പുഴുപോലിഴയും പുഴുവും
ഞാൻപോലലയും ഞാനും
അത്ഭുതമല്ലേ ലോകം'

ഈ അത്ഭുത ലോകത്തിന്റെ വിവിധ കാഴ്ചകളാണ് കവിയുടെ അലയുന്ന ലോകത്ത് കാണുന്നത്. അലഞ്ഞലഞ്ഞ് മനസ്സിലെ വികാരങ്ങൾ അക്ഷരങ്ങളിലൂടെ പകർത്താൻ ശ്രമിച്ചപ്പോൾ മനസ്സിന്റെ ഭാരവും എന്തിന് ശരീരത്തിന്റെ ഭാരംപോലും ലഘുവായി, കവിതയ്ക്ക് ആക്കം കൂട്ടി. അതൊരു താപസന്റെ അലച്ചിലായിരുന്നു. അന്വേഷണവും കണ്ടെത്തലുമായിരുന്നു. ആത്മാവിന്റെ മഹത്വവും അന്വേഷണത്തിന്റെ അനുഭൂതിയും ആ കവിതയ്ക്ക് സ്വന്തം. കുഞ്ഞുണ്ണിക്കവിതകൾ ഉണ്ണികളല്ല, മുറ്റിപ്പഴുത്ത മാമ്പഴങ്ങൾ തന്നെയാണ്.

'അത്ഭുതമെന്നൊരു സാധനം കൊണ്ടല്ലോ
സൃഷ്ടിച്ചതീശ്വരനെന്നെനൂനം
എന്നിട്ടതിൽ ബാക്കിയായതെടുത്താവാ-
മൊപ്പിച്ചതി പ്രപഞ്ചത്തെ..........'

എന്ന വരികൾ വായിക്കുമ്പോൾ

'ഈശ്വരൻ - എന്തൊരു ശുദ്ധനുണ
മാനുഷൻ - എന്തൊരു നല്ല നുണ'

എന്നാരും പറഞ്ഞു പോകും. ഇത് വെറും കവിതയല്ല, കാച്ചിക്കുറുക്കിയ കവിതയാണ്.

സത്യം കണ്ടെത്താനുള്ള അലച്ചിലും കണ്ടെത്തലുമാണ് കുഞ്ഞുണ്ണിക്കവിത. ഈ കവി സംസ്കാരത്തെ നേർവഴിക്ക് നയിക്കുന്നു. ഒപ്പം വായനക്കാരന്റെ മനസ്സിനെ ഉദാരതയിലേക്ക് നയിക്കുകയും ചെയ്യുന്നു.

'ജീവിതം മറ്റൊരാൾക്കും
പകുക്കാൻ തികയാഞ്ഞ്
ഞാനെന്നെ തന്നെ വേളി
കഴിച്ചു കൂടീടുന്നു'

ഈ വരികളിൽ നിറഞ്ഞു നില്ക്കുന്നത് കവിയല്ലാതെ മറ്റാരുമല്ല. കുഞ്ഞുണ്ണിക്കവിതയ്ക്ക് കവിയിൽ നിന്ന് മാറി നില്ക്കാനേ പറ്റില്ല, നില്ക്കുകയുമില്ല. അപ്പോൾ സ്വന്തം കുറവിലാണ് എഴുതിപ്പോകുന്നതെങ്കിൽ അതിലെ സത്യത്തിനും ആത്മാർത്ഥതയ്ക്കും സൗന്ദര്യം ഇരട്ടിക്കുന്നു. സാഹിത്യം ജീവിതത്തിന്റെ പകർപ്പാണ് എന്ന പറയുകയല്ല, എഴുതുകയാണ് കുഞ്ഞുണ്ണി.

'ഇത്തിരിയുള്ളൊരു കുന്നിക്കുരുവു
ണ്ടത്തറയുള്ളൊരു കുന്നുണ്ടേ
എത്തറയുള്ളവനെന്നറിയാത്തൊരു
കുഞ്ഞുണ്ണിയുമുണ്ടീ മണ്ണിൽ -'

മഹത്തായ ഏതു കവിതയും നമ്മെ തത്ത്വവിചാരത്തിലേക്ക് കൊണ്ടു പോകും. ഇത് പൂർണ്ണ സത്യമല്ലെങ്കിലും കവിതയ്ക്ക് വ്യക്തമായ ഒരാശ

യം ഉണ്ടായിരിക്കണം. ഈ ആശയത്തെ കുബേരപദവിയിലെത്തിച്ച് ആകർഷകമാക്കാനും നല്ല കവിക്ക് കഴിയണം. കുഞ്ഞുണ്ണിക്ക് തത്വജ്ഞാനപരമായ ആശയങ്ങൾ ഭാവസാന്ദ്രമായി അവതരിപ്പിക്കാനും കഴിവുണ്ട്.

‘എനിക്കു തന്നെ കിട്ടുന്നു
ഞാനയയ്ക്കുന്നതൊക്കെയും
ആരിൽ നിന്നെന്നതേ നോക്കൂ
വിഡ്ഢി ശിപായി യീശ്വരൻ’

കുഞ്ഞുണ്ണി കവിത എന്നും സാധാരണക്കാരന്റെ പക്ഷത്തായിരുന്നു. സാധാരണക്കാരന്റെ വക്താവായ കവി ഏത് വലിയ ആശയവും സാധാരണക്കാരന് മനസ്സിലാകത്തക്കവിധം ഹാസ്യത്തിന്റെ മധുരം പുരട്ടി വായനക്കാരന് നൽകാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

‘ആകാശമാകുന്ന കൊട്ടകൊണ്ടീദൈവ -
മെന്നെയെന്തിന്നേവം മൂടിയിട്ടു ? .......
താനിരിക്കുന്നേടത്തെത്തുമിവനെന്ന
പേടികൊണ്ടായിടാം പാവം ദൈവം’

ഈ വരികൾ ഉദാഹരണമാണ്. സാധാരണക്കാരന്റെ ചിരിക്ക് പ്രത്യേകതയുണ്ട്. പണ്ഡിതന്മാരുടെ പരിഹാസത്തിന്റെ മുഴക്കവും, തന്റേടവും, സുഖവും ഒക്കെ അതിനു കാണും. എന്നാൽ സാധാരണക്കാരൻ മന്ദഹസിക്കുക മാത്രമേ ചെയ്യൂ. എന്നാൽ ആ ചിരിക്ക് ഒരുപാട് അർത്ഥങ്ങളുണ്ടാകും. അത് പതുക്കെ പതുക്കെ പടരും, പടർന്നു പന്തലിക്കും. ഇത്തരം പച്ചപ്പുകളാണ് കുഞ്ഞുണ്ണിക്കിഷ്ടം. ഈ പച്ചപ്പിന്റെ ചുവട്ടിലിരുന്ന് അതിന്റെ ഗന്ധവും നിറവും ആസ്വദിക്കാനാണ് കവി ശ്രമിക്കുന്നത്, ചിന്തിക്കുന്നത്. എൽ.ഡി. ക്ലാർക്ക് , നൈലോൺ പെണ്ണിനെ കെട്ടിയ ടർലിൻ പുരുഷൻ, പണം ചോദിച്ച് അമ്മയും അമ്മാവനും ഭാര്യയും അയയ്ക്കുന്ന എട്ടു കത്ത്, ബെർക്ലി കൊളുത്തി കത്തിച്ചു കളയുന്ന ക്ലാർക്ക്, പ്രേമനൈരാശ്യം കാരണം ആത്മഹത്യ ചെയ്യാൻ ഒരുങ്ങുന്നവനെ വടികൊണ്ടടിച്ച് കൊന്ന് കുഴിച്ചു മൂടുന്ന മനുഷ്യ സ്നേഹിയും സ്നേഹനിർഭരനുമായ കവി. ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടി മുട്ടിക്കാൻ ജനങ്ങളെ കഴുതകളാക്കുന്ന രാഷ്ട്രീയക്കാർ, മകന് ഇംഗ്ലീഷു പഠിക്കാൻ ഭാര്യയുടെ പ്രസവം ഇംഗ്ലണ്ടിലാക്കുന്ന ഭർത്താവ്, പല തരം നിരൂപകന്മാർ - ഇവരെയെല്ലാം കുഞ്ഞുണ്ണിമാഷ് പരിഹസിച്ചിട്ടുണ്ട്. മാരാർ, ‘കല ജീവിതം തന്നെ’ എന്ന കൃതിയിൽ വ്യാസന്റെ ചിരി എന്ന ലേഖനം എഴുതിയിട്ടുണ്ട്. ആ ചിരിയോട് ചേർന്നാണ് കുഞ്ഞുണ്ണിക്കവിതകളും നിലക്കൊള്ളുക. പക്ഷെ പരിഹാസത്തിന് പാത്രീഭൂതനാകുന്ന വ്യക്തിയോട് കുഞ്ഞുണ്ണിക്കവിതയ്ക്ക് ആർദ്രത മാത്രമാണുള്ളത്. നല്ല ഹാസ്യസാഹിത്യകാരന്റെ ലക്ഷണവും അതാണല്ലോ. മുഖത്തു നോക്കി ചിരിക്കുമ്പോഴും കരുണാസാഗരംകൊണ്ട് വിധേയനെ ആ കവിത തലോടും. അതാണ് ദു:ഖത്തിലെ സുഖം. കണ്ണീരിലെ പുഞ്ചിരി.

‘പശുത്തൊഴുത്തിങ്കൽ പിറന്നു വീണതും
മരക്കുരിശിന്മേൽ മരിച്ചെണീറ്റതും
വളരെ നന്നായി മനുഷ്യ പുത്രാ, നീ
യുയിർത്തെണീറ്റതോ പരമവിഡ്ഢിത്തം’

ഇങ്ങനെ എഴുതിപ്പോകുമ്പോൾ ആ സ്വരത്തിന് മൂർച്ച കൂടുന്നു. മാർദ്ദവം കുറയുന്നു. അദ്ദേഹം പാടുന്നു.

‘ഇരിക്കും കൂട്ടർക്കു ചുമടായ്ത്തീരായ്‌വാൻ
ശ്മശാനത്തിൽ ചെന്നു
മരിക്കിൻ മർത്ത്യരേ’

കുറവൻ കയറി വന്ന് ചോദ്യങ്ങൾ ചോദിക്കുന്നു. കുറത്തി ഒളിഞ്ഞും തെളിഞ്ഞും ഉത്തരങ്ങൾ പറയുന്നു. നമ്മുടെ നാടൻ കലകൾ സമൃദ്ധമാണ്. അതിൽ കുറത്തിപ്പുരാണത്തിന് പ്രാധാന്യമുണ്ട്. ഇതിലെ കാവ്യരീതി ഒരു പ്രത്യേകതരമാണ്.

‘നമ്മൾ നന്നാകുവാനെന്തു നല്ലൂ
നല്ലൊരു ചൂലു മനസ്സിൽ നല്ലൂ.’

എത്ര സമർത്ഥമായാണ് കുറത്തിപ്പാട്ടിന്റെ രീതി കവി കൈകാര്യം ചെയ്തിരിക്കുന്നത്.

അസംബന്ധ കവിതകൾക്കും അതിന്റേതായ സൗന്ദര്യമുണ്ട്. കേവലം അസംബന്ധമായി തള്ളിക്കളയാനാവില്ല. അവയ്ക്കുള്ളിലും സുദൃഢാശയം ഉണ്ടാകാമല്ലോ.

‘ഉറുമ്പു പാടും പാട്ടിലുണ്ടൊരു
കുറുമ്പനാന പറക്കുന്നു
കരിമ്പു തിന്നും നാട്ടിലുണ്ടൊരു
കരിമ്പനക്കാടുയരുന്നു
അറുത്തു വീഴ്ത്തിയ ചോരയിലുണ്ടൊരു
കറുത്ത കല്ലു കിടക്കുന്നു..............’

ആശയങ്ങളെ നമ്മുടെ പൈതൃക സമ്പത്തായ കടങ്കഥകളിലായി ചേർത്തും മാഷ് കവിത കളെഴുതിയിട്ടുണ്ട്. കുഞ്ഞുണ്ണിയുടെ വരികൾ ഇങ്ങനെയാണ്.

‘എലിയുടെ വാലോ
വലിയൊരു മലയുടെ വയറോ
വാലില്ലാത്ത മനുഷ്യനുകെട്ടിയ
വലയുടെ നൂലോ
നീലാകാശ മനസ്സിൽ നിഴലോ
ഞാനാലോചിക്കുകയാണെൻ
തലമുടിയിഴയുടെയുള്ളിൽ
കാണ്മതിനെന്തു വെളിച്ചം’

ഇനി സിംബലസത്തിലേക്ക് കടന്നാലോ. ഇത് വിദേശികളുടെ രീതിയല്ല. നാടൻ കലകളിലെ പ്രതിരൂപാത്മക കവിതകളിലേക്ക് ഉറ്റു നോക്കുമ്പോൾ സിംബലിസത്തിന്റെ ചന്തം കാണാനാകും. ഇത്തരം കവിതകൾ രചിക്കാനും കുഞ്ഞുണ്ണിമാഷ്ക്ക് സിദ്ധിയുണ്ട്. അതിൽ ദുർഗ്രഹത ഒട്ടില്ല താനും.

(1) ‘ഒരു മരം
ഒരു നിഴൽ
ഇതിലേതു മരം
ഏതു നിഴൽ
മരത്തിലേറിയിരിക്കണോ ഞാൻ
നിഴലിരുന്നു രമിയ്ക്കുന്നോ
എങ്ങനെയറിയാ
നെന്തു തിരക്കാ
നാരുണ്ടൊന്നു പറഞ്ഞു തരാൻ’

(2) എനിയ്ക്കുണ്ടൊരു മണിഹർമ്യ -
മെൻ മനോഹർമ്യം
എന്നി, ട്ടെന്തതിലെന്റെ
ശത്രുക്കളാണാവാസം

ഈ കവിക്ക് കവിതയുടെ സമസ്ത മേഖലകളിലും സ്പർശിക്കാനുള്ള കഴിവ്, ജന്മസിദ്ധിയായി കൈവശമുണ്ട്. ആധുനിക കവിതകളെയും മാഷ് സ്വീകരിച്ചു. ‘സർവ്വം ശിഥിലം’ എന്ന കവിതയുടെ ഉദാഹരണം.

അവിടെ വരുന്നൂ റോക്കറ്റുകൾ
ആറ്റം ബോംബിൻ ബങ്കികൾ
മാർട്ടിൻ ലൂതർ, ടെർലിൻ ഷർട്ടുകൾ
ഗാന്ധിത്തൊപ്പികൾ
കടുക്ക തിന്നുന്നോനും
ഹൗ ഐ വണ്ടർ ഹൗ ഹൗ !

സംസ്കാരത്തിലും രൂപഭാവങ്ങളിലും ചികഞ്ഞു പിടിക്കാനാവാത്തവിധം എല്ലാം ഇഴുകി കൂടിയ കുഞ്ഞുണ്ണിമാഷ്ടെ കവിത ഒരു പ്രതിഭാസമാണ്. മനുഷ്യമനസ്സുകളിൽ അടിഞ്ഞുകൂടിക്കിടക്കുന്ന മാലിന്യങ്ങളെ മുഴുവൻ തുടച്ചു കളയാൻ കവി ഉപയോഗിക്കുന്നത് ധാർമ്മിക ബോധത്തിന്റെ ചൂലും വെള്ളവും സോപ്പും തന്നെയാണ്. അനന്തമായ പ്രപഞ്ചരഹസ്യം മനസ്സിലാക്കി മനുഷ്യരുടെ മുഖം നോക്കി രസിക്കുക. അവരോട് ലളിതമായ ഭാഷയിൽ കാര്യങ്ങൾ പറഞ്ഞു കൊടുക്കുക. എന്നിട്ട് ചിരിക്കുക. കാരുണ്യം കാട്ടി കരയുക. ദേഷ്യം വരുമ്പോൾ കോക്കിരി കാണിക്കുക-ഇതെല്ലാം ചെയ്യുന്ന, കാണിക്കുന്ന ഒരേ ഒരു കുട്ടിക്കവി - വലിയ മനസ്സിന്റെ ഉടമ - അതാണ് കുഞ്ഞുണ്ണി. ഈ മനസ്സു തന്നെയാണ് കവിതയുടെ മഹത്വവും സന്ദേശവും - മലയാളത്തിന്റെ മഹാമനസ്സ് .

# വിശേഷ ദിവസങ്ങൾ

## 2019 മാർച്ച് 15 മുതൽ ഏപ്രിൽ 15 വരെ

| | | |
|---|---|---|
| മാർച്ച് | 15 | തിരുനക്കര കൊടിയേറ്റ് |
| | 19 | ആറാട്ടുപുഴ പൂരം |
| | 21 | ഹോളി, പൈങ്കുനി ഉത്രം, ശബരിമലയിൽ ആറാട്ട് |
| | 24 | തിരുനക്കര ആറാട്ട് |
| | 28 | കൊല്ലൂർ മൂകാംബിക രഥോൽസവം |
| | 31 | ചെറായി തൃക്കടക്കാപ്പിള്ളി ദുർഗ്ഗാ ഭഗവതി ക്ഷേത്ര പ്രതിഷ്ഠാദിനം |
| ഏപ്രിൽ | 3 | നെന്മാറ വല്ലങ്ങിവേല |
| | 7 | വേദവ്യാസ ജയന്തി, കൊടുങ്ങല്ലൂർ കാവു തീണ്ടൽ, കരയോഗം വിഷു വിപണന മേള ആരംഭം |
| | 8 | മീനഭരണി, രവിപുരം ശ്രീകൃഷ്ണക്ഷേത്രത്തിൽ കൊടിയേറ്റ് |
| | 10 | പൈങ്കുനി ഉത്സവാരംഭം |
| | 12 | തൃപ്പൂണിത്തുറ പൂർണ്ണത്രയീശ ക്ഷേത്രധ്വജ പ്രതിഷ്ഠാദിനം, തിരുമാന്ധാംകുന്ന് പൂരപ്പുറപ്പാട് |
| | 13 | ശ്രീരാമ നവമി, രവിപുരം ക്ഷേത്രത്തിൽ ആറാട്ട് |
| | 14 | അംബേദ്കർ ജയന്തി |
| | 15 | വിഷു, വിഷു വിപണന മേള സമാപനം |

# സാംസ്കാരിക ചരിത്രത്തിലെ ചില മൊഴിമുത്തുകൾ

**പ്രൊഫസർ. അംബുജാക്ഷി ഫോൺ : 9447577652**

പ്രകൃതിയോടൊട്ടിച്ചേർന്ന ഒരു ജനതയുടെ ജീവിതത്തിന്റ സംഗീതമാണ് നാടൻ പാട്ടുകൾ. ചെറിയ ചെറിയ മോഹങ്ങൾ, മോഹഭംഗങ്ങൾ, നേട്ടങ്ങൾ, കോട്ടങ്ങൾ, സുഖദു:ഖങ്ങൾ എന്നിവയെല്ലാം പാട്ടിന്റെ മണിച്ചെപ്പിലൊതുക്കുമ്പോൾ അവരുടെ ജീവിതം സംഗീതസാന്ദ്രമാകുന്നു. ലാളിത്യത്തിന്റെ ഈ ലോകത്തിൽ വൃത്തഭംഗമോ, ശ്രുതിഭംഗമോ, അപസ്വരമോ, അവതാളമോ ഇല്ല. വള്ളുവനാട്ടിന്റെ ഓണം കേറാമൂലകളിലെ വൃദ്ധമനസ്സുകളിൽ വിസ്മൃതിയുടെ മാറാല കെട്ടിക്കിടക്കുന്ന ചെറുമക്കളിപ്പാട്ടെന്ന നിധി കണ്ടെടുക്കാനുള്ള ശ്രമത്തിൽ കിട്ടിയ ചില മുത്തുകളാണ് ഇവിടെ കാഴ്ചവെക്കുന്നത്.

വാമൊഴിയായി തലമുറകളിലേക്ക് ഒഴുകിയെത്തുന്ന ഈ പാട്ടുകളിൽ ഖിലം, ലുപ്തം മുതലായ കുറ്റങ്ങൾ കണ്ടു പിടിക്കാൻ സാധിക്കും. എന്നിരുന്നാലും ഇവ കൈരളിയുടെ കിളിക്കൊഞ്ചലുകൾ തന്നെയാണ്. വള്ളുവനാട്ടിലെ കർഷകത്തൊഴിലാളികളാണ് ചെറുമർ. പാട്ടിൽ അദ്ധ്വാനഭാരം ഒതുക്കി വയ്ക്കുന്ന അവരെ സംബന്ധിച്ചിടത്തോളം പാട്ടു തോന്നാനും പഠിക്കാനും പാടാനും ചില യോഗ്യതകൾ വേണം. വീടും നാടും നോക്കുന്നവനേ പാട്ട് പഠിക്കാനും പാടാനും സാധിക്കുകയുള്ളൂ. അവൻ പാട്ട് എഴുതിയും പാടിയും പഠിക്കണം. അങ്ങനെ പാടുപെടുന്നവന്റെ പാട്ടോലയാണ് നമുക്കിന്ന് ആവശ്യം.

'നാട് നടന്നോനെ വീട് നടന്നോനെ
എയ്തിപ്പടിച്ചോനെ പാടിപ്പടിച്ചോനെ
കാട്ടിക്കാ പാട്ടോല എന്റേയ്ക്കീരുന്നോട്ടേ
ഞാനൊന്നു നോക്കട്ടെ ഞാനൊന്നു പാടട്ടെ.'

പക്ഷെ ഈ പാട്ടോല നേടിയെടുക്കുന്നത് ദുഷ്കരമാണ്. പുത്തനങ്ങാടിപ്പള്ളിയിലെ ഏഴാമത്തെ കള്ളിയിലാണ് ആ അമൂല്യ നിധി സൂക്ഷിച്ചിരിക്കുന്നത്. അവിടെച്ചെന്ന് തട്ടണം, മുട്ടണം, മുട്ടിത്തുറക്കണം. എന്നാൽ പാട്ടോലപ്പെട്ടി ഉറവുപോലെ പൊന്തിവരും. കയ്യിൽ കിട്ടിയാലും ഉപയോഗിക്കാറായിട്ടില്ല. ഇനിയും കാലതാമസമുണ്ട്. കൊല്ലങ്കോട്ടെ പൂവൻ കരിങ്കോഴി കൂവിയാലേ ഈ പാട്ടോലപ്പെട്ടി തുറന്ന് പാട്ടെടുത്ത് ചുവടുവെച്ച് കളിക്കാനാവൂ.

പുത്തനങ്ങായിപ്പള്ള്യാണ് ഏയേയുള്ള്യാണ്
ഏയേയു വാതിക്കൽച്ചെന്നിട്ട്
തട്ടീട്ടും മുട്ടീട്ടും മുട്ടിത്തൊറന്നിട്ടും
പാട്ടോലപ്പെട്ടിയടിപ്പൊന്ത്ണ്
കൊല്ലങ്ങോട്ട്ണ്ടൊരു പൂവൻ കരിങ്കോഴി
അക്കോയ്യെറങ്ങ്യാന്ന് കൂവ്യെങ്കിലേ
പാട്ടാലപ്പെട്ടി തുറക്കാനാവൂ
ഞങ്ങക്കെറങ്ങിക്കളിക്കാനാവൂ

പാട്ടുകാരന് എവിടേയും കയറിച്ചെല്ലാം. കപ്പൂരാധികാരിയുടെ മേലേ നടുമുറ്റത്തു വച്ച വെള്ളിപ്പണം എടുക്കാനുള്ള ചങ്കൂറ്റം പാട്ടുകാരനല്ലാതെ മറ്റാർക്കുണ്ട്.

കപ്പൂരധികാരീടെ മേലേനടുമുറ്റത്ത്
വെള്ളിപ്പണം വെച്ചിട്ട് പാടീട്ടെടുത്തോനാരാ!

പാട്ട് കേവലം വിനോദമല്ല. പാട്ടുകാരൻ സമൂഹത്തോട് കൂറുള്ളവനായിരിക്കണം. താൻ സമൂഹത്തിൽ നിന്ന് കടംകൊണ്ട പാട്ട് അതിന്റെ എല്ലാ മേന്മയോടും കൂടി സംരക്ഷിക്കാനുള്ള ബാധ്യത തനിക്കുണ്ടെന്ന തിരിച്ചറിവുള്ളവനായിരിക്കണം. ഈ കാര്യം അവനെന്നേ മനസ്സിൽ രേഖപ്പെടുത്തിയിരിക്കുന്നു.

'ഇക്കബ്ട്ന്ന് പോഗണം സർക്കാരീച്ചെല്ലണം
വാതിലുതൊറക്കണം തമ്പ്രാനെക്കാണണം
ഒരു കപ്പിൽപ്പാട്ട് കടം തരണം
വേണ്ടുംപോലെ കൊണ്ടു നടത്തിക്കോളാം.'

മലബാറിലെ ഒരു ദിവ്യനാണ് മമ്പ്രത്തെ തങ്ങൾ. ജാതിമത ചിന്തയില്ലാത്ത ചെറുമൻ ആ ദിവ്യന് ഒരു വഴിപാട് നേരുന്നു, ഒരാടിനെ. ഭൂതപ്രേതാദികളിൽ നിന്ന് രക്ഷിക്കാൻ ആ നേർച്ചക്കൊറ്റന്റെ കഴുത്തിൽ ഒരേലസ്സും കെട്ടുന്നു. ആ നേർച്ചക്കൊറ്റന്റെ കഴുത്തിലെ ഏലസ്സിൽ നിന്നും ഉതിരുന്നതും പാട്ടു തന്നെ.

'മമ്പ്രത്തെ നേർച്ചക്കൊരാടിനെ ഉയ്ഞ്ഞിട്ട്
ആടിന്റെ കവ്ത്തിലൊരേലസ്സും കെട്ടി ഞാൻ
ഏലസ്സിന്റുള്ളിന്നൊരു പാട്ടും കൈപ്പിറന്നേ....'





ആരോഗ്യമുള്ള ശരീരവും മനസ്സുമാണ് അവന്റെ സമ്പാദ്യം. ആ സമ്പാദ്യത്തിൽ മദം കൊള്ളുന്ന ഒരാളിതാ..... 'ഇടിച്ചക്കമുറിപോലെ മുറ്റത്തെച്ചെടി പോലെ ഏതോ ചെറമനിതാ മദം കൊള്ളുന്നേ'.

കുശലാന്വേഷണം മാത്രമല്ല, രക്തബന്ധം പോലും നാണയക്കിലുക്കത്തിനൊത്ത് തുള്ളുന്ന ഇന്നത്തെക്കാലത്ത്, പ്രാകൃതർ എന്ന് പരിഷ്കൃതർ അവമതിക്കുന്ന, ഇവരുടെ ക്ഷേമാന്വേഷണത്തിന് പ്രസക്തിയേറുന്നു. ഈ സംഭാഷണത്തിലുടനീളം മനുഷ്യബന്ധത്തിന്റെ, സ്നേഹബന്ധത്തിന്റെ ഊഷ്മളത അനുഭവപ്പെടുന്നു. അവിടെയും പണമോ പദവിയോ അല്ല, ബന്ധുക്കളും പാട്ടും കളികളുമാണ്. അവർക്ക് താല്പര്യം. ഇതാ ഒരു കുശലാന്വേഷണം.

'പുത്തൻ പുതുച്ചെറമാ ആരെല്ലാമുണ്ടണക്ക്
അച്ചെനുമുണ്ടോണക്ക് അമ്മയുമുണ്ടോണക്ക്
പെണ്ണന്മാരുണ്ടോണക്ക് പുത്തൻപുതുച്ചെറമാ
കെട്ടിയചെറ്യീമീണ്ടോ പുത്തൻപുതുച്ചെറമാ
പെങ്ങമ്മാരുണ്ടെങ്കിൽ പെങ്കിളികൾ കാണട്ടെ.'

സ്വന്തം ആരോഗ്യത്തിലും സൗന്ദര്യത്തിലും ഊറ്റം കൊള്ളുന്നവളായി ചെറുമി. എന്നാലും പത്തരമാറ്റ് 'സങ്കം' കൊണ്ടുള്ള മാലയണിയുമ്പോൾ അവളുടെ ചന്തം അന്തി വിളക്കിന്റെ പ്രകാശംപോലെയാണത്രെ.

'കോയിക്കോട്ടങ്ങാടീൽ മുത്തു നടന്നപ്പോ
പത്തരമാറ്റുള്ള സങ്കം കിട്ട്യേയ്
മാലേയും കോർത്തിട്ട് മാറിലണിഞ്ഞല്ലോ
സന്ത്യാവെളക്കിന്റെ നാളം പോലെ'

പൊന്നും പൂവും എന്നും പെണ്ണിന്റെ ദൗർബല്യമാണ്. ഈ വള്ളുവൻനാടൻപെണ്ണും . അതിൽ നിന്ന് വ്യത്യസ്തമല്ല. അവർക്ക് മോഹം നിത്യസുഗന്ധിയായ ഒരു വാടാമലർമാലയാണ്.

'ചെത്തിപ്പടുത്തുംള്ളോരെരഞ്ഞിത്തറയിമ്മേ
പൂവല്ലേ കോരിച്ചൊരിയ്ണത്
പൂവോന്നറക്ക്ണ പൂമാരിപ്പിള്ളേരെ
നിയ്ക്കൊരു മാലയ്ക്ക് പൂത്തരണേ
ഇന്നത്തെപ്പൂവ് പയംപൂവായി ചെർമ്യേ
നാളത്തെപ്പൂകൊണ്ടൊരു മാലകെട്ടാം.'

അവളുടെ കൂട്ടുകാരാണ് കാക്കയും കാക്കക്കുയിലും. തിരക്കിനിടയിലും അവയോട് കുശലാന്വേഷണത്തിന് അവൾ സമയം കണ്ടെത്തും.

'ഇന്റെ പടിക്ക്ലൊരു കോടിപ്പിലാവുണ്ടേ
കോടിപ്പിലാവ്മ്മൊരു കാക്കക്കൂട്
കാക്കാക്കുയിലേ കരിങ്കുയിലേ
ഇജ്ജ്ന്നറിയ്യോ കരിങ്കുയിലേ'

രണ്ട് കിടാത്തിമാരുടെ മത്സരം മേനിയഴകിന്റെയോ സങ്കമാലയുടെയോ പേരിലല്ല. പാട്ടിന്റെയും കളിയുടേയും മേന്മയിലാണ്.

'എന്തീനാ കുത്തിമറയ്ണ് കുഞ്ഞാളേ
നീയെത്തറ കുത്തിമറഞ്ഞ്ട്ടെന്താ മാളോ
പെങ്കളീലിയ്യ് ജയിക്കലില്ല'

ആണുങ്ങൾക്കിടയിലുമുണ്ട് ഈ മത്സരം. മക്കളെപ്പോലെ പോറ്റി വളർത്തുന്ന പുല്ലക്കുട്ടിയുടെയും മാടക്കുട്ടിയുടേയും പേരിലാണെന്നേയുള്ളൂ. മത്സരത്തിന്റെ അന്ത്യവിധിയിലും പാട്ടിനു തന്നെയാണ് പ്രാധാന്യം.

'നീ വളർത്തും മാടക്കുട്ടീം ഞാൻ വളർത്തും പുല്ലക്കുട്ടീം
ചെന്നെങ്ങും പടിക്കലെ കണ്ടം വളർകണ്ടം
അക്കണ്ടം എത്തിപ്പോരും തോന്ന്ണില്ലാർക്ക്
ഈയിതില് പാടിക്കേറും തോന്ന്ണില്ലാക്ക്'

നിന്റെ മാടക്കുട്ടിക്ക് വലിയ വളർ കണ്ടം പൂട്ടി നിരത്താനുള്ള ആരോഗ്യം ഇല്ല എന്ന് പുല്ലക്കുട്ടിയുടെ ഉടമസ്ഥൻ പറയുന്നു. മാത്രമല്ല, പാടി ജയിക്കാനുള്ള കഴിവും മാടക്കുട്ടിയുടെ ഉടമസ്ഥനില്ല എന്ന് വെല്ലു വിളിക്കുന്നു. പാട്ടുകാരായ രണ്ടു പേരുടെ മത്സരം ഇങ്ങനെയാണ്. ഒരാൾ ഏണിയാണെങ്കിൽ മറ്റൊരാൾ കോണിയാണ്. ദുർബലനായ ഏണിയോട് തന്നെ താങ്ങാൻ കോണി പറയുന്നു. മാത്രമല്ല ഏണിയുടെ പാട്ട് ചുട്ട കുളക്കോഴിക്കുപോലും ദു:സ്സഹമാണെന്ന് കളിയാക്കുകയും ചെയ്യുന്നു. അങ്ങനെ ഈ പൊരുത്തും ചെന്നെത്തുന്നത് പാട്ടിൽ തന്നെ.

'അന്റെ മനസ്സിന് തെന്ന്ണ്ണ്ടേ
ഇജ്ജൊർ ഏണീ ഏണ്വാണെന്ന്
ഞാനൊരു കോണീ കോണ്വാണെന്ന്
ജ്ജ്ങ്ങോട്ടൊന്നെറങ്ങി വന്നാ
ഞാനൊന്നൊരം ചാരട്ടെ
അന്റോരു പാട്ടിന്റെ നെട്ടൂരം കേട്ടിട്ട്
ചുട്ടകൊളക്കോയി പാറിപ്പോയേയ്' ചെറുമന്റെ

ജീവിതസർവസ്വമാണ് വീട്ടിലെ കൂറ്റൻ മൂരി. അന്തിക്ക് തൊഴുത്തിൽ മുളയാത്ത കൂറ്റനെ അന്വേഷിക്കുമ്പോഴും അവന്റെ ചുണ്ടിൽ പാട്ടിന്റെ ഈണമാണ്.

'കാട്ടിലെക്കരിമ്പുലി കാട്ട്ന്നെമ്പ്ണ്
വീട്ടിലെക്കരിമ്പൂച്ച വീട്ട്ന്നൊരമ്പ്ണ്
കാട്ടിലെക്കരിമ്പുലി നാട്ട്ന്നൊരമ്പ്ണ്
വീട്ടിലെ കൂറ്റൻ മൊളഞ്ഞിട്ടില്ല.'

ആദ്യമായി ഇടിവെട്ടി മഴ പെയ്യുമ്പോൾ മണ്ണിനോടൊപ്പം ചെറുമന്റെ മനസ്സും കോരിത്തരിക്കുന്നു. തമ്പ്രാന്റെ വിളി കേൾക്കുമ്പോൾ, എല്ലാം മറന്ന് അവൻ അന്തം വിട്ടോടുന്നു, മണ്ണിൽ പൊന്നു വിളയിക്കാൻ.

'പുത്തനൊരിടിവെട്ടീ പുതുമയപെയ്തൂ
ചണ്ട്യായ ചരക്കൊക്കെ പാടത്തിറങ്ങി
രാമന്റെ തമ്പുരാൻ വിളിതെളിക്കൂട്ടി
രാമൻ ചെറമനും അന്തം വിട്ടോടീ'

ഓമനക്കിടാങ്ങളുടെ ഉണർത്തു പാട്ടും മനോഹരമാണ്. നേരം വെളുക്കുമ്പോൾ, തൂതപ്പുഴയിൽ ഗ്രാമം കണ്ണാടി നോക്കുമ്പോൾ, ആനയും കുതിരയും ചേർന്ന് കളിക്കുമ്പോൾ എല്ലാ മുളയക്കിടാങ്ങളും ഞെട്ടിയുണരണം.

'നേരം വെളുക്കുമ്പോ നേരം വെളിച്ചോടുമ്പോ
നാട് വെളുക്കുമ്പോ നാട്ടില് വെളിച്ചോടുമ്പോ
തൂതക്കണ്ണാടില് നോക്കീയിരിക്കുമ്പോ
ആനപ്പുറം കേറി കുതിരാടുമ്പോ
ഞെട്ടീഞ്ഞൊണർന്നാണേ ഓമേനപ്പൈതങ്ങളേ'

ഓണം പിറന്നാലും ഉണ്ണി പിറന്നാലും കോരന് കുമ്പിളിൽ കഞ്ഞി എന്നാണ് ചൊല്ല്. എന്നാൽ ആ നിരാശയിലും അവനെ നയിക്കുന്ന ആശാകിരണമാണ് ഈ പാട്ട്.

'എന്തിനാ ഇയ്യ് കരഗ്ണ് കുഞ്ഞാളേ
ഓണം തിരുവാതിര ഞമ്മക്കും ല്യേ
പപ്പടക്കെട്ടും കയക്കുലയും മാള്ളോ
കെട്ടോടെത്തന്നെ മറച്ചാളും ഞാൻ
കുട്ടിക്കുളം കലക്കീ ചേറെളക്കീ മീമ്പിടിച്ച്
നിക്ക്നിക്കട മീനേ കണ്ണമ്മീനേ
ഈയ്യവടെ നിക്കട കണ്ണമ്മീനേ'

വിചിത്രമായ ഒരു പാലം ഉണ്ട്. തൂതപ്പുഴയുടെ മീതെ. തങ്ങളുടെ മൊട്ടത്തലയിലെ ഒരു മുടിയിഴ ഏഴാക്കിച്ചീന്തിയുണ്ടാക്കിയതാണ് ആ പാലം. ഇതിലൂടെ പാഞ്ഞു പോകുന്നത് കൊച്ചി രാജാവിന്റെ വണ്ടിയും. കാറ്റ് പിന്നാക്കമാണ്, എതിർദിശയിലേക്കാണ്. എങ്കിലും സർക്കാർ റോഡിലൂടെ പോവാൻ ഈ വണ്ടിക്കും പേടിയുണ്ട്.

'പിന്നെപ്പിന്നെയരക്കാരുമ്പം
തങ്ങടെ നെറുകീന്നൊരു മുടിയെടുത്ത്
ഏവായിക്കീറ്യൊരു പാലംകെട്ടീ –
തൂതപ്പുഴക്കൊരു പാലം കെട്ടീ –
കൊച്ചീരാജാവിന്റെ വണ്ട്യാല്ലാണെപോഗ്ണ്
കാറ്റൂത്ണ് പിന്നാക്കം കാറൂണ്ട് നല്ലോണം
സർക്കാറ് റോഡുക്കൂടെ പോഗൂല്ല വണ്ടി.'

എന്തിലുമേതിലും പാട്ടുകൊണ്ട് പരിഹാരം കണ്ടെത്തുന്നവരുടെ ഈ പാട്ടും രസകരമായിട്ടുണ്ട്.

'നാലുപാടും തിരുപൂമി പാടീട്ടിവര് പൂട്ടുമ്പോ
എന്തുകൊണ്ടുമമ്മാനാടി തുറക്കും ഞാൻ പൂട്ടേ
നാലുപാടും തിരുപൂമി പാടീട്ടിവര് പൂട്ടുമ്പോ
പാട്ടുകൊണ്ടുമമ്മാനാടി തുറക്കും ഞാൻ പൂട്ടേ
നാലുപാടും തിരുപൂമി പാടീട്ടിവര് പൂട്ടുമ്പോ
പാട്ടുകൊണ്ടുമമ്മാനാടി തുറക്കും ഞാൻ'
(പൂട്ടേ)
നാലുപാടും തിരുപൂമി കൊട്ടീട്ടിവര് പൂട്ടുമ്പോ
എന്തുകൊണ്ടുമമ്മാനാടി തുറക്കും ഞാൻ പൂട്ടേ
നാലുപാടും തിരുപൂമി കൊട്ടീട്ടിവര് പൂട്ടുമ്പോ
കൊട്ടുകൊണ്ടുമമ്മാനാടി തുറക്കും ഞാൻ പൂട്ടേ
നാലുപാടും തിരുപൂമി പോടീട്ടിവര് പൂട്ടുമ്പോ
എന്തുകൊണ്ടുമമ്മാനാടി തുറക്കും ഞാൻ പൂട്ടേ
നാലുപാടും തിരുപൂമി പോടീട്ടിവരു പൂട്ടുമ്പോ
പോടുവച്ചും അമ്മാനാടി തുറക്കും ഞാൻ പൂട്ടേ.

അതെ, പാടിയും കൊട്ടിയും ചുവടു വച്ചും ജീവിതത്തിലെ എല്ലാ പൂട്ടുകളും തുറക്കുന്ന, എല്ലാ പ്രശ്നങ്ങളേയും രസകരമായി നേരിട്ടിരുന്ന ആ കാർഷിക സംസ്കാരം, ആ സ്നേഹ സംസ്കാരം തിരിച്ചു വരില്ലെന്നറിയാം. എങ്കിലും ആ ഓർമ്മകൾ നമ്മുടെ മനസ്സിനെ ആർദ്രമാക്കുന്നു.

**അനുബന്ധം**

പാലക്കാട് – മലപ്പുറം ജില്ലകളിലെ കർഷകത്തൊഴിലാളികളാണ് ചെറുമർ. തനതായ ഒരു സംസ്കാരവും കലാപാരമ്പര്യവും വെച്ചുപുലർത്തുന്ന അവർ കൈരളിക്ക് നല്കിയ സംഭാവനയാണ് ചെറുമക്കളിപ്പാട്ടുകൾ. ഗ്രാമക്ഷേത്രങ്ങളിലെ ഉത്സവം, വിവാഹം തുടങ്ങിയ ആഘോഷവേളകളിലും പാടത്തു പണിയെടുക്കുമ്പോഴുമൊക്കെ ഈ പാട്ടുകൾ അവരുടെ ചുണ്ടുകളിൽ തത്തി കളിക്കുന്നു. ഉത്സവവേളകളിൽ നീണ്ടകാലുള്ള ഓലക്കുടകളുമായി ചുവടുവെച്ച് കളിക്കുകയും ചെയ്യാറുണ്ടായിരുന്നു. ഒരു പുരുഷായുസ്സിന്റെ സായം സന്ധ്യയോടടുത്തുകൊണ്ടിരുന്ന, സഹോദരങ്ങളായ ശ്രീകുഞ്ഞന്റെയും ശ്രീമതി കോച്ചിയുടേയും, വിസ്മൃതിയോടടുത്ത സ്മൃതിയിൽ നിന്ന് പൊടി തട്ടിയെടുത്ത ഈ വരികൾ ഇന്ന് അവർക്കൊരു സ്മരണാഞ്ജലിയായി അർപ്പിക്കുന്നു.





# ഹരിസുധാലഹരി

നന്ദകുമാർ മേനോൻ ഫോൺ : 9895981809

**ശ്ലോകം : 32**

കാമൻ ത്വൽസുതനാകയാലഖില ലോകത്തെജ്ജയിക്കുന്നു നി–
ഷ്കാമൻ കാമദനങ്ങു കാമനെ ജയിച്ചീടുന്നതാശ്ചര്യമോ
പ്രേമത്താലഘമേറ്റഗോപികളുമായ് മേളിച്ചു വൻദർപ്പമ–
ക്കാമന്നുള്ളതുപോക്കിയങ്ങു വിജയം ഘോഷിച്ചു വൃന്ദാവനേ.

**പദാർത്ഥം :**

കാമൻ = കാമദേവൻ

ത്വൽസുതനാകയാൽ = അവിടുത്തെ മകനാകകൊണ്ട്

അഖില = എല്ലാ

ലോകത്തെജ്ജയിക്കുന്നു = ലോകങ്ങളേയും ജയിക്കുന്നു.

നിഷ്കാമൻ = ആഗ്രഹങ്ങളില്ലാത്തവൻ

കാമദനങ്ങു = ആഗ്രഹങ്ങൾ സാധിച്ചു തരുന്ന അങ്ങ്

കാമനെ = കാമദേവനെ

ജയിച്ചീടുന്നത് = തോല്പിക്കുന്നത്

ആശ്ചര്യമോ = അത്ഭുതമാണോ

പ്രേമത്താലഘമേറ്റ= പ്രേമംകൊണ്ട് ദുഃഖിക്കുന്ന

ഗോപികളുമായ് = ഗോപസ്ത്രീകളുമായ്

മേളിച്ച് = രതിക്രീഡകളിലേർപ്പെട്ട്

വൻദർപ്പം = അത്യധികമായ അഹങ്കാരം

അക്കാമന്നുള്ളത് = ആ കാമദേവനുള്ളത്

പോക്കി = ഇല്ലാതാക്കി

അങ്ങ് = വിഷ്ണു

വിജയം ഘോഷിച്ചു = വിജയം ആഘോഷിച്ചു

വൃന്ദാവനേ = വൃന്ദാവനത്തിൽ

**ശ്ലോകാർത്ഥം :**

അവിടുത്തെ മകനായതുകൊണ്ട്, കാമദേവൻ എല്ലാ ലോകങ്ങളേയും കീഴ്പ്പെടുത്തുന്നു. കാമമില്ലാത്തവനാണെങ്കിലും, ആഗ്രഹങ്ങൾ നിറവേറ്റിത്തരുന്ന അങ്ങ് കാമദേവനെ ജയിക്കുന്നത് ആശ്ചര്യമോ? പ്രേമംകൊണ്ട് ദുഃഖിച്ച ഗോപസ്ത്രീകളുമായി രതിക്രീഡ ചെയ്ത് ആ കാമദേവനുള്ള അത്യധികമായ അഹങ്കാരം ഇല്ലാതാക്കി. അങ്ങ് വൃന്ദാവനത്തിൽ വിജയം ആഘോഷിച്ചു.

**വ്യാഖ്യാ :**

കാമൻ. കാമദേവൻ, മന്മഥൻ, കന്ദർപൻ, അനംഗൻ എന്നെല്ലാം അറിയപ്പെടുന്ന ദേവൻ. അവൻ തന്നെയാണല്ലോ എല്ലാവരിലും, രതിയിലുള്ള ആഗ്രഹം ജനിപ്പിക്കുന്നത്./ ത്വൽസുതനാകയാൽ. ആ കാമൻ, അവിടുത്തെ മകനാണ്. കാമദേവന്റെ ആദ്യത്തെ ജന്മത്തിൽ ബ്രഹ്മാവിന്റെ മകനായാണ് ജനിച്ചതെങ്കിലും, ശിവന്റെ നേത്രാഗ്നിയിൽ ഭസ്മമായി, വീണ്ടും ജനിച്ചത് രുഗ്മിണിയിൽ, പ്രദ്യുമ്നനായി ശ്രീകൃഷ്ണന്റെ മകനായാണ്./ അതുകൊണ്ട് കൃഷ്ണന്റെ മകനായതുകൊണ്ട് . അഖിലലോകത്തെജ്ജയിക്കുന്നതാശ്ചര്യമോ! എല്ലാ ലോകങ്ങളെയും ജയിക്കുന്നു. പ്രദ്യുമ്നൻ അഖിലലോകങ്ങളെയും ജയിച്ചതായി എവിടെയും കാണുന്നില്ല. പ്രജനനം കൊണ്ട് നിലനിൽക്കുന്ന അഖിലലോകവും കാമൻ ജയിച്ചതാണെന്നത് വ്യക്തം. എന്നിരിക്കെ ഇവിടെ ഒരു പൂർവാപരവിരുദ്ധത തോന്നാം. എന്നാൽ പ്രദ്യുമ്നാകുന്ന കാര്യം, കാമനാകുന്ന കാര്യത്തിൽ അന്തർഗതമാണെന്നതുകൊണ്ട് ആ വൈരുദ്ധ്യമില്ല. അതുകൊണ്ടു തന്നെ ഈ അഖിലലോകജയത്തിൽ അല്പംപോലും ആശ്ചര്യമില്ല. / നിഷ്കാമൻ കാമദനങ്ങ്. സ്വയം നിഷ്കാമനായി ഭക്തരുടെ കാമങ്ങൾ, ആഗ്രഹങ്ങളെല്ലാം കൊടുക്കുന്നവനാണ് അങ്ങ്. വൃന്ദാവനത്തിൽ ഗോപികമാരുമായി സദാ രത്യാസ്വാദനത്തിലേർപ്പെടുന്ന കൃഷ്ണൻ നിഷ്കാമനോ! കൃഷ്ണൻ ജിതേന്ദ്രയനും ഊർദ്ധ്വരേതസ്സുമാണ്. അതുകൊണ്ട് നിഷ്കാമനായി, പിറകെ പറയാൻ പോകുന്ന ഗോപികളുടെ പ്രേമാഘം തീർക്കാനാണ് അവരുമായി രമിക്കുന്നത്. കാമനെ ജയിച്ചീടുന്നതാശ്ചര്യമോ എന്ന ചോദ്യവും അതു തന്നെ വ്യക്തമാക്കുന്നു. അതു തന്നെയാണ് ന്യായം. പ്രേമാത്തലഘമേറ്റ ഗോപികളുമായ്. പ്രേമം രതിസഹജമായ അഭിലാഷം. അഘം. 'പരിഘ : പരിഘാതേസ്ത്രേപ്യോഘോ വൃന്ദേംഭസാം രയേ

മൂല്യേ പൂജാവിധാവർഗ്ഘോഹോ ദു:ഖവ്യസനേ ഷഘം'. (അമരം.3.നാ.27) എന്നതിന് പാരമേശ്വരീ വ്യാഖ്യാനത്തിൽ അഘത്തിന്, പാപം, ദു:ഖം, ചൂത് ആദികളിലുള്ള ആസക്തി എന്നു വ്യാഖ്യാനം കാണുന്നു. ഇതിൽ ആദികളിലുള്ള എന്നതുകൊണ്ട് മറ്റു പലതും ചേർക്കാം. അതിൽ പ്രേമം പെടുത്താം. ആസക്തി എന്നതുകൊണ്ട് അമിതമായ കൊതി എന്നു വരുന്നു. ഹൈമന്റെ വ്യാഖ്യാനത്തിൽ 'അഘം ദു:ഖേ വ്യസനേ' എന്നു പറഞ്ഞതുകൊണ്ട്, ഇവിടെ 'പ്രേമത്താലഘമേറ്റ' എന്നതിന് അമിതമായ പ്രേമക്കൊതികൊണ്ട് (അതു കിട്ടാത്തതിനാലുണ്ടാകുന്ന) ദു:ഖം എന്ന് വ്യാഖ്യാനിക്കാം. അങ്ങനെ കൃഷ്ണനോടുള്ള അധികപ്രേമത്താലും അതു കിട്ടാത്തതിനാലും ദു:ഖിച്ചിരിക്കുന്ന ഗോകുലസ്ത്രീകളുമായ്./ മേളിച്ചു, ഒന്നു ചേർന്ന് രമിച്ചിട്ട്. വൻദർപ്പമക്കാമന്നുള്ളതു പോക്കി, കാമദേവന്റെ വലിയ അഹങ്കാരം, എല്ലാ ലോകങ്ങളെയും ജയിച്ചവനാണെന്ന അഹങ്കാരം കൊണ്ടാണല്ലോ പരമശിവനെപ്പോലും കീഴടക്കാമെന്ന വിചാരം വന്നത്. ആ മദം ശിവന്റെ അഗ്നിനേത്രം കൊണ്ടൊരിക്കൽ തീർന്നതാണ്. വീണ്ടും ഇതാ ഇവിടെ കൃഷ്ണൻ അതടക്കുന്നു. അങ്ങു വിജയം ഘോഷിച്ചു വൃന്ദാവനേ. വൃന്ദാവനത്തിൽ ഈ കാമനുമേലുള്ള വിജയം അങ്ങാഘോഷിച്ചു. അല്ലാതെ പാമരന്മാർ കരുതുന്നതുപോലെ കാമനു വശംവദനാകയല്ലാ കൃഷ്ണൻ ചെയ്തതെന്ന് വ്യക്തമാക്കുന്നു.

**മഹാഭാരത കഥ പ്രാധാന്യം,**

**(18-ാം പേജിൽ നിന്ന് തുടർച്ച)**

ന തേ മൃത്യുഃ പ്രഭവിതാ യാവജ്ജീവിതുമിച്ഛസി
ത്വത്തോ ഹ്യനുജ്ഞാം സംപ്രാപ്യ മൃത്യുഃ പ്രഭവിതാനഘ

അല്ലയോ മകനേ നീ ജീവിക്കാനാഗ്രഹിക്കുന്നിടത്തോളം കാലം മരണം തീണ്ടില്ല. നിന്റെ അനുവാദത്താൽ മാത്രമേ മരണം നിന്നെ സമീപിക്കൂ.

സത്യവതിക്ക് ശന്തനുവിൽ ചിത്രാംഗദൻ, വിചിത്രവീര്യൻ എന്ന രണ്ടു പുത്രന്മാരുണ്ടായി. ശന്തനുവിന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷം ചിത്രാംഗദനെ ഭീഷ്മർ രാജാവായി വാഴിച്ചു.

യഥാർത്ഥപിതൃപുത്രബന്ധമാണ് ഇവിടെ വ്യാസൻ നമുക്കു വിവരിച്ചു കാണിക്കുന്നത്. പ്രതിപനെ സമീപിച്ച സ്ത്രീയോട് മര്യാദയോടും മാന്യതയോടും പെരുമാറി തന്റെ പുത്രവധുവാക്കാമെന്നു വാക്കും കൊടുത്തു. കഥ അറിഞ്ഞ പുത്രൻ ശന്തനു ആ സ്ത്രീയെ സ്വീകരിച്ചു. ഇവിടെയാണ് മഹാഭാരതകഥയുടെ ഒരു ബീജം കൂടി ഉണ്ടാകുന്നത്. ആദർശധീരനായ ദേവവ്രതൻ പിതാവിന്റെ സങ്കടനിവർത്തി വരുത്താൻ തന്റെ രാജസുഖമുപേക്ഷിക്കുവാനും സങ്കടനിവർത്തി വരുത്തുവാനുമുള്ള പോംവഴിയും കണ്ടുപിടിച്ചു. ആധുനികകാലഘട്ടത്തിലെ ചിന്തക്കാധാരമായ പിതൃപുത്രബന്ധത്തിന്റെ അനശ്വരത ചിന്തനീയം തന്നെയാണ്.

## എറണാകുളം കരയോഗം
## എൽഡർ സിറ്റിസൺസ് ഫോറം
## 2019 മാർച്ച് /ഏപ്രിൽ മാസത്തെ പരിപാടികൾ

| തീയതി | മനോരഞ്ജിനി/ അവതാരകൻ | മുഖ്യപ്രഭാഷകൻ | വിഷയം | നമ്പർ |
|---|---|---|---|---|
| 21.03.19 | ഡി.കെ. നായർ | ഡോ. ഹരിഹരൻ | Astrology | 1009 |
| 28.03.19 | കെ. ചന്ദ്രികാദേവി | അഡ്വ. രാമചന്ദ്രൻ നായർ | മതേതരത്വം | 1010 |
| 04.04.19 | പ്രൊ.സി.ബാല കൃഷ്ണൻ | എ. നന്ദകുമാർ | 'ഭാസ്കരീയം' പി. ഭാസ്കരൻ മാസ്റ്ററുടെ തിരഞ്ഞെടുത്ത ഹൃദയ ഹാരിയായചില പാട്ടുകളുടെ ആലാപനവും വിശേഷങ്ങളും | 1011 |
| 11.04.19 | | ആർ. പി. നായർ | വിദ്യാധിരാജ ചട്ടമ്പി സ്വാമികളും നവോത്ഥാനവും | 1012 |





# പാതഞ്ജലയോഗദർശനം

**കൈതപ്രം വാസുദേവൻ നമ്പൂതിരി ഫോൺ : 9447077203**

**28 -ാമത്തെ സൂത്രം**

**തജ്ജപസ്തദർഥ ഭാവനം**

അത് (ഓങ്കാരം) ജപിക്കുകയും അതിന്റെ അർത്ഥം ചിന്തിക്കുകയും വേണം.

കഴിഞ്ഞ സൂത്രങ്ങളിൽ ഈശ്വരന്റെ സ്വരൂപവും ഈശ്വരന്റെ വാചകവും പ്രണവം (ഓങ്കാരം) ആണെന്നും പറഞ്ഞു.

പഠിച്ച മന്ത്രങ്ങൾ ഉരുവിടുന്നതാണ് ജപം. മൂന്നു തരം ജപത്തെപ്പറ്റി പറയുന്നുണ്ട്. വാചികം (വൈഖരി), ഉപാംശു, മാനസം. ഉറക്കെയുള്ള ജപമാണ് വാചികം. ശബ്ദമില്ലാതെ ചുണ്ടുകൾ ചലിപ്പിച്ചു ജപിക്കുന്നത് (തനിക്കു മാത്രം കേൾക്കത്തക്ക തരത്തിൽ) ഉപാംശു. മനസ്സിൽ മാത്രം ആവർത്തിക്കുന്നത് മാനസ ജപം. അർഥം കൂടി ഭാവന ചെയ്യുമ്പോഴാണ് ഇത് പൂർത്തിയാവുക. പ്രണവം ഈശ്വരന്റെ വാചകമാണ്. അതിന്റെ അർഥഭാവനമെന്നാൽ ഈശ്വരനെപ്പറ്റി ചിന്തിക്കുക എന്നു തന്നെ അർഥം. അനേകം ഋഷി പ്രോക്തങ്ങളായ ശാസ്ത്ര ഗ്രന്ഥങ്ങൾ ഈശ്വരനെ അറിയിക്കാനായി, ആത്മജ്ഞാനത്തിനായി ഉണ്ട്. അവയുടെ പഠനമാണ് സ്വാധ്യായം. ജപത്തെയും സ്വാധ്യായമായി പറയാറുണ്ട്. വ്യാസഭാഷ്യത്തിൽ സ്വാധ്യായവും, യോഗവും പരസ്പരപൂരകങ്ങളായി പറഞ്ഞിരിക്കുന്നു.

വിഷ്ണു പുരാണത്തിലെ ഒരു ശ്ലോകമാണ് അദ്ദേഹം ഉദ്ധരിച്ചിരിക്കുന്നത്

സ്വാധ്യായാത് യോഗമാസീത
യോഗാത് സ്വാധ്യായമാസതേ
സ്വാധ്യായ യോഗസമ്പത്ത്യാ
പരമാത്മാ പ്രകാശതേ.

സ്വാധ്യായം കൊണ്ട് യോഗവും(സമാധി) യോഗം കൊണ്ട് സ്വാധ്യായവും ഉണ്ടാകും. രണ്ടും കൊണ്ട് ആത്മജ്ഞാനം കൈവരും എന്നർഥം.

സ്വാധ്യായം കൊണ്ട് അർഥഭാവന ചെയ്ത് ചിത്തത്തെ ഏകാഗ്രതമാക്കുക. ഏകാഗ്രത തന്നെ യോഗം. അപ്പോൾ കൂടുതൽ സൂക്ഷ്മമായ അർഥം അറിയാനാകും. ഇങ്ങനെ സ്വാധ്യായ യോഗങ്ങൾ ആവർത്തിക്കുമ്പോൾ ആത്മജ്ഞാനം ഫലം.

മനശാസ്ത്രജ്ഞന്മാർ പറയുന്നത് ബോധ മനസ്സും ഉപബോധ മനസ്സും അബോധ മനസ്സുമുണ്ടെന്നാണ്. പരാബോധമെന്ന (Super Conscious) ഒരു തലം കൂടി ഉണ്ടെന്നാണ് പതഞ്ജലിയുടെ അഭിപ്രായം. ജപം ആവർത്തനവും അർഥഭാവനം ധ്യാനവുമാണ്. ഒരു നാമം അർഥം ചിന്തിക്കാതെ ആവർത്തിച്ച് ജപിച്ചാൽ നമ്മൾ ബോധത്തിൽ നിന്നും ഉപബോധത്തിലേക്കു പതിക്കും. ഒരു സുഖമായ ഉറക്കത്തിന്റെ അനുഭവം മാത്രം. പിന്നെയും ആവർത്തിച്ചാൽ അബോധത്തിലേക്കു ചെല്ലും. ഇത് ഒരു നല്ല അവസ്ഥയല്ലെന്നാണ് ഓഷോയുടെ അഭിപ്രായം. എന്നാൽ പതഞ്ജലി പറയുന്നത് ജപം കൊണ്ട് ചുറ്റുപാടും നാദം നിറക്കണം. എന്നാൽ അതിന്റെ മധുരത്തിൽ ബോധം നഷ്ടപ്പെടാതെ കൂടുതൽ കൂടുതൽ ജാഗ്രതയോടെ ധ്യാനത്തിൽ നിലകൊള്ളണം. അപ്പോൾ നാദം ആഴത്തിൽ ചെല്ലും. നാഡികളേയും ശരീരത്തേയും അത് വിശ്രമിപ്പിക്കുമെങ്കിലും ബോധം അതിലും മേലെയായി ഉണർന്നിരിക്കും. ഒരു പുതിയ ബോധതലം ഉദിക്കും. ഒരു നാലാമിടം.

ജപം ധ്യാനത്തിലേക്ക് നീങ്ങണം. ജപമാണ് ധ്യാനിക്കാനുള്ള വസ്തുവിനെ ഇട്ടു തരുന്നത്. ഒരു വസ്തുവിനെ കാണുമ്പോൾ ബോധം അതിലേക്കു സംക്രമിക്കുന്നു. ലൈംഗികമായ വസ്തു കണ്ടാൽ ബോധവും ലൈംഗികതലത്തിലാകും. കൊതിയനെക്കണ്ടാൽ നമുക്കും കൊതി തോന്നും. ദൃഷ്ടാവും ദൃശ്യവും ഒന്നായിത്തീരും. അപ്പോൾ ഏറ്റവും അഗാധമായ നാദം, നാദമല്ലാത്ത നാദം, ഉണ്ടാക്കാത്ത (അനാഹതമായ) നാദം. പ്രകൃതിയുടെ സ്വരമായ ഓംകാരം ധ്യാനിച്ചാൽ നമ്മളും പ്രപഞ്ചനാദമായിത്തീരും. അറിയപ്പെട്ട വസ്തുവും അറിയുന്നവനും ഒന്നാകും. ഈ ഏകത്വം തന്നെ യോഗം.

മന്ത്രം ഒരു വിത്താണ്. മാങ്ങയണ്ടി പോലെ. അതിൽ നിന്നും പഴുത്ത മാങ്ങ കിട്ടില്ല. അതിനെ നട്ടു നനച്ച് വളർത്തിയെടുക്കണം. വ്യത്യസ്തമായ വിത്തിൽ നിന്ന് വ്യത്യസ്ത സസ്യങ്ങൾ ഉണ്ടാകുന്നതുപോലെയാണ് വ്യത്യസ്ത മന്ത്രങ്ങളും. മന്ത്രത്തിന്റെ ശക്തിയുണർത്താൻ സമയവും. പരിശ്രമവും വേണം. പ്രണവത്തിന്റെ കാര്യവും ഭിന്നമല്ല. രണ്ട് മാർഗ്ഗങ്ങളാണ് ഇതിന് ഈ സൂത്രത്തിൽ പറഞ്ഞത്. ഒന്ന് ജപം, വാചികവും, ഉപാംശുവും മാനസികവുമായ ജപം. അക്ഷര ലക്ഷം ജപിക്കണമെന്നൊക്കെ ഗുരു നിർദ്ദേശിക്കും. പക്ഷെ അതു മാത്രം പോര എന്നാണ് മുനി പറഞ്ഞുവെച്ചത്. ജപം അതിന്റെ അർഥ ധ്യാനത്തിലേക്ക്, ഭാവനയിലേക്ക് സംക്രമിക്കണം. ബോധത്തിന്റെ അഗാധ തലത്തിലേക്ക് ആണ്ടിറങ്ങണം.

മന്ത്രം ഒരു സ്പന്ദനമാണ്. ഭൗതികമായ ചെവി കൊണ്ട് കേൾക്കാവുന്നത്. എന്നാൽ പുറത്തു കേൾക്കാത്ത സൂക്ഷ്മതരങ്ങളായ സ്പന്ദനങ്ങളും അതിൽ ഉണ്ട്. വൈഖരിയായ മന്ത്രമേ കേൾക്കാനാവൂ. അതിന്റെ പിന്നിൽ മധ്യമാ, പശ്യന്തി, പരാ എന്നീ ഘട്ടങ്ങൾ ഉണ്ട്. ഇവയാണ് സൂക്ഷ്മബോധതലങ്ങളെ ഉണർത്തുന്നത്.

# ഉത്തര രാമായണത്തിലൂടെ തുടർച്ച-3

കല്പകം സോമരാജൻ

## ലവണാസുര വധം

ലവണൻ ആഹാരം തേടി പുറത്തുപോയ സമയം ഗോപുര ദ്വാരത്തിൽ എത്തി അവിടെ നിലകൊണ്ട ശത്രുഘ്നൻ തിരികെ എത്തിയ കോപാന്ധനായ ലവണൻ പറയുന്ന വീര കഥകൾ കേട്ട് ജ്വലിച്ച ഭാവത്തോടെ നില്ക്കുന്ന ശത്രുഘ്നനെ നോക്കി നിശ്ചലം നിന്നു. യുദ്ധത്തിനാണെങ്കിൽ ഞാൻ പോയി ആയുധങ്ങൾ ധരിച്ച് ഉടൻ വരാം എന്നു ജല്പിക്കുന്ന ലവണനോട് ശത്രുക്കളെ കണ്ടാൽ ഉടൻ സ്വർലോകത്തേക്ക് തന്നെ യാത്രയാക്കുകയാണ് എന്റെ രീതി എന്നു പറഞ്ഞ് ദിവ്യാസ്ത്രപ്രയോഗത്താൽ ലവണന്റെ ഉത്തമാംഗത്തെ ഭൂമിയിൽ നിപതിപ്പിക്കുന്നു. അങ്ങനെ കാലാരിയുടെ ശൂലം എടുത്തു പ്രയോഗിക്കുന്നതിനുള്ള സാവകാശം കൊടുക്കാതെ ശത്രുഘ്നൻ ലവണാസുരവധം സാധിക്കുന്നു. അതിനു ശേഷം യമുനാ തീരത്ത് കോട്ട കൊത്തളങ്ങളും മനോഹരമായ ആലയങ്ങളും ദേവാലയങ്ങളും എല്ലാം പുനസ്ഥാപിച്ച് മഥുരാപുരിയെ അമരാപുരി സദൃശ്യമായി നിർമ്മിച്ച്, അവിടെ കുറച്ച് നാൾ വാണ ശേഷം സ്വരാജ്യത്തേക്ക് തിരികെപ്പോകുന്നു. മാർഗ്ഗ മദ്ധ്യേ വാല്മീക്യാശ്രമത്തിൽ എത്തി വൃത്താന്തമെല്ലാം ഋഷിയെ അറിയിക്കുന്നു. അയോദ്ധ്യയിൽ തിരികെ എത്തി കഥകളെല്ലാം ജ്യേഷ്ഠ സഹോദരങ്ങളേയും മാതാപിതാക്കളേയും ബന്ധുജനങ്ങളേയും അറിയിക്കുന്നു. അങ്ങനെ സസുഖം അവിടെ വാഴുന്ന സഹോദരങ്ങളിൽ ശത്രുഘ്നനെ മഥുരാപുരി വാഴുവാനായി ശ്രീരാമൻ നിയോഗിക്കുന്നു.

രാജാവ് അനുജന്മാരോട് പറയുന്ന അടുത്ത കഥ ശംബുകന്റെ മോക്ഷ പ്രാപ്തിയാണ്. ഒരു ബ്രാഹ്മണ പ്രജയുടെ പുത്രൻ ജനിക്കുമ്പോഴേ മൃതനാകുന്നു. ഈ മൃതദേഹം പേറി വിപ്രൻ രാജാന്തികത്തിലെത്തി മുറയിടുന്നു. ഈ ബാലമരണത്തിന് കാരണമെന്തെന്ന് ആരായുന്ന രാജാവിനോട് ശംബുകന്റെ കഥ മുനിമാർ പറഞ്ഞ് കേൾപ്പിക്കുന്നു. ശംബുകനാമധാരിയായ ഒരു ശൂദ്രൻ മോക്ഷ പ്രാപ്തിക്കായി കഠിന തപസ്സിൽ ഏർപ്പെട്ടിരിക്കുകയാണെന്നും അതിന്റെ ദുരന്തഫലമാണ് ഈ വിപ്രസന്താനത്തിന്റെ അകാലമരണകാരണമെന്നും നാരദാദി മുനികൾ പറയുന്നു. ശംബുകന്റെ മോക്ഷപ്രാപ്തി മാത്രമാണ് ഈ ദുരന്തത്തിനു പരിഹാരം എന്നു മനസ്സിലാക്കിയ രാജാവ് മൃതദേഹം തൈലത്തോണിയിലാക്കി പരിരക്ഷിച്ചതിനു ശേഷം പുഷ്പകത്തിലേറി ശംബുകാന്വേഷണാർത്ഥം പുറപ്പെടുന്നു. അകലത്തൊരിടത്ത് തലകീഴായി തൂങ്ങി തപസ്സിലേർപ്പെട്ടിരിക്കുന്ന ശംബുകനെ രാജാവ് കണ്ടെത്തുന്നു. തപസ്സിന്റെ ലക്ഷ്യം മോക്ഷ പ്രാപ്തി മാത്രമാണെന്നും അതിനുള്ള മാർഗ്ഗം സാക്ഷാൽ ഭഗവാനായ അങ്ങ് നിർദ്ദേശിക്കണമെന്നും ശംബുകൻ അപേക്ഷിക്കുന്നു. ഈ ആഗ്രഹം മാനിച്ച് രാജാവ് ശംബുകന്റെ തല വിച്ഛേദിക്കുന്നു. ശംബുകൻ മോക്ഷപ്രാപ്തനാകുന്നു. ഭൂദേവ കുമാരനും ജീവൻ ലഭിക്കുന്നു. എല്ലാവരും സന്തുഷ്ടരാകുന്നു. ഈ സമയം പന്തീരാണ്ടു കാലമായി അഗസ്ത്യ മുനി നടത്തുന്ന യാഗം ഇന്നു കാലം കൂടുകയാണെന്നും അതിൽ സംബന്ധിക്കുവാൻ ഇച്ഛയുണ്ടെന്നുള്ള തീരുമാനത്തിൽ ദേവന്മാരും മുനികളും മറ്റെല്ലാ സംബന്ധികളും അഗസ്ത്യാശ്രമത്തിലേക്കു തിരിക്കുന്നു. മഹാരാജാവും അവരെ അനുഗമിക്കുന്നു. യാഗത്തിൽ പങ്കുചേർന്ന ശേഷം ഇന്ദ്രാദികളും മുനിമാരും പിരിഞ്ഞു പോകുന്നു. എന്നാൽ അഗസ്ത്യമുനിയുടെ ആഗ്രഹം മാനിച്ച് രാജാവും അന്ന് അവിടെ കഴിയുന്നു. വിശ്രമസമയത്ത് വിചിത്രമായ ഒരു ആഭരണം മുനി രാജാവിന് സമ്മാനിക്കുന്നു. ഈ ദിവ്യാഭരണം എവിടെ നിന്ന് ലഭിച്ചു എന്നറിയുന്നതിനുള്ള രാജാവിന്റെ ആഗ്രഹനിവൃത്തിക്കായി ഈ ആഭരണത്തിന്റെ ഉത്ഭവ കഥ മുനി പറയുന്നു.

## സുദേവ ചരിതം :

ഈ ആഭരണം വിശ്വകർമ്മ നിർമ്മിതമാണ്. ത്രേതായുഗത്തിൽ ഒരു ദിനം അഗസ്ത്യമുനി ദണ്ഡകാരണ്യത്തിൽ എത്തുന്നു. അവിടെ അതിവിശിഷ്ടമായ നീലപ്പൊയ്കയിൽ ഒരു ശവശരീരം കാണുന്നു. ആ സമയം സർവ്വാഭരണവിഭൂഷിതനായൊരു സുന്ദരപുരുഷൻ ആകാശമാർഗ്ഗേണ തേരിൽ എത്തുന്നു. ഇദ്ദേഹം പൊയ്കയിലിറങ്ങി ഈ മനുഷ്യമാംസം ഭക്ഷിക്കുന്നു. ജിജ്ഞാസുവായ മുനി ഇതിന്റെ കാരണമെന്തെന്ന് അദ്ദേഹത്തോട് ആരായുന്നു. ഞാൻ സുദേവപുത്രനായ ശ്വേതനാണ്. എനിക്കനുജൻ സുരഥൻ. പിതാവിന്റെ പിൻഗാമിയായി ഞാൻ രാജ്യഭാരം കൈയ്യേറ്റു. കാലം കൊണ്ട് ഇതിൽ വിരക്തനായി തീർന്ന ഞാൻ തപസ്സു ചെയ്തു സ്വർഗ്ഗപദത്തിലെത്തുന്നു. എന്നാൽ സ്വർഗ്ഗത്തിൽ എല്ലാ സൗഭാഗ്യങ്ങളുമുണ്ടെങ്കിലും വിശപ്പും ദാഹവും അകറ്റുവാനുള്ള മാർഗ്ഗം മാത്രം ലഭിച്ചില്ല. ഇങ്ങനെ വരുവാൻ ഞാൻ ചെയ്ത ദുഷ്കർമ്മം എന്തെന്ന് വിധാതാവിനോട് ആരായുന്നു. നീ ഒരിക്കലും അന്നപിപാസാദികൾ ദാനം ചെയ്തിട്ടില്ല. സ്വശരീരം മാത്രം താൽപ്പര്യത്തിലെടുത്തു ജീവിച്ചതിനാലാണ് ഈ ഗതി വന്നതെന്നും ഇനി അഗസ്ത്യ മുനീന്ദ്രൻ ഈ കാഴ്ച കാണുംവോളം എത്രയും സ്വാദിഷ്ടമായ ഈ മനുഷ്യശരീരം ഭക്ഷിച്ചു ജീവിക്കുക എന്നും വിധാതാവ് അരുളി ചെയ്തു. ഇന്ന് എനിക്കു പാപമോക്ഷകാലം വന്നുവെന്നു നിനക്കുന്നു. അങ്ങ് അഗസ്ത്യ മുനിശ്രേഷ്ടനാണെന്നു എനിക്കു മനസ്സിലായി. ഞാൻ അതീവ സന്തുഷ്ടനായിത്തീർന്നു എന്നു പറഞ്ഞ് ഈ ആഭരണങ്ങൾ അദ്ദേഹം എനിക്കു നൽകുന്നു. ഈ ദിവ്യാഭരണങ്ങൾ അണിയുവാൻ ഏറ്റവും യോഗ്യശരീരം അങ്ങയുടേതാണെന്നറിഞ്ഞ് ഞാൻ ഇതുമായി എത്രയോ നാളായി അങ്ങയെ കാത്തിരിക്കുകയാണ്. മുനി കഥ പറഞ്ഞു നിർത്തുന്നു. സന്തോഷത്തോടെ രാജാവ് ആ ഉപഹാരം സ്വീകരിക്കുന്നു. അതിനു ശേഷം അവർ നിൽക്കുന്ന ആ കാനനദേശത്തു ജന്തു പക്ഷി മൃഗാദികൾ ഒന്നിനേയും കാണുന്നില്ലല്ലോ . അതിന് കാരണമെന്ത് എന്ന് രാജാവ് ചോദിക്കുന്നു. അതിനുത്തരമായി ദണ്ഡരാജന്റെ കഥ മുനീന്ദ്രൻ പറയുന്നു.

## ദണ്ഡരാജന്റെ കഥ :

അർക്ക വംശത്തിൽ ഇക്ഷ്വാകു ഭൂപന് നൂറ് പുത്രന്മാർ പിറക്കുന്നു. ഇതിൽ നൂറാമൻ ദണ്ഡന് ചില വൈഷമ്യങ്ങൾ ഉണ്ടാകുവാനുള്ള കാരണങ്ങൾ രാജാവ് ജ്ഞാനദൃഷ്ടിയാൽ അറിയുന്നു. ഇതിനു പരിഹാരം കാണുവാനുള്ള വ്യഗ്രതയിൽ രാജാവ് ഒരു രാജ്യം തന്നെ സൃഷ്ടിച്ച് ദണ്ഡനെ അധിപതിയായി വാഴിക്കുന്നു. ദണ്ഡൻ ശുക്രനെ ഗുരുവാക്കി ആ രാജ്യത്ത് വാഴുന്നു. എന്നാൽ ഒരു ദിനം ആശ്രമപ്രാന്തത്തിൽ വച്ച് ഗുരുപുത്രിയെ കാണുവാനിടവരുന്നു. ദണ്ഡൻ അവളിൽ കാമമോഹിതനായി തീരുന്നു. തനിക്കു വശഗതയാകണമെന്ന ദണ്ഡന്റെ ആഗ്രഹം കന്യക നിരാകരിക്കുന്നു. പിതാവിന്റെ ഇംഗിത പ്രകാരമല്ലാതെ താൻ ഒന്നും ചെയ്യുകയില്ല എന്ന് അവൾ ദണ്ഡനെ അറിയിക്കുന്നു. പിതാവിനോടാവശ്യപ്പെട്ടാൽ അദ്ദേഹം തന്നെ സസന്തോഷം ദണ്ഡനു നൽകുമെന്നും പറയുന്നു. എന്നാൽ ദണ്ഡൻ ബലാല്ക്കാരേണ കന്യകയെ തനിക്കു വശംഗതയാക്കുന്നു. ഇതറിഞ്ഞ മുനിവര്യൻ ദണ്ഡനും രാജ്യവും ഏഴുദിനത്തിനുള്ളിൽ ഭസ്മീകൃതമായി പോകട്ടെ എന്നു ശപിക്കുന്നു. ദണ്ഡരാജ്യത്തുള്ള സജ്ജനങ്ങളെയെല്ലാം മറ്റൊരു ജനസ്ഥാനത്തേക്കു മാറ്റുന്നു. അതിനു ശേഷം പൊടിവർഷത്താൽ ദണ്ഡനും രാജ്യവും ഭസ്മീകൃതമായി ഭവിക്കുന്നു. കാലം കൊണ്ട് വനമായിത്തീർന്ന ആ സ്ഥലമാണ് ദണ്ഡകാരണ്യം. ഇക്കഥയെല്ലാം കേട്ട് സന്തുഷ്ടചിത്തനായി വിശ്രമിക്കുന്ന ശ്രീരാമചന്ദ്രൻ പിറ്റേന്ന് ഉദയത്തോടെ പുറപ്പെട്ട് അയോദ്ധ്യാപുരിയിലെത്തുന്നു. സഹോദരങ്ങളുമൊത്ത് നർമ്മ ഭാഷണങ്ങളിൽ ഏർപ്പെടുന്ന രാജാവ് ഒരു യാഗം നടത്തണമെന്ന തന്റെ ആഗ്രഹം അവരെ അറിയിക്കുന്നു. യാഗം ചെയ്യണമെങ്കിൽ അത് അശ്വമേധം തന്നെയാകട്ടെ എന്ന് ലക്ഷ്മണൻ പറയുന്നു. അതിന് നിദാനമായി ഒരു കഥയും പറയുന്നു.

വൃത്രാസുരന്റെ കഥയാണ് ലക്ഷ്മണൻ പറയുന്നത് ശത്രുവിജയത്തിനായി വൃത്രാസുരൻ ഉഗ്രമായ തപസ്സിൽ ഏർപ്പെടുന്നു. എന്നാൽ ഈ തപസ്സ് ത്രൈലോക്യം അടക്കിവാഴുവാനാണെന്ന തെറ്റായ ധാരണയിൽ ദേവേന്ദ്രൻ പരിഭ്രാന്തനാകുന്നു. അദ്ദേഹം പാലാഴിവാസനെ കണ്ട് വൃത്രനിഗ്രഹം നടത്തണമെന്ന് ആവശ്യപ്പെടുന്നു. എന്നാൽ അതീവ ഭക്തനായ വൃത്രാസുരനെ താൻ കൊല്ലുകയില്ല എന്നും എന്നാൽ തന്റെ ശക്തി ഉൾക്കൊണ്ട് ആ കർമ്മം ചെയ്യുന്നതിനുള്ള അനുവാദം ഭഗവാൻ ഇന്ദ്രനു കൊടുക്കുന്നു. ഇതിനായി താപസനായ ദധീചി മഹർഷിയുടെ അസ്ഥി യാചിച്ചു വാങ്ങി അതുകൊണ്ട് വിശ്വകർമ്മാവിനെ കൊണ്ട് വജ്രായുധം നിർമ്മിപ്പിക്കണമെന്നും അതുകൊണ്ട് പുത്രനെ കൊല്ലുവാൻ കഴിയുമെന്നും ഉപദേശിച്ച് ഭഗവാൻ ഇന്ദ്രനെ യാത്രയാക്കുന്നു. ശ്രീ മഹാവിഷ്ണുവിന്റെ നിർദ്ദേശാനുസാരം ഇന്ദ്രൻ വൃത്രനിഗ്രഹം നടത്തുന്നു. എന്നാൽ ഈ ദുഷ്പ്രവൃത്തി ഇന്ദ്രനെ സദാ അലട്ടുന്നു. നിദ്രാവിഹീനനാക്കുന്നു. ഈ അവസ്ഥയിൽ നിന്ന് മോചനം ഉണ്ടാകുവാനായി അശ്വമേധയാഗം നടത്തുവാൻ ഋഷിമാർ ഇന്ദ്രനെ ഉപദേശിക്കുന്നു. ഇന്ദ്രൻ യാഗം നടത്തുകയും പൂർവ്വ സ്ഥിതിയിൽ എത്തുകയും ചെയ്യുന്നു. ഇതാണ് യാഗ മഹത്വം പ്രകീർത്തിക്കുന്ന ഒരു കഥ.

## ഇളന്റെ കഥ :

അശ്വമേധയാഗത്തിന്റ മഹത്വം ഉദ്ഘോഷിക്കുന്ന മറ്റൊരു കഥ ശ്രീരാമചന്ദ്രൻ അനുജന്മാരോട് പറയുന്നു. സൂര്യസോമ വംശങ്ങൾക്കും ആദ്യനായി ഭരിച്ചിരുന്ന ഇളമഹാരാജന്റെ കഥയാണിത്. ഒരിക്കൽ മൃഗയാ കാട്ടിൽ സഞ്ചരിക്കുമ്പോൾ രാ

ജാവും അനുചരരും വനിതവേഷം ധരിച്ചു. വനിത വേഷത്തിൽ ഇളനെ കണ്ട ബുധൻ ഇളനെ തന്റെ ഭവനത്തിൽ കൊണ്ടു പോയി. ഇളപ്രാപ്തിക്കായി ബുധൻ ശ്രീമഹാദേവനെ പ്രാർത്ഥിച്ചു പ്രത്യക്ഷപ്പെടുത്തി. എന്നാൽ ഇക്കാര്യത്തിൽ താൻ നിസ്സഹായനാണെന്നും സാക്ഷാൽ ശ്രീപാർവ്വതി ദേവിയെ ഭജിക്കുക എന്നും മഹാദേവൻ പറയുന്നു. ബുധൻ ദേവിയെ പ്രസാദിപ്പിച്ച് പ്രത്യക്ഷയാക്കി വരം ആവശ്യപ്പെടുന്നു. എന്നാൽ തനിക്ക് പാതി വരം തരുവാനേ കഴിയുകയുള്ളൂ  എന്നും പാതി ശ്രീമഹാദേവൻ തന്നെ നൽകണമെന്നും ദേവി അരുളി ചെയ്തു. ഇങ്ങനെ ഒരു മാസം അംഗനയായും പിന്നൊരു മാസം പുമാനായും കഴിയുവാനുള്ള വരം ഇളനു ലഭിക്കുന്നു. അങ്ങനെ സ്ത്രീയായി വാഴുന്ന നാളിൽ ബുധബീജത്താലെ ഗർഭം ഉണ്ടാകുന്നു. ആ പുത്രനാണ് സോമവംശത്തിലെ ആദ്യ രാജാവായ പുരുരവസ്സ്. ഇദ്ദേഹം സർവ്വലോകങ്ങളും അടക്കിവാണു. എന്നാൽ കഥ അവിടെ തീരുന്നില്ല. ശങ്കര ശാപത്താൽ ഇളരാജാവിനുണ്ടായ ദു:ഖം എങ്ങനെ തീർക്കുമെന്ന ചിന്തയിലായി സർവ്വരും. ഇങ്ങനെ വിചിന്തനം  ചെയ്തപ്പോൾ ഭൂദേവന്മാരെ കൊണ്ട് അശ്വമേധ യാഗം ചെയ്യിക്കുക. ഇതിനാൽ ഭൂതേശ പ്രസാദം സിദ്ധിക്കുമെന്നു മുനിശ്രേഷ്ടൻ പറയുന്നു. അങ്ങനെ അശ്വമേധം നടത്തി ഇളൻ ശങ്കര പ്രസാദം നേടുന്നു. കഥ പറഞ്ഞ് രാമചന്ദ്രൻ അശ്വമേധ മഹത്വം ഒന്നു കൂടെ ദൃഢമാക്കുന്നു.

**അശ്വമേധയാഗം :**

ശ്രീരാമചന്ദ്ര മഹാരാജാവ് അശ്വമേധയാഗത്തിന് ഒരുക്കം കൂട്ടുന്നു. വസിഷ്ടാദിമുനിശ്രേഷ്ടന്മാരേയും ദേവന്മാരേയും ഭൂദേവന്മാരേയും വരുത്തണം. സുഗ്രീവാദികളായ എന്റെ പ്രിയഭക്തരെ മുൻകൂട്ടി ക്ഷണിച്ചു വരുത്തണം. വിഭീഷണനായ എന്റെ  പ്രിയ ഭക്തനെ ആദ്യമേ വരുത്തണം. സുരമന്ദിര സമാനം നൈമിശ ക്ഷേത്രത്തിൽ യാഗശാലയൊരുക്കണം. പിന്നെ ക്ഷണിതാക്കളായി എത്തുന്ന താപസർ രാജശ്രേഷ്ടർ, വിദ്വജ്ജനങ്ങൾ, പൗരപ്രമുഖർ, എന്റെ പ്രിയ ജനതതി തുടങ്ങി എല്ലാവർക്കും യഥോചിതം വാസഗേഹങ്ങൾ തീർക്കണം, മണ്ഡപങ്ങൾ, മഹാസൗധങ്ങൾ, സ്തൂപങ്ങൾ, ഭണ്ഡാരങ്ങൾ തുടങ്ങിയ എല്ലാ വസ്തുക്കളും ഉചിത സ്ഥാനങ്ങളിൽ സ്ഥാപിക്കണം. ദാന വസ്തുക്കളായി ധനധാന്യാദികൾ ശേഖരിക്കണം. യാഗാശ്വത്തെ നാനാ ദിക്കുകളിലും നടത്തി വന്നീടുവാൻ ലക്ഷ്മണ കുമാരനെയാണ് നിയോഗിക്കുന്നത്. സുമന്ത്രാദ്യന്മാരായ മന്ത്രിപ്രമുഖർ രാജാജ്ഞയെ ശിരസാ വഹിച്ച് അതീവ ശ്രദ്ധയോടെ അമിതാനന്ദത്തോടെ കാര്യങ്ങൾ നിറവേറ്റുന്നു. ശുഭ മഹൂർത്തത്തിൽ ചതുരംഗപ്പടയുടെ അകമ്പടിയോടെ ഗുരുഭൂതന്മാരായ മുനിശ്രേഷ്ടന്മാരാലും, സഹോദരന്മാരാലും, മാതാക്കളാലും, പ്രിയബന്ധുജനങ്ങളാലും, മന്ത്രിമുഖ്യന്മാരാലും, പൗരജനാവലിയാലും  സേവ്യനായി ശ്രീരാമചന്ദ്രമഹാരാജാവ് നൈമിഷാരണ്യക്ഷേത്രഭൂവിൽ പ്രവേശിക്കുന്നു. ശ്രീരാമചന്ദ്രനെ എതിരേറ്റ് ഗായകവൃന്ദം ഗാനമാലപിക്കുന്നു. നർത്തകർ നൃത്തം ചെയ്യുന്നു. ആകെ ഉത്സവമയമായ അന്തരീക്ഷം. ഇതര രാജശ്രേഷ്ടന്മാരും സർവ്വസൈന്യസന്നാഹത്തോടെ സമ്മാനങ്ങളുമായി ഏക ശാസനനായ രാജാവിനെ വന്ദിച്ച് വണങ്ങുന്നു. അവരെയെല്ലാം യഥോചിതം സ്വീകരിച്ച് സത്കരിച്ച് താന്താങ്ങൾക്കുള്ള ഗേഹങ്ങളിൽ അധിവസിപ്പിക്കുന്നു. മാനവ രാക്ഷസ വാനര വീരരെല്ലാം അവിടെ എത്തിച്ചേരുന്നു. യഥോചിതം ലക്ഷ്മണൻ അശ്വത്തെ തെളിച്ച് വരുന്നു. ഗുരുഭൂതരായ വസിഷ്ഠനിയോഗത്താൽ കാഞ്ചനസീതയെ നിർമ്മിച്ച് പത്നീ സ്ഥാനത്തു പ്രതിഷ്ഠിച്ച് ശ്രീരാമചന്ദ്ര മഹാരാജാവ് അശ്വമേധ യാഗം നിർവിഘ്നം നടത്തുന്നു. രാജാവിനെ പൗരാവലി മുക്തകണ്ഠം പുകഴ്ത്തുന്നു.

**സീതാ തിരോധാനം :**

അശ്വമേധ ആഘോഷങ്ങൾ നടക്കുന്ന ഈ പുണ്യഭൂമിയിലേക്കു വാല്മീകി മഹർഷി തന്റെ ശിഷ്യരായ ലവ കുശന്മാരോടൊത്ത് എത്തിച്ചേരുന്നു. ഭൂപാല ഭൂദേവമുനി പ്രവര സഭാമദ്ധ്യേ രാമായണ കാവ്യം ആലാപനം ചെയ്യുവാൻ മുനി ശ്രേഷ്ടൻ ബാലകന്മാരെ നിയോഗിക്കുന്നു. രാജാവ് വിളിച്ചാൽ രാജസന്നിധിയിൽ ചെന്നും ഗാനാലാപനം നടത്താം എന്ന് മുനി നിർദ്ദേശിക്കുന്നു. നിങ്ങളാരാണെന്നു ചോദിച്ചാൽ താപസകുമാരന്മാരാണെന്നു പറയണമെന്നും സമ്മാനങ്ങൾ നൽകിയാൽ ഫലമൂലാദികൾ ഒഴികെ ഒന്നും സ്വീകരിക്കരുത് എന്നെല്ലാം അവരെ പറഞ്ഞു മനസ്സിലാക്കിയിരുന്നു മുനിവര്യൻ. തിങ്ങിനിറഞ്ഞ സമ്പൂർണ്ണ സദസ്സിൽ രാമായണ കാവ്യം ആലപിച്ചുകൊണ്ട് ബാലകന്മാർ  പ്രവേശിക്കുന്നു. രാമചരിതകാവ്യം ശ്രവിച്ച ശ്രേഷ്ടർ എത്രയും സന്തുഷ്ടരായി. ഈ ബാലന്മാർക്ക് ചിത്തമോദം വരുമാറ് സ്വർണ്ണാദ്യസമ്മാനങ്ങൾ നൽകണമെന്നു രാജാവ് കല്പിക്കുന്നു. എന്നാൽ ഇതുകൊണ്ടൊന്നും താപസകുമാരന്മാരായ ഞങ്ങൾക്ക് പ്രയോജനമില്ല, ഫലമൂലാദികൾ അല്ലാതെ ഞങ്ങൾ ക്കൊന്നും വേണ്ട എന്ന് ബാലന്മാർ ശഠിക്കുന്നു. ബാലകരോട് അവർ ആരെന്നും എവിടെ വസിക്കുന്നു എന്നും ഈ കാവ്യത്തിന്റെ കർത്താവ് ആരെന്നുമെല്ലാം രാജശ്രേഷ്ടൻ ആരായുന്നു.തങ്ങൾ വാല്മീകി ശിഷ്യന്മാരായ താപസകുമാരന്മാരാണെന്നും ഗോമതീ തീരത്ത് ഋഷ്യാശ്രമത്തിൽ വസിക്കുന്നുവെന്നും വാല്മീകി മഹർഷിയാണ് ഈ ഗാനം രചിച്ച് തങ്ങളെ പഠിപ്പിച്ചതെന്നും അവർ രാജാവിനെ അറിയിക്കുന്നു. രാമായണ കാവ്യം ഇനിയും കേൾക്കണമെന്നു വാഞ്ച്ചയുണ്ടെങ്കിൽ  യാഗാനന്തരം അതു ചൊല്ലി കേൾപ്പിക്കാമെന്നു  ബാലകന്മാർ സമ്മതിക്കുന്നു. രാജജനങ്ങളും പൗരജനങ്ങളും ബ്രാഹ്മണ ഋഷീശ്വരന്മാരും അങ്ങനെ എല്ലാവരും രാമായണ കാവ്യശ്രവണത്താൽ അതീവ സന്തോഷവാന്മാരായിതീരുന്നു.

എന്നാൽ ഈ താപസബാലന്മാർ സീതാദേവിയുടെ പുത്രന്മാരാണെന്നു മനദൃഷ്ടിയിൽ അറിഞ്ഞ ശ്രീ രാമചന്ദ്രൻ മുനിയുടെ ആശ്രമത്തിലേക്കു ഒരു ദൂതനെ രഹസ്യമായി അയക്കുന്നു. സീതാദേവി പരിശുദ്ധയെന്നു നാനാലോക ജനസമക്ഷം തെളിയിച്ചാൽ നാളെത്തന്നെ സീതയെ സ്വീകരിക്കാം എന്നായിരുന്നു രാമ സന്ദേശം. നാളെത്തന്നെ സീതാദേവി വിശുദ്ധി തെളിയിക്കും എന്ന് ഋഷീശ്വരൻ മറു സന്ദേശം അയക്കുന്നു. പിറ്റേന്നു സീതാ ശപഥം കാണാനും കേൾക്കാനുമായി പൗരജനങ്ങൾ സീതാ സ്തുതിയോടെ തിങ്ങിനിറഞ്ഞു. വിരിഞ്ചസമേതയായി ശ്രീ ഭഗവതി എത്തും പോലെ മുനി സമേതയായി സീതാ ദേവി എത്തിചേർന്നു. പാരാവാരം പോലെ ഒഴുകിയെത്തിയ ജനാവലി കുലനാരീമണിയായ സീതാദേവിയെ പുകഴ്ത്തുന്നു. ലക്ഷ്മീ സമാനയായ ജാനകിദേവി സത്യമല്ലാതെ മറ്റൊന്നും പറയുകയില്ല എന്ന് ഞാൻ പറയുന്നു. എന്നാൽ അത് അതിലും ശങ്ക തീരുന്നില്ല എങ്കിൽ ദേവിയെ കൊണ്ടു തന്നെ സത്യവാചകം ചൊല്ലിക്കാം എന്നു ഋഷി രാമചന്ദ്രനോടു പറയുന്നു. നിന്തിരുവടിയുടെ വാക്യം ഞാൻ അവിശ്വസിക്കുന്നില്ല. അതുപോലെ വഹ്നി ദേവൻ, മഹാദേവൻ, വിരിഞ്ചൻ തുടങ്ങിയ എല്ലാ ദേവകളും ഈ സത്യം എന്നെ അറിയിച്ചിട്ടുള്ളതാണ്. വിവേക ശൂന്യതയാൽ അന്ധനായി തീർന്ന ഞാൻ അപവാദം പേടിച്ചാണ് ഇത്തരം കൃത്യം ചെയ്തത്. ആയത് അവിടന്നു പൊറുത്താലും. മഹാജനത്തിനു മുൻപിൽ താൻ അപരാധിനിയല്ല എന്ന സത്യം ദേവി തെളിയിക്കട്ടെ എന്നാണ് ശ്രീരാമചന്ദ്രൻ പറയുന്നത്. ഈ സമയം സമസ്ത ദേവഗണങ്ങളും ആകാശമാർഗ്ഗേ നിറഞ്ഞു. മനുഷ്യ വാനര രാക്ഷസ പ്രവരരും മുനി ദ്വിജാദികളും  എന്നു വേണ്ട ഭൂലോക ജന്മങ്ങളായ സകല ചരാചരങ്ങളും ഈ അസുലഭ ദൃശ്യം കാണുവാനായി അവിടെ തിങ്ങി നിറഞ്ഞു മന്ദസമീരണൻ ശൈത്യ സൗരഭ്യാദി ഗുണങ്ങളോടെ മന്ദമന്ദമായി തലോടി കടന്നു പോകുന്നു. ഈ സദസ്സിൽ പ്രവേശിച്ച പരമഗുണവതിയായ സീതാദേവി സത്യവാചകം ചൊല്ലുന്നു.

'ഭർത്താവുതന്നെയൊഴിഞ്ഞന്യ പുരുഷന്മാരെ
ചിത്തത്തിൽ കാംക്ഷിച്ചേനില്ലേകൃതാ മാതാവേ! ഞാൻ
സത്യമിതെങ്കിൽ മ മ നൽകീടോരനുഗ്രഹം
സത്യ മാതാവേ! സകലാധാരഭൂതേ! നാഥേ'

ഇത്രയും ദേവി പറഞ്ഞ ക്ഷണം ഭൂമാതാവ് ഭൂമി പിളർന്ന് സിംഹാസനത്തോടെ വന്നു രത്ന സിംഹാസനത്തിൽ ദേവിയെയും വച്ചു കീഴ്പോട്ടു പോയി മറയുന്നു. ഒരു നിമിഷം ലോകം തന്നെ നിശ്ചലമാകുന്നു. ജനതതി വിസ്മയത്തിൽ ചലനമറ്റു നില്ക്കുന്നു. ദേവകൾ പുഷ്പവൃഷ്ടി നടത്തുന്നു. ദു:ഖഭാരത്താൽ അധോമുഖനായിരിക്കുന്ന രാമചന്ദ്രൻ പെട്ടെന്ന് ഭാവം മാറി കോപിഷ്ടനാകുന്നു. തന്റെ മതം എന്തെന്നറിയാതെ ദേവിയെ കൊണ്ടുപോയത് അന്യായമെന്നു പറഞ്ഞ് ക്രൂദ്ധനാകുന്നു. ഭൂതലം താൻ ജലമയമാക്കുമെന്നും ഭൂതങ്ങൾ ഇനി നാലു മതിയെന്നും ക്രൗര്യത്തോടെ ജല്പനം ചെയ്യുന്നു. ഭുവനമൊന്നാകെ ഈ ഭാവം കണ്ട് പരിത്രസ്തമായിത്തീരുന്നു. ഈ സമയം സകല ദേവകളും ശ്രീരാമചന്ദ്ര സവിധത്തിൽ എത്തി സാന്ത്വനം പറഞ്ഞ് രാജാവിനെ  അനുനയിപ്പിക്കുന്നു.  എന്തെന്നാൽ അങ്ങ് സ്വന്തം അവസ്ഥയെപ്പറ്റി ചിന്തിക്കാതെയാണ് ദേഷ്യത്തിൽ പെടുന്നത് അങ്ങ് ആരെന്ന പരമാർത്ഥം ചിന്തിക്കുക. ലക്ഷ്മീ സമേതനായ അങ്ങേക്ക് ഒരു സമയത്തും ദേവീ വിരഹം ഉണ്ടാകുന്നില്ല. മാനുഷ്യ ജന്മങ്ങൾക്കല്ലെ ഇത്തരം സുഖ ദു:ഖാവസ്ഥകളും ചാഞ്ചല്ല്യങ്ങളും ഭവിക്കുന്നത്. അങ്ങ് വാല്മീകി വിരചിതമായ  രാമായണകാവ്യം ശ്രദ്ധയാൽ കേൾക്കുക. അങ്ങനെ ചെയ്താൽ ഈ മോഹവലയങ്ങളെല്ലാം അങ്ങയെ വിട്ടുപോകും. അങ്ങ് സ്വസ്ഥനായി ഭവിക്കും ഇങ്ങനെ സ്വാന്തന വചസ്സുകളോതി വിരിഞ്ചാദി ദേവതകൾ ശ്രീരാമചന്ദ്രനെ സ്വസ്ഥനാക്കി. അശ്വമേധയാഗം അതിഭംഗിയായി നടത്തി. ഭാഗഭാക്കുകളായി എത്തിയ സർവ്വർക്കും യഥോചിതം സമ്മാനങ്ങൾ നൽകി അവരെയെല്ലാം തിരിച്ചയച്ചു.  അയോദ്ധ്യാധിപതി അമ്മമാരോടും സോദരങ്ങളോടും അമാത്യന്മാരോടും ചേർന്ന് രാജ്യഭാര്യം ഭംഗിയായി നിർവ്വഹിക്കുന്നു.

# മഹാകവി ചങ്ങമ്പുഴ

**എം.ജി. തങ്കമ്മ, ഇടപ്പള്ളി**

ആഭിജാത്യമോ ആഢ്യതയോ നോക്കാതെ ആർക്കും വിദ്യാലയങ്ങളിൽ പ്രവേശിക്കാമെന്നായതിനു ശേഷം അറിവ് സാധാരണക്കാർക്കും ആവാമെന്നായി. ന്യൂനപക്ഷത്തിന്റെ കുത്തകയായിരുന്ന കഴിവും, കൗതുകവും, ജിജ്ഞാസയും എല്ലാം ഭൂരിപക്ഷത്തിന്റേതായി. പ്രതിപാദനം ലളിതവും പ്രതിപാദ്യം സ്വാനുഭങ്ങളോടിണങ്ങുന്നതുമാണെങ്കിൽ ആസ്വാദക പക്ഷത്ത് ആളുകളേറും. സംശയമില്ല. ഇതിന്റെ ചുവടുപിടിച്ച് കേവലം സാധാരണക്കാരനും മുന്നോട്ട് വരാൻ തുടങ്ങി. പെട്ടെന്നു വികാസം പ്രാപിച്ച ഈ സാഹിത്യാസ്വാദനതൃഷ്ണയെ ശമിപ്പിക്കാൻ മലയാള സാഹിത്യകാരന്മാരും തയ്യാറായി. ചിലർ നാടകമെഴുതി, മറ്റു ചിലർ ചെറുകഥകൾ രചിച്ചു. വേറെ ചിലർ ലേഖനങ്ങൾ. ഖണ്ഡ കൃതികളും കവിതകളും പിന്നാലെ വന്നു. ഇവയെ എല്ലാറ്റിനേയും അതിശയിപ്പിക്കുന്ന സംഭാവനകളുമായിട്ടാണ് ചങ്ങമ്പുഴ സാഹിത്യലോകത്തേയ്ക്കു വന്നത്.

ഇന്നത്തെ ഭൂരിപക്ഷം യുവജനങ്ങളും മനസ്സിൽവച്ചോമനിക്കുന്ന കുറെ ജീവിതാനുഭവങ്ങൾ അവരുടെ ഹൃദയത്തെ പെട്ടെന്നു പിടിച്ചെടുക്കുന്ന ശൈലിയിലും ശീലിലും പ്രതിപാദിക്കാൻ ചങ്ങമ്പുഴ തയ്യാറായി, ആസ്വാദകരുണ്ടായി. ആശാഭംഗം വന്ന യുവജനങ്ങൾക്ക് സമാശ്വസിക്കാൻ പറ്റിയ കരളലിയുന്ന കഥകളുണ്ട്. പ്രേമാരാധകർക്ക് ശക്തി നൽകാൻ യോജിച്ച ഗാഥകളുണ്ട്. പട്ടിണിക്കാർക്കുള്ള ഹൃദയ സ്പർശിയായ പാട്ടുകളുണ്ട്. താൻ ജീവിച്ച വേദനിക്കുന്ന ചുറ്റുപാടുകളിൽ നിന്നുമാണ് ചങ്ങമ്പുഴ ഇമ്മാതിരി കവിതകളെഴുതാനുള്ള പ്രചോദനം നേടിയത്.

കൊല്ലവർഷം ആയിരാമാണ്ടുവരെ ഇടപ്പള്ളി ഒരു സ്വതന്ത്രരാജ്യമായി നിലനിന്നിരുന്നു. സേതുപാർവ്വതീഭായി തിരുവിതാംകൂർ ഭരിച്ചിരുന്ന കാലത്താണ് ഇടപ്പള്ളി ചില ഉടമ്പടികൾക്കു വിധേയമായി തിരുവിതാംകൂറിൽ ലയിച്ചത്. ഐക്യകേരള പിറവിയോടുകൂടിയാണ് ഇടപ്പള്ളി ഇടവക നിർത്തലാക്കിയത്. ഇടപ്പള്ളി രാജകുടുംബം ഇപ്പോഴുമുണ്ട്. സമസ്ത കേരള സാഹിത്യപരിഷത്തിന്റെ ജനയിതാവു തന്നെ ഇടപ്പള്ളി കൃഷ്ണരാജ് ആണ്.

എറണാകുളം ഡിസ്ട്രിക്റ്റിൽ പെട്ട കണയന്നൂർ താലൂക്കിലാണ് ഇടപ്പള്ളി എന്ന സ്ഥലം. പ്രസിദ്ധമായ തൃക്കാക്കരക്ഷേത്രം ഇടപ്പള്ളിയിലാണ്. വ്യവസായ നഗരങ്ങളായ ഏലൂർ, കളമശ്ശേരി, ആലുവ, എറണാകുളം ഇവയുടെ ഏതാണ്ട് മദ്ധ്യഭാഗത്താണ് ഈ സ്ഥലം. ഇവിടെ പുരാതനമായ ഒരു നായർ തറവാടുണ്ട് ചങ്ങമ്പുഴ. പണ്ട് ചങ്ങമ്പുഴ തറവാട്ടുകാർ ഇടപ്പള്ളി തമ്പുരാക്കന്മാരുടെ പടനായകന്മാരായിരുന്നു. ചങ്ങമ്പുഴ തറവാടിനു കിഴക്കും, പടിഞ്ഞാറും പൊതുനിരത്തുകളാണ്. തെക്കുഭാഗത്ത് തേവർക്കുളങ്ങര ക്ഷേത്രം, വടക്കു ഭാഗത്ത് പരദേശ ബ്രാഹ്മണരുടെ ഒരു സമൂഹമഠം. ഈ അതിരുകൾക്കുള്ളിലാണ് 'ചങ്ങമ്പുഴ' എന്ന വീട് സ്ഥിതിചെയ്യുന്നത്. ഈ കുടുംബം ഐശ്വര്യത്തിന്റെ കൊടുമുടിയിൽ നിന്നും ദാരിദ്രത്തിലേയ്ക്ക് അടിതെറ്റി വീണു പോയ അവസരത്തിലാണ് ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ ജനനം.

കൊല്ല വർഷം 1087 കന്നിമാസം 24-ാം തീയതി ചൊവ്വാഴ്ച ഭരണി നക്ഷത്രത്തിലാണ് കൃഷ്ണൻകുട്ടി ജനിച്ചത്. അച്ഛൻ മട്ടാഞ്ചേരി തെക്കേടത്ത് നാരായണ മേനോൻ. മാതാവ് ചങ്ങമ്പുഴ പാറുക്കുട്ടി അമ്മയും. പ്രഥമ സന്താനമായിരുന്നു കൃഷ്ണപിള്ള. കൃഷ്ണൻകുട്ടിയുടെ പത്താമത്തെ വയസ്സിൽ അച്ഛൻ ചരമമടഞ്ഞു. പിന്നീട് കുടുംബം വളരെ ക്ലേശിച്ചു. ഇടപ്പള്ളി കൊട്ടാരത്തിൽ നിന്നു കിട്ടുന്ന തുച്ഛമായ ആദായം കൊണ്ടു മാത്രം ആ കുടംബം പുലരേണ്ടി വന്നു. ഏതു ബാലന്റേയും കുരുന്നു മനസ്സിൽ ആശാങ്കുരങ്ങൾ പൊട്ടിവിടരേണ്ട ശൈശവകാലത്ത് ആശാഭംഗമാണ് കൃഷ്ണൻകുട്ടിക്കുണ്ടായത്. പട്ടിണിയും പരിവട്ടവും രോഗവും മരണവും ഇഴചേർന്നതാണ് ജീവിതം എന്നു ചിന്തിക്കാൻ ആ ഇളം മനസ്സ് തയ്യാറായി. അതാവാം പിൽക്കാലത്തെ കവിതകളിൽ വിഷാദാത്മകത്വം വിരിയുവാനുള്ള കാരണം.

ഇടപ്പള്ളി ഗവ. ബോയ്സ് സ്ക്കൂളിലാണ് കൃഷ്ണൻകുട്ടി പഠിച്ചത്. സി. കൃഷ്ണപിള്ള എന്നായിരുന്നു സ്ക്കൂളിലെ പേര്. ഇക്കാലത്ത് പിന്നീട് പ്രശസ്തനായിത്തീർന്ന കെ.പി.മാധവൻ നായർ, ഇടപ്പള്ളി രാഘവൻ പിള്ള , സി.ആർ.കേരളവർമ്മ





മുതലായവർ അവിടെ പഠിച്ചിരുന്നു. ചങ്ങമ്പുഴയുടെ കാവ്യ ജീവിതവുമായി അഭേദ്യമാം വിധം ബന്ധപ്പെട്ട ആളാണ് ഇടപ്പള്ളി രാഘവൻപിള്ള.

കേവലം ഒമ്പതു വയസ്സു മാത്രം പ്രായമുള്ള കാലത്താണ് ആദ്യമായി കവിത എഴുതാൻ തുടങ്ങിയതെന്ന് ചങ്ങമ്പുഴ തന്നെ പറയുന്നുണ്ട്. ഹൈസ്ക്കൂൾ വിദ്യാഭ്യാസം ഇടപ്പള്ളിയിൽ വച്ച് പൂർത്തിയാക്കിയ ശേഷം ചങ്ങമ്പുഴ എറണാകുളം മഹാരാജാസിൽ ചേർന്നു. രണ്ടു വർഷത്തിനു ശേഷം തിരുവനന്തപുരം ആർട്സ് കോളേജിൽ വിദ്യാർത്ഥിയായി. കവിത രചനയിലും, ജീവസന്ധാരണ പ്രശ്നങ്ങളിലും സദാ വ്യാപൃതനായിരുന്നതിനാൽ മുടക്കം കൂടാതെ ക്ലാസ്സുകളിൽ ഹാജരാകുന്നതിനു കഴിഞ്ഞില്ല. കേവലം മൂന്നാം ക്ലാസ്സിൽ ബി.എ ഓണേഴ്സ് ജയിക്കാനേ അദ്ദേഹത്തിനു കഴിഞ്ഞുള്ളൂ.

1111 മുതൽ 1121 വരെയുള്ള കാലഘട്ടത്തിൽ ചങ്ങമ്പുഴ വളരെ ഏറെ എഴുതുകയുണ്ടായി. അദ്ദേഹത്തിന്റെ ജീവിതത്തിലെ ഏതാണ്ട് സംതൃപ്തമായ ഒരു കാലയളവായിരുന്നു ഇത്. അദ്ദേഹത്തിന്റെ ഉത്തമ ഗ്രന്ഥങ്ങളിൽ മിക്കതും ഇക്കാലത്ത് എഴുതപ്പെട്ടതാണ്. രക്തപുഷ്പങ്ങൾ, സങ്കല്പകാന്തി, അപരാധികൾ, സ്പന്ദിക്കുന്ന അസ്ഥിമാടം മുതലായവ ഇക്കാലത്തെ സംഭാവനകളാണ്. അദ്ദേഹത്തിന്റെ ജീവിതത്തിൽ വെളിച്ചം പരന്ന കാലമായിരുന്നു അത്.

ഉപജീവനത്തിനു മാർഗ്ഗമില്ലാതെ ജോലിക്കു വേണ്ടി പല സ്ഥലങ്ങളിലും അലഞ്ഞു നടന്നു. ഒരു പണിയും കിട്ടാതെ വന്നപ്പോൾ മിലിട്ടറിയിൽ ചേരാൻ തീരുമാനിച്ചു. 1941 ൽ മിലിറ്ററി അക്കൗണ്ട് വിഭാഗത്തിൽ ചെറിയ ഒരു ഉദ്യോഗസ്ഥനായിത്തീർന്നു. പൂനയായിരുന്നു ജോലി സ്ഥലം. ആ ഉദ്യോഗം അദ്ദേഹത്തിന്റെ അഭിരുചിക്കും ആരോഗ്യത്തിനും ഇണങ്ങുന്നതായിരുന്നില്ല. മലയാളികളും, ചങ്ങമ്പുഴക്കവിതകളെക്കുറിച്ച് മതിപ്പുള്ളവരുമായ ചില പട്ടാളോദ്യോഗസ്ഥന്മാരുടെ ശുപാർശകൊണ്ട് ഒടുവിൽ കൊച്ചിക്ക് സ്ഥലം മാറ്റം കിട്ടി. ഏറെ താമസിയാതെ ആ ഉദ്യോഗവും ഉപേക്ഷിച്ചു.

1944 ൽ നിയമപഠനത്തിന് മദ്രാസിലേക്കു പോയി. ഇവിടത്തെ ജീവിതവും താമസിയാതെ ഉപേക്ഷിച്ചു. എങ്ങനെയോ കടന്നു കൂടിയ മദ്യപാനാസക്തിമൂലം സുഹൃത്തുക്കളും അദ്ദേഹത്തെ വെറുത്തു. മദ്രാസ് വിട്ട് വീണ്ടും ഇടപ്പള്ളിയിൽ എത്തി. ഇതിനകം അദ്ദേഹം ക്ഷയരോഗ ബാധിതനായിക്കഴിഞ്ഞിരുന്നു. പരമാവധി കഴിവുപയോഗിച്ച് ചികിത്സ നടത്തി. രോഗം മറ്റുള്ളവർക്ക് പകരാതിരിക്കാൻ സ്വന്തം വീട്ടുവളപ്പിൽ തന്നെ താല്ക്കാലികമായുണ്ടാക്കിയ ചെറ്റക്കുടിലിലേക്കു താമസം മാറ്റി. രോഗമറിഞ്ഞ് സുഹൃത്തുക്കളും ആരാധകരും പണവും മറ്റു സഹായങ്ങളും നൽകി. രോഗത്തിനു ശമനമുണ്ടായില്ല. 1948 ജൂൺ 17-ാം തീയതി വൈകുന്നേരം 3 മണിക്ക് സാഹിതീ ക്ഷേത്രത്തിലെ ആ ഉജ്ജ്വല ദീപം പൊലിഞ്ഞു. സ്വഗൃഹവളപ്പിലെ തെക്കു ഭാഗത്താണ് ചങ്ങമ്പുഴയുടെ മൃതദേഹം സംസ്ക്കരിച്ചത്. അവിടെ ഒരു ചെറിയ കല്ലറയും കെട്ടിയിട്ടുണ്ട്.

കേരളം എണ്ണപ്പെട്ട പല സാഹിത്യകാരന്മാരുടേയും ചരമത്തിന് സാക്ഷ്യം വഹിച്ചിട്ടുണ്ട്. എന്നാൽ ചങ്ങമ്പുഴക്കു ലഭിച്ചതു പോലെ സമാരാദ്ധ്യവും ബഹുജനഹൃദയസ്പർശിയുമായ ഒരു അന്ത്യോപചാരം മറ്റാർക്കും ലഭിച്ചിട്ടില്ല.

വിസ്താരഭയത്താൽ അദ്ദേഹത്തിന്റെ കാവ്യലോകത്തേയ്ക്കൊന്നെത്തി നോക്കാൻ പോലും കഴിഞ്ഞിട്ടില്ല. വായനക്കാർ സദയം ക്ഷമിക്കുമല്ലോ.

## എറണാകുളം കരയോഗം - **ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2019 ഫെബ്രുവരി മാസത്തിൽ സംഭാവന നൽകിയവർ**

| | |
|---|---|
| 1. ശ്രീ. ചന്ദ്രകുമാർ. പി, 15 ഡി, ജെയിൻ ചാരിങ്ങ് ക്രോസ്, കെ. കെ. റോഡ്, കൊച്ചി-17 | 15,324/- |
| 2. ശ്രീ. കെ.ടി. മോഹനൻ, 59/550, പ്രിയദർശിനി, ചിറ്റൂർ റോഡ്, എറണാകുളം | 10,000/- |
| 3. ശ്രീ. അനിൽകുമാർ. പി. വി, പാരക്കാട്, Opp. EMC, പാലാരിവട്ടം, കൊച്ചി - 682025 | 10,000/- |
| 4. ശ്രീ. രാജു. എം. നായർ, ശ്രീപത്മം, ശാന്തി ലെയിൻ, തോട്ടക്കാട്ടുകര, ആലുവ | 10,000/- |
| 5. ശ്രീമതി. സുന്ദരി. ജി. മേനോൻ & മക്കൾ, ധന്യ 59/1861, വീക്ഷണം റോഡ്, കൊച്ചി-18 | 10,000/- |
| 6. ശ്രീ. എം. രാമചന്ദ്രൻ, എ-1 പ്ലാറ്റിനം വിസ്റ്റ, ശാസ്താ ടെംമ്പിൾ റോഡ്, കലൂർ | 7,000/- |
| 7. ശ്രീ. ദിവാകരൻ. സി, ചോനൻകണ്ടത്തിൽ, പള്ളത്ത് റോഡ്, തമ്മനം | 5,000/- |

# വിശ്വാസം

വി. ചന്ദ്രശേഖരൻ നായർ. ഫോൺ : 9446393903

ഈശ്വരനിൽ വിശ്വസിക്കുന്നവർ എന്ന നിലയിൽ വളരെ ഉപരിപ്ലവമായ രീതിയിൽ ഉപയോഗിക്കുന്ന ഒരു പദമാണ് വിശ്വാസികൾ എന്നത്. ഈ പദം ഈ അർത്ഥത്തിൽ ഉപയോഗിക്കുമ്പോൾ അതിന്റെ യഥാർത്ഥ അർത്ഥത്തെപ്പറ്റി ഇതുപയോഗിക്കുന്നവർക്ക് അറിവുണ്ടോ എന്ന് സംശയമുണ്ട്. കാരണം ദൈവത്തോട് പുലബന്ധമില്ലാത്തവരും ഈ ലേബലിൽ എത്തിപ്പെടാറുണ്ട്. വിശ്വാസത്തിന് ധർമ്മശാസ്ത്രത്തിൽ ഉപയോഗിക്കുന്ന പദം ശ്രദ്ധ എന്നാണ്. ശ്രദ്ധയ്ക്ക് ആചാര്യ ശ്രീശങ്കരന്റെ നിർവ്വചനം താഴെ പറയും പ്രകാരമാണ്.

'ശാസ്ത്രസ്യ ഗുരുവാക്യസ്യ സത്യ ബുദ്ധ്യാവധാരണാ

സാ ശ്രദ്ധ കഥിതാ സദ്ഭി ഃ യയാ വസ്തുപ ലഭ്യതേ'

അതായത് ശാസ്ത്രോക്തങ്ങളുടേയും ഗുരുവചനങ്ങളുടേയും അന്ത: സത്ത സ്വായത്തമാക്കി തദ്വാരാ ആത്യന്തിക സത്യത്തെ പ്രാപിക്കുന്നതാണ് ശ്രദ്ധ. ശ്രദ്ധയ്ക്ക് ഗീത എത്രമാത്രം പ്രാധാന്യം കൊടുക്കുന്നു എന്നുള്ളത് താഴെ പറയുന്ന ശ്ലോകത്തിൽ നിന്നും മനസ്സിലാകും.

'സത്ത്വാനുരൂപാ സർവസ്യ ശ്രദ്ധാ ഭവതി ഭാരത

ശ്രദ്ധാമയോ*f* യം പുരുഷോ യോ യച്ഛ്രദ്ധഃ സ ഏവ സ'

ഒരുത്തന്റെ വിശ്വാസം അവന്റെ അന്തസത്തയെ ആശ്രയിച്ചിരിക്കുന്നു. ഒരു വ്യക്തി അവന്റെ വിശ്വാസത്തിന്റെ പ്രതിരൂപമാണ് എന്താണോ ഒരുവന്റെ വിശ്വാസം അതാണ് അവൻ. ഒരുവന്റെ വ്യക്തിത്വം അവന്റെ വിശ്വാസത്തിന്റെ പ്രതിഫലനമാണ്.

ഇങ്ങനെയുള്ള വിശ്വാസം അഥവാ ശ്രദ്ധയാണ് ആദ്ധ്യാത്മികതയുടെ അടിസ്ഥാനം. മേല്പറഞ്ഞ രീതിയിലുള്ള വിശ്വാസം ഉണ്ടെങ്കിൽ മാത്രമേ ധർമ്മശാസ്ത്രങ്ങൾ അനുശാസിക്കുന്ന ഈശ്വരസാക്ഷാത്കാരം സാദ്ധ്യമാകൂ. ഈശ്വര സാക്ഷാത്കാരത്തിന് പല മാർഗ്ഗങ്ങളുണ്ട്. അതിൽ ഏറ്റവും ശ്ലാഘനീയമായത് ഭക്തി തന്നെയാണ്. ശങ്കരാചാര്യർ പറയുന്നത് ഇങ്ങനെ.

'മോക്ഷകാരണ സാമഗ്ര്യാം ഭക്തിരേവ ഗരിയസീ

സ്വസ്വരൂപാനുസന്ധാനം ഭക്തിരിത്യഭി ധീയതേ

സ്വാത്മതത്വാനുസന്ധാനം ഭക്തിരിത്യപരേജഗുഃ'

എന്തെന്നാൽ മോക്ഷകാരണമായ മാർഗ്ഗങ്ങളിൽ ഏറ്റവും ശ്രേഷ്ഠം ഭക്തിയാണ്. ഭക്തിയാകട്ടെ തന്നിൽ ആത്മരൂപേണ കുടിക്കൊള്ളുന്ന ഈശ്വരചൈതന്യത്തെപ്പറ്റിയുള്ള നിരന്തര സ്മരണയാണ്.

ഗീത ഈ ആശയത്തെ ഊട്ടി ഉറപ്പിക്കുന്നത് താഴെ കൊടുക്കും പ്രകാരമാണ്.

''ഭക്ത്യാ മാമഭിജാനാതി യാവാൻ യശ്വാസ്മി തത്ത്വതഃ

തതോ മാം തത്ത്വതോ ജ്ഞാത്വാ വിശതേ തദനന്തരം''

ഭക്തികൊണ്ട് ഞാൻ ആരെന്നും എന്തെന്നും ശരിയായി മനസ്സിലാക്കി അതു ഹേതുവായി അനന്തര ഫലമെന്നവണ്ണം എന്നിൽ വിലയം പ്രാപിക്കുകയും ചെയ്യും.

ഭക്തന്മാർ നാല് വിധക്കാരുണ്ട്. അതിങ്ങനെ :

''ചതുർവ്വിധാ ഭജന്തേ മാം ജനാ : സുകൃതിനോ*f* ർജ്ജുന

ആർത്തോ ജിജ്ഞാസുരർത്ഥാർത്ഥി ജ്ഞാനി ച ഭരതർഷഭ''

നാലുവിധത്തിലുള്ള സത്തുക്കളാണ് എന്നെ ആരാധിക്കുന്നത്. അവർ യഥാക്രമം ദു:ഖിതർ, ഭാവിയെപ്പറ്റി ആകുലപ്പെടുന്നവർ , ധനകാംക്ഷികൾ, ജ്ഞാനഭിക്ഷുക്കൾ എന്നിവരാണ്. ഇവരെല്ലാം തന്നെ ഭഗവാന് ഇഷ്ടമുള്ളവരാണെങ്കിലും ജ്ഞാനഭിക്ഷുക്കളോട് ഭഗവാന് ഏറെ മമതയുണ്ട്.

ഉദാരഃ സർവ്വ ഏവൈതേ ജ്ഞാനിത്വാത്മൈവമേ മതം

എല്ലാവരും മഹത്തുക്കൾ തന്നെയെങ്കിലും ജ്ഞാനഭിക്ഷുക്കൾ ഞാൻ തന്നെയാണ് എന്ന് ഗീത. മേല്പ്പറഞ്ഞ ഭക്തി അനുഷ്ഠിക്കുന്നതിന് പ്രത്യേക നിയമിത മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതുണ്ടോ എന്നു ചോദിച്ചാൽ ഇല്ല എന്നാണ് ഉത്തരം.

''യേ യഥാ മാം പ്രപദ്യന്തേ താംസ്തഥൈവ ഭജാമ്യഹം

മമ വർത്മാനു വർത്തന്തേ മനുഷ്യഃ പാർത്ഥ സർവ്വശഃ''

യാതൊരുത്തർ ഏതു വിധത്തിൽ എന്നെ ആരാധിക്കുന്നവോ തദനുസൃതമായിത്തന്നെ ഞാൻ അവർക്ക് പ്രാപ്യനാകും. അർജ്ജുന, ഒരു സംശയവും വേണ്ട ജിജ്ഞാസുകൾ എല്ലാം തന്നെ എന്നെ ലക്ഷ്യമാക്കി തന്നെ സഞ്ചരിച്ചു കൊണ്ടിരിക്കുകയാണ്.





''യോ യോ യാം യാം തനും ഭക്ത: ശ്രദ്ധയാർച്ചിരുമിച്ഛതി

തസ്യ തസ്യാചലാം ശ്രദ്ധാം താമേവ വിദധാമ്യഹം''

യാതൊരുവൻ ശ്രദ്ധാ ഭക്തിയോടു കൂടി, യാതൊരു രൂപത്തിൽ എന്നെ ആരാധിക്കാൻ ആഗ്രഹിക്കുന്നുവോ അതേ ഭാവത്തിൽ അവന്റെ ഭക്തിയെ ഞാൻ സുരക്ഷിതമാക്കും.

അപ്പോൾ സംശയലേശമെന്യേ പറയാം നമ്മൾക്ക് ആരാധനാ സ്വാതന്ത്ര്യം ധാരാളം ഉണ്ട്. ഒരു കുഞ്ഞിന് അമ്മയോടുള്ള സ്നേഹം പോലെ നിർമ്മലവും പൂർണ്ണ ആശ്രിതവുമായിരിക്കണം നമ്മുടെ ഭക്തിയുടെ ആധാരം.

ഭക്തിയുടെ ഭാഗമായി ബാഹ്യകർമ്മങ്ങൾക്ക് പ്രാധാന്യം ഉണ്ടോ എന്നു ചോദിച്ചാൽ ഇല്ല എന്നാണ് ഉത്തരം. ഹൃദയത്തിന്റെ ഭാഷയ്ക്കാണ് അവിടെ പ്രസക്തി. ഗീതയിൽ ഭഗവാൻ അത് വളരെ വ്യക്തമായി പറയുന്നുണ്ട്.

''പത്രം പുഷ്പം ഫലം തോയം യോ മേ ഭക്ത്യാ പ്രയച്ഛതി

തദഹം ഭക്ത്യുപഹൃതം അശ്നാമി പ്രയതാത്മനാഃ'

നിർമ്മല മനസ്സോടുകൂടി എനിയ്ക്ക് അർപ്പിക്കുന്ന ഇല, പൂവ്, പഴങ്ങൾ, കേവലം ജലം എന്തുമാകട്ടെ അത് ഞാൻ പൂർണ്ണമനസ്സോടുകൂടി സ്വീകരിക്കും. ഇതിൽ കൂടുതൽ എന്തുറപ്പാണ് ഒരു ഭക്തന് വേണ്ടിയത്. വിയർത്തൊലിച്ച് കക്ഷത്തിൽ പൊതിയുമായി ചെന്ന കുചേലന്റെ അവലും ശബരി രുചിച്ചതിനു ശേഷം നല്കിയ പഴവും ഭഗവാന് ഏറ്റവും ഹൃദ്യമായിരുന്നു എന്നോർക്കണം. ഭക്തന് ആചരിക്കാവുന്ന ഏറ്റവും ലളിതമായ മാർഗ്ഗം ഭഗവാൻ തന്നെ ഉപദേശിക്കുന്നു.

അനന്യചേതാ : സതതം യോ മാം സ്മരതി നിത്യഗ :

തസ്യാഹം സുലഭ : പാർത്ഥ നിത്യയുക്തസ്യ യോഗി നഃ

എന്നും എപ്പോഴും മനസ്സ് മറ്റൊന്നിലേക്കും വ്യാപരിക്കാതെ അനുസ്യൂതം എന്നെപ്പറ്റി മാത്രം ചിന്തിച്ചുക്കൊണ്ടിരിക്കുന്ന യോഗിക്ക് ഞാൻ ഉള്ളം കൈയ്യിലെ നെല്ലിക്കാപോലെ സുലഭമാണ്. ഉപാധികൾ ഒന്നും തന്നെ ഭക്തി ആചരിക്കുന്നതിന് ആവശ്യമില്ല എന്ന് സാരം.

ഗീതയിലെ അത്യന്തം ആനന്ദകരമായ ഒരു ശ്ലോകമുണ്ട്.

''തദ്ബുദ്ധയസ്തദാന്മാന: തന്നിഷ്ഠാസ്തത്പരായണാ :

ഗച്ഛന്ത്യ പുനരാവൃത്തിം ജ്ഞാനനിർദ്ധൂത കല്മഷാ :''

ഇതിനെ വിവർത്തനം ചെയ്താൽ അതിന്റെ ഭംഗി തന്നെ ഇല്ലാതാകും. എങ്കിലും ശ്രമിക്കുന്നു. ബുദ്ധി ഈശ്വരനിൽ ലീനമായി, ആത്മാവ് ഈശ്വരാർപ്പിതമായി ബ്രഹ്മനിഷ്ഠനായി തന്റെ ജീവിതവും മരണവും ഈശ്വരസാക്ഷാത്കാരത്തിനായി ജീവിക്കുന്നവൻ തന്റെ കല്മഷങ്ങളെ എല്ലാം ജ്ഞാനജലം കൊണ്ട് കഴുകി മറ്റൊരു തിരിച്ചു വരവില്ലാത്ത ലോകത്തിലേക്ക് പ്രവേശിക്കുക തന്നെ ചെയ്യും.

ഭഗവാൻ കൃഷ്ണൻ അർജ്ജുനനു കൊടുക്കുന്ന ഒരു വാഗ്ദാനമുണ്ട്.

''മന്മനാ ഭവ മദ്ഭക്തോ മദ്യാജീ മാം നമസ്കുരു

മാമേവൈഷ്യസി സത്യം തേ പ്രതിജാനേ പ്രിയോ*f* സിമേ''

നിന്റെ മനസ്സ് എന്നിൽ കേന്ദ്രീകരിക്കപ്പെടട്ടെ, നിന്റെ ഭക്തി എനിക്കായിക്കൊണ്ടു മാത്രമാകട്ടെ, നിന്റെ യജ്ഞക്രിയാദികൾ എന്നെ ലക്ഷ്യമായി ആകട്ടെ, നിന്റെ നമസ്കാരങ്ങൾ എന്റെ പാദങ്ങളിൽ ആകട്ടെ, നീ എന്നിൽ വിലയം പ്രാപിക്കും, നീ എനിക്ക് പ്രിയങ്കരനാണ്, ഇത് എന്റെ പ്രതിജ്ഞയാണ്. എത്ര മനോഹരം, എത്ര ഉദാത്തം.

ഭക്തി ലക്ഷ്യമല്ല മാർഗ്ഗമാണ്. ജ്ഞാനലബ്ധിക്കുള്ള മാർഗ്ഗമാണ്. ജ്ഞാനത്തിൽ കൂടി മാത്രമേ മുക്തിയുണ്ടാകൂ.

'ജ്ഞാനം ലബ്ധ്യാ പരാം ശാന്തി

അചിരേണാധി ഗച്ഛതി' എന്ന് ഗീതാവാക്യം. ജ്ഞാനലബ്ധിയിൽ കൂടി ഏറ്റവും അഭികാമ്യമായ ശാന്തിയെ പ്രാപിക്കുന്നു എന്നു സാരം.

മാംഗല്യം
നായർ മാട്രിമോണിയൽ ഡാറ്റാ ബാങ്ക്
*രജിസ്ട്രേഷൻ ചാർജ്ജ് – 1000 രൂപ
ടി.ഡി.എം. ഹാൾ കോംപ്ലക്സ്
ഡി.എച്ച്.റോഡ്, കൊച്ചി 682 016
ഫോൺ: 0484 2361160 (Ext. 32)
Web: www.karayogammangalyam.com/
www.karayogammangalyam.in
Email: ekmkgm@gmail.com

# ഈശ്വരവിശ്വാസവും ആത്മവിശ്വാസവും

വിദ്വൽപ്രഭ ജെ.എസ്. ഫോൺ : 9847537007

ഈശ്വര വിശ്വാസവും ആത്മവിശ്വാസവും, ഈ രണ്ടു ഘടകങ്ങൾ ജീവിതത്തിൽ അത്യന്താപേക്ഷിതമാണ്. ഇവയാണ് അടിസ്ഥാനഘടകങ്ങൾ എന്നു പറയാം.

സ്വന്തം കഴിവിനെക്കുറിച്ച് ബോധവാന്മാരാകണം. അതിനൊപ്പം എല്ലാ നേട്ടങ്ങൾക്കും ഊർജ്ജം പ്രദാനം ചെയ്യുന്ന ഒരു സ്രോതാവ്, അതിനെ ഏതു പേരിലും വിളിക്കാം. മനുഷ്യശക്തിക്കതീതമായ ഒരു ശക്തിയെന്ന് കരുതണം. ഈ തിരിച്ചറിവ് ഏതു സാഹചര്യത്തിലും ഉടലെടുക്കാം. സ്വന്തം കഴിവിനെ ഉണർത്തി പൂർണ്ണമായും പ്രയോഗക്ഷമമാക്കാൻ കഴിയുമ്പോൾ അത്ഭുതങ്ങൾ സംഭവിക്കും.

പലതിന്റെയും തുടക്കം ആഗ്രഹിക്കുന്ന പോലെയോ, പ്രശംസാർഹമായ രൂപത്തിലോ അല്ലായിരിക്കാം. എന്നാൽ വമ്പിച്ച വിജയത്തിലവസാനിക്കുന്നവ ഏറെയാണ്.

ഈശ്വരകൃപയും, ആത്മവിശ്വാസവും അശ്രാന്ത പരിശ്രമത്തിനു പ്രേരണയാകുന്നു. പരിമിതികൾ മറന്ന്, പ്രതിബന്ധങ്ങളെ മറികടന്ന് പ്രവർത്തിച്ചവർ നേട്ടങ്ങൾ കൊയ്യുന്നു.

പ്രശസ്ത ശാസ്ത്രജ്ഞനായ ഐസക്ന്യൂട്ടന്റെ ജീവിതം പരിശോധിച്ചാൽ ഇത് ഒരു നഗ്നസത്യമാണെന്ന് ബോദ്ധ്യമാകും.

അദ്ദേഹം ഇംഗ്ലണ്ടിൽ ഒരു കർഷകനായി ജനിച്ചു. ജനിക്കുന്നതിനു മുമ്പുതന്നെ അച്ഛനെ നഷ്ടമായി. പിതാവിന്റെ വാത്സല്യം എന്തെന്നറിയാതെ വളർന്നു. അമ്മയാകട്ടെ മറ്റൊരു സമ്പന്നനെ വിവാഹം ചെയ്ത് നാടുവിടുകയും ചെയ്തു. ന്യൂട്ടന്റെ ചുമതല വല്ല്യമ്മ ഏറ്റെടുത്തു. മാതാപിതാക്കളില്ലാത്ത ബാല്യം അവൻ രോഗബാധിതനും അവശനുമായി നാളുകൾ തള്ളി നീക്കി. പഠനത്തിൽ തീരെ ശ്രദ്ധാലുവായിരുന്നില്ല. സ്കൂളിൽ അവനെ അലസൻ, അശ്രദ്ധൻ (Lazy, Inattentive) ഇങ്ങനെ നിരന്തരം പല നാമങ്ങളാൽ മുദ്രകുത്തപ്പെട്ടു. പഠനത്തിൽ യാതൊരു താൽപര്യവുമില്ലാതെ സ്കൂളിൽ പോകേണ്ടായെന്ന് സ്വയം ഒരു തീരുമാനമെടുത്തു. അവൻ അച്ഛനെപ്പോലെ കൃഷിയിൽ വ്യാപൃതനാകുമെന്ന് വല്യമ്മ പ്രത്യാശിച്ചു. ആ രംഗത്തും തല്പരനല്ലാത്ത ആ ബാലൻ വിഷാദമൂകനും നിരാശനുമായി. നാളുകൾ കൊഴിഞ്ഞു പോയി.

അവൻ സ്വയം പഠിക്കണമെന്ന ഉറച്ച തീരുമാനമെടുത്തു. അങ്ങനെ പതിനെട്ടാമത്തെ വയസ്സിൽ കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിൽ ചേർന്നു. അവിടെ അവൻ ശാസ്ത്ര പരീക്ഷണങ്ങളിൽ അതീവ തല്പരനായി. സൂര്യ രശ്മി സ്ഫടികത്തിൽ കടത്തിവിട്ട് പ്രകാശ രശ്മികളെക്കുറിച്ച് പഠനം നടത്തി പില്ക്കാലത്ത് വിശ്വവിഖ്യാതി നേടി. ഗണിതശാസ്ത്രത്തിൽ അതീവതല്പരനായി. 'Principles of Mathematics' എന്ന ഗ്രന്ഥം രചിച്ചു. പിന്നീട് ശാസ്ത്രത്തിന്റെ വഴിയിൽ പല സംരംഭങ്ങൾക്കും നേതൃത്വം വഹിച്ചു.

ഭൂഗുരുത്വാകർഷണ സിദ്ധാന്തം പ്രചാരവും പ്രശസ്തിയും സ്വായത്തമാക്കാൻ വഴി തെളിച്ചു. ആധുനിക ശാസ്ത്ര പുരോഗതിക്ക് അടിത്തറയിട്ടു. ലോകചരിത്രത്തിൽ സമുന്നത സ്ഥാനം നേടി.

ദു:ഖപൂർണ്ണമായ ബാല്യവും, അമ്മൂമ്മയുടെ ശിക്ഷണവും, സ്വപ്രയത്നവും ന്യൂട്ടനെ കൊടുമുടികളിൽ എത്തിച്ചു. താങ്ങും തണലുമായി വല്യമ്മ പകർന്നു നൽകിയ ഈശ്വര വിശ്വാസം ആത്മവിശ്വാസം ആർജ്ജിക്കാനും തന്മൂലം കഠിന പ്രയത്നത്തിനും വഴിയൊരുക്കി.

ഇന്നത്തെ തലമുറയ്ക്കു നഷ്ടമാകുന്നതും മുത്തശ്ശിയുടെ വാത്സല്യവും അവർ ഓതിക്കൊടുക്കുന്ന പുരാണ കഥകളുമാണ്. അലസനും മടിയനുമെന്നു മുദ്രകുത്തപ്പെട്ട ബാലൻ തന്റെ വഴി സ്വയം തിരഞ്ഞെടുത്ത് പടവുകൾ കയറി വിജയം നേടി. അചഞ്ചലമായ വിശ്വാസം ഏതു പ്രതിബന്ധത്തെയും മറികടക്കാൻ നിഷ്പ്രയാസം സാധിക്കുമെന്ന് ന്യൂട്ടന്റെ അനുഭവം വ്യക്തമാക്കുന്നു.

ന്യൂട്ടൻ പറയുന്നത് 'ശാസ്ത്രീയ ഗവേഷണങ്ങളും നിഗമനങ്ങളും ദൈവവിശ്വാസത്തിലൂടെ ഉടലെടുത്തു' എന്നാണ്.

പൂർണ്ണമായി ഒരു ശക്തിയെ വിശ്വസിക്കുകയും ആ ശക്തിയിൽ ആത്മസമർപ്പണം നടത്തുമ്പോഴുമാണ് മനസ്സ് ഒരു ബിന്ദുവിൽ കേന്ദ്രീകരിക്കാൻ കഴിയുന്നത്. മുത്തശ്ശി ഓതിക്കൊടുത്ത ആദ്യപാഠം അവനെ ഒരു സമുന്നത പൗരനാക്കി മാറ്റി.

നമ്മുടെ കുട്ടികൾക്കും ഉറച്ചതീരുമാനങ്ങളെടുക്കാനും, അതു പൂർത്തീകരിക്കാൻ ഏതു പ്രതിബന്ധങ്ങളെയും നിഷ്പ്രയാസം മറികടക്കാനും ഈ ശാസ്ത്രജ്ഞന്റെ ജീവിതം പ്രചോദനമാകട്ടെ.





തുടർച്ച...

# ക്ഷേത്രവും തന്ത്രിയും

എ. കെ. സന്തോഷ്

## ക്ഷേത്ര നിർമ്മാണം :

ക്ഷേത്രം നിർമ്മിക്കുവാൻ ആദ്യമായി ഒരു തന്ത്രശാസ്ത്ര പണ്ഡിതനെ (തന്ത്രി) കാണുകയും ഉപദേശം തേടുകയും വേണം. അദ്ദേഹത്തിന്റെ ഉപദേശം അനുസരിച്ച് ഭൂമി അളക്കുവാൻ ഒരാളെയും (സൂത്രഗ്രാഹി) ഒരു കല്ലാശാരിയെ (വാസ്തു വിദഗ്ദ്ധൻ) യും നിയമിക്കണം. ഈ നിയമനം മുതൽ എല്ലാവരും വ്രതം എടുക്കണം. ശാന്തവും മനോഹരവുമായ സ്ഥലമാണ് തിരഞ്ഞെടുക്കേണ്ടത്. സമുദ്രതീരം, നദീതീരം, കുന്നിന്റെ മുകൾഭാഗം തുടങ്ങി ലക്ഷണമൊത്ത സ്ഥലം തിരഞ്ഞെടുക്കുന്നു. എന്നിട്ട് ആദ്യം ഭൂമി നിരപ്പാക്കുക എന്ന കർമ്മമാണ്. അതിനു ശേഷം 'വാസ്തു വിന്യാസം' എന്ന ചടങ്ങ് നടത്തുന്നു. നിരപ്പാക്കിയ ഭൂമിയിൽ വാസ്തു പുരുഷന്റെ രൂപം വരയ്ക്കുകയും ആ രൂപത്തിൽ ദേവതകൾ ഉൾപ്പെടെ എല്ലാ ജീവജാലങ്ങളും കുടികൊള്ളുന്നു എന്നുള്ള സങ്കല്പം ആണ് വാസ്തു വിന്യാസം. അതിനുശേഷം അങ്കുരാർപ്പണം നടത്തുന്നു. നെല്ല്, ഗോതമ്പ്, എള്ള്, യവം തുടങ്ങിയ ധാന്യങ്ങൾ പതിനാറു ചെമ്പ് പാത്രത്തിൽ ആക്കി നിലാവത്ത് വച്ച് മുളപ്പിച്ച് പ്രതിഷ്ഠ ചെയ്യാൻ ഉദ്ദേശിക്കുന്ന മൂർത്തിക്ക് സമർപ്പിക്കുന്ന ചടങ്ങാണ് ഇത്. നിർമ്മാണത്തിൽ വിഘ്നങ്ങൾ ഒഴിവാക്കാനാണ് ഇത് ചെയ്യുന്നത്. പിന്നീട് ശിലാന്യാസമാണ്. അതിനുള്ള കല്ല് ചതുരാകൃതിയിൽ വേണം. ക്ഷേത്രത്തിനുള്ള സ്ഥാനത്തിന്റെ വടക്ക് പടിഞ്ഞാറേ മൂലയിൽ വേണം ശിലാന്യാസം ചെയ്യാൻ. പിന്നെ പണി തുടങ്ങുന്നു. എല്ലാ വസ്തുക്കളും (പണി ആയുധം ഉൾപ്പടെ) പുതിയതായിരിക്കണം. പണിയായുധങ്ങൾ പൂജ കഴിച്ചേ ഉപയോഗിക്കാവൂ. പണി തുടങ്ങി അടിത്തറ തീർന്നാൽ മണ്ണിട്ട് നിറയ്ക്കാം. ശ്രീകോവിലിന്റെ അടിത്തറ മുക്കാൽ ഭാഗം മാത്രമേ മണ്ണിട്ട് നിറക്കാവൂ. ആ മണ്ണിനു മുകളിൽ ആധാരശില എന്ന വലിയൊരു പരന്ന കല്ല് വയ്ക്കുന്നു. ആ ശിലയ്ക്കു മുകളിൽ കല്ലിൽ കൊത്തിയെടുത്ത ഒരു ആമയുടെ രൂപം (കൂർമ്മ ശില) വയ്ക്കുന്നു. അതിനു മുകളിൽ കുടത്തിന്റെ രൂപത്തിൽ കല്ലിൽ കൊത്തിയെടുത്ത ശില വയ്ക്കുന്നു (നിധികുംഭം). അതിനു മുകളിൽ കല്ലിൽ കൊത്തിയെടുത്ത ഒരു താമര വയ്ക്കുന്നു (പദ്മം). അതിനു മുകളിൽ സ്വർണ്ണത്തിൽ നിർമ്മിച്ച ആമയുടെയും, താമരയുടെയും രൂപം വയ്ക്കുന്നു. അതിനു മുകളിൽ ചെമ്പ് കൊണ്ടുള്ള ഒരു കുഴൽ മുകളിലേക്ക് വയ്ക്കുന്നു (യോഗനാളം). അപ്പോഴേക്കും ശ്രീകോവിലിന്റെ തറ നിരപ്പിൽ എത്തും. അതിനു മുകളിൽ ബ്രഹ്മശില ഉറപ്പിച്ച് അതിലാണ് പ്രതിഷ്ഠ നടത്തുന്നത്. ക്ഷേത്രത്തിൽ ശ്രീകോവിലിൽ പ്രതിഷ്ഠിച്ചിരിക്കുന്ന ബിംബവും പീഠവും യഥാക്രമം പുരുഷനേയും പ്രകൃതിയേയും പ്രതിനിധാനം ചെയ്യുന്നു. പ്രകൃതിയുടെയും പുരുഷന്റെയും സമ്യക്കായ സംയോജനത്തിലൂടെയാണ് ക്ഷേത്രത്തിലെ ചൈതന്യം സമ്പൂർണ്ണമാകുന്നത്. ഈ സംയോജനത്തിന് ഉപയോഗിക്കുന്ന ദൈവീക മാദ്ധ്യമമാണ് അഷ്ടബന്ധം. എട്ട് പ്രകൃതിദത്തമായ പദാർത്ഥങ്ങൾ ചേർത്ത് ഇടിച്ച് തയ്യാറാക്കുന്ന ഒരു ബന്ധന പദാർത്ഥം അഥവാ പശ ആണിത് നവശക്തികൾ എന്നറിയപ്പെടുന്ന ഒമ്പത് ദിവ്യചൈതന്യങ്ങളുടെ ഇരിപ്പിടമാണ് അഷ്ടബന്ധം. ബിംബവും പീഠവും ചേരുന്ന സ്ഥലത്ത് നവശക്തികളെ പ്രത്യേകം ആവാഹിച്ച് സകളീകരിച്ചതും നവശക്തിഹോമസംപാദം സ്പർശിച്ചതും ആയ അഷ്ടബന്ധം മന്ത്രപുരസ്സരം ഇട്ട് ഉറപ്പിക്കുന്നു. പ്രത്യേക കലശാഭിഷേകവും ചെയ്യുന്നു.

ക്ഷേത്രത്തിൽ പ്രതിഷ്ഠാ സമയത്ത് ആദ്യം ഇടുന്ന അഷ്ടബന്ധം കാലപ്പഴക്കം കൊണ്ട് ജീർണ്ണിച്ച് അടർന്ന് പോയേക്കാം. അങ്ങനെ സംഭവിച്ചാൽ പീഠവും ബിംബവും തമ്മിലുള്ള ദൈവീകബന്ധം ഇല്ലാതാകും. അങ്ങിനെ ക്ഷേത്രചൈതന്യത്തിന് ഹാനിയും സംഭവിക്കും. അപ്പോൾ എത്രയും പെട്ടെന്ന് അഷ്ടബന്ധ കലശം അനിവാര്യമാണ്. ശംഖ് പൊടിച്ചത് 6 ഭാഗം, ചെഞ്ചല്യം 4 ഭാഗം കടുക്ക 2 ഭാഗം, കോലരക്ക്, നൂൽപ്പരുത്തിയുടെ പഞ്ഞി, കോഴിപ്പരൽ, ആറ്റു മണൽ ഇവ നാലും ഓരോ ഭാഗം, നെല്ലിക്ക അര ഭാഗം, ഈ അളവിൽ എട്ടു ദ്രവ്യങ്ങളും പൊടിച്ചു ശീലപ്പൊടിയിട്ട് നല്ലവണ്ണം കൂട്ടിക്കലർത്തി ഇളക്കി, എള്ളെണ്ണ ചേർത്തു കുഴച്ച് ഇടിച്ചു പാകപ്പെടുത്തി എടുക്കുന്ന ഒന്നാണ് അഷ്ടബന്ധം. നവശക്ത്യാത്മകം അഷ്ടബന്ധം എന്നാണല്ലോ. മരംകൊണ്ടുള്ള കൂടം കൊണ്ട്, മിനിമം ഒരു ലക്ഷം ഇടിച്ചാലെ, അഷ്ടബന്ധം ശരിയായി വരുകയുള്ളൂ. എണ്ണയും കൂടി ചേരുമ്പോൾ മാത്രമെ ഒൻപതു കാര്യങ്ങൾ ആവുകയുള്ളൂ. അതുകൊണ്ടാണ് നവശക്ത്യാത്മകം അഷ്ടബന്ധം എന്ന് പറയുന്നത്.

# വിഗ്രഹനിർമ്മാണം

വിഗ്രഹനിർമ്മാണത്തിന്റെ ആദ്യചുവടായ കരു ഉണ്ടാക്കുവാൻ ചിതൽസ്പർശവും ഉപ്പുമയവുമില്ലാത്ത ചളിമണ്ണ് അത്യുത്തമമാണ്. കരുക്കൾക്കു മേൽ മെഴുക് ആവരണം ചെയ്യുകയും അതിനുമേൽ അരച്ച മണ്ണും ചാണകവും ചേർത്ത മിശ്രിതം തേയ്ച്ചു പിടിപ്പിച്ച് പൊട്ടിയ ചട്ടിമുറികൾ കൊണ്ട് തടകൾ വെച്ച് ഉണക്കിയെടുക്കുന്നതാണ് വിഗ്രഹനിർമ്മാണത്തിന്റെ അടുത്ത പടി. ഉണങ്ങിയ കരുക്കൾ ചൂളയിൽ ചുട്ടെടുത്ത് മെഴുക് വെന്തുരുകിപ്പോയ അകയളവിന്റെ ശൂന്യതയിൽ 1500 ഡിഗ്രി സെൽഷ്യസിൽ തിളപ്പിച്ചെടുത്ത ലോഹദ്രാവകം മൂശയിൽ നിന്നും പകരുമ്പോൾ നിർമ്മാണത്തിന്റെ പ്രധാനഘട്ടം പിന്നിടുന്നു.

പഴുത്ത ലോഹം പകർന്ന 'കരു' മൺകുഴിയിലിറക്കി വെച്ച് മൂടുന്നു. പിറ്റേന്ന് പുറത്തെടുത്ത് മേൽമറ ഉടയ്ക്കുന്നതോടെ ഉരു പൂർണ്ണരൂപത്തിലാവുന്നു. ചെത്തലും രാകലും കൈച്ചിത്രപ്പണികളും പൂശലും മിനുക്കലും കൂടി കഴിയുന്നതോടെ ശില്പിയും ദേവതയും ഇരുമെയ്യായി പിരിയുന്നു ! കൂട്ടിലോ വേവിലോ സംഭവിച്ച നേരിയ പാകപ്പിഴ മതിയാവും ലോഹമുറയ്ക്കാതെ പൊട്ടിപ്പോകാനും നീണ്ടദിവസങ്ങളുടെ അദ്ധ്വാനം വെറുതെയാവാനും. അതുകൊണ്ടു തന്നെ നിർമ്മാണത്തിന്റെ ഓരോ ഘട്ടത്തിലും ദേവശില്പികൾ ജാഗരൂകരാണ്. ബ്രഹ്മചര്യമുൾപ്പടെയുള്ള വ്രതാനുഷ്ഠാനങ്ങളോടെയാണ് ക്ഷേത്രശില്പവേലകളിൽ മുഴുകുന്നത്. കൃഷ്ണശിലയിലും ചന്ദനം, വരിക്കപ്ലാവ്, ദേവദാരു തുടങ്ങിയ മരങ്ങളിലും സ്വർണ്ണം, വെള്ളി, പഞ്ചലോഹം രത്നം, സാളഗ്രാമം ഇത്യാദിയിലും കടുശർക്കരയിലും പ്രതിഷ്ഠയാവാം. 64 –ൽ പ്പരം പ്രത്യേക വസ്തുക്കളുടെ സങ്കലനമാണ് കടുശർക്കര വിഗ്രഹങ്ങൾ. അതിൽ ചില കൂട്ടുകൾ ഇപ്രകാരമാണ്. ചുവന്ന കൽപ്പൊടി, ഗോതമ്പു പൊടി, യവം, ചാഞ്ചല്യം, മെഴുക് നല്ലെണ്ണ, ശർക്കര ഇത്രയും ചേർന്നതാണ് കടുശർക്കരയോഗം. അതിനു പുറമേ പലതരം ലേപനങ്ങൾ കൂടെയാകുമ്പോളാണ് 64 ചേരുവകളാകുന്നത്. പ്ലാവിൻ പശ, കൂവളപ്പശ, തിരുവട്ടപ്പശ, ഗുൽഗുൽ, ത്രിവേണീ സംഗമത്തിലെ മണ്ണ്, അവിടുത്തെ തന്നെ 3 തരം കല്ലുകൾ (ചുവന്ന കല്ല്, കറുപ്പു കല്ല്, കാവിക്കല്ല്) , സമുദ്രമണ്ണ്, നദിയിലെ മണ്ണ്, അരിച്ചെടുത്ത മണൽ, ഗംഗാതടത്തിലെ മണ്ണ്, കോഴിപ്പരൽ (ഭാരതപ്പുഴയുടെ ആഴം കൂടിയ പ്രദേശങ്ങളിൽ കണ്ടു വരുന്ന ഒരു തരം സ്ഫടികം പോലത്തെ ചെളിയാണ് ഇത്), ഗംഗാതീർത്ഥം, അത്തി, ഇത്തി, അരയാൽ പേരാൽ, ഗംഗാജലം, മരുതിൻ തോൽ കഷായം, നാൽപ്പാമര ക്കഷായം, സ്വർണ്ണം, വെള്ളി, ഗോരോചനം, കസ്തൂരി, ചന്ദനം, രക്തചന്ദനം, പശുവിൻ പാൽ, തൈര്, നെയ്യ്, മുത്തുച്ചിപ്പി, ആനകുത്തിയ മണ്ണ്, കാളകുത്തിയ മണ്ണ്, കലപ്പ മണ്ണ്, പുറ്റ് മണ്ണ്, ഞണ്ടു മണ്ണ്, മുത്തുച്ചിപ്പി, ശംഖ്, ത്രിഫല, കരിങ്ങാലി, ചന്ദനത്തിരി, മർവ്വം, കൂവളത്തിൻ കായയുടെ പശ, കുന്തിരിക്കം തുടങ്ങിയ പ്രകൃതിജന്യ പശകൾ, ചാഞ്ചല്യം, യവം, ഗോതമ്പ്, ഉഴുന്ന്, കായത്തിന്റെ ഇല, പോന്നാരിത്താരം, അകിൽ, ത്രിപ്പലി, കുരുമുളക്, മഞ്ഞൾ, രക്തചന്ദനം മുതലായ ഔഷധഗുണമുള്ള പ്രകൃതിയിൽ നിന്നു കിട്ടുന്ന ഇത്തരം വസ്തുക്കളാണ് ഉപയോഗിക്കുന്നത്. ആനയ്ക്ക് മദം പൊട്ടുമ്പോൾ അതിന്റെ കൊമ്പുകൊണ്ട് നിലത്തുകുത്തി മറിക്കുന്നു. എല്ലാ സ്ഥലത്തും ആന കൊമ്പുകൊണ്ട് കുത്താറില്ല. ചില സ്ഥലത്തിന്റെ പ്രത്യേകതകൊണ്ട് ഘ്രാണിച്ചു നോക്കുമ്പോൾ ആനയ്ക്ക് കുത്താനുള്ള പ്രേരണയുണ്ടാകുന്നു. ആ വിശിഷ്ടമണ്ണ് ശേഖരിച്ചു കടുശർക്കര പാകത്തിനു ഉപയോഗിക്കുന്നു. കാള കുത്തുന്ന മണ്ണിന്റെ സവിശേഷതയും ഇതുപോലെ തന്നെയാണ്. സമുദ്രതീരത്ത് തിരയോടൊപ്പം വരുന്ന ഞണ്ട് നിലത്തു പറ്റി നിൽക്കുന്നു. അപ്പോൾ പ്രത്യേക മണമുള്ള സ്ഥലം കണ്ടുപിടിച്ചു അവിടെ ദ്വാരമുണ്ടാക്കി വസിക്കാൻ തുടങ്ങുന്നു. ആ ദ്വാരത്തിൽ നിന്നും ഒരു പിടി മണ്ണ് എടുക്കുന്നു. ആ മണ്ണിലും ഔഷധ ഗുണമുണ്ട്. പാടത്ത് ഉഴുതു മറിക്കുമ്പോൾ കലപ്പയിൽ പറ്റി പിടിക്കുന്ന മണ്ണിനും പ്രത്യേകതയുണ്ട്. ഈ മണ്ണ് വിശേഷമായ ഒട്ടൽസ്വഭാവമുള്ളതുകൊണ്ട് കലപ്പയിൽ നിന്നും വേർപ്പെടുത്തിയെടുക്കേണ്ടതുണ്ട്. മേൽപറഞ്ഞ വിശേഷ വസ്തുക്കൾ ശേഖരിച്ച് മണ്ണ് പാത്രത്തിൽ സൂക്ഷിച്ചു വയ്ക്കും. എല്ലാ വസ്തുക്കളും പൊടിയാക്കേണ്ടതുണ്ട്. ഈ സവിശേഷ വസ്തുക്കളിൽ അന്യ വസ്തുക്കൾ കലരാതെ രഹസ്യമായി വേണം പൊടിക്കാൻ. ഇങ്ങനെ ചെയ്യുമ്പോൾ ആരും അതിനെപ്പറ്റി അധികം ചോദിച്ചറിയാൻ പാടുള്ളതല്ല. പൊടിക്കുന്ന വ്യക്തി വൃത്തിയായി കുളിച്ചു ശുദ്ധമായി ഏകാഗ്രതയോടെ മാത്രമേ ഈ കാര്യം ചെയ്യാൻ പാടുള്ളു. സംസാരിക്കാനോ വിയർപ്പു വീഴാനോ പാടില്ല. ഈ വസ്തുക്കൾ ശേഖരിച്ച ശേഷം പാകത്തിനനുസരിച്ചും വിഗ്രഹ നിർമ്മാണത്തിന്റെ പലവിധ രീതിക്കനുസരിച്ചും ഉപയോഗിക്കേണ്ടതുണ്ട്. ഉപകരണങ്ങളിൽ അത്യാവശ്യമായിട്ടുള്ളവ മൺപാത്രം, അരകല്ല്, കത്തി, അരക്ക്, ലേപനസാമഗ്രികൾ പ്രത്യേകമായ അടുപ്പ്, ചെമ്പ്, തകിട്, ആണികൾ, സ്വർണ്ണവെള്ളി നൂലുകൾ, കയർ, പൊടിക്കാനുള്ള പാത്രം, പാകം ചെയ്യാനുള്ള പാത്രങ്ങൾ, അരിക്കാനുള്ള തുണികൾ, കല്ലുകൾ, മരങ്ങൾ തുടങ്ങിയവയാണ്. ഇത്തരം വിഗ്രഹ നിർമ്മാണത്തിൽ മനുഷ്യ ശരീരത്തിലെന്നപോലെ





അസ്ഥികളും നാഡീ ഞരമ്പുകളുമൊക്കെ ഉണ്ടായിരിക്കും. തലയോട്, കൈത്തോളുകളുടെ എല്ലുകൾ, വയറിന്റെ ഭാഗത്തുള്ള എല്ലുകൾ, തുടയെല്ല്, കാലിലെ എല്ലുകൾ, കാൽവിരലുകളുടെ ഭാഗത്തുള്ള എല്ലുകൾ, എന്നതൊക്കെ അസ്ഥിപഞ്ജരത്തിൽ ഉണ്ടായിരിക്കും. കരിങ്ങാലി (കതിര) മരമാണ് ശൂലം എന്നു വിളിക്കപ്പെടുന്ന അസ്ഥികളുണ്ടാക്കാൻ ഉപയോഗിക്കുന്നത്. കൈകൊണ്ട് പിരിച്ചെടുത്ത പച്ച നാളീകേരത്തിന്റെ ചകിരിനാരാണ് നാടീഞരമ്പുകളായി മാറുന്നത്. ഇത് വിഗ്രഹത്തിന്റെ നാഭിയിൽ നിന്ന് ആരംഭിച്ച് ദേഹത്തിൽ എല്ലായിടത്തും ചുറ്റി ശിരസ്സിൽ അവസാനിക്കുന്നു. അതിന് മുകളിൽ ലേപനങ്ങൾ ഓരോന്നോരോന്നായി പുരട്ടുന്നു. ചൂടാക്കിയോ കാറ്റു വീശിയോ ലേപനങ്ങൾ ഉണക്കുവാൻ പാടില്ല. സാധാരണ രീതിയിൽ തന്നെ അത് ഉണങ്ങിക്കിട്ടണം. ഓരോ ലേപനങ്ങളും ഉണങ്ങിക്കിട്ടാൻ മാസങ്ങൾ തന്നെ എടുക്കുന്നതുകൊണ്ട് ശില്പം പണി തീർന്നു കിട്ടുവാൻ വർഷങ്ങളോളം എടുക്കും. ചുവന്ന കല്ലുകൊണ്ടുള്ള പീഠമാണ് പീഠപ്രതിഷ്ഠയ്ക്ക് ഉപയോഗിക്കുന്നത്. ഇതിനായി അനുയോജ്യമായ സ്ഥലത്തു നിന്നും നിശ്ചിത അളവിലുള്ള കല്ല് വെട്ടിയെടുക്കണം. കല്ലിനെ ദേവീക ഭാവനയോടെ ശ്രദ്ധാപൂർവ്വം ക്ഷേത്രാങ്കണത്തിലേക്ക് കൊണ്ടു വന്നു പണി തുടങ്ങേണ്ടതുണ്ട്. എല്ലാ ഭാഗത്തും ചെത്തിമിനുക്കിയ ശേഷം ശൂലത്തിനനുസരിച്ചുള്ള ദ്വാരം കല്ലിന്റെ മധ്യഭാഗത്തിൽ ഉണ്ടാക്കണം. ഇപ്പോൾ പീഠം പ്രതിഷ്ഠയ്ക്ക് യോഗ്യമായി. പിന്നീട് ഈ കല്ലിനെ ശുഭമുഹൂർത്തത്തിൽ ശ്രീ കോവിലിനുള്ളിൽ എത്തിച്ചു തന്ത്രികൾ നിശ്ചയിച്ച ഭാഗത്ത് താന്ത്രിക വിധിപ്രകാരം ശംഖിന്റെ പൊടി വിതറി ഗംഗാജലംകൊണ്ടു തളിച്ചാണ് പ്രതിഷ്ഠിക്കുന്നത്. പീഠത്തിനു യാതൊരുവിധ ഇളക്കവും ഉണ്ടാകാതിരിക്കാനാണ് ശംഖ് പൊടി വിതറുന്നത്. ഇതാണ് പീഠപ്രതിഷ്ഠ. കടുശർക്കരയോഗവിഗ്രഹനിർമ്മാണത്തിൽ മനുഷ്യശരീരശാസ്ത്ര തത്വം അവലംബിക്കേണ്ടതിന്റെ ആവശ്യകത നേരത്തെ സൂചിപ്പിച്ചുവല്ലോ. ശരീരത്തിലെ അസ്ഥികളുടെ സ്ഥാനത്ത് കട്ടിയുള്ള മരം ഉപയോഗിച്ചുണ്ടാക്കുന്നതാണിത്. ഇതിൽ സാങ്കേതികമായി 206 അസ്ഥികൾ ചേർക്കേണ്ടതുണ്ട്. തലയോട്, കൈതോളുകളുടെ എല്ലുകൾ, വയറിന്റെ ഭാഗത്തുള്ള എല്ലുകൾ, തുടയെല്ല്, കാലിലെ എല്ലുകൾ, കാൽവിരലുകളുടെ ഭാഗത്തുള്ള എല്ലുകൾ, മുതലായവ ചേർക്കണം. ഈ മരം ഔഷധഗുണമുള്ള കതിര (കരിങ്ങാലിമരം) കൊണ്ടുള്ളതാണ്. ശ്രീകോവിലിൽ തന്ത്രികൾ നിർദ്ദേശിച്ച സ്ഥലത്ത്, പ്രതിഷ്ഠ ചെയ്യാനുള്ള, പീഠത്തിന്റെ മധ്യഭാഗത്ത് നിർമ്മിച്ച ദ്വാരത്തിൽ ഈ ശൂലങ്ങളെ നല്ലപോലെ ഉറപ്പിക്കണം. ദ്വാരത്തിൽ കടുശർക്കര പാകത്തിലെ ചില ദ്രവ്യങ്ങൾ (അഷ്ടബന്ധം) കൊണ്ട് നിറച്ച് അതിലാണ് ശൂലത്തെ ഉറപ്പിക്കേണ്ടത്. വളരെ പശിമ സ്വഭാവമുള്ള ഈ ദ്രവ്യത്തിൽ ശൂലം നല്ലപോലെ ഉറച്ചിരിക്കും. ഇതാണ് ശൂലപ്രതിഷ്ഠ. കടുശർക്കര പാക വിഗ്രഹത്തിൽ ശൂല പ്രതിഷ്ഠ വളരെ പ്രാധാന്യമുണ്ട്. എന്തെന്നാൽ ബ്രഹ്മകലശ സമയത്ത് പുനപ്രതിഷ്ഠയില്ല. മനുഷ്യ ശരീരത്തിലുള്ള മറ്റെല്ലാ ഭാഗങ്ങളെയും പോലെ നാഡീഞരമ്പുകളും വിഗ്രഹത്തിനു വേണം. ഇതും വിഗ്രഹത്തിൽ ഉണ്ടാക്കി ചേർക്കേണ്ടതുണ്ട്. ഇതിനായി പച്ച നാളികേരത്തിന്റെ ചകിരിനാരാണ് ഉപയോഗിക്കുക. പച്ച നാളീകേരത്തിന്റെ തൊണ്ട് നല്ലപോലെ ചതച്ചാണ് നാരെടുക്കുന്നത്. ഇത് തയ്യാറാക്കുന്നതും വളരെ ശ്രദ്ധയോടെ വേണം. ഓരോ നാരുകളും വിരലുകളുടെ ഇടയിൽവെച്ചു വലിച്ചെടുത്ത് വൃത്തിയാക്കിയ ശേഷം കയർ നിർമ്മിക്കുന്നു. ഈ നാരു വിഗ്രഹത്തിന്റെ നാഭിയിൽ നിന്ന് ആരംഭിച്ച് ദേഹത്തിന്റെ എല്ലാ ഭാഗത്തും ചുറ്റി ശിരസിൽ അവസാനിപ്പിക്കണം. നാരുകളാൽ ചുറ്റപ്പെട്ട ശൂലത്തിനു മാംസ സങ്കല്പത്തിനായി പല ദ്രവ്യങ്ങളാൽ ലേപനം ചെയ്യേണ്ടതുണ്ട്. എല്ലിനു ചേർന്നിരിക്കുന്ന ലേപനമാണ് മജ്ജ. ചുവന്ന കലപൊടി, ഗോതമ്പുപൊടി, യവം, ചാഞ്ചല്യം, മെഴുക്, നല്ലെണ്ണ, ശർക്കര മുതലായ ദ്രവ്യങ്ങളെ പാകപ്പെടുത്തി ചൂടോടെ ലേപനം ചെയ്യുന്നു. ലേപനം ചെയ്ത് കൈയെടുത്താലുടനെ ഈ പദാർത്ഥം ഉറച്ചു കട്ടിയായി ശിലപോലെ ആയിത്തീരും. പ്ലാവിൻ പശ തന്നെ ഏകദേശം 40 കി.ഗ്രാം മുതൽ 60 കിലോ വരെ വേണ്ടി വരുമെന്നതിൽ നിന്നും വിഗ്രഹനിർമ്മാണത്തിന്റെ കാഠിന്യം മനസ്സിലാവും. ത്രിവേണി സംഗമത്തിൽ നിന്ന് എടുക്കുന്ന മണ്ണാണ് നിർമ്മാണത്തിലെ പ്രധാന ദ്രവ്യം. മണ്ണ് കൊണ്ടു വന്ന ഉടനെ പൊരിവെയിലിൽ അഞ്ചു ദിവസം ഉണക്കണം. ഉണക്കിയ മണ്ണ് ആട്ടുകല്ലിലിട്ട് ഉലക്കകൊണ്ട് കുത്തി പൊടിക്കണം. ഈ മൺപൊടി ശേഖരിച്ചു വെച്ചതിനുശേഷം ആവശ്യത്തിനനുസരിച്ച്, അളവിനനുസരിച്ച് വിവിധ കഷായങ്ങളിലിട്ടുവച്ച് ഔഷധിയുടെ ഗുണം നൽകണം. പ്രാരംഭത്തിൽ മരത്തിന്റെ തോൽ കൊണ്ടുള്ള കഷായത്തിൽ ഈ മൺപൊടി പത്തു ദിവസത്തോളം ഇട്ടുവെക്കണം. അത് കഴിഞ്ഞാൽ പത്തു ദിവസത്തോളം നാല്പാമര കഷായത്തിൽ (അത്തി, ഇത്തി, അരയാൽ, പേരാൽ) ഇട്ടു വെക്കണം. അതിനുശേഷം ഈ മിശ്രിതം ഇളനീർ കഷായത്തിൽ പത്തു ദിവസത്തോളം ഇട്ട് ശുദ്ധീകരിക്കണം. പിന്നീടിതിനെ അളവിലെടുത്ത് ഉണക്കിയെടുത്തു അരകല്ലിലിട്ട് അരക്കണം. അരയ്ക്കുമ്പോൾ

ഗംഗാജലം തന്നെ ഉപയോഗിക്കണമെന്നതാണ് മറ്റൊരു വൈശിഷ്ട്യം. ഈ മിശ്രിതത്തിന്റെയൊപ്പം ലേപനത്തിന്റെ അളവിൽ ആനുപാതികമായി പലവിധ ഔഷധികൾ (കടുശർക്കരപാകദ്രവ്യങ്ങൾ) നിശ്ചിത അളവിൽ ചേർത്ത് അരയ്ക്കണം. എല്ലാ വസ്തുക്കളും ചേർത്തരച്ചാൽ ഈ മണ്ണ് വെണ്ണപോലെ മൃദുവായി ലേപനത്തിന് യോഗ്യമായി തീരുന്നു. അരയ്ക്കുമ്പോഴും ലേപനം ചെയ്യുമ്പോഴും പരിസരം മുഴുവനും ആനന്ദകരമായ പരിമളം പരക്കും. ഒരു പ്രാവശ്യം ലേപനം ചെയ്താൽ അത് നൈസർഗിക രീതിയിൽ ഉണങ്ങേണ്ടതായുണ്ട്. ചൂടാക്കിയോ കാറ്റു വീശിയോ കൃത്രിമമായി അതുണക്കാൻ പാടില്ല. അതുകൂടാതെ മഴക്കാലത്തോ, വെയിൽക്കുറവുള്ള സമയത്തോ ലേപനം ചെയ്യാറില്ല. കാരണം കാറ്റിൽ ഈർപ്പം അധികമുള്ളപ്പോൾ ലേപനം സാധ്യമല്ല. ഒരുമിച്ച് ചെയ്യാനും സാധ്യമല്ല. ഒരുലേപനം ചെയ്തു നൈസർഗ്ഗികമായി ഉണങ്ങിയാൽ മാത്രമേ അടുത്ത ലേപനം ചെയ്യാൻ പാടുള്ളൂ. ഇപ്രകാരം പത്തുലേപനം കഴിഞ്ഞയുടനെ ശരീരഭാഗങ്ങൾ വ്യക്തമാവാൻ തുടങ്ങും. നെഞ്ച്, നഖങ്ങൾ, ആഭരണങ്ങൾ മുതലായ ഭാഗങ്ങൾ ശരീരത്തിൽ എടുത്തു കാണത്തക്കവിധം ശ്രദ്ധയോടെയാണ് ലേപനം ചെയ്യേണ്ടത്. ഭക്തൻ ആരോഗ്യം മാത്രമല്ല ഐശ്വര്യവും ഭഗവാനോട് അപേക്ഷിക്കുന്നുണ്ട്. ഈ അപേക്ഷകൾ സാർത്ഥകമാക്കാൻ ഭഗവാനിൽ ഐശ്വര്യം നിറഞ്ഞു നിൽക്കേണ്ടതുണ്ട്. ഈ തത്ത്വം മുൻനിർത്തി അവസാന ലേപനത്തിൽ സ്വർണ്ണവും വെള്ളിയും ചേർക്കുന്നുണ്ട്. ശുദ്ധസ്വർണ്ണവും (24ct) വെള്ളിയും പാളികളാക്കി മാറ്റി ചന്ദനം അരയ്ക്കുന്നതുപോലെ അരച്ച് സ്വർണ്ണം, വെള്ളി മിശ്രണത്തെ ദ്രവരൂപത്തിൽ തയ്യാറാക്കുന്നു. ഇതിനോടൊപ്പം ഗോരോചനം, കസ്തൂരി, ചന്ദനം, രക്തചന്ദനം, ആനകുത്തിയ മണ്ണ്,

കാള കുത്തിയ മണ്ണ്, കലപ്പമണ്ണ്, പുറ്റ്മണ്ണ്, ഞണ്ട് മണ്ണ് മുതലായ വിശിഷ്ട രീതിയിലുള്ള മണ്ണുകളും ചേർത്തു ലേപനം ചെയ്യും. കടുശർക്കര വിഗ്രഹങ്ങളിൽ സാധാരണ ക്ഷേത്രങ്ങളിലെ പോലെ പാലഭിഷേകം മുതലായ കാര്യങ്ങൾ സാദ്ധ്യമല്ല. വിഗ്രഹം അലിഞ്ഞു പോകും. ഇങ്ങനെയുള്ള ക്ഷേത്രങ്ങളിൽ ശ്രീകോവിലിൽ ചെറിയ പഞ്ചലോഹവിഗ്രഹം കൂടെ കാണും. ഈ പഞ്ചലോഹവിഗ്രഹത്തിലായിരിക്കും അഭിഷേകങ്ങൾ നടത്തുന്നത്. കടുശർക്കര പ്രയോഗത്തിൽ നിർമ്മിച്ച വിഗ്രഹങ്ങൾക്കു തീ പിടുത്തത്തെ ചെറുക്കാനാകും. കടുശർക്കര വിഗ്രഹങ്ങൾ കുടികൊള്ളുന്ന ക്ഷേത്രങ്ങൾ കേരളത്തിലുണ്ട്. തിരുവനന്തപുരം ശ്രീ പദ്മനാഭസ്വാമി ക്ഷേത്രം, മലയാലപ്പുഴ ഭഗവതി ക്ഷേത്രം, പയ്യന്നൂരിൽ മാടായിക്കാവ് ക്ഷേത്രം, കാസർകോഡ് അനന്തപുരം ക്ഷേത്രം എന്നിവയാണ് അവ. ഇത്രയും സങ്കീർണ്ണമായ ശില്പ നിർമ്മാണം ചെയ്യാൻ കഴിവുള്ള ശിൽപ്പികൾ ഇപ്പോൾ ഇല്ല. പഴനിയിലെ മുരുക വിഗ്രഹം നവപാഷാണ നിർമ്മിതമാണ്. ഈ വിഗ്രഹത്തിന്റെ ഔഷധമേന്മ പ്രസിദ്ധമാണ്. ഏതു നക്ഷത്രത്തിൽ ജനിച്ച ആളായാലും നവഗ്രഹങ്ങളിൽ ഓരോന്നും ഏതൊക്കെ ഭാവങ്ങളിൽ ആണെങ്കിലും ഭോഗർ എന്ന സിദ്ധനാൽ പ്രതിഷ്ഠിക്കപ്പെട്ട ഈ നവപാഷാണ വിഗ്രഹത്തെ ഒന്നു ദർശിച്ചാൽ സർവ്വദോഷങ്ങളും അകന്നു സകല ഐശ്വര്യങ്ങളും ഉണ്ടാകും. പഴനിമുരുകന്റെ വിഗ്രഹത്തെ ഒരു മാത്ര നോക്കി നിന്നാൽ തന്നെ നവഗ്രഹദോഷങ്ങൾ ആ ക്ഷണം തന്നെ വിട്ടൊഴിയും എന്നാണ് വിശ്വസിക്കുന്നത്. ശിവനോടൊപ്പം ശക്തിയെയും ചേർത്തു ഭജിച്ച ഭോഗരുടെ മുന്നിൽ ശക്തി ദേവിയായ പാർവതിയുടെ ദർശനവും ഉപദേശവും ലഭിച്ചു. പൊതികൈമലയിൽ ചെന്ന് തപസ്സനുഷ്ഠിക്കാൻ ദേവി നിർദേശിച്ചു. പൊതി കൈമലയിലത്തി തപസ്സനുഷ്ഠിച്ച ഭോഗർക്കു ബാലമുരുകൻ ദർശനമരുളി. താൻ കണ്ട ബാലമുരുക രൂപം ശിലയിൽ വാർത്തെടുക്കണമെന്നും അതു ലോകക്ഷേമത്തിന് വേണ്ടി ഉള്ളതായിരിക്കണമെന്നും അദ്ദേഹം തീരുമാനിച്ചു. അപ്രകാരം നവ പാഷാണങ്ങളാൽ അദ്ദേഹം വിഗ്രഹം നിർമ്മിക്കാൻ തുടങ്ങി.

നവം 9, പാഷാണം – വിഷം, വിഷം തനിയെ ആയാൽ വിഷം തന്നെ. എന്നാൽ ആ വിഷം മറ്റൊന്നിനോട് ചേരുമ്പോൾ അതു ഔഷധമായി മാറും എന്ന പ്രകൃതി സത്യം അദ്ദേഹം മനസ്സിലാക്കി. ഉന്നതമായ പാഷാണങ്ങൾ ഒൻപതെണ്ണം തിരഞ്ഞെടുത്തു. മുരുക ശിലയുണ്ടാക്കാൻ അദ്ദേഹം തീരുമാനിച്ചു. ഒരു വൈദ്യൻ എങ്ങനെ ഔഷധം നിർദ്ദേശിച്ചു, അതു കഴിക്കേണ്ട രീതിയും വിശദീകരിക്കുന്നുവോ അതുപോലെ പാലിക്കേണ്ട രീതികളും അന്നേ അദ്ദേഹം പറഞ്ഞു വച്ചിരുന്നു.

എത്ര കാലങ്ങൾ കഴിഞ്ഞാലും ഈ വിഗ്രഹം സംരക്ഷിക്കപ്പെടണമെന്നും അതെല്ലാവരും കാണുകയും ആരാധിക്കുകയും വേണമെന്നും അദ്ദേഹം ഉദ്ദേശിച്ചിരുന്നു. നവ പാഷാണ നിർമ്മിതമായ ബാലമുരുക വിഗ്രഹത്തെ അൽപ്പ നേരം ഉറ്റു നോക്കിയാൽ ശാരീരികവും മാനസികവുമായ ഉന്മേഷവും ആരോഗ്യവും ലഭിക്കും. ശിലയിൽ നിന്നും വരുന്ന കാറ്റ് നമ്മുടെ ശരീരത്തിൽ തട്ടുമ്പോൾ ശരീരത്തിന്റെ അകവും പുറവും ശുദ്ധമാകുന്നു. ആ രശ്മികൾ പൂർണമായും നമുക്കു ലഭിക്കണമെന്നതിനാലാണ് പഴനി മുരുകനെ കൗപീന ധാരിയാക്കി ശിലയുണ്ടാക്കിയത്. ആ ശിലയിൽ സ്പർശിച്ചു വരുന്ന വസ്തു ഏതായാലും അതു കാറ്റായാലും വെളിച്ചമായാലും





മണിനാദമായാലും അതിനു മാറാവ്യാധികളെ മാറ്റാനുള്ള കഴിവുണ്ട്.

പഴനി മുരുകനായ ദണ്ഡായുധ പാണിയെ ദർശിക്കുന്നവർക്കു നവഗ്രഹങ്ങളെയും ദർശിച്ച ഫലം കിട്ടും. ഗ്രഹങ്ങളുടെ സ്വഭാവവും അവയുടെ സഞ്ചാരപഥത്തെക്കുറിച്ചും നല്ല അറിവുണ്ടായിരുന്ന ഭോഗർ ചൊവ്വഗ്രഹത്തിന്റെ രശ്മികൾ നേരിട്ടു പതിക്കുന്ന സ്ഥലമായ പഴനി മലയെത്തന്നെ മുരുക പ്രതിഷ്ഠക്കായി തിരഞ്ഞെടുത്തു. ഭോഗർ തന്റെ പതിനെട്ടു ശിഷ്യന്മാരുമായി കൂടിയാലോചിച്ച് 64 തരം മിശ്രിതങ്ങൾ 120 ഉപരസം, 11 തരം ലോഹസത്ത്, 15 തരം എരിവും പുളിയും, 108 തരം മൂലികാച്ചാറുകൾ, ധാതുക്കൾ, റെഡ്ഫോസ്ഫറസ്, വൈറ്റ് ഫോസ്ഫറസ് എന്നിവയെല്ലാം ചേർത്താണ് വേൽമുരുകന്റെ നവപാഷാണശിലയുണ്ടാക്കിയിട്ടുള്ളത്. ചൂടുകൂടിയ ഈ മുരുക ബിംബം തണുപ്പിക്കുന്നതിനായി തിരുമഞ്ജനം, ചന്ദനം, പാൽ, ഇളനീർ, പഞ്ചാമൃതം എന്നിങ്ങനെ തണുത്ത വസ്തുക്കളാൽ അഭിഷേകം നടത്തുന്നു. ഔഷധ – വൈദ്യശാസ്ത്രപ്രകാരം നിർമ്മിച്ചിട്ടുള്ളതിനാൽ വിഗ്രഹത്തെ നേർക്കു നേരെ നിന്നു ദർശിച്ചാൽ രോഗങ്ങളകലുമെന്നു കാലങ്ങളായി വിശ്വസിക്കുന്നു. ഭക്തിയോടെ മലകയറി വേൽ മുരുകനെ ദർശിച്ചാൽ ശ്വാസവും മനസ്സും ഏകാഗ്രമാകും. സ്വാമിയെ ഒരു വിനാഴിക നോക്കി നിന്നാൽ ഔഷധശക്തിയാൽ ആന്മപീഠം എന്ന പുരിക മധ്യത്തിൽ ഉത്തേജനമുണ്ടായി രക്തം ശുദ്ധിയാകുകയും, അതിനാൽ ജീവകാന്തശക്തി എന്ന ഊർജ്ജം ഉണ്ടായി ആധിയും വ്യാധിയുമകന്ന് ആരോഗ്യവും ആയുസ്സും വർദ്ധിക്കുന്നു.

പഴനി മുരുക ശിലയുടെ ശിരസ്സിൽ രാത്രി വയ്ക്കുന്ന ചന്ദനം രാവിലെ നിറം മാറി കാണപ്പെടുന്നു. ഇതിനു അത്യധികമായ ഔഷധ ഗുണമുണ്ട്. ഈ ചന്ദനം സേവിച്ചാൽ സർവ്വരോഗങ്ങളും മാറുമെന്നാണ് വിശ്വാസം. ഈ ചന്ദനം രാക്കാല ചന്ദനമെന്നറിയപ്പെടുന്നു. ശ്രീകോവിൽ അടയ്ക്കുമ്പോഴുണ്ടാകുന്ന ചൂടുകാരണം ശില വിയർത്ത് വെള്ളം വാർന്നൊഴുകും. ഈ വെള്ളത്തെ കൗപീന തീർത്ഥം എന്നു വിശേഷിപ്പിക്കാറുണ്ട്. ഈ തീർത്ഥവും ഔഷധഗുണമുള്ളതാണ്. ഈ പ്രത്യേകതളെല്ലാം ഉള്ളതുകൊണ്ടാണ് ആയുസിലൊരിക്കലെങ്കിലും പഴനിമുരുകനെ ദർശിക്കാൻ കഴിഞ്ഞാൽ അതു ജന്മസുകൃതമായി തീരുമെന്നു ഭക്തർ വിശ്വസിക്കുന്നത്. മാധ്യമം കല്ലോ തടിയോ ലോഹമോ ഏതുമാവട്ടെ, മൂലവിഗ്രഹത്തിനായുള്ള ദേവതാരൂപങ്ങളുടെ കണ്ണു തെളിയിക്കാനുള്ള അവകാശം ശില്പികുടുംബത്തിലെ കാരണവർക്കാണ്. വിഗ്രഹം ജഡാവസ്ഥവിട്ടുണർന്ന് ഗർഭഗൃഹപ്രതിഷ്ഠാഭാവം കൈവരിക്കുന്നത് ഇവിടെ മുതൽക്കാണ്. ശ്രീകോവിൽ അഥവാ ഗർഭഗൃഹത്തിന്റെ വലിപ്പവും കണക്കും നോക്കിയാണ് മൂലവിഗ്രഹ നിർമ്മാണം. മൂലവിഗ്രഹത്തിന്റെ മൂന്നിലൊന്ന് ആകാരമാണ് ശീവേലി വിഗ്രഹം അഥവാ എഴുന്നള്ളിപ്പു വിഗ്രഹത്തിനു വിധിച്ചിട്ടുള്ളത്. വിധിപ്രകാരം പ്രതിഷ്ഠാർഹതയുള്ള വിഗ്രഹങ്ങൾ എട്ടു തരമെന്ന് ശ്രീമഹാഭാഗവതം ഏകാദശ സ്കന്ധത്തിൽ പറയുന്നു.

'ശൈലീ, ദാരുമയീ, ലൗഹീ,
ലേപ്യാ, ലേഖ്യാ, ചസൈകതീ,
മനോമയി, മണിമയി,
പ്രതിമാഷ്ടവിധാസ്മൃതാ'

കേരളീയ ക്ഷേത്ര നിർമ്മിതി പ്രകാരം സമചതുരം, ദീർഘചതുരം, വൃത്തം, അണ്ഡവൃത്തം, ഗജപൃഷ്ടം തുടങ്ങി വ്യത്യസ്ത തരം ശ്രീകോവിലുകളുള്ളതിനാൽ വിഗ്രഹനിർമ്മാണത്തിൽ അതുകൂടി കണക്കിലെടുക്കേണ്ടതുണ്ട്.

'ഇദം ശരീരം കൗന്തേയ
ക്ഷേത്രമിത്യഭി ധീയതേ'. എന്ന് ഭഗവാൻ ഭഗവത്ഗീതയിൽ പറഞ്ഞതിന് ഏറെ അർത്ഥവ്യാപ്തിയുണ്ട്. പ്രതിഷ്ഠാ വിഗ്രഹം പരബ്രഹ്മചൈതന്യപ്രതീകമായ ജീവനാണ്! അംഗോപാംഗ നിർമ്മിതി പോലെ തന്നെ പരമപ്രധാനമാണ് വിഗ്രഹത്തിന്റെ ധ്യാനം അഥവാ ഭാവം. ആരാധനാവിഗ്രഹങ്ങളെ സാത്വികം, രാജസം, താമസം എന്നിങ്ങനെ മൂന്നായി തിരിച്ചിരിക്കുന്നു.

യോഗമുദ്രയും വരദാഭമുദ്രയും ധരിച്ചു നിൽക്കുന്ന വിഗ്രഹങ്ങൾ സാത്വികമായും നാനാവിധ ആഭരണങ്ങളും വരദാഭമുദ്രയും ധരിച്ച് വാഹനാരൂഢരായ വിഗ്രഹങ്ങൾ രാജസമായും ആയുധങ്ങൾ കൊണ്ട് ദുഷ്ടന്മാരെ സംഹരിക്കുന്ന വിഗ്രഹങ്ങൾ താമസമായും പരിഗണിക്കുന്നു. മൂലവിഗ്രഹങ്ങൾ സാധാരണയായി സ്ഥാനകം, ആസനം, ശയനം, എന്നിങ്ങനെ മൂന്നു ധ്യാനങ്ങളിലാണ് തീർക്കുക. നിൽക്കുന്നത് സ്ഥാനകം, ഇരിക്കുന്നത് ആസനം, കിടക്കുന്നത് ശയനം, ഫലസിദ്ധികല്പനയിൽ തന്ത്രശാസ്ത്രപ്രകാരം ഗർഭഗൃഹവിഗ്രഹങ്ങളെ യോഗം, ഭോഗം, വീരം, ആഭിചാരികം എന്നിങ്ങനെയും തിരിച്ചിരിക്കുന്നതു കാണാം.ആത്മജ്ഞാനം പ്രദാനം ചെയ്യുന്നത് യോഗവും ഇഹലോക സുഖങ്ങളെ കൊടുക്കുന്നത് ഭോഗവും സർവ്വകാര്യ വിജയം സമ്മാനിക്കുന്നത് വീരവും ശത്രുക്കളെ സംഹരിക്കുന്നത് ആഭിചാരികവുമാണ്.

(തുടരും)


# മസ്തിഷ്കം, മനുഷ്യന്റെ വരപ്രസാദം

**സി. രാമചന്ദ്രൻ**

പ്രപഞ്ചത്തിലെ ഏറ്റവും സങ്കീർണ്ണവും അതുല്യവും അനന്യവുമായ പദാർത്ഥമാണ് മസ്തിഷ്കം എന്ന് നാം കഴിഞ്ഞ ലക്കത്തിൽ വിശദീകരിച്ചു. അതിന്റെ പ്രവർത്തനഫലമായിട്ടുണ്ടാകുന്ന വിഹ്വലതകളെക്കുറിച്ചും വിഭാവനകളെക്കുറിച്ചും കിനാവുകളെക്കുറിച്ചും ചെറുതായി മനസ്സിലാക്കി. മസ്തിഷ്കത്തിന്റെ ഘടനാപരമായ കാര്യങ്ങളാണ് ഇവിടെ ഈ ലേഖനത്തിൽ നൽകുന്നത്.

പരിണാമപരമായി നോക്കിയാൽ തലച്ചോറിന്റെ ഉത്ഭവം പുരാതനമായ സമുദ്രജീവികളിലാണ്. ഏകകോശജീവികൾ പരിസരങ്ങളിലേക്ക് തരംഗരൂപേണ സന്ദേശങ്ങളയ്ക്കുന്നു. എന്നാൽ പിന്നീടുണ്ടായ ബഹുകോശ ജീവികളിൽ നാഡീകോശരൂപീകരണം നടന്നു. ഉയർന്ന ശ്രേണിയിലുള്ള ജീവികളിൽ നാഡീവ്യവസ്ഥയ്ക്ക് കേന്ദ്രീകൃത സ്വഭാവം കൈവരികയും , സങ്കീർണ്ണമായ മസ്തിഷ്കം രൂപപ്പെടുകയും ചെയ്തു. ഓക്സിജന്റെയും പോഷകവസ്തുക്കളുടെയും വർദ്ധിതലഭ്യതയാണ് തലച്ചോറിന്റെ പിന്നീടുള്ള വളർച്ചയ്ക്ക് നിദാനമായത്.

അറകളോടു കൂടിയ ഹൃദയം ആദ്യം രൂപപ്പെടുന്നത് മത്സ്യങ്ങളിലാണ്. മുതല മുതലുള്ള ജീവികൾക്കും പിന്നീട് പക്ഷികൾക്കും സസ്തനികൾക്കുമാണ് നാലറകളോടുകൂടിയ ഹൃദയം.തലച്ചോറിലേക്കുള്ള ഓക്സിജന്റെയും പോഷകങ്ങളുടേയും എത്തിച്ചേരൽ വീണ്ടും സുഗമമായതോടെയാണ് കൂടുതൽ അറകൾ രൂപപ്പെടുന്നത്.




ന്യൂറോണിന്റെ ഭാഗങ്ങൾ


മനുഷ്യ മസ്തിഷ്കത്തിൽ ആയിരം കോടി ന്യൂറോണുകളും പതിനായിരം കോടി ന്യൂറോഗ്ലിയൽ കോശങ്ങളുമുണ്ട്. ഓരോ ന്യൂറോണും തൊട്ടടുത്ത ന്യൂറോണുമായി ബന്ധപ്പെട്ടു നില്ക്കുന്നു. ന്യൂറോണുകൾ പരസ്പരം ബന്ധപ്പെടുന്ന സന്ധികളെ സിനാപ്സ് എന്നു പറയും.

ഗർഭസ്ഥ ഭ്രൂണത്തിൽ ദിവസങ്ങൾക്കകം രൂപം കൊള്ളുന്ന ന്യൂറൽ ട്യൂബിന്റെ മുകളറ്റമാണ് മസ്തിഷ്കമായി വികസിക്കുന്നത്. കുട്ടി ജനിക്കുമ്പോൾ മസ്തിഷ്കത്തിന് ഏകദേശം 400 ഗ്രാം ഉണ്ടായിരിക്കും. മൂന്നുമാസംകൊണ്ട് അത് മൂന്നിരട്ടിയാകും. പ്രായപൂർത്തിയാകുമ്പോൾ ഏകദേശം 1400 ഗ്രാം ഉണ്ടാകും.

നാഡീവ്യവസ്ഥയെ രണ്ടായി തിരിച്ചിട്ടുണ്ട്. നാഡീകേന്ദ്രമെന്നും പ്രാന്തഭാഗമെന്നും. ,കേന്ദ്രഭാഗമെന്നത് മസ്തിഷ്കവും മസ്തിഷ്ക കാണ്ഡവും ന്യൂറോൺ ശൃംഖലയും മേരുമജ്ജ (Spinal Cord ) യും ഉൾപ്പെടുന്നതാണ്. അതുമായി ബന്ധിപ്പിച്ചിരിക്കുന്ന മറ്റു നാഡീ വ്യവസ്ഥയാണ് പ്രാന്തഭാഗം (Peripheral).

മസ്തിഷ്കത്തെ പൊതിഞ്ഞു സൂക്ഷിക്കുന്ന മൂന്നു പാളികളുള്ള ആവരണമാണ് മെനിഞ്ചസ്. ഇതിൽ അണുബാധയുണ്ടാകുന്നതാണ് മെനിഞ്ചൈറ്റിസ് മസ്തിഷ്കത്തിന്റെ ഏറ്റവും വലിയ ഭാഗമാണ് സെറിബ്രം. ഏറെക്കുറെ സമാനമായ രണ്ട് അർദ്ധഗോളങ്ങളാണിത്. സെറിബ്രത്തിന്റെ ഉപരിതലം അനേകം മടക്കുകളായാണ് കാണപ്പെടുന്നത്. സെറിബ്രത്തെ നാലായി തിരിക്കാം. ഫ്രോണ്ടൽ, പെരൈറ്റൽ, ഓക്സിപിറ്റൽ, ടെംപൊറൽ എന്നിങ്ങനെ. ഏറ്റവും മുകളിലുള്ള ഭാഗമാണ് ഫ്രോണ്ടൽ ലോബ്. ഏതൊരു ജീവിയുടേതുമായി താരതമ്യപ്പെടുത്തിയാലും മനുഷ്യന്റേത് വലുതും വികസിതവുമാണ്. ഇതാണ് മനുഷ്യന്റെ ബുദ്ധികേന്ദ്രം. ജീവിത സന്ധികളിൽ ഉചിതമായ തീരുമാനങ്ങളെടുക്കുവാൻ നിർദ്ദേശിക്കുന്നതിതാണ്. മധ്യഭാഗത്തായി സ്ഥിതി ചെയ്യുന്ന പെരൈറ്റൽ ലോബ് സംവേദനങ്ങളെ തിരിച്ചറിയാനും വിവേകത്തോടെയും കാര്യബോധത്തോടെയും പെരുമാറാനുള്ള കഴിവു നൽകുന്നു. സെറിബ്രത്തിന്റെ പിറകിലുള്ള ഭാഗമാണ് ഓക്സിപെറ്റൽ ലോബ്. പാർശ്വഭാഗങ്ങളിലാണ് ടെംപൊറൽ ലോബ്. ഇതു രണ്ടുമാണ് കാഴ്ച, കേൾവി തുടങ്ങിയ സംവേദനാവയവങ്ങളിൽ നിന്നു ലഭിക്കുന്ന വിവരങ്ങളെ വിശകലനം ചെയ്യുകയും നിർദ്ധാരണം ചെയ്യുകയും ഓർമയിൽ സൂക്ഷിക്കുകയും ചെയ്യുന്നത്. ഇതു കൂടാതെ ഉൾഭാഗത്തു സ്ഥിതി ചെയ്യുന്ന ലിംബിക്ക് ലോബ് വികാരങ്ങളെ നിയന്ത്രിച്ച് സംയമനത്തോടെ നിലകൊള്ളുന്നതിനുള്ള ധർമ്മം നിർവ്വഹിക്കുന്നു.

സെറിബ്രൽ അർദ്ധഗോളങ്ങൾക്കു താഴെ തലാമസ് എന്ന ഒരു ഭാഗമുണ്ട്. അതിനു താഴെ




മസ്തിഷ്കത്തിന്റെ ഭാഗങ്ങൾ

ഹൈപ്പോതലാമസ് സ്ഥിതി ചെയ്യുന്നു. ഇതാണ് വിശപ്പ്, ദാഹം, ശരീരതാപനിലയുടെ ക്രമീകരണം തുടങ്ങിയതു നിർവ്വഹിക്കുന്നത്. മസ്തിഷ്ക കാണ്ഡം എന്ന ഭാഗത്തു കൂടിയാണ് ന്യൂറോൺ ശൃംഖലകൾ കടന്നു പോകുന്നത്. ശിരോനാഡികൾ പുറപ്പെടുന്നതും ഇവിടെ നിന്നാണ്. പോൺസ്, മെഡുല, മിഡ് ബ്രെയിൻ എന്നിവയാണ് ബ്രെയിൻ സ്റ്റെമ്മിന്റെ ഭാഗങ്ങൾ.

മസ്തിഷ്കത്തിനു പിൻഭാഗത്ത് ബ്രെയിൻ സ്റ്റെമ്മിനോടു ചേർന്നാണ് സെറിബെല്ലം സ്ഥിതി ചെയ്യുന്നത്. ഇതു രണ്ട് അർദ്ധഗോളങ്ങളാണ്. ശരീരത്തിന്റെ ചലനപരമായ സന്തുലിതാവസ്ഥ നിലനിറുത്തുന്നതും പേശീപ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതും ഈ അവയവമാണ്.

മസ്തിഷ്കത്തിലേക്കുള്ള രക്തപ്രവാഹം തടസ്സപ്പെടുമ്പോഴാണ് പക്ഷാഘാതമുണ്ടാകുകയും ശരീരം തളരുകയും സംസാരശേഷി ഇല്ലാതാകുകയും ചെയ്യുന്നത്.

മനുഷ്യൻ മറ്റു ജന്തുക്കളിൽ നിന്ന് വ്യത്യസ്ഥനായിരിക്കുന്നത് അവന്റെ മസ്തിഷ്കത്തിന്റെ ഔന്നത്യത്തിലൂടെയും വൈഭവത്തിലൂടെയുമാണ്. മനുഷ്യൻ സങ്കീർണ്ണമായ ആയുധങ്ങളും ഉപകരണങ്ങളുമുണ്ടാക്കുന്നതും സാമൂഹ്യ സംസ്കാരികമണ്ഡലങ്ങളുണ്ടാക്കുന്നതും രാഷ്ട്രീയ വ്യവസ്ഥകളുണ്ടാക്കുന്നതുമെല്ലാം മസ്തിഷ്കത്തിന്റെ ഒറ്റയ്ക്കും കൂട്ടായുമുള്ള പ്രവർത്തനങ്ങളിലൂടെയാണ്. ശരീരത്തെയും ആത്മാവിനേയും നിയന്ത്രിക്കുന്നതും അതു തന്നെയാണ്. നാം ജീവിക്കുന്നത് ഒരു അത്ഭുതപ്രപഞ്ചത്തിലാണെന്നു തിരിച്ചറിയുന്ന വസ്തുവും മസ്തിഷ്കമാണ്. അത് പുതിയ ഉപകരണങ്ങളിലൂടെ, പുതിയ ഭാഷകളിലൂടെ തലമുറകൾ കടന്ന് മനുഷ്യന്റെ വംശനാശം വരുന്നതുവരെ അതിന്റെ അതുല്യവും അനന്യവുമായ ജൈത്രയാത്ര തുടരും.

## എറണാകുളം കരയോഗം - പി.എസ്. ഗോപിനാഥൻ നായർ
## പന്ത്രണ്ടാമത് പരിസ്ഥിതി അവാർഡ് - 2019

**എറണാകുളം കരയോഗം-പി.എസ്. ഗോപിനാഥൻ നായർ അവാർഡിനുള്ള നിർദ്ദേശങ്ങൾ 2019 മാർച്ച് 20 നു മുമ്പായി, കൺവീനർ, പരിസ്ഥിതി കമ്മിറ്റി, എറണാകുളം കരയോഗം- പി. എസ്. ഗോപിനാഥൻ നായർ അവാർഡ് 2019, ടി.ഡി.എം.ഹാൾ കോംപ്ലക്സ്, കൊച്ചി-682016 എന്ന വിലാസത്തിലോ, E-mail:ekmkgm@gmail.com, web: www.ernakulamkarayogam.com എന്നതിലൂടെയൊ അയക്കാവുന്നതാണ്. വ്യക്തികളേയോ സ്ഥാപനങ്ങളെയോ നാമനിർദ്ദേശം ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക്, ശ്രീ. കെ വി രാമചന്ദ്രൻ, ഫോൺ: 9446066309. ഈ വർഷത്തെ (പന്ത്രണ്ടാമത്) പരിസ്ഥിതി അവാർഡ് - 2019 ഏപ്രിൽ 22ന് തിങ്കളാഴ്ച, ഭൗമദിനത്തിൽ വൈകുന്നേരം അഞ്ചു മണിക്ക് ടി.ഡി.എം.ഹാളിൽ നടക്കുന്ന യോഗത്തിൽ വിതരണം ചെയ്യുന്നതാണ്.**

(തുടർച്ച)

# ജഗദ് ഗുരു ശ്രീ ശങ്കരാചാര്യർ

എൻ. ഗോപിനാഥൻ നായർ. ഫോൺ : 9249205553

## ജനനവും ബാല്യവും

മാതാപിതാക്കളായ ശിവഗുരുവിനും, ആര്യാംബ അന്തർജനത്തിനും വിവാഹ ശേഷം സന്താനസൗഭാഗ്യത്തിനായി കുറെക്കാലം കാത്തിരിക്കേണ്ടി വന്നു. ശിവഭക്തരും, ദേവി ഉപാസകരുമായ ആ ദമ്പതികൾ കഠിന വ്യതമെടുത്ത് നിരന്തര ഭജനകളിലൂടെയും തപസ്സിലൂടെയും കാലം തള്ളി നീക്കിയിരുന്നു. തത്ഫലമെന്നോണം വൈശാഖ ശുദ്ധ ദശമി ദിവസം ആര്യാംബ ഒരു പുത്രന് ജന്മം നൽകി. മഹാദേവന്റെ വരദാനമെന്നു ഉറച്ച് വിശ്വസിച്ച അവർ ശിശുവിന് ശങ്കരൻ എന്നു തന്നെ നാമകരണം നടത്തി. തീരെ കുഞ്ഞായിരിക്കുമ്പോൾ തന്നെ ശങ്കരൻ തന്റെ പ്രതിഭയും ബുദ്ധിശക്തിയും സാമർഥ്യവും പ്രകടമാക്കിയിരുന്നു. 'വിളയുടെ ഗുണം മുളയിൽ അറിയാം' എന്ന തത്വം ഇതിലൂടെ പ്രസക്തമാക്കപ്പെട്ടു. മൂന്നു വയസ്സ് ആകുന്നതിന് മുൻപേ പിതാവായ ശിവഗുരു കാലധർമ്മം പ്രാപിച്ചിരുന്നു എന്നും അതല്ല, ആ സംഭവം നടന്നത് മകന്റെ ഗുരുകുല വാസക്കാലത്ത് ആയിരുന്നു എന്നും രണ്ടു ഭിന്നാഭിപ്രായങ്ങൾ നിലവിലുണ്ട്.

## ഗുരുകുലാശ്രമവാസം

മൂന്നു വയസ്സുള്ളപ്പോൾ വിദ്യാരംഭം കുറിച്ച് ശങ്കരനെ അഞ്ചു വയസ്സിൽ ഉപനയനം നടത്തി. ഗുരുകുല വിദ്യാഭ്യാസത്തിനായി നിയോഗിക്കപ്പെട്ടു. എട്ടു വയസ്സാവുമ്പോഴേക്കും ബാലനായ ശങ്കരൻ വേദശാസ്ത്രങ്ങളെല്ലാം സ്വായത്തമാക്കി. തന്റെ ബുദ്ധി സാമർത്ഥ്യവും സ്വഭാവ ഗുണങ്ങളും മൂലം മറ്റുള്ളവരുടെ സ്നേഹാദരങ്ങൾ നേടിയെടുത്തു. ഇക്കാലത്താണ് തന്റെ 'ബാലബോധ സംഗ്രഹം' എന്ന കൃതി രചിച്ചത്. ആശ്രമത്തിൽ എത്തിയിരുന്ന ബൗദ്ധന്മാർ , ചാർവാകന്മാർ തുടങ്ങിയ നാസ്തികരുമായി ചർച്ച നടത്തുകയും അവരുടെ വാദങ്ങളെ ഖണ്ഡിച്ച് തന്റേതാണ് ശരി എന്ന് അവരെക്കൊണ്ട് അംഗീകരിപ്പിക്കുകയും ചെയ്തിരുന്നു. ഇതെല്ലാം കണക്കിലെടുത്ത് ശങ്കരന് ആചാര്യ സ്ഥാനം നൽകി സഹപാഠികളുടെ വേദാധ്യാപനത്തിനായി നിയോഗിക്കപ്പെട്ടു. ആശ്രമത്തിലെ ജീവിതകാലത്തു തന്നെ ശങ്കരൻ ശങ്കരാചാര്യരായി അംഗീകരിക്കപ്പെട്ടു എന്ന് ചുരുക്കിപ്പറയാം.

## ഭിക്ഷാം ദേഹി

ഗുരുകുലത്തിലെ അന്തേവാസികൾ ഭിക്ഷാടനം നടത്തുകയെന്നത് പഠനത്തിന്റെ ഒരു ഭാഗമായിരുന്നു. ഭിക്ഷയെടുക്കുന്നവർ അപൂർവ്വമായിരുന്ന ആ കാലഘട്ടത്തിൽ ഒരു ഭിക്ഷാടകനെ കണ്ടുമുട്ടി ഭിക്ഷ നല്കുകയെന്നത് ഈശ്വര സേവനമായി കണക്കാക്കിയിരുന്നു. ഗൃഹസ്ഥർക്കു പറഞ്ഞിട്ടുള്ള ധർമ്മങ്ങളിൽ പ്രധാനപ്പെട്ട ഒന്നായിരുന്നു ഇത്. അതിനാലാണ് 'ധർമ്മക്കാരൻ' ധർമ്മം കൊടുക്കുക എന്ന വാക്കുകൾ പ്രയോഗത്തിൽ വന്നത്. നാം ഓർക്കേണ്ട ഒരു പ്രധാനകാര്യം ഗുരുകുലത്തിന് ആവശ്യമായ സമ്പത്ത് ദാനം ചെയ്യുന്നതിന് അന്നത്തെ ഭരണാധികാരികളും സമൂഹത്തിലെ സമ്പന്നരും തയ്യാറായിരുന്നു, മാത്രമല്ല സമ്പന്ന കുടുംബങ്ങളിലെ കുട്ടികളും അധ്യയനത്തിനായി ആശ്രമത്തിൽ എത്തിയിരുന്നു. ശിഷ്യന്മാർ ഭിക്ഷയെടുത്തുകൊണ്ടു വരുന്ന ഭക്ഷ്യ വസ്തുക്കൾ ആശ്രമത്തിൽ വച്ച് പാകം ചെയ്ത് എല്ലാവരും ചേർന്ന് ഭക്ഷിക്കുക എന്നതായിരുന്നു നിലവിലെ നിയമം. എന്തു കൊണ്ടാണ് അന്തേവാസികളായ വിദ്യാർത്ഥികൾ ഭിക്ഷാടനം നടത്തിയിരുന്നത് എന്ന് ചിന്തിക്കുന്നത് ഇവിടെ ഉചിതമാണ് പറയാം.

കുട്ടികളുടെ സ്വഭാവ രൂപീകരണത്തിനു ഇത് വളരെ ആവശ്യമായിരുന്നു. സമൂഹത്തിലെ ജനങ്ങളുടെ നന്മതിന്മകൾ തിരിച്ചറിയാനും അവരുടെ കഷ്ടനഷ്ടങ്ങൾ കണ്ടറിയാനും ഇത് സഹായിച്ചിരുന്നു. തങ്ങൾ മുതിർന്നവരായി സമൂഹമദ്ധ്യത്തിൽ ജീവിക്കേണ്ടി വരുമ്പോൾ തങ്ങളുടെ കർത്തവ്യങ്ങളും കടമകളും എങ്ങനെ നിർവഹിക്കാൻ സാധിക്കുമെന്ന് ചിന്തിക്കാൻ അവസരം നൽകുന്നു. കുട്ടിക്കാലത്ത് ഭിക്ഷയാചിച്ച് സമൂഹത്തിൽ നിന്നും സഹായ സഹകരണങ്ങൾ നേടിയ ഒരു വ്യക്തിക്ക് ഒരിക്കലും ഒരു അഹങ്കാരിയാവാനോ ഈശ്വരനിന്ദ നടത്താനോ സമൂഹ വിദ്വേഷിയാകാനോ സാദ്ധ്യതയില്ലെന്നതാണ് വാസ്തവം.

## കനകധാരാ സ്തോത്രവും 'സ്വർണ്ണത്തുമനയും':

ഭിക്ഷാടനത്തിന് ശങ്കരൻ തന്റെ സഹപാഠികളോടൊത്ത് സമീപ പ്രദേശങ്ങളിലുള്ള ഭവനങ്ങൾ സന്ദർശിക്കുക പതിവായിരുന്നു. ഒരു നാൾ ഒരു ബ്രാഹ്മണ ഗൃഹത്തിലെത്തി 'ഭിക്ഷാംദേഹി' എന്ന് വിളിച്ചറിയിച്ചു. അന്നന്ന് ലഭിക്കുന്ന പ്രതിഫലം കൊണ്ട് ജീവിതം തള്ളിനീക്കിയിരുന്ന ഒരു ദരിദ്ര കുടുംബമായിരുന്നു അത്. ആ സമയത്ത് ഗൃഹനാഥയായ ഒരു സ്ത്രീ





മാത്രമാണ് അവിടെ ഉണ്ടയിരുന്നത്. ഭിക്ഷയായി നൽകാൻ പറ്റിയ വസ്തുക്കൾ ഒന്നും തന്നെ വീട്ടിൽ ഇല്ലായിരുന്ന അവസ്ഥയിൽ ദുഃഖം മൂലം അവരുടെ കണ്ണുകൾ ഈറണിഞ്ഞു. ഭിക്ഷ ചോദിച്ച് എത്തിയവരെ വെറും കൈയ്യോടെ തിരിച്ചയക്കുന്നത് മഹാപാപമാണെന്നു വിശ്വസിച്ചിരുന്ന ആ അമ്മ, ഗൃഹത്തിൽ ഉണ്ടായിരുന്ന കുറച്ച് നെല്ലിക്കളിൽ നിന്നും ഒരെണ്ണം എടുത്ത് ഭിക്ഷാപാത്രത്തിൽ ഇട്ടുകൊടുത്തു. കരുണാശാലിയായ ശങ്കരൻ അവരുടെ ദുഃഖത്തിന്റെ കാരണം മനസ്സിലാക്കി അവരെ ആവോളം സാന്ത്വനപ്പെടുത്തിയ ശേഷം സമ്പത്തിന്റെ ദേവിയായ ശ്രീ മഹാലക്ഷ്മിയെ സ്തുതിച്ചു കൊണ്ട് ഒരു കീർത്തനം ഉണ്ടാക്കി ചൊല്ലുകയും ചെയ്തു. ഐതിഹ്യമനുസരിച്ച് സ്തോത്രം ചൊല്ലി തീർന്ന ഉടനെ വീട്ടുമുറ്റത്തു നെല്ലിക്കയുടെ വലിപ്പമുള്ള ഏതാനും സ്വർണ്ണമണികൾ ആകാശത്തു നിന്നും വീണു എന്നാണ് പറയപ്പെടുന്നത്. ഈ കീർത്തനമാണ് പിന്നീട് പ്രസിദ്ധമായ കനകധാരാസ്തവം എന്ന് അറിയപ്പെടുന്നത്. എന്നാൽ ശങ്കരനിൽ നിന്നും ആ കുടുംബത്തിന്റെ ദരിദ്രാവസ്ഥ അറിഞ്ഞ ധനികനായ ഒരു ഗൃഹസ്ഥൻ കുറച്ച് സ്വർണ്ണ നാണയങ്ങൾ ദാനമായി നൽകി അവരെ സഹായിച്ചു എന്നും പറയപ്പെടുന്നു. ഏതായാലും ദാരിദ്ര്യത്തിൽ നിന്നും രക്ഷപ്പെട്ട ആ ഭവനം പിന്നീട് സ്വർണ്ണത്തുമന എന്ന പേരിൽ പ്രസിദ്ധമായിത്തീർന്നു. കാലടിയിൽ നിന്നും തെക്കു പടിഞ്ഞാറായി ഏതാനും കിലോമീറ്റർ അകലെ 'പലംതോട്ടം' എന്ന ഗ്രാമത്തിലാണ് ഈ മന സ്ഥിതി ചെയ്യുന്നത്.

എട്ടു വയസ്സു പൂർത്തിയായപ്പോഴേക്കും ആശ്രമത്തിലെ പഠനം അവസാനിച്ചതിനാൽ ഇല്ലത്തേക്കു തിരിച്ചെത്തി. എന്നാൽ സനാതന ധർമ്മത്തിന്റെ അടിസ്ഥാന പ്രമാണങ്ങൾ വേദങ്ങൾ മാത്രമല്ല , ഉപനിഷത്തുക്കൾ, ഇതിഹാസങ്ങൾ, പുരാണങ്ങൾ ആദിയായവയുമുണ്ടെന്നും അവയെപ്പറ്റി തീവ്ര പരിജ്ഞാനം നേടണമെന്നും ആഗ്രഹമുണ്ടായി. ഇതിനുള്ള ഒരു പ്രധാനകാരണം, അക്കാലത്ത് ബുദ്ധമത സന്യാസികൾ ദേശമെങ്ങും സഞ്ചരിച്ച് വൈദിക ധർമ്മങ്ങൾക്കും ബ്രാഹ്മണമേധാവിത്വത്തിനും എതിരായി പ്രചരണം നടത്തിയിരുന്നു എന്നതാണ് . അവരെ വാദത്തിൽ തോൽപ്പിക്കാനും വൈദിക മതം പുനസ്ഥാപിക്കാനും കൂടുതൽ അറിവ് നേടേണ്ടിയിരുന്നു. അതിലേക്കു യോഗ്യനായ ഒരു ഗുരുവിനെ കണ്ടെത്തി ശിഷ്യപ്പെടാനും, അറിവ് സമ്പാദിച്ച് , സന്യാസം സ്വീകരിച്ച് ദേശാടനം നടത്തണമെന്നും മോഹമുദിച്ചു.

## അച്യുതാഷ്ടകം :

ഈ സമയത്താണ് കുടുംബം വക ശ്രീകൃഷ്ണ ക്ഷേത്രം നദീതീരത്തു നിന്നും മാറ്റി വീടിനടുത്തായി സ്ഥാപിക്കേണ്ടി വന്നത്. വർഷക്കാലത്ത് പെരിയാർ കരകവിഞ്ഞൊഴുകി ക്ഷേത്രത്തിന് നാശനഷ്ടങ്ങളുണ്ടാക്കിയിരുന്നു. മാത്രമല്ല മാതാവിന് അത്രയും ദൂരം സഞ്ചരിച്ച് ദർശനം നടത്തുകയെന്നതും പ്രയാസമായിതീർന്നിരുന്നു. പുതിയ ക്ഷേത്രത്തിൽ പുനപ്രതിഷ്ഠ നടത്തിയപ്പോൾ ശങ്കരൻ ഭഗവാൻ കൃഷ്ണനെ സ്തുതിച്ചുകൊണ്ട് ആലപിച്ച കീർത്തനമാണ് അച്യുതാഷ്ടകം. 12 വരികളുള്ള കീർത്തനം തുടങ്ങുന്നത്. 'അച്യുതം കേശവം രാമനാരായണം' എന്ന ആദ്യത്തെ വരിയിലാണ്. അവസാനത്തെ വരി 'കിങ്കിണി മഞ്ജുളം ശ്യാമളം തംഭജേ' എന്നാണ്.

മകന്റെ ലൗകീക ജീവിതം ആഗ്രഹിച്ചിരുന്ന അമ്മ തക്ക സമയത്ത് ശങ്കരന്റെ വിവാഹം നടത്തി ഗൃഹസ്ഥനായി കാണാനാണ് ശ്രമിച്ചത്. അതിനാൽ തന്നെ ശങ്കരൻ സന്യാസം സ്വീകരിക്കാൻ അനുവദിച്ചില്ല. അല്പകാലത്തിനു ശേഷം അനുവാദം കൊടുത്തുവെന്നും അതിനു കാരണമായി പറയുന്ന കഥ ശങ്കരനെ കുളക്കടവിൽ വച്ച് കാലിൽ പിടികൂടിയ മുതലയിൽ നിന്നു രക്ഷിക്കാൻ വേണ്ടി ആയിരുന്നുവെന്നും ഒരു ഐതിഹ്യമുണ്ട്. ഏതായായിരുന്നാലും ആഗ്രഹത്തിനു വഴങ്ങി അനുവാദം കൊടുത്തപ്പോൾ അമ്മ വച്ച ഒരു ഉപാധി ശങ്കരൻ എവിടെയായിരുന്നാലും താൻ മരണാസന്നയാകുമ്പോൾ തന്റെ സമീപമെത്തണമെന്നായിരുന്നു. ശങ്കരൻ അമ്മയുടെ ആവശ്യം അംഗീകരിച്ചുവെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. ഗുരുകുല പഠന സമ്പ്രദായത്തിലൂടെ ആചാര്യ സ്ഥാനം ലഭിച്ചിരുന്ന ശങ്കരൻ ഭാരതത്തിന്റെ പ്രാചീന ദർശനത്തെപ്പറ്റി ബോധവാനായിരുന്നു.

'ത്യജേദകം കുലസ്യാർഥേ
ഗ്രാമസ്യാർഥേ കുലം ത്യജേത്
ഗ്രാമം ജനപദാസ്യാർഥേ
ആത്മാർഥേ പൃഥീവ ത്യേജത്.'

ഭാരതത്തിന്റെ ഈ ആദർശമാണ് ശങ്കരനെ ഒരു സന്യാസിയാകാനും അതു വഴി രാജ്യത്തുടനീളം സഞ്ചരിച്ച് സനാതന ധർമ്മാചരണം വീണ്ടെടുത്ത് അത് പ്രചരിപ്പിക്കുവാനും പ്രേരണയായത്.

അവസാനം അമ്മയുടെ അനുഗ്രഹം വാങ്ങി സ്വയം ഒരു ഗുരുവിനെ തേടി ശങ്കരൻ യാത്ര ആരംഭിച്ചു. ആ യാത്ര അവസാനിച്ചത് നർമ്മദാ നദീ തീരത്തുള്ള ഒരാശ്രമത്തിലാണ്. അവിടെ തപസ്സനുഷ്ടിച്ച് ജീവിച്ചിരുന്ന ഗോവിന്ദ ഭഗവത് പാദരെ കണ്ടു മുട്ടി. പല വിധത്തിൽ പരീക്ഷിച്ചും നിരീക്ഷിച്ചും സംതൃപ്തനായതിനാൽ അദ്ദേഹം ശങ്കരനെ സ്വശിഷ്യനായി അംഗീകരിച്ച് സ്വീകരിച്ചു.

(തുടരും)

# ഗൃഹഔഷധികൾ

ഡോ. ദേവിദാസ് വെള്ളോടി ഫോൺ : 9747480903

നമ്മുടെ വീട്ടിൽ ലഭ്യമായ പല സാധനങ്ങളും ദ്രവ്യങ്ങളും ഔഷധമായി ഉപയോഗിക്കാവുന്നതാണ്. പെട്ടെന്ന് അസമയത്ത് ചില ആരോഗ്യ പ്രശ്നങ്ങൾ ഉടലെടുത്താൽ ഉടനടി പ്രയോഗിക്കുവാൻ ഇവയിലെ പല സാധനങ്ങൾക്കും ഔഷധഗുണമുള്ളവയാണ്. കാര്യമായ അസുഖങ്ങൾക്ക് ഇവ പോരാതെ വരും. എന്തായാലും ഗൃഹഔഷധികളെക്കുറിച്ച് അറിഞ്ഞിരിക്കുന്നത് നല്ലതാണ്. ഔഷധമല്ലാതെ ഒന്നും ഈ ജഗത്തിലില്ല എന്നാണ് ആയുർവ്വേദം പറയുന്നത്. ആദ്യം നമുക്ക് തേനിൽ നിന്ന് തന്നെ തുടങ്ങാം.

**1. തേൻ :**

തേൻ സംസ്കരിച്ച് (ശുദ്ധീകരിച്ച്) വേണം ഉപയോഗിക്കാൻ. ഇപ്പോൾ മാർക്കറ്റിൽ നിന്ന് ലഭിക്കുന്നതെല്ലാം തന്നെ ശുദ്ധീകരിച്ചതാണ്. തേൻ കഫഹരമാണ്. അതായത് ശരീരഭാരം കുറയ്ക്കാൻ സഹായിക്കും. കഫത്തിന്റെ ശല്യം കുറഞ്ഞ് കിട്ടും. ദിവസേന രണ്ട് ടീസ്പൂൺ തേൻ ഇളം ചൂടുവെള്ളത്തിൽ കലക്കി രാവിലെ കുടിക്കുന്നത് അമിത വണ്ണം, കൊളസ്ട്രോൾ എന്നിവ കുറയാൻ സഹായിക്കും. തേൻ വയറിളക്കത്തെ കുറയ്ക്കും. കുട്ടികൾക്ക് വയറിളക്കമുണ്ടായാൽ ഉടനെ തേൻ കൊടുത്താൽ മലം മുറുകുന്നത് കാണാം. കാഴ്ചശക്തിയെ വർദ്ധിപ്പിക്കും. പെട്ടെന്ന് ചെറിയ തീപ്പൊള്ളലുണ്ടായാൽ ഉടനെ തേൻ പുരട്ടുന്നത് നീറ്റൽ കുറയ്ക്കാനും പൊളുകൻ കെട്ടാതിരിക്കാനും സഹായിക്കും.

**2. മഞ്ഞൾ (മഞ്ഞൾപൊടി) :**

മഞ്ഞൾ ഇന്ന് ലോകം മുഴുവൻ അംഗീകരിച്ച അണുനാശിനിയാണ്. മഞ്ഞളിൽ നിന്ന് എടുക്കുന്ന Curcumin extract പ്രമേഹത്തിനും രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനും പ്രശസ്തമായ ഔഷധമാണ്. മഞ്ഞൾ അലർജിക്ക് നല്ലതാണ്. പ്രത്യേകിച്ച് തുമ്മൽ, Dust allergy എന്നിവയ്ക്ക് . ദിവസേന ഒരു ടീസ്പൂൺ മഞ്ഞൾപൊടി കാൽ ഗ്ലാസ് വെള്ളത്തിൽ കലക്കി ചൂടാക്കി കുടിക്കുന്നത് തുമ്മൽ കുറയ്ക്കും. രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കും, പ്രമേഹത്തേയും നിയന്ത്രിക്കും. പെട്ടെന്നുണ്ടാകുന്ന മുറിവ് മഞ്ഞൾപൊടി ഇടുന്നത് അണുനാശകമാണ്. വെളിച്ചപ്പാട് നിറുകയിൽ മഞ്ഞൾപ്പൊടി ഇടുന്നത് കണ്ടിട്ടില്ലേ?

**3. ചെറുനാരങ്ങ:**

വിറ്റാമിൻ സി അടങ്ങിയ ചെറുനാരങ്ങ പെട്ടെന്ന് ഊർജ്ജത്തെ തരുന്നതാണ്. നാരങ്ങവെള്ളം ഉപ്പും പഞ്ചസാരയും ചേർത്ത് കുടിക്കുന്നത് ക്ഷീണം കുറയ്ക്കും. ബ്ലഡ്പ്രഷർ കുറഞ്ഞവർക്കും വിളർച്ച ഉള്ളവർക്കും നല്ലൊരു ദാഹശമനിയും ആരോഗ്യ പാനീയവുമാണ്. തേനും ചെറുനാരങ്ങനീരും ഇളം ചൂടുവെള്ളത്തിൽ രാവിലെ കുടിക്കുന്നത് അമിത വണ്ണം ഇല്ലാതാക്കും.

**4. കുരുമുളക് :**

മസാലക്കൂട്ടിൽ അഗ്രഗണ്യനാണ് കുരുമുളക്. ആയുർവ്വേദത്തിൽ ചുവന്നമുളക് (കപ്പൽ മുളക്) അംഗീകരിച്ചിട്ടില്ല. ആരോഗ്യത്തിന് നല്ലത് കുരുമുളകാണ്. എരിവുണ്ടെങ്കിലും ഇത് വയറ്കാളിച്ച ഉണ്ടാക്കില്ല. വയറ്റിൽ പുണ്ണ് ഉണ്ടാക്കില്ല. അലർജിക് ആയിട്ടുള്ള ചുമ (Allergic Cough) യിൽ കുരുമുളക് കൽക്കണ്ടം ചേർത്ത് പൊടിച്ച് ചെറിയ അളവിൽ ഇടക്കിടയ്ക്ക് കഴിച്ചാൽ കുത്തി കുത്തിയുള്ള ചുമ നിൽക്കും. കഫം പുറത്തേയ്ക്ക് കിട്ടുകയും ചെയ്യും.

**5. ചുവന്ന മുളക് :**

വയറിന് (ദഹന വ്യവസ്ഥക്ക്) അത്ര നല്ലതെങ്കിലും കൊളസ്ട്രോളിനെ കുറയ്ക്കുന്നതായി പറയുന്നു.

**6. ഏലക്ക :**

ദഹനത്തെ ഉണ്ടാക്കുന്നതാണ്. എന്തെങ്കിലും ഭക്ഷണം കഴിച്ചതിന് ശേഷം വായുക്ഷോഭമോ ദഹനത്തിന് മാന്ദ്യമോ ഉണ്ടായാൽ ഉടൻ തന്നെ 4-5 ഏലയ്ക്ക ചവച്ചരച്ച് മെല്ലെ കഴിക്കുക. പെട്ടെന്ന് തന്നെ ദഹനം ശരിയാകും. കുടിക്കാനുള്ള വെള്ളത്തിൽ ഇട്ട് തിളപ്പിക്കുവാനും നല്ലതാണ്. ചുമയ്ക്ക് കുരുമുളക്, ഏലയ്ക്ക, കൽക്കണ്ടം എന്നിവ പൊടിച്ച് കുറേശ്ശ കഴിക്കുന്നത് കാഠിന്യം കുറയ്ക്കും.

**7. തൈര് :**

തൈര് പൊതുവേ മേദസ്സിനെ വർദ്ധിപ്പിക്കുമെന്നതിനാൽ ആരോഗ്യദായകമല്ല. പക്ഷെ തൈര് ദിവസേന കടലപ്പൊടി ചേർത്ത് മുഖത്ത് പുരട്ടിയാൽ മുഖകാന്തി വർദ്ധിക്കും.





**8. കടലപ്പൊടി :**

തൈരിന്റെ കൂടെ ചേർത്ത് ദിവസേന രാവിലെ മുഖത്ത് പുരട്ടിയാൽ മുഖകാന്തി വർദ്ധിക്കും. പരുപരുപ്പ് ഇല്ലാതാകും. മുഖക്കുരു വരില്ല.

**9. കൂവപ്പൊടി :**

ദഹനത്തിന് വളരെ നല്ലതാണ്. ശരീരത്തിന് കുളിർമ്മയും തണുപ്പും നൽകും. സ്ത്രീകൾക്കുണ്ടാകുന്ന വെള്ളപോക്കിന് കൂവപ്പൊടി തിളപ്പിച്ച് കുറുക്കി കുടിക്കുന്നത് വളരെ നല്ലതാണ്. വയറിളക്കത്തിന് കൂവപ്പൊടി ഇട്ട് തിളപ്പിച്ച വെള്ളം കുടിച്ചാൽ ഉടനെ ശമനം കാണും.

**10. ബദാം, കശുവണ്ടി :**

വാർദ്ധക്യ സഹജമായ അസുഖങ്ങൾക്ക് നല്ലതാണ്. ദിവസേന പ്രഭാതത്തിൽ 4-5 ബദാം കഴിക്കുന്നത് ഊർജ്ജസ്വലത വർദ്ധിപ്പിക്കും. കശുവണ്ടിയും വളരെ ഊർജ്ജ ദായകമാണ്. പക്ഷെ അധികം കഴിക്കരുത്. തലവേദനയ്ക്ക് 8 -10 ബദാം കഴിച്ചാൽ മതി.

**11. ഉണക്കമുന്തിരി :**

മുന്തിരി പൊതുവേ വൈറ്റമിൻ ബി 12 ന്റെ കുറവ്, വിളർച്ച (Anemia) എന്നിവയ്ക്ക് നല്ലതാണ്. ശരീരത്തിൽ ശീതഗുണത്തെ തരുന്നതാണ്. ഓർമ്മശക്തി വർദ്ധിപ്പിക്കും. ദിവസേന കഴിക്കാൻ ഉത്തമമാണ്. ചെറിയ കുട്ടികളിലുണ്ടാകുന്ന മലബന്ധത്തിൽ (Constipation) ഉണക്കമുന്തിരി ഒരു പിടിയോടുത്ത് ചൂടുവെള്ളത്തിൽ ഇട്ടശേഷം അതിന്റെ ജ്യൂസു കൊടുക്കുന്നത് വളരെ ഗുണം ചെയ്യും.

**12. കറിവേപ്പില :**

ഭക്ഷണം കഴിക്കുമ്പോൾ നമ്മൾ പുറത്തു കളയുന്നതാണല്ലോ കറിവേപ്പില. ഒരിക്കലും കറിവേപ്പില കളയേണ്ട ആവശ്യമില്ല. ഇത് ദഹനത്തിന് വളരെ നല്ലതാണ്. കറിവേപ്പില, ഇഞ്ചി എന്നിവ ചേർത്തുണ്ടാക്കുന്ന ചമ്മന്തി ദഹനത്തിന് വളരെ നല്ലതാണ്.

വയറ് വേദനയുള്ളപ്പോൾ ഒരു പിടി കറിവേപ്പില മോരിൽ ഇട്ട് ജ്യൂസാക്കി കുടിച്ചാൽ വേദന ഉടൻ മാറും.

**13. ഇഞ്ചി, ചുക്ക് :**

ദഹനത്തിന് വളരെ ഉത്തമമാണ്. അതിനാൽ തന്നെ മിക്ക ആയുർവ്വേദ മരുന്നിനും ചേരുവ യാണ്. ചുക്കില്ലാത്ത കഷായമില്ല എന്ന് കേട്ടിട്ടില്ലേ. മോരിൽ ചതച്ച് കഴിക്കുന്നതും കറികളിലും ഭക്ഷണങ്ങളിലും ചേർക്കുന്നതും ദഹനത്തിന് സഹായിക്കും. ഇഞ്ചി ശർക്കര ചേർത്ത് കഴിക്കുന്നത് വിട്ടുമാറാത്ത ചുമയ്ക്ക് നല്ലതാണ്. ചുക്ക് അതിനിരട്ടി എള്ള് അതിനിരട്ടി കറുത്ത ശർക്കര എന്നിവ ചേർത്ത് പൊടിച്ച് പലവട്ടമായി കഴിച്ചാൽ ഏതും ചുമയും മാറും.

**14. കൽക്കണ്ടം :**

കഫഹരമാണ്. അതിനാൽ ചെറിയ. കുട്ടികൾക്ക് വളരെ നല്ലതാണ്. പഞ്ചസാരയുടെ ദോഷങ്ങളില്ല. ചുമയ്ക്ക് മരുന്നായി ചുക്കിന്റെയും കുരുമുളകിന്റെയും കൂടെ കഴിക്കാം. അലർജിക്ക് മഞ്ഞളിന്റെ കൂടെ കഴിക്കുന്നത് നല്ലതാണ്.

**15. മലർ :**

മലരിട്ട വെള്ളം കുടിക്കുന്നത് ക്ഷീണത്തിന് വളരെ നല്ലതാണ്. ഛർദ്ദിക്ക് നല്ലൊരു മരുന്നാണ് മലരിട്ട വെള്ളം.

**16. ഈന്തപ്പഴം :**

ഓജസ്സ് നൽകുന്നതാണ്. ലൈംഗികശേഷി വർദ്ധിപ്പിക്കുന്നു. ദിവസേന 2-3 ഈന്തപ്പഴം പുരുഷനും സ്ത്രീക്കും കഴിയ്ക്കാം. ഈന്തപ്പഴത്തിന്റെ കുരു തേനിൽ അരച്ച് വീക്കത്തിൽ പുരട്ടിയാൽ പെട്ടെന്ന് നീര് കുറയും. കടുന്നൽ കുത്തിയാൽ ഇത് പുരട്ടിയാൽ മതി.

**17. കറുവപ്പട്ട :**

ദഹനത്തിന് നല്ലതാണ്. കറുവപ്പട്ട പൊടിച്ച് തേനും ചൂടുവെള്ളവും ചേർത്ത് പ്രഭാതത്തിൽ കുടിക്കുന്നത് അമിതവണ്ണം കുറയ്ക്കും. കൊളസ്ട്രോൾ കുറയ്ക്കും.

**18. ഉപ്പ് :**

രക്തമർദ്ദം കുറവുള്ളവരിൽ വെള്ളത്തിലോ മോരിലോ ഉപ്പ് കലക്കിക്കുടിക്കുന്നത് സിദ്ധൗഷധമാണ്. ശരീരത്തിന്റെ ദ്രവങ്ങളുടെ ചംക്രമണത്തിന് ഉപ്പിന്റെ സാന്നിദ്ധ്യം അത്യന്താപേക്ഷിതമാണ്. പെട്ടെന്ന് ഒരു മുറിവ് പറ്റുകയാണെങ്കിൽ ഉപ്പ് തേയ്ക്കുന്നത് രക്തപ്രവാഹത്തെ കുറയ്ക്കും. 'അറുത്ത കൈയ്ക്ക് ഉപ്പു തേയ്ക്കാത്തവൻ' എന്ന പഴഞ്ചൊല്ല് ഓർമ്മയില്ലേ. ഉമിക്കരി ഉപ്പു ചേർത്ത് തേച്ചാൽ പല്ലുകൾ വൃത്തിയാകും.

**19. ജീരകം :**

ദഹനത്തിന് സഹായിക്കുന്നു. വായു ഉരുണ്ടു കേറൽ, ഗ്യാസ്ട്രബിൾ, ഛർദ്ദിക്കാൻ വരിക. വിശപ്പില്ലായ്മ എന്നിവയിൽ ജീരകമിട്ട് തിളപ്പിച്ച വെള്ളം കുടിക്കുന്നത് ഉടൻ ഗുണം ചെയ്യും.

**20. അരിക്കാടി :**

അരിക്കാടി നല്ല (Cooling) തണുപ്പാണ്. രക്തപ്രവാഹത്തെ കുറയ്ക്കും. മാസമുറ കൂടുതലാണെങ്കിൽ അരിക്കാടിയിൽ ആയുർവ്വേദമരുന്ന് കൊടുക്കാറുണ്ട്. വാതരക്തത്തിൽ ധാര ചെയ്യുന്നതിനും അരിക്കാടി ഉപയോഗിക്കാറുണ്ട്.

**21. ഉലുവ :**

പ്രമേഹത്തിന് നല്ലതാണെന്ന് പ്രസിദ്ധമാണല്ലോ? ഉലുവചൂർണ്ണം 5 ഗ്രാം വീതം ദിവസേന ചൂടുവെള്ളത്തിൽ കുടിക്കുക. പ്രസവാനന്തരം സ്ത്രീകൾക്ക് ഉലുവച്ചോറ് കൊടുക്കുക എന്നത് ഗൃഹൗഷധിയാണ്.

**22 കായം :**

ദഹനത്തിന് വളരെ നല്ലതാണ്. വായുസ്തംഭനം, ശോധനക്കുറവ് എന്നിവയിൽ കായംചൂർണം കഴിക്കുന്നത് നല്ലതാണ്. ഗുണം ചെയ്യും. പെട്ടെന്നുണ്ടാകുന്ന ഗുൻമൻ പോലുള്ള വേദനയ്ക്ക് കായം വളരെ നല്ലതാണ്.

**23. ഗ്രാമ്പൂ :**

ദഹനത്തിന് സഹായിക്കും. ദാഹജലത്തിൽ ഇട്ട് തിളപ്പിക്കാൻ നല്ലതാണ്. കുത്തികുത്തിയുള്ള ചുമയിൽ ഗ്രാമ്പൂ ചവച്ചരച്ച് കഴിച്ചാൽ തൽസമയം സുഖം കിട്ടും. ഇക്കിട്ട് മാറുവാൻ നല്ലതാണ്. വായുക്ഷോഭത്തിനും കഴിക്കാം. പല്ലു വേദനയ്ക്ക് ഗ്രാമ്പു ചവയ്ക്കുന്നത് നല്ലതാണ്.

**24. നാളീകേരം :**

വെളിച്ചെണ്ണ ഏറ്റവും നല്ല എണ്ണയാണ്. ഇതിലടങ്ങിയിരിക്കുന്ന ലൂറിക് ആസിഡ് വാതരോഗങ്ങളെ തടയും. രോഗപ്രതിരോധശേഷി വർദ്ധിപ്പിയ്ക്കും. വെളിച്ചെണ്ണ മുറിവുണക്കും. ത്വക്കിന് നല്ലത്.

**നാളീകേരവെള്ളം :**

വളരെ നല്ലൊരു ഊർജ്ജദായനിയാണ്. ഉടനടി ഗ്ലൂക്കോസ് ലഭിക്കുന്നതിനാൽ ക്ഷീണം പെട്ടെന്നു മാറും.

**നാളീകേര പാൽ :**

പുരട്ടിയാൽ തൊലിക്ക് മാർദ്ദവമുണ്ടാകും. Dry-Skin ന് ഉത്തമം. പ്രസവിച്ച ഉടനെയുള്ള കുഞ്ഞുങ്ങളിൽ തേച്ചു കുളിപ്പിക്കാൻ ഉപയോഗിക്കുന്നു. രോപണം ( Healing) ആണ്.

**വെന്ത വെളിച്ചെണ്ണ:**

നാളീകേരപാൽ വെയിലത്ത് വെച്ച് തയ്യാറാക്കുന്ന വെന്ത വെളിച്ചെണ്ണ കൊളസ്ട്രോൾ കുറയ്ക്കും. രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കും. ചൊറി, ചിരങ്ങ് എന്നീ ത്വക് രോഗങ്ങളിൽ പുരട്ടാൻ അത്യുത്തമം.

**തെങ്ങിന്റെ മച്ചിങ്ങ :** (തേങ്ങകളുടെ ഏറ്റവും ചെറുരൂപം) (അടർന്നു വീഴുന്നത്) അരച്ച് പുരട്ടുന്നത് വായപ്പുണ്ണിന് ചികിത്സയാണ്.

**25. പാൽ :**

പാൽ ശരീരത്തിന് കുളിർമ്മ (Cooling) നൽകുന്നു. പ്രകൃതിദത്തമായ മിനറലുകൾ വിറ്റാമിൻ ഡി 3, പ്രൊട്ടീൻ എന്നിവ അടങ്ങിയതിനാൽ ഉത്തമമായ പാനീയമാണ്. വാർദ്ധക്യത്തിൽ പ്രത്യേകിച്ചും ദിവസേന ഒരു ഗ്ലാസ്സ് പാൽ കുടിക്കുന്നത് നല്ലതാണ്. ഉറക്കക്കുറവുള്ളപ്പോൾ രാത്രിയിൽ പാൽ മധുരമിട്ട് ചെറുചൂടിൽ കുടിച്ചാൽ ഉറക്കം വരും.

**26. മുതിര :**

ശരീരത്തിന് ചൂടാണ് നൽകുന്നത്. അതിനാൽ വാതരോഗങ്ങൾക്ക് നല്ലതാണ്. മുതിര വറുത്തു പൊടിച്ചത് ദിവസേന കഴിച്ചാൽ ശരീരം മെലിയും. വാതരോഗങ്ങളിൽ മുതിര വറുത്തു പൊടിച്ചത് കിഴി വെയ്ക്കാറുണ്ട്. കൊളസ്ട്രോൾ കുറയ്ക്കും.

**27. മോര് :**

അർശസ്സിന് (Piles) സിദ്ധൗഷധമാണ്. ദിവസേന കുടിച്ചാൽ അർശസ്സ് കുറയും. ദഹനത്തിന് വളരെ നല്ലതാണ്. പല ആയുർവ്വേദ മരുന്നുകളും മോരിൽ കലക്കിയാണ് കുടിക്കുവാൻ പറയാറുള്ളത്. മോരിൽ പുളിയാറില ചേർത്തുണ്ടാക്കുന്ന മുക്കുടി വയറ്റിലെ വ്യാധികൾക്ക് ഉത്തമമാണ്. മേദസ്സിനെ കുറയ്ക്കും.

**28. തവിട് :**

അസ്ഥികളുടെ വളർച്ചയ്ക്ക് വളരെ നല്ലതാണ്. തവിട് കളയാത്ത കുത്തരി വേണം ചോറുവെയ്ക്കുന്നതിന്. വാതസംബന്ധമായ വേദന, കടച്ചിൽ, തരിപ്പ് എന്നിവയിലും തവിട് കിഴികെട്ടി ചൂടു വെയ്ക്കുന്നത് നല്ലതാണ്. ഉപ്പൂറ്റിയിലുള്ള വേദനയ്ക്ക് തവിട് കിഴി വെയ്ക്കുന്നത് വേദന കുറയ്ക്കും.

**29. കൊത്തമല്ലി :**

മല്ലിയിട്ട് തിളപ്പിച്ച വെള്ളം കുടിക്കുന്നത് വായുക്ഷോഭത്തിന് ശമനമുണ്ടാക്കും. വായുവിന്റെ ഗതി ശരിയാകും ശരിയാക്കും. ശരീരത്തിന്റെ സ്റ്റിഫ്നെസ്സ് കുറയ്ക്കും. ലാഘവമുണ്ടാകും. ദഹനപ്രക്രിയയെ ശരിയാക്കും. ദാഹജലത്തിന് മല്ലിവെള്ളം ഉണ്ടാക്കി കുടിക്കുന്ന ശീലം നല്ലതാണ്. വിശപ്പും ദഹനവും കുറവുള്ളവർ സ്ഥിരമായി മല്ലിവെള്ളം കുടിക്കാനുപയോഗിക്കാം.

**30. എള്ള് :**

രക്തസ്രാവത്തെ ത്വരിതപ്പെടുത്തും. മാസമുറ ശരിയായിട്ട് വരാൻ എള്ള് വറുത്ത് ശർക്കര കൂട്ടി കഴിക്കുന്നത് നല്ലതാണ്. കഴുത്ത് , പിടലി വേദനയ്ക്ക് എള്ളെണ്ണ പുരട്ടുന്നത് നല്ലതാണ്. ചുമ കഫക്കെട്ട് എന്നിവയ്ക്ക് ഇഞ്ചിയും ശർക്കരയും ചേർത്തു കഴിക്കാം. നല്ലതാണ്.

**31. നെയ്യ് :**

ദിവസേന ഒരു ടീസ്പൂൺ നെയ്യ് ചോറിൽ കഴിക്കുന്നത് ബുദ്ധി വികാസത്തിനും ഓർമ്മശക്തിക്കും നല്ലതാണ്. ദഹനത്തിന് നല്ലതാണ്. കാൽവിള്ളിച്ചക്ക് പുരട്ടിയാൽ വിള്ളിച്ച മാറും. ഡ്രൈ സ്കിൻ ഉള്ളവർക്കും വയറ് കാളിച്ചയുള്ളവർക്കും ദിവസേന കഴിക്കുവാനും പുരട്ടുവാനും നല്ലതാണ്.

**32. ചെമ്പരത്തിപ്പൂവ് :**

മാസമുറയിലെ രക്തസ്രാവം കൂടുതലാണെങ്കിൽ ചെമ്പരത്തിപ്പൂവ് വാട്ടി പിഴിഞ്ഞ് കഴിച്ചാൽ ശരിയാകും. ചെമ്പരത്തി പൂവ്, ഇല എന്നിവയിട്ട് ഉണ്ടാക്കുന്ന വെളിച്ചെണ്ണ മുടി വളരാൻ സഹായിക്കും. ത്വക്രോഗങ്ങളിൽ പുരട്ടാനും ഉത്തമമാണ്.

**33. തുളസിയില :**

മൂക്കടപ്പ്, സൈനസൈറ്റിസ് എന്നിവയ്ക്ക് തുളസിയിലയിട്ട് തിളപ്പിച്ച വെള്ളം ആവികൊള്ളുന്നത് നല്ലതാണ്. തുളസിയിലസ്വാരസം കൊണ്ട് നസ്യം ചെയ്യാം. ചെറിയ കുട്ടികൾക്ക് ചുമ, ശ്വാസംമുട്ടൽ എന്നിവയിൽ തുളസിയിലസ്വാരസം കൊടുക്കുന്നത് ഗുണം ചെയ്യും. തുളസിയിലയിട്ട് എണ്ണ കാച്ചി ഉപയോഗിക്കുന്നത് ജലദോഷം, മൂക്കടപ്പ് എന്നിവയുള്ളവർക്ക് നല്ലതാണ്.

**34. ചോറ് :**

ദേഹത്തുണ്ടാകുന്ന വലിയ ചൂടുക്കുരുക്കൾ പൊട്ടാൻ, ചോറ് മഞ്ഞൾപൊടി ചേർത്ത് അരച്ച് ചൂടാക്കി പുരട്ടിയാൽ മതി. പഴഞ്ചോറ് വയറിന് ഉത്തമമാണ്. ഏറ്റവും പോഷകഗുണമുള്ള താണെന്ന് WHO അംഗീകരിച്ചതാണ് പഴങ്കഞ്ഞി. വയറ് കാളിച്ച, പുകച്ചിൽ, സ്ത്രീകൾക്കുണ്ടാകുന്ന വെള്ളപോക്ക് എന്നിവയ്ക്ക് നല്ലതാണ്.

**35. വെളുത്തുള്ളി :**

2–3 പോള വെളുത്തുള്ളി തൊലികളഞ്ഞ് ചതച്ച് കാൽ ഗ്ലാസ്സ് പാലിൽ ചേർത്ത് തിളപ്പിച്ച് ആറിയശേഷം രാത്രി കുടിക്കുക. രക്തസമ്മർദ്ദം, രക്തത്തിലെ കൊഴുപ്പ്, ഹൃദ്രോഗങ്ങൾ എന്നിവയ്ക്ക് നല്ലതാണ്.

**36. തക്കാളി :**

തക്കാളി മോരിൽ മിക്സ് ചെയ്ത് ദേഹത്ത് പുരട്ടിയാൽ വെയിൽ കൊള്ളുന്നതാനാലുള്ള പ്രശ്നങ്ങൾ മാറി കിട്ടും.

ഇനിയുമിനിയും നമ്മുടെ ഗൃഹൗഷധങ്ങളുടെ പട്ടിക നീറുകയാണ്. ഈ നാട്ടറിവ് ഉപയോഗപ്പെടുത്തുക.



## STATEMENT ABOUT OWNERSHIP AND OTHER PARTICULARS OF THE MAGAZINE

### KARAYOGA SOUHRIDAM

English/Malayalam, Form IV (See Rule 8)

| | | |
|---|---|---|
| 1. Place of Publication | : | Ernakulam |
| 2. Periodicity of Publication | : | Monthly |
| 3. Printer's Name | : | M.Sreevallabhan Nair |
| Nationality | : | Indian |
| Address | : | C/o Ernakulam Karayogam, D.H.Road, Kochi-682016 |
| 4. Publisher's Name | : | M.Sreevallabhan Nair |
| Nationality | : | Indian |
| Address | : | C/o Ernakulam Karayogam, D.H.Road, Kochi-682016 |
| 5. Editor's Name | : | M. Sreevallabhan Nair |
| Name&Address | : | C/o Ernakulam Karayogam, D.H.Road, Kochi-682016 |
| 6. Name&Address of individuals who own the News Paper and Partners or shareholders holding more than one percent of the total capital | : | Ernakulam Karayogam, D.H.Road, Kochi-16 |

I, M. Sreevallabhan Nair hereby declare that the particulars given above are true to the best of my knowledge and belief.

Date: 1.3.2019

M. Sreevallabhan Nair
(s/d-)



# രവിപുരം ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ 1194-(2019) മാണ്ടത്തെ ഉത്സവപരിപാടികൾ

**08.04.2019 മുതൽ 13.04.2019 വരെ**
**(25.8.1194 മുതൽ 30.8.1194 വരെ)**

**ഒന്നാം ദിവസം (08.04.2019) തിങ്കൾ**

| | | |
|---|---|---|
| വൈകുന്നേരം 7.45 ന് | : | കൊടികയറ്റം |
| രാത്രി 10.00 ന് | : | വിളക്ക് |

രണ്ടാം ദിവസം (09.4.2019) ചൊവ്വ

| | | |
|---|---|---|
| രാവിലെ 4.30 മുതൽ | : | നവകം, പഞ്ചഗവ്യം |
| വൈകുന്നേരം 6.30 മുതൽ | : | നൃത്തസന്ധ്യ(കുമാരി ഐശ്വര്യാ ബാലചന്ദ്രൻ) |
| 7.30 മുതൽ 8.30 വരെ | : | ഭക്തിഗാനസുധ (ശ്രീകൃഷ്ണഓർക്കസ്ട്ര,ചിറ്റൂർ) |

**മൂന്നാം ദിവസം (10.04.2019) ബുധൻ**

| | | |
|---|---|---|
| രാവിലെ 4.30 ന് | : | നവകം, പഞ്ചഗവ്യം |
| ഉച്ചയ്ക്ക് 12 മുതൽ | : | ഓട്ടൻതുള്ളൽ |
| വൈകുന്നേരം 6.00 മുതൽ 7.00 വരെ | : | സോപാനസംഗീതം |
| 7.00 മുതൽ 8.00 വരെ | : | ഭക്തിഗാനതരംഗിണി (ത്യാഗബ്രഹ്മം ടി.എസ് രാധാകൃഷ്ണൻ) |
| 9.00 മുതൽ | : | തിരുവാതിരകളി |
| രാത്രി 10.30 ന് | : | വിളക്ക് |

**നാലാം ദിവസം (11.4.2019) വ്യാഴം**

| | | |
|---|---|---|
| ഉച്ചയ്ക്ക് 11.00 ന് | : | ഉത്സവബലിദർശനം |
| 12.00 ന് | : | ഓട്ടൻ തുള്ളൽ |
| വൈകുന്നേരം 7.00 മുതൽ 8.30 വരെ | : | ഉടുക്ക്, പാണ്ടിമേളം |
| 8.30 മുതൽ | : | ഭക്തിഗാനസുധ (നാദം ഓർക്കസ്ട്ര, എറണാകുളം) |

**അഞ്ചാം ദിവസം : (12.4.2019)വെള്ളി**

| | | |
|---|---|---|
| 7.00 മുതൽ | : | നവകം, പഞ്ചഗവ്യം |
| വൈകുന്നേരം 7.30 മുതൽ | : | തായമ്പക |
| രാത്രി 10.00 ന് | : | വലിയ വിളക്ക് |

**ആറാം ദിവസം (13.4.2019)ശനി ആറാട്ട്**

| | | |
|---|---|---|
| വൈകുന്നേരം 4.00 ന് | : | പകൽപ്പൂരം, മേജർസെറ്റ് പഞ്ചവാദ്യം |
| അവതരണം | : | ചോറ്റാനിക്കര വിജയൻ മാരാർ |
| വൈകുന്നേരം 6.30 മുതൽ 8.00 വരെ | : | പാണ്ടിമേളം, തിരുവല്ല രാധാകൃഷ്ണൻ, ചൊവ്വല്ലൂർ മോഹനൻ |
| തുടർന്ന് | : | കൊടിയിറക്കം, കൊടിക്കൽ പറ |





# വലിയ ചോദ്യങ്ങൾക്കുള്ള ചെറിയ ഉത്തരങ്ങൾ

**യു. എസ്. രവീന്ദ്രൻ. ഫോൺ : 9496120978**

സ്റ്റീഫൻ ഹോക്കിൻസ് എന്ന ശാസ്ത്രചിന്തകൻ മരിച്ചിട്ട് മാർച്ച് മാസം 14-ാം തീയതി ഒരു വർഷം തികയുന്നു. അദ്ദേഹത്തിന്റെ ചില ശാസ്ത്രചിന്തകളുടെ ചുരുക്കെഴുത്താണ് ഈ ലേഖനം. കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിൽ ഗണിതശാസ്ത്ര പ്രൊഫസർ എന്ന നിലയിൽ 30 വർഷത്തോളം അദ്ദേഹം വർത്തിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ A brief History of time, Black Holes and baby universe, Universe in a nut shell, The grand Design എന്ന പുസ്തകങ്ങൾ അന്തർദേശീയ തലത്തിൽ Best Sellers ആണ്. അദ്ദേഹവും മകളായ ലൂസി ഹോക്കിൻസും ചേർന്ന് കുട്ടികൾക്ക് വേണ്ടി ശാസ്ത്ര ലേഖനങ്ങളും എഴുതിയിട്ടുണ്ട്. അതിൽ ആദ്യത്തെ സമാഹാരമാണ് Geongs Secret Key to the Universe.

ഒരു പ്രത്യേക തരം രോഗം ബാധിച്ച് ശരീരത്തിന്റെ ചലനശേഷിയും സംസാരശേഷിയും നഷ്ടപ്പെട്ടിട്ടും വീൽചെയറിൽ ഇരുന്നുകൊണ്ട് ഇലക്ട്രോണിക് സംവിധാനങ്ങളിലൂടെ ആശയവിനിമയം നടത്തി ശാസ്ത്രത്തിന്റെ പുതിയ പുതിയ മേഖലകളിലേക്ക് വിരൽ ചൂണ്ടി ഒരു ശാസ്ത്രകൗതുകിക്ക് തോന്നിയേക്കാവുന്ന ചില വലിയ ചോദ്യങ്ങളും അവയ്ക്കുള്ള ചെറിയ ഉത്തരങ്ങളുമാണ് ഇവിടെ പ്രതിപാദിക്കുന്നത്. പ്രപഞ്ചം എങ്ങിനെ ഉണ്ടായി? പ്രപഞ്ചത്തിൽ മനുഷ്യനെ കൂടാതെ വിശേഷബുദ്ധിയുള്ള വേറെ ജീവികൾ ഏതെങ്കിലും ഉണ്ടോ? പ്രപഞ്ചത്തിന്റെ ഭാവി പ്രവചിക്കുവാൻ സാദ്ധ്യമാണോ? ഒരു (Black Hole) തമോഗർത്തത്തിലെന്താണുള്ളത്? പ്രകാശയാത്ര സാദ്ധ്യമാണോ? മനുഷ്യൻ ഭൂമിയിൽ എത്ര കാലം കൂടി ജീവിക്കും. ബഹിരാകാശ കോളനികൾ യാഥാർത്ഥ്യമാകുമോ? നിർമ്മിത ബുദ്ധികൾ (Artificial Intellegance) മനുഷ്യനെ കീഴടക്കുമോ? ഈ ചോദ്യങ്ങളും അവയുടെ ഉത്തരങ്ങളും വിജ്ഞാന കുതുകികളെ പുതിയ ഒരു ചിന്താ മേഖലയിലേക്ക് നയിക്കുവാൻ ഉതകുന്നതാണ്.

ചോദ്യം ഒന്ന്: പ്രപഞ്ചം എങ്ങിനെ ഉണ്ടായി?

ഗ്രീക്ക് തത്വചിന്തകനായിരുന്ന അരിസ്റ്റോട്ടിൽ വിശ്വസിച്ചിരുന്നത് പ്രപഞ്ചം പണ്ടു തൊട്ടേ നിലനിന്നിരുന്നു എന്നാണ്. പലപ്പോഴും ഉണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളും പ്രളയങ്ങളും അത്രയും തവണ പ്രപഞ്ചത്തെ പൂർവ്വാവസ്ഥയിൽ തന്നെ എത്തിച്ചു കൊണ്ടിരുന്നു. ഹിന്ദുമത വിശ്വാസവും സൃഷ്ടിസ്ഥിതി സംഹാരം എന്നീ പ്രക്രിയകൾ ആവർത്തിച്ചു കൊണ്ടിരിക്കുന്നു എന്നാണല്ലോ. പ്രപഞ്ചത്തിന് ഒരു ഉല്പത്തി ഉണ്ടായിരുന്നു എന്ന് വിശ്വസിക്കുന്നവരോട് ഒരു ചോദ്യം. അങ്ങിനെയാണെങ്കിൽ പ്രപഞ്ചോല്പത്തിക്ക് മുൻപുള്ള അവസ്ഥ എന്തായിരുന്നു? പ്രപഞ്ചം ഉണ്ടാകാൻ അത്രയും വൈകിയത് എന്തുകൊണ്ടാണ്? പ്രപഞ്ചം നേരത്തേ ഉണ്ടായിരുന്നു എന്ന് വിശ്വസിക്കുന്നവരോട് ഒരു ചോദ്യം. പ്രപഞ്ചം ഇന്നത്തെ ഈ അവസ്ഥയിൽ എത്തുവാൻ വൈകിയത് എന്തുകൊണ്ടാണ് ? ജർമ്മൻ തത്വചിന്തകൻ ഇമ്മാനുവൽ കാന്റിനുള്ള മേൽ പറഞ്ഞ സംശയങ്ങൾ എല്ലാവർക്കും ഉള്ളതാണ്. അനന്തമായ ഭൂതകാലവും അനന്തമായ ഭാവികാലവും അടിസ്ഥാനമാക്കിയുള്ളതാണ് പ്രപഞ്ചത്തിന്റെ ഗതി എന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. ഹിന്ദുമത വിശ്വാസപ്രകാരം അനന്തശയനൻ എന്ന സങ്കല്പവും ഇതു തന്നെയല്ലേ?

ഭാഗവതത്തിലെ അഞ്ചാമദ്ധ്യായത്തിൽ നാരദ-ബ്രഹ്മാവു സംവാദത്തിൽ തത്വങ്ങളുടെ ഉത്ഭവത്തെപ്പറ്റിയും ബ്രഹ്മാണ്ഡ നിർമ്മാണ വർണ്ണനയും കൊടുത്തിട്ടുണ്ട്. ആറാമദ്ധ്യായത്തിൽ വിരാട് പുരുഷനെയും വർണ്ണിച്ചിരിക്കുന്നു. അനന്തമായ പ്രപഞ്ചം വിരാട് പുരുഷനാണെന്നും ഓരോ സൃഷ്ടിയും വിരാട് പുരുഷന്റെ ശരീരഭാഗങ്ങളായും സങ്കല്പിച്ചിരിക്കുന്നു.

മദ്ധ്യാഫ്രിക്കയിലെ ബോഷംഗോ ജനങ്ങൾ ഇങ്ങനെ വിശ്വസിക്കുന്നു. ആരംഭത്തിൽ ഇരുട്ടും വെള്ളവും ബുംബ എന്ന ദൈവവും മാത്രമേ ഉണ്ടായിരുന്നുള്ളൂ. ബുംബ ദൈവം ഛർദ്ദിച്ചതാണ് സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, മൃഗങ്ങൾ അവസാനം മനുഷ്യൻ എന്ന് അവർ വിശ്വസിക്കുന്നു.

മനുഷ്യവംശം ഏറ്റവും പുതിയ സൃഷ്ടിയാണ്. അറിവിൽ കൂടെയും സാങ്കേതിക ശാസ്ത്രങ്ങളിലൂടെയും പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. എന്നാൽ ബിഷപ്പ് ഉഷർ വിശ്വസിക്കുന്നത് ക്രിസ്തുവിന് മുൻപ്

(ബിസി) 4004 ൽ ഒക്ടോബർ 4-ാം തീയതി 6 മണിക്കാണ് പ്രപഞ്ചസൃഷ്ടി ഉണ്ടായിട്ടുള്ളതെന്നാണ്.

1965 വരെയുള്ള നിരീക്ഷണങ്ങളിൽ നിന്നും ശാസ്ത്രജ്ഞന്മാരിൽ നിന്നും ഉരുത്തിരിഞ്ഞു വന്ന അഭിപ്രായങ്ങൾ പ്രപഞ്ചം തുടക്കത്തിൽ അതിസാന്ദ്രതയുള്ള പിണ്ഡമായിരുന്നു എന്നും (ഹിന്ദുമത വിശ്വാസപ്രകാരം ബ്രഹ്മാണ്ഡം ഒരു മഹാവിസ്ഫോടനത്തിനുശേഷം (Big Bang) വളർന്ന് വികസിച്ചിട്ടുള്ളതുമാണെന്നാണ്. ഹബിൾ ടെലസ്കോപ്പ് സ്ഥാപിതമായതോടെ വികസിച്ചു കൊണ്ടിരിക്കയാണ് പ്രപഞ്ചം എന്ന സങ്കല്പത്തിന് ഉപോൽബലകങ്ങളായ പല തെളിവുകളും കണ്ടെത്തലുകളും ഉണ്ടായിട്ടുണ്ട്. നക്ഷത്രവ്യൂഹങ്ങൾ (Galaxies) ഇന്നു കാണുന്ന ദൂരത്തിലല്ല കുറേ വർഷങ്ങൾക്കുശേഷം കാണുന്നത്. അവ അകന്നുകൊണ്ടിരിക്കുന്നു. മറിച്ച് ചിന്തിക്കുകയാണെങ്കിൽ ഇന്ന് അകന്നുകൊണ്ടിരിക്കുന്ന നക്ഷത്രവ്യൂഹങ്ങൾ വളരെ വർഷങ്ങൾക്കു മുൻപ് ഒരുമിച്ച് ഒരു പിണ്ഡമായിരുന്നവയായിരിക്കണം. ചില നിയമങ്ങൾക്കനുസൃതമായിട്ടു മാത്രമേ പ്രപഞ്ച വികാസം നടക്കുകയുള്ളൂ എന്ന് ആൽബർട്ട് ഐൻസ്റ്റെൻ വിശ്വസിച്ചു. എന്നാൽ ജർമ്മൻ ശാസ്ത്രജ്ഞനായ വെർണർ ഹെയ്സൻബർഗ് പ്രപഞ്ച വികാസത്തിൽ ചില അനിശ്ചിത തത്വങ്ങൾ (Uncertanity) കൂടിയുണ്ടെന്ന് കണ്ടെത്തി. രണ്ടും കൂടി ചേർത്ത് വച്ച് ഒരു സാധ്യതാ തത്വം (Probabability Theory) ആവിഷ്കരിക്കാമെന്നും പ്രപഞ്ചത്തിന്റെ ഭാവി ഏറെക്കുറെ കൃത്യമായി പ്രവചിക്കാമെന്നും കാലിഫോർണിയ യൂണിവേഴ്സിറ്റിയിലെ റിച്ചാർഡ് ഫെമാൻ (Nano technology യുടെ സ്ഥാപകൻ) പറയുന്നു. ഗോളാകൃതിയിലുള്ള ഭൂമിയിൽ ജീവിക്കുന്ന നമ്മൾക്ക് നാല് മാനങ്ങളെപ്പറ്റി (Four Dimensions) മാത്രമേ അറിവുള്ളൂ.(Latitude- Longitude- height-Time) സൃഷ്ടി കർത്താവായ ബ്രഹ്മാവിന്റെ നാല് തലകൾ ഇതിനെ പ്രതിനിധീകരിക്കുന്നതാവാം. ആധുനിക തിയറിയായ M തിയറിയിൽ 10 മാനങ്ങൾ വരെയുണ്ട്. ത്രിമാന സങ്കല്പത്തിൽ ഓരോ ഗ്രഹത്തിനും അതിന്റെ കേന്ദ്രബിന്ദുവിനെ ആധാരമാക്കി കൃത്യമായ ഭ്രമണപഥങ്ങളുണ്ട്. ഗ്രഹങ്ങളുടെ ചലനക്രമങ്ങൾ ന്യൂട്ടന്റെ ഗുരുത്വാകർഷണ നിയമങ്ങളും റോബർട്ട് ഹുക്കിന്റെ (Universe Square law ഹമം) യും ആയി ബന്ധപ്പെട്ടു കിടക്കുന്നു എന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്. CERN ജനീവയിൽ സ്ഥാപിച്ചിട്ടുള്ള L H C (Large Hydron Collider) ൽ പ്രോട്ടോണുകളെ അതിവേഗത്തിൽ ചലിപ്പിച്ച് കൂട്ടിയിടിപ്പിച്ച് പ്രപഞ്ചം സൃഷ്ടിച്ചിരിക്കുന്ന ഏറ്റവും പ്രാഥമികമായ അത്യുല്പാംശം (Elementary Particle-Higgs Bozon) 2012 ൽ കണ്ടു പിടിച്ചിട്ടുണ്ട്. അവിടെ നടന്നുകൊണ്ടിരിക്കുന്ന പരീക്ഷണങ്ങൾ പ്രപഞ്ച രഹസ്യത്തിന്റെ കൂടുതൽ അറിവുകളിലേക്ക് നയിക്കും. ഹിന്ദുമത വിശ്വാസപ്രകാരമുള്ള ശിവതാണ്ഡവം ഒരു കോസ്മിക് ഡാൻസിനോട് താരതമ്യം ചെയ്യാം. പ്രപഞ്ചത്തിലെ ഓരോ ചലനപ്രതിഭാസവും നടരാജന്റെ അംഗചലനങ്ങളായി കണക്കാക്കാം. ജനീവയിലുള്ള മേൽപറഞ്ഞ L H C പരീക്ഷണ ശാലയുടെ കവാടത്തിൽ രണ്ടു മീറ്റർ ഉയരത്തിലുള്ള ഒരു നടരാജവിഗ്രഹം സ്ഥാപിച്ചിട്ടുണ്ട്. പ്രപഞ്ചോൽപത്തിയുടെ പല സാധ്യതകളെപറ്റി പറഞ്ഞുവല്ലോ. അടുത്ത ചോദ്യം- എന്നെങ്കിലും ഈ പ്രപഞ്ചം അവസാനിക്കുമോ? വികസിച്ചു കൊണ്ടിരിക്കുന്ന പ്രപഞ്ചത്തിലെ പല പല നക്ഷത്രവ്യൂഹങ്ങൾ (Galaxies) പരസ്പരം ആകർഷണ വലയങ്ങളിൽ പെട്ട് ഒന്നായി തീരുമെന്ന് വിശ്വസിക്കുന്നു. ഇത് സംഭവിക്കാമെങ്കിൽ ഇരുപതു കോടി വർഷങ്ങൾക്കു ശേഷമായിരിക്കും. തല്കാലം ഭയപ്പെടേണ്ടതില്ല.

ചോദ്യം രണ്ട് ഃ പ്രപഞ്ചത്തിൽ മനുഷ്യനെ കൂടാതെ വിശേഷ ബുദ്ധിയുള്ള ജീവികൾ വേറെയുണ്ടോ?

ജീവൻ എന്ന പ്രതിഭാസം ഉണ്ടാകുന്നത് കാർബൺ കണികകൾ നൈട്രജൻ ഫോസ്ഫറസ് എന്നിവ പോലുള്ള മറ്റു മൂലകങ്ങളുടെ കണികകളുമായി ചേരുമ്പോഴാണ്. വ്യത്യസ്ത മൂലകങ്ങൾ അതിസൂക്ഷ്മമായി ട്യൂൺ ചെയ്ത് സംയോജിപ്പിച്ചെടുത്തില്ലായിരുന്നുവെങ്കിൽ നമ്മൾ ഈ ഭൂമുഖത്ത് ഉണ്ടാകുമായിരുന്നില്ല. 13.8 ബില്യൺ വർഷങ്ങൾക്കു മുൻപ് നടന്നുവെന്നു പറയപ്പെടുന്ന മഹാവിസ്പോടന (Big Bang) സമയത്ത് കാർബൺ ഇല്ലായിരുന്നു. അത്യുഗ്രചൂടായതുകൊണ്ട് പ്രാഥമിക കണികകളായ പ്രോട്ടോണുകളും ന്യൂട്രോണുകളും മാത്രമേ അപ്പോൾ ഉണ്ടായിരുന്നുള്ളു. പ്രപഞ്ചം വികസിക്കാൻ തുടങ്ങി തണുക്കാൻ തുടങ്ങിയതോടെ കണികകൾ ചേർന്ന് തന്മാത്രകൾ ഉണ്ടാകാൻ തുടങ്ങി (Atoms to moleculer). മഹാവിസ്ഫോടനത്തിൽ പൊട്ടി ചിതറിയ കുറെ ഭാഗങ്ങൾ നക്ഷത്രകൂട്ടങ്ങളായി അകന്ന് അകന്ന് പോയ്കൊണ്ടിരുന്നു. നമ്മൾ ജീവിക്കുന്ന സൗരയൂഥം നാലര ബില്യൺ വർഷങ്ങൾക്ക് മുൻപ് ഉരുത്തിരിഞ്ഞു വന്നതാണ്. പൂർവ്വ നക്ഷത്രങ്ങളിൽ നിന്നും കിട്ടിയ ഘനം കൂടിയ കാർബൺ ഓക്സിജൻ തുടങ്ങിയവ യോജിച്ച് ഡി.എൻ.എ യുടെ തന്മാത്രകൾ ഉണ്ടാകാൻ തുടങ്ങി. 1950 ൽ ഫ്രാൻസിസ് കിർക്കും ജെയിംസ് വാട്ട്സണുമാണ് ഡി. എൻ.എ എന്ന കോണിചങ്ങലകൾ ആണ് ജീവന്റെ അടിസ്ഥാനമെന്ന് കണ്ടു പിടിച്ചത്. അവർക്ക് ഇതിന് നോബൽ സമ്മാനം ലഭിക്കുകയുണ്ടായി. (Deoxyribo Nuclic Acid) എന്ന ഡി.എൻ.എ യിൽ നാല് ഘടകങ്ങൾ ഉണ്ട്. അഡിനിൻ, സൈറ്റോസിൻ, ഗുവാനിൻ, തൈമിൻ. ഡി.എൻ.എ എന്ന കോണിചങ്ങലകൾ പരസ്പരം ബന്ധപ്പെട്ട് പല അടിസ്ഥാന ഗുണങ്ങളുള്ള ജീവജാലങ്ങൾ ഉണ്ടാകുന്നു. ഭൂമിയിൽ ജീവൻ ഉണ്ടാകാനുള്ള കാരണമായ ഡി.എൻ.എ ബാഹ്യലോകത്തു നിന്നും വന്നതാണെന്ന് ചിലർ വിശ്വസിക്കുന്നു. എന്നാൽ ഡി.എൻ.എ യ്ക്ക് ബാഹ്യലോകത്തുള്ള റേഡിയേഷൻ അതിജീവിക്കാനുള്ള ശക്തി ഇല്ലാത്തതിനാൽ മേൽപ്പറഞ്ഞ സാധ്യത തള്ളിക്കളയാവുന്നതേയുള്ളൂ. മൂന്നര ബില്യൻ വർഷങ്ങൾക്ക് മുൻപ് ഇവിടെ ജീവൻ നിലനിന്നിരുന്നു എന്നുള്ളതിനുള്ള ജീവാംശ (Fossil) തെളിവുകൾ ഉണ്ട്.

മഹാവിസ്ഫോടനത്തിനുശേഷം 500 മില്യൺ വർഷങ്ങൾ വേണ്ടി വന്നു ചൂടു കുറഞ്ഞ് ഭൂമിയിൽ സുസ്ഥിതമായി ജീവൻ ഉണ്ടാകാനും വളരുവാനും, ഭൂമിയുടെ ഉൽപത്തിയെപ്പറ്റി ചിന്തിക്കുന്ന നമ്മളേപ്പോലെയുള്ള മനുഷ്യജീവികൾ പാകപ്പെട്ടുവരാനും ഡി. എൻ.എ പാകപ്പെട്ടു വരുമ്പോൾ അതിൽ തെറ്റുകളും കുറവുകളും സംഭവിച്ചേക്കാം. ചില തെറ്റുകൾ മറ്റു ജീവികളായി പരിണമിച്ചിട്ടുണ്ടാകാം. ഡാർവിന്റെ Origin of Species, Theory of Evolution തുടങ്ങിയ പരിണാമ സിദ്ധാന്തത്തിന്റെ പുസ്തകങ്ങൾ ഈ തത്വങ്ങളെ ആശ്രയിച്ചാണ് എഴുതിയിട്ടുള്ളത്. ഹിന്ദുമതത്തിലെ അവതാര കഥകളും ഈ ശാസ്ത്രത്തിന്റെ വേറെ ഭാഷയാണ്. ഭൂമിക്ക് പുറത്ത് ജീവികൾ ഉണ്ടെങ്കിൽ അവർ വളരെ അകലെയാണ്- അല്ലെങ്കിൽ അവർ വളരെ വളരെ അകലെയാണ് - അല്ലെങ്കിൽ അവർ ഭൂമിയിൽ ഇതിനകം സന്ദർശിച്ചിട്ടുണ്ടാകും. ഭൂമിക്ക് പുറത്ത് ജീവികൾ ഉണ്ടോ എന്നറിയുവാൻ പല തരത്തിലുള്ള സന്ദേശങ്ങൾ (Electronic Signals) അയക്കാറുണ്ട്. ഒന്നിനും ഒരു പ്രതികരണവും ഇതുവരെ ലഭിച്ചിട്ടില്ല. എങ്കിലും പലപ്പോഴും പറക്കും തളികകൾ (Unidentified Flying Objects- UFO) പലയിടത്തായി കണ്ടിട്ടുണ്ടെന്നു പറയുന്നു. ഇത് ഇക്കാര്യത്തിൽ നമ്മളെ ഒരു സംശയത്തിന്റെ നിഴലിൽ നിർത്തുന്നു.

***ചോദ്യം മൂന്ന് ഃ ഭൂമിയുടെ ഭാവി പ്രവചിക്കുവാൻ സാധിക്കുമോ ?***

പണ്ട് കാലത്ത് പ്രളയം, കൊടുങ്കാറ്റ് പോലുള്ള പ്രകൃതി ദുരന്തങ്ങളെപ്പറ്റി മുൻകൂട്ടി പറയാൻ സാധിച്ചിരുന്നില്ല. അതെല്ലാം ദൈവകോപങ്ങളാണെന്ന് വിശ്വസിച്ചിരുന്നു. എന്നാൽ പ്രകൃതി ചില നിയമങ്ങൾക്ക് വിധേയമായിട്ടാണ് പ്രവർത്തിക്കുന്നത് എന്ന് പിന്നീട് മനസ്സിലായിത്തുടങ്ങി. ആകാശത്തിലെ പല ഗ്രഹങ്ങളുടെയും നക്ഷത്രങ്ങളുടെയും ചലനങ്ങൾ ചില കൃത്യതകൾ പാലിച്ചു കൊണ്ടാണ്. ഈ ചലനങ്ങളെ ഗണിതശാസ്ത്രത്തിലെ ചില സമവാക്യങ്ങൾ ഉപയോഗിച്ച് ന്യൂട്ടൻ പ്രതിനിധീകരിച്ചിട്ടുണ്ട്. മുന്നൂറു വർഷങ്ങൾക്കു മുമ്പ് ന്യൂട്ടൻ സ്ഥിരീകരിച്ച ഗ്രാവിറ്റിക്കുള്ള സമവാക്യങ്ങൾ ഗ്രഹങ്ങളുടെ ഇപ്പോഴത്തെ സ്ഥാനം കണക്കാക്കാൻ ഇപ്പോഴും ഉപയോഗിക്കുന്നു. ഇതിനെ പരിഷ്കരിച്ച് കൂടെ കൂട്ടി കൃത്യതയോടെ ഫലം തരുന്ന സമവാക്യങ്ങൾ ഫ്രഞ്ച് ശാസ്ത്രജ്ഞനായ ലാപ്ലാസ് ഉണ്ടാക്കിയിട്ടുണ്ട്. ഇതുപ്രകാരം പ്രപഞ്ചത്തിന്റെ ഭാവി പ്രവചിക്കുവാൻ തത്വത്തിലെങ്കിലും സാധിച്ചേക്കും. എന്നാൽ സമവാക്യങ്ങളുടെ സങ്കീർണതകൊണ്ട് പ്രവചനത്തിന് പല പരിമിതികളും ഉണ്ടാകും. പ്രപഞ്ചത്തിന്റെ ഒരു ഭാഗത്ത് ഒരു ചെറിയ ചലനമുണ്ടായാൽ അത് മറ്റൊരു ഭാഗത്ത് ഒരു വലിയ കൊടുങ്കാറ്റായി പരിണമിച്ചേക്കാം. ആസ്ത്രേലിയയിലെ ഒരു ചിത്രശലഭത്തിന്റെ ചിറകടിമൂലം ന്യൂയോർക്കിലെ സെൻട്രൽ പാർക്കിൽ ഒരു കാറ്റിനും മഴക്കുമുള്ള സാധ്യത ഉണ്ടായേക്കാം. എന്നാൽ ഇത് ആവർത്തിക്കണമെന്നില്ല. അതുകൊണ്ടാണ് കാലാവസ്ഥാ പ്രവചനങ്ങൾക്ക് വിശ്വസ്തത കുറവായി വരുന്നത്. ചലിക്കുന്ന ഒരു വസ്തുവിന്റെ വേഗതയും സ്ഥാനവും ഒരുമിച്ച് കൃത്യമായി അളക്കുവാൻ സാദ്ധ്യമല്ല. വസ്തുവിനെ കണ്ടുപിടിക്കുവാൻ പ്രകാശം ആവശ്യമാണ്. എന്നാൽ പ്രകാശത്തിന്റെ വേഗത വസ്തുവിന്റെ ചലനത്തെ ബാധിക്കുന്നതിനാൽ കൃത്യമായി വസ്തുവിന്റെ വേഗതയും സ്ഥാനവും നിർണ്ണയിക്കാൻ സാധ്യമല്ല.

ചുരുക്കത്തിൽ പറഞ്ഞാൽ പ്രപഞ്ചത്തിൽ എന്താണ് സംഭവിക്കാൻ പോകുന്നതെന്ന് പ്രവചിക്കാമോ എന്ന ചോദ്യത്തിന് ഒറ്റവാക്കിൽ ഇല്ല എന്നും ഉവ്വ് എന്നും ഉത്തരം പറയാം. ഭൗതികശാസ്ത്ര നിയമങ്ങൾ അതിന് പ്രാപ്തമാണ്. പക്ഷേ കണക്കു കൂട്ടി എടുക്കാൻ ബുദ്ധിമുട്ടാണ്. തമോഗർത്തങ്ങൾ എന്ന പ്രതിഭാസത്തേകൂടി കണക്കിലെടുക്കുമ്പോൾ പ്രവചന സാധ്യത തുലോം പരിമിതപ്പെടുന്നു.

***ചോദ്യം 4 ഃ തമോഗർത്തത്തിനകത്ത് എന്താണ് ?***

തമോഗർത്തം എന്ന പ്രതിഭാസം ഒരു ശാസ്ത്ര സത്യമാണ്. 1783 ൽ കേംബ്രിഡ്ജിലെ പ്രൊഫസർ ജോൺ മിച്ചൽ തമോഗർത്തം എന്ന സങ്കല്പത്തെപ്പറ്റി വാദിച്ചിരുന്നു. അദ്ദേഹത്തിന്റെ വാദം ഇപ്രകാരമായിരുന്നു. ഒരു പീരങ്കിയിൽ നിന്നും ഉണ്ട നേരേ കുത്തനെ വിക്ഷേപിക്കുകയാണെങ്കിൽ ആരംഭത്തിൽ കൂടുതൽ

വേഗതയിലും ഗുരുത്വാകർഷണം കൊണ്ട് ക്രമേണ വേഗത കുറഞ്ഞും മുകളിലേക്ക് പോയശേഷം താഴേക്ക് തിരിച്ചു വീഴുന്നു. എന്നാൽ പ്രാരംഭ വേഗത (Initial Velocity) ഗുരുത്വാകർഷണത്തെ മറികടക്കാൻ വേണ്ടത്ര ഉണ്ടെങ്കിൽ ഗുരുത്വാകർഷണ വലയം വിട്ട് പീരങ്കിയുണ്ട ശൂന്യാകാശത്തേക്ക് എത്തിച്ചേരും. ഭൂമിയെ സംബന്ധിച്ച് ഈ വിടുതൽ വേഗത (Escape Velocity) സെക്കന്റിൽ പതിനൊന്ന് കിലോമീറ്റർ ആണ്. റോക്കറ്റുകൾ വിക്ഷേപിക്കുമ്പോൾ പ്രധാനമായും പരിഗണിക്കുന്ന ഒരു ഘടകമാണ് വിടുതൽ വേഗത. സൂര്യനെ സംബന്ധിച്ച് ഇത് സെക്കന്റിൽ 617 കിലോമീറ്റർ ആണ്. പ്രകാശത്തിന്റെ വേഗത സെക്കന്റിൽ മൂന്നു ലക്ഷം കിലോമീറ്ററിൽ കൂടുതലാണ്. അതുകൊണ്ട് പ്രകാശത്തിന് സൂര്യനിൽ നിന്ന് വിട്ട് ഭൂമിയിൽ എത്താൻ അത്ര പാടുപെടേണ്ട. ഇവിടെ എത്താൻ ഒമ്പതു മിനിട്ടുകൾ എടുക്കും എന്ന് മാത്രം. എന്നാൽ സൂര്യനെപ്പോലെ വലിയ നക്ഷത്രങ്ങൾ വേറെ ഉണ്ടായേക്കാമെന്നും അവയിൽ നിന്നുള്ള വിടുതൽ വേഗത പ്രകാശത്തിന്റെ വേഗതയേക്കാൾ കൂടുതലായതുകൊണ്ട് പ്രകാശത്തിന് അവയുടെ ആകർഷണ വലയത്തിൽ നിന്നും പുറത്തേക്കു കടക്കാൻ കഴിയാത്തതുകൊണ്ട് നമുക്ക് അവയെ കാണാൻ സാധിക്കില്ല എന്നും മിച്ചെൽ വാദിക്കുന്നു. അവയെ കറുത്ത നക്ഷത്രങ്ങൾ എന്ന് വിളിച്ചിരുന്നു. ഇപ്പോൾ തമോഗർത്തങ്ങളെന്നും (Black Holes). പ്രപഞ്ചപരിണാമത്തിനിടയിൽ ന്യൂക്ലിയർ പ്രവർത്തനംകൊണ്ട് പല നക്ഷത്രങ്ങളിലുമുള്ള ഹൈഡ്രജൻ ഹീലിയമായി മാറ്റപ്പെടുകയും കാലക്രമേണ ആ നക്ഷത്രങ്ങളിലെ ന്യൂക്ലിയർ ഇന്ധനം തീർന്നു പോകുകയും നക്ഷത്രങ്ങൾ ശോഷിക്കുകയും ചെയ്യുന്നു. ചില സന്ദർഭങ്ങളിൽ അത് വെളുത്ത കുള്ളൻ (White Dwarf) നക്ഷത്രമായി നിലകൊള്ളുകയും ചെയ്യുന്നു. കുള്ളൻ നക്ഷത്രത്തിന് ഏറ്റവും കൂടിയത് സൂര്യന്റെ 1.4 മടങ്ങ് വലുപ്പം മാത്രമേ ഉണ്ടാകുകയുള്ളൂ എന്ന് സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ഇതുപോലെ പൂർണ്ണമായും ന്യൂട്രോൺ മാത്രമുള്ള നക്ഷത്രത്തിന്റെ വലുപ്പം റഷ്യൻ ശാസ്ത്രജ്ഞനായ ലെവ് ലാണ്ടോയും നിർണ്ണയിച്ചിട്ടുണ്ട്. ജ്വലിക്കുവാനുള്ള ഇന്ധനം തീരുമ്പോൾ ഇങ്ങനെയുള്ള വെളുത്ത കുള്ളൻ നക്ഷത്രങ്ങളുടെയും, ന്യൂട്രോൺ നക്ഷത്രങ്ങളുടെയും ഗതി എന്തായി തീരും ? ആറ്റം ബോംബിന്റെ ബുദ്ധികേന്ദ്രമായ റോബർട്ട് ഓപ്പൻ ഹൈമറും സഹപ്രവർത്തകന്റെ ഹാർട്ട് ലാന്റ് സിന്ററും ചേർന്ന് തയ്യാറാക്കിയ പ്രബന്ധത്തിൽ മേൽപ്പറഞ്ഞ നക്ഷത്രങ്ങൾക്ക് ആന്തരികമർദ്ദം കുറയുകയും ക്രമേണ അവ അതീവ സാന്ദ്രതയുള്ള കേന്ദ്രമായി തീരുകയും ചെയ്യും. എന്നാൽ ഈ അഭിപ്രായത്തോട് ഐൻസ്റ്റിൻ പൂർണ്ണമായും യോജിക്കുന്നില്ല. ഒരു തമോഗർത്തം എന്നാൽ അതിന്റെ ആകർഷണ ശക്തി കൊണ്ട് സ്വന്തം പ്രകാശത്തെ പോലും പുറത്തു വിടാൻ പറ്റാത്ത അവസ്ഥയാണ്. ഈ അഭിപ്രായത്തെ ഖണ്ഡിക്കുവാൻ ഇതുവരെ ആർക്കും സാധിച്ചിട്ടില്ല. 1967 ൽ ജോൺ വീലർ ആണ് തമോഗർത്തം (Black Holes) എന്ന പുതിയ നാമം ആവിഷ്കരിച്ചത്. അതുവരെ തണുത്തുറഞ്ഞ നക്ഷത്രം (Frozen Star) എന്ന പദമാണ് ഉപയോഗിച്ചിരുന്നത്. ഒരു തമോഗർത്തത്തിന്റെ ആകർഷണ പരിധിയിൽ വരുന്ന എന്തിനേയും വലിച്ച് അകത്ത് കയറ്റിക്കളയും. പിന്നെ പുറത്തു കടക്കാൻ നോക്കണ്ട തന്നെ. പ്രകാശത്തിനുപോലും പുറത്തു വരാൻ കഴിയാത്തതുകൊണ്ട് തമോഗർത്തത്തിൽ അകപ്പെട്ടു കഴിഞ്ഞാൽ ആർക്കും കാണാനും കഴിയുകയില്ല. എന്നന്നേക്കുമായി നഷ്ടപ്പെട്ടു പോകും. ബഹിരാകാശ ഗവേഷകർക്ക് ഇനി തമോഗർത്തത്തിന്റെ സാന്നിദ്ധ്യം കൂടി പരിഗണിക്കേണ്ടതുണ്ട്. 2015 സെപ്തംബർ 14-ാം തീയതി രണ്ടു തമോഗർത്തങ്ങൾ കൂട്ടിയിടിച്ചതിന്റെ ഫലമായുണ്ടായ ആകർഷണ തരംഗങ്ങളുടെ സാന്നിദ്ധ്യം LIGO (Lazer Inferometer Gravitational Observatory) വിൽ രേഖപ്പെടുത്തിയിണ്ട്. ഇത് പുതിയൊരാശയത്തിന് വഴി തെളിയിച്ചിട്ടുണ്ട്. ഭൂമിയുടെ ഗുരുത്വാകർഷണം തരംഗങ്ങളായിട്ടാണ് പ്രവർത്തിക്കുന്നത് എന്ന ആശയത്തിന്, ഈ വിഷയത്തിൽകൂടുതൽ ഗവേഷണങ്ങൾ നടക്കുന്നു.

(തുടരും)


**എറണാകുളം**
**കരയോഗാംഗത്വം എടുക്കൂ**
**ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കാളിയാവൂ...**

**93 വർഷത്തെ സേവനപാരമ്പര്യമുള്ള എറണാകുളം കരയോഗത്തിൽ കൊച്ചി കോർപ്പറേഷൻ പരിധിയിൽ സ്ഥിരതാമസമുള്ള എല്ലാ നായർ സമുദായാംഗങ്ങൾക്കും കരയോഗം നിയമാവലിയ്ക്ക് വിധേയമായി അംഗത്വം ലഭിക്കുന്നതാണ്.**
**ഈ അവസരം പ്രയോജനപ്പെടുത്തുക.**
***കൂടുതൽ വിവരങ്ങൾക്ക്: 0484 2361160***
Email: ekmkgm@gmail.com






## 2019 ഫെബ്രുവരി മാസത്തിൽ അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ



**മീനാക്ഷി അമ്മ**
L/0531, ആലപ്പാട്ട് ഹൗസ്
ആലപ്പാട്ട് റോഡ്
രവിപുരം , കൊച്ചി - 682016



**കെ. നന്ദകുമാർ**
L/0666, ദേവി നിവാസ്
ആർ.മാധവൻ നായർ റോഡ്
കൊച്ചി - 682016



**സി. രാമൻ കർത്ത**
L/0328, ശ്രീപദ്മം
ശാന്തി ലെയിൻ
തോട്ടയ്ക്കാട്ടുകര. പി.ഒ
ആലുവ - 683102



**സി.ആർ.വേണുഗോപാൽ**
L/3041, പ്രണാം
പോളക്കുളം റോഡ്
തൃപ്പൂണിത്തുറ

## 6-ാം ചരമവാർഷികം


**21.3.2019**



**സി. ശശികുമാർ**
**കോക്കാപ്പിള്ളിൽ**
**ശങ്കർനഗർ**
**മരട്, കൊച്ചി - 682304**

## 25-ാം ചരമവാർഷികം

**19.2.2019**



**ഡോ. ടി. ഗോപിനാഥ് മേനോൻ**
**ധന്യ, 59/1861**
**വീക്ഷണം റോഡ്**
**കൊച്ചി - 682018**

## വിമൻസ് ഫോറം 2019 മാർച്ച് മാസത്തെ പരിപാടി

| തീയതി | പരിപാടി | സമയം |
|---|---|---|
| 27.03.2019 | Celebrating International Women's Day | 2.30 pm |

### ഭാരതത്തിലെ ഋഷികവികൾ
**(13-ാം പേജിൽ നിന്ന് തുടർച്ച)**

എന്ന അഷ്ടപദി ആലപിക്കാൻ തുടങ്ങി. അതിന്റെ അന്ത്യത്തിൽ പത്മാവതിക്കു ജീവൻ തിരിച്ചുകിട്ടി. അതോടെ ഈ അഷ്ടപദിക്ക് 'സഞ്ജീവനി അഷ്ടപദി' എന്ന പേർ കൂടി ലഭിച്ചു.

കൊള്ളക്കാരുടെ ആക്രമണത്തിൽ കൈകാലുകൾ നഷ്ടപ്പെട്ട ജയദേവർക്ക് ശ്രീകൃഷ്ണന്റെ അനുഗ്രഹത്താൽ അംഗങ്ങൾ തിരിച്ചു കിട്ടിയതായി ഒരൈതിഹ്യമുണ്ട്. ഭാരതത്തിലുടനീളം ആസ്വദിക്കപ്പെടുന്ന കൃഷ്ണകാവ്യമാണ് 'ഗീതഗോവിന്ദം'. മണിപ്പുരി, മോഹിനിയാട്ടം, ഭരതനാട്യം, ഒഡീസി തുടങ്ങിയ നൃത്തശാഖകൾ ഗീതഗോവിന്ദത്തെ നൃത്തരൂപത്തിൽ വേദികളിൽ അവതരിപ്പിക്കാറുണ്ട്. ഗുരുവായൂർ, തൃപ്പൂണിത്തുറ,അമ്പലപ്പുഴ തുടങ്ങിയ കേരളീയ ക്ഷേത്രങ്ങളിൽ ദീപാരാധനാ വേളകളിൽ ഇടയ്ക്കയുടെ അകമ്പടിയോടെ അഷ്ടപദികൾ ആലപിക്കുന്ന പതിവുണ്ട്. പരമ്പരാഗതശൈലിയിൽ ഇടയ്ക്ക, തംബുരു, ഇലത്താളം തുടങ്ങിയ ഉപകരണങ്ങളെ പശ്ചാത്തലവാദ്യങ്ങളായി ഉപയോഗിക്കുന്ന അഷ്ടപദിക്കച്ചേരികൾ ശ്രവണസുഖദമാണ്. മറ്റു സംഗീതശാഖകളിൽ പരിഷ്കാരങ്ങൾ കടന്നുകൂടിയതുപോലെ വേണു ,വീണ, തബല, കീബോർഡ് മുതലായ സംഗീതോപകരണങ്ങളും ഇപ്പോൾ അഷ്ടപദിക്കച്ചേരികളിൽ സ്ഥാനംപിടിച്ചു തുടങ്ങിയിരിക്കുന്നു.

(തുടരും)

*ശ്രീമതി. ശ്രീകുമാരി രാമചന്ദ്രന്റെ 'ഭാരതത്തിലെ ഋഷികവികൾ' എന്ന ലേഖന പരമ്പര പുസ്തകരൂപത്തിൽ മാതൃഭൂമി ബുക്ക് സ്റ്റാളിൽ ലഭ്യമാണ്.*

## എറണാകുളം കരയോഗം
# വിഷു വിപണനമേള

2019 ഏപ്രിൽ 7 മുതൽ 14 വരെയുള്ള ദിവസങ്ങളിൽ വിഷു ദിവസത്തേക്കുള്ള പായസം ലഭിക്കുന്നതിന് കരയോഗം ഓഫീസിൽ മുൻകൂറായി പണം അടയ്ക്കാവുന്നതാണ്. മുൻകൂർ പണം അടച്ച് ബുക്കു ചെയ്യുന്നവർക്കു മാത്രമേ ഏപ്രിൽ 15 വിഷുദിനത്തിൽ പാലട, പരിപ്പുപ്രഥമൻ എന്നിവ ലഭിക്കുകയുള്ളൂ. 15-ാം തീയതി രാവിലെ 9 മണി മുതൽ 10 മണി വരെ മാത്രമേ വിതരണം ഉണ്ടായിരിക്കുകയുള്ളൂ. ഏപ്രിൽ 10,11,12,13,14 എന്നീ ദിവസങ്ങളിൽ പാലട പ്രഥമൻ, കാളൻ, പുളിയിഞ്ചി, മറ്റ് അച്ചാറുകൾ എന്നിവ ടി.ഡി.എം ഹാളിൽ പ്രത്യേകം സജ്ജീകരിച്ച കൗണ്ടറിൽ ലഭിക്കുന്നതായിരിക്കും.

***ജനറൽ സെക്രട്ടറി***



**കേരളത്തിലെ മുതിർന്ന റേഡിയോളജിസ്റ്റായ ഡോ. പ്രസന്ന കുമാറിനെ ഐ.എം.എ ഹാളിൽ നടന്ന ചടങ്ങിൽ വെച്ച് പത്മശ്രീ. ഡോ. ജോസഫ്ചാക്കോ പെരിയപുരവും ഡോ. രാജേഷ് കർണ്ണനും ചേർന്ന് ആദരിച്ചു.**





# കങ്കാരു (Kangaroo) ക്കളുടെ നാട്

**പി.ജയരാമൻ. ഫോൺ : 9847102015**

നിരവധി സവിശേഷതകളുള്ള ഒരു രാജ്യമാണ് ആസ്ട്രേലിയ. പല പേരുകളിലും ആ നാട് അറിയപ്പെട്ടിരുന്നു. കീഴെ അടിയിലുള്ള രാജ്യം, അജ്ഞാതമായ തെക്കൻ നാട് ന്യൂ സൗത്ത് വെയിൽസ്, ബോട്ടണി ബേ എന്നിവ അവയിൽ ചിലതു മാത്രം. ആസ്ത്രേലിയ ഒരു ഭൂഖണ്ഡം മാത്രമല്ല, ഒരു രാജ്യവും, ഒരു ദ്വീപും കൂടിയാണ്. ഈ മൂന്നും ചേർന്ന വേറൊരു ഭൂഖണ്ഡമോ, ദ്വീപോ, രാജ്യമോ, വേറെയില്ല. പ്രസിദ്ധ അമേരിക്കൻ എഴുത്തുകാരനായ ബിൽ ബ്രൈസൺ ആസ്ട്രേലിയയെക്കുറിച്ച് ഒരു നല്ല കൃതി രചിച്ചിട്ടുണ്ട്. അദ്ദേഹം അതിനുകൊടുത്ത പേര് കീഴെ അടിയിൽ (Down Under) എന്നായിരുന്നു. തെക്കൻ ഗോളാർദ്ധത്തിൽ സ്ഥിതി ചെയ്യുന്നതും ഏഷ്യൻ ഭൂഖണ്ഡത്തിന്റെ അടിയിലുള്ള നാട് എന്നും കരുതിയിരുന്നതു കൊണ്ടാണ് ഈ നാമം ആസ്ട്രേലിയക്ക് ലഭിച്ചത്.

നമ്മുടെ ഇതിഹാസ കാവ്യമായ വ്യാസന്റെ മഹാഭാരതത്തിൽ ഇല്ലാത്തതൊന്നുമില്ലെന്നും, പുറത്ത് ഇതിലില്ലാത്തതൊന്നും കാണില്ലെന്നും പറയാറുണ്ട്. ഈ ആശയം ഭാഗികമായി കടമെടുത്ത് പറഞ്ഞാൽ ആസ്ട്രേലിയയിൽ കാണുന്ന 80% ത്തിലധികം സസ്യങ്ങളും, മൃഗങ്ങളും, 90% ത്തിലേറെ ഇഴജന്തുക്കളും വേറെ എങ്ങും കാണാൻ കഴിയില്ല. ആസ്ട്രേലിയയിലുള്ള എല്ലാ സസ്യങ്ങളേയും, ജീവികളേയും, ഇതിനകം കണ്ടുപിടിച്ചു കഴിഞ്ഞിട്ടുണ്ടോ എന്നതും സംശയാസ്പദമാണ്. അവിടത്തെ മൃഗങ്ങളായ കങ്കാരു, പ്ലാറ്റിപസ്, വാലബി, വോംബാറ്റ്, ഡിംഗോ, എച്ചിഡ്നാ, എന്നിവയെ മറ്റെങ്ങും കാണാൻ സാധ്യമല്ല.

ഇത്ര അകലെ ബഹുദൂരത്ത് സ്ഥിതിചെയ്യുന്നതിനാലാകാം ആസ്ട്രേലിയയെക്കുറിച്ച് വളരെയധികമൊന്നും നമുക്ക് അറിയാൻ കഴിയാത്തത്. ഉദാഹരണത്തിന് ഇപ്പോഴത്തെ ആസ്ട്രേലിയൻ പ്രധാനമന്ത്രി ആരെന്നു നമുക്ക് പലർക്കും അറിയുന്നുണ്ടാവില്ല. Scott Morrison ആണ് ആഗസ്റ്റ് 2016 മുതൽ ആസ്ട്രേലിയയിലെ പ്രധാനമന്ത്രി. ഇനിയൊരു സംഭവംകൂടി സൂചിപ്പിച്ചാൽ, 1967 ൽ ആസ്ട്രേലിയൻ പ്രധാനമന്ത്രിയായിരുന്ന Harold Holk കടലിൽ മുങ്ങി മരിച്ച വിവരം ആസ്ട്രേലിയയിൽ പോകുന്നതുവരെ എനിക്കറിയില്ലായിരുന്നു.

ആസ്ട്രേലിയ ലോകത്തിലെ ആറാമത്തെ വലിയ രാജ്യമാണ്. ഇൻഡ്യ ഏഴാമത്തേതും. റഷ്യ, കാനഡ, ചൈന, അമേരിക്ക, ബ്രസീൽ എന്നീ രാജ്യങ്ങൾ വ്യാപ്തിയിൽ മുൻ നിരയിലാണ്. ആസ്ടേലിയയുടെ മൊത്തം വിസ്തീർണ്ണം ഒരു ലക്ഷം സ്ക്വയർ കിലോ മീറ്റർ ആണെങ്കിലും ജനസംഖ്യ കേവലം 25.23 ദശലക്ഷം മാത്രമാണ്. ഇൻഡ്യയെക്കാൾ വലിയ രാജ്യമാണെങ്കിലും, ജനസംഖ്യ ഇൻഡ്യയുടെ 2% ത്തിൽ താഴെ മാത്രമാണ്. കേരളത്തിലെ ജനസംഖ്യയെക്കാളും 10 ദശലക്ഷം കുറവ്.

ഞങ്ങൾ (കുടുബസുഹൃത്തുക്കളായ ഡോക്ടർ മനോരോഗ വിദഗ്ദ്ധൻ ചന്ദ്രശേഖരൻ നായരും, ഭാര്യ ശ്രീകുമാരിയും, എന്റെ ഭാര്യ ഗീതയും, പിന്നെ ഞാനും) പ്രസിദ്ധ ടൂർ ഓപ്പറേറ്റർ ആയ തോമസ് കുക്ക് 2019 ജനുവരി 5 മുതൽ 16 വരെ സംഘടിപ്പിച്ച ആസ്ട്രേലിയൻ പര്യടനത്തിന് കൊച്ചിയിൽ നിന്നും ശ്രീലങ്കൻ എയർലൈൻസിന്റ വിമാനത്തിൽ പുറപ്പെട്ടു. കൊളംബൊയിൽ 8 മണിക്കൂർ താമസമുണ്ടായിരുന്നതിനാൽ അവിടെ ഹോട്ടലിൽ താമസസൗകര്യം ഒരുക്കിയിരുന്നു. (തിരിച്ച് വരുമ്പോഴും ഏതാണ്ട് 11 മണിക്കൂർ കൊളംബോയിൽ താമസം. അപ്പോഴും താമസ സൗകര്യം ലഭിച്ചിരുന്നു.) കൊളംബോയിൽ നിന്നും ഏതാണ്ട് 10 മണിക്കൂർ 45 മിനിറ്റ് വിമാനയാത്ര കഴിഞ്ഞ് 6-ാം തീയതി ഉച്ചയ്ക്ക് 3.30 മണിയോടെ മെൽബണിൽ എത്തിച്ചേർന്നു. മെൽബണിലെ സമയം ഇൻഡ്യൻ സമയത്തേക്കാളും 5 1/2 മണിക്കൂർ മുൻപിലാണ്. ശ്രീലങ്കൻ എയർലൈൻസിന്റെ വിമാനത്തിനുള്ളിലെ സേവനം വളരെ തൃപ്തികരമായിരുന്നു. പക്ഷെ മെൽബണിലേക്കുള്ള ഏതാണ്ട് 11 മണിക്കൂർ നീളുന്ന ഇക്കോണമി ക്ലാസ്സിലെ യാത്ര പ്രത്യേകിച്ച് അനങ്ങാതെയുള്ള ഒറ്റ ഇരുപ്പ്, മുഷിപ്പിക്കുന്നതും, തളർത്തുന്നതുമായിരുന്നു. ശശി തരൂർ ഇക്കോണമി ക്ലാസിനെ 'കന്നുകാലി ക്ലാസ്' എന്ന് വിശേഷിപ്പിച്ചതിൽ വലിയ അതിശയോക്തിയില്ല തന്നെ!

### അൽപം ചരിത്രം

ആസ്ട്രേലിയയിലെ ആദിവാസികൾ ഏതാണ്ട് 60,000 വർഷങ്ങൾക്ക് മുൻപ് ഇൻഡൊനേഷ്യയിലെ ചില ദ്വീപുകളിൽ നിന്നും കുടിയേറിയവരാണ്. അവർ ആസ്ട്രേലിയയുടെ വടക്കൻ ഭാഗങ്ങളിലാണ് ഇപ്പോൾ കൂടുതൽ വസിക്കുന്നത്. എന്നിരുന്നാലും ആസ്ട്രേലിയക്കാർ അവരുടെ ചരിത്രം ആരംഭിക്കു

ന്നത് 1770 ൽ ബ്രിട്ടീഷ് കാരനായ ജയിംസ് കുക്ക് തന്റെ കപ്പലായ എൻഡവറിൽ ആസ്ട്രേലിയയുടെ കിഴക്കൻ തീരത്ത് എത്തിച്ചേർന്നതു മുതലാണ്. 1788 മുതൽ നിരവധി ബ്രിട്ടീഷ് കപ്പലുകൾ ആസ്ട്രേലിയയിൽ വന്നണഞ്ഞു. ആ കപ്പലുകളിൽ ഇംഗ്ലണ്ടിൽ നിന്ന് നാടുകടത്തിയ ധാരാളം കുറ്റവാളികളെ കൂടെ കൊണ്ടു വന്നിരുന്നു. ആദ്യകാലങ്ങളിൽ ആസ്ട്രേലിയയിൽ ഇംഗ്ലണ്ടിൽ നിന്നും കൊണ്ടുവന്ന ധാരാളം തടവുകാർ ഉണ്ടായിരുന്നു. പിന്നീട് 1850 ൽ വലിയ സ്വർണ്ണ നിക്ഷേപങ്ങൾ കണ്ടു പിടിച്ചപ്പോൾ, ആസ്ട്രേലിയ തടവുകാരോടൊപ്പം മറ്റുള്ളവരും കൂടി ഇഷ്ടപ്പെടുന്ന ഒരു സ്ഥലമായി മാറുകയും കുറ്റവാളികളെ ഇംഗ്ലണ്ടിൽ നിന്നും നാടുകടത്തുന്ന സമ്പ്രദായത്തിനു തിരശ്ശീല വീഴുകയുമുണ്ടായി.

**കുറച്ചു ഭൂമിശാസ്ത്രം**

ആസ്ട്രേലിയ പടിഞ്ഞാറു ഭാഗത്ത് ഇൻഡ്യൻ മഹാസമുദ്രത്തിന്റേയും , കിഴക്ക് പസഫിക് സമുദ്രത്തിന്റേയും ഇടയിലുള്ള ഒരു വലിയ ദ്വീപാണ്. കിഴക്കു നിന്നും പടിഞ്ഞാറു വരെ 4000 കി.മീറ്ററും, വടക്കു നിന്ന് തെക്കു ഭാഗം വരെ 3200 കി. മീറ്ററും ഉള്ള ഈ രാജ്യത്തിന് 36735 കി.മീറ്റർ കടൽ തീരവുമുണ്ട്. ആസ്ട്രേലിയയെ ആറ് സംസ്ഥാനങ്ങളും, രണ്ട് പ്രദേശങ്ങളുമായി (Territory) തിരിച്ചിരിക്കുന്നു. അവ ക്വീൻസ് ലാന്റ് (തലസ്ഥാനം), (ബ്രിസ്ബെയ്ൻ), ന്യൂസൗത്ത് വേയിൽസ് (സിഡ്നി), വിക്ടോറിയ (മെൽബൺ), ടാസ്മാനിയ (ഹോബാർട്ട്) തെക്കൻ ആസ്ട്രേലിയ (അഡ്‌ലെയ്ഡ്), പടിഞ്ഞാറൻ ആസ്ട്രേലിയ (പെർത്ത്), എന്നീ സംസ്ഥാനങ്ങളും, വടക്കൻ പ്രദേശം (ഡാർവിൻ) ആസ്ട്രേലിയൻ തലസ്ഥാന പ്രദേശം (കാൻബറ) എന്നീ പ്രദേശങ്ങളുമാണ്.

ആസ്ട്രേലിയിലെ ഏതാണ്ട് 89% നിവാസികളും പട്ടണങ്ങളിൽ താമസിക്കുന്നു. രാജ്യത്ത് മൂന്നു സമയമണ്ഡലങ്ങൾ (Time Zones) കാണാം. പടിഞ്ഞാറുള്ള പെർത്ത് സമയം കിഴക്കുള്ള സിഡ്നി സമയത്തിന്റെ രണ്ടു മണിക്കൂർ പിന്നിലും , ബ്രിസ്ബെയ്ൻ സമയത്തിന്റെ ഒരു മണിക്കൂർ പിന്നിലും, ഇൻഡ്യൻ സമയത്തിന്റെ മൂന്നര മണിക്കൂർ മുൻപിലുമാണ്.

ആസ്ട്രേലിയ വളരെ നിരപ്പായതും, വരണ്ടതുമായ സ്ഥലമാണ്. ഏതാണ്ട് 90% ത്തോളം മരുഭൂമിയും തരിശു നിലങ്ങളുമാണ്. ലോകത്തിലെ ഏറ്റവും വിഷമുള്ള പാമ്പുകളെ അവിടെ കാണാം. ആസ്ട്രേലിയയുടെ ദേശീയമൃഗം കങ്കാരുവും, ഔദ്യോഗിക പക്ഷി എമു (Emu) വുമാണ്.

(തുടരും)

# സിനിമ എങ്ങനെ പിടിക്കാം

## കുട്ടികൾക്ക് പരിശീലന കളരി

**എറണാകുളം കരയോഗം ഫിലിം ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വേനലവധിക്കാലത്ത് ഹൈസ്കൂൾ, പ്ലസ് വൺ, പ്ലസ് ടൂ വരെയുള്ള വിദ്യാർത്ഥികൾക്ക് 'എങ്ങനെ സിനിമ പിടിക്കാം' എന്ന വിഷയത്തിൽ ഒരാഴ്ച നീണ്ട പരിശീലന കളരി നടത്തുന്നു. തെരഞ്ഞെടുക്കപ്പെട്ട അമ്പതു പേർക്കു മാത്രമാണ് പ്രവേശനം. സിനിമാരംഗത്തെ സാങ്കേതിക വിദഗ്ദ്ധരും, നടന്മാരും, സംവിധായകരുമായിരിക്കും ക്ലാസ്സെടുക്കുക. തീയതിയും മറ്റു വിവരങ്ങളും പിന്നീട് അറിയിക്കും.**

**കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക.**
**കെ. എസ് രവീന്ദ്രനാഥ്**
**പ്രോഗ്രാം കൺവീനർ**
**ഫോൺ: 9895637118**

# 2-ാം ചരമവാർഷികം

**10.03.2019**



**കൊളത്തേരി കല്യാണിക്കുട്ടിയമ്മ**
**ചിറ്റൂർ റോഡ്**
**വളഞ്ഞമ്പലം, കൊച്ചി - 682016**





മീനം

ഓം
ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു

# മാസഫലം

**2019 മാർച്ച് 15 മുതൽ ഏപ്രിൽ 14 വരെ**

Tel : TDM -2361160,
Mob : 9447696190, 9447354306

**ജ്യോതിഷാചാര്യ വിജയ മേനോൻ**



**മേടക്കൂറ് (അശ്വതി, ഭരണി, കാർത്തിക 1/4)ഃ** വാസസ്ഥലം മാറി മറ്റൊരിടത്ത് താമസിക്കേണ്ടി വരും. ഔദ്യോഗികമായി ഉയർച്ച അനുഭവപ്പെടും. ഭൂമി സംബന്ധമായുള്ള വ്യവഹാരത്തിൽ ഏർപ്പെട്ട് വിഷമിക്കേണ്ടി വരും, ബിസ്സിനസ്സിൽ നേട്ടങ്ങൾ പ്രതീക്ഷിക്കാം. മറ്റുള്ളവരുടെ സഹായത്തോടെ പുതിയ ബിസ്സ്നസ്സ് തുടങ്ങുവാനും അവസരം വന്നുചേരും. പിതാവിന് അസുഖങ്ങൾ ഉണ്ടാകുവാനും ഭാഗ്യക്കുറവിനും സാധ്യതയുണ്ട്. വ്യാഴപ്രീതി വരുത്തുക.



**ഇടവക്കൂറ് (കാർത്തിക 3/4 രോഹിണി, മകയിരം 1/2)ഃ** ഉദ്യോഗത്തിൽ നേട്ടങ്ങളും, പാരിതോഷികങ്ങളും പ്രതീക്ഷിക്കാം. ജോലിക്കായി നൽകിയ പണം തിരിച്ചു കിട്ടാതിരിക്കുകയോ, ജോലി കിട്ടാതിരിക്കുകയോ ചെയ്യാം. ശിരോസംബന്ധരോഗങ്ങൾക്ക് സാദ്ധ്യത കാണുന്നു. വിവാഹാലോചനകൾ നിശ്ചയത്തിലെത്തും. ഉദരരോഗത്തിന് ശസ്ത്രക്രിയ ആവശ്യമായി വന്നേക്കാം. ദേവീ ഭജനം കൊണ്ട് ദോഷങ്ങൾ കുറഞ്ഞു കിട്ടും.



**മിഥുനക്കൂറ് (മകയിരം 1/2, തിരുവാതിര, പുണർതം 3/4)ഃ** പുതിയ വ്യവസായ സംരഭത്തിന് വഴിതെളിഞ്ഞു കിട്ടും. വിദ്യാഭ്യാസരംഗം മെച്ചപ്പെടും. തീർത്ഥയാത്രകളിൽ അപകടസാദ്ധ്യതയും അധികചെലവും ആശുപത്രിവാസവും വേണ്ടി വന്നേക്കാം. ദാമ്പത്യ കലഹങ്ങൾക്ക് സാദ്ധ്യത കാണുന്നുണ്ട്. ബന്ധുക്കളുമായുള്ള സാമ്പത്തിക ഇടപാടുകൾ വിഷമത്തിന് ഇടയാക്കും. നാൽക്കാലികൾക്കും, പക്ഷിവർഗ്ഗങ്ങൾക്കും നാശം വന്നുചേരും. കണ്ടകശനിക്കാലമായതിനാലും വ്യാഴസ്ഥിതി മോശമാകയാലും വിഷ്ണു പ്രീതിയും ശനി പ്രീതിയും വരുത്തുക.



**കർക്കിടകക്കൂറ് (പുണർതം 1/4, പൂയം, ആയില്യം)ഃ** അനുഭവിച്ചു വരുന്ന രോഗദുരിതങ്ങൾ ശമിക്കും. പരീക്ഷയിൽ ഉന്നത വിജയം പ്രതീക്ഷിക്കാം. സന്താന ലാഭവും, സന്താന സുഖവും ലഭിക്കും. തീർത്ഥാടനങ്ങൾ മുഖാന്തിരം മനസ്സന്തോഷമുണ്ടാകും. ആഗ്രഹത്തിനനുസരിച്ച് വിവാഹം വന്നുചേരും. മന്ത്രഫലസിദ്ധിയുണ്ടാകും. ആരോഗ്യനില മെച്ചപ്പെടും. സർപ്പങ്ങളെ പ്രീതിപ്പെടുത്തുന്നതും, സർപ്പക്കാവിൽ വിളക്കു വയ്ക്കുന്നതും കുടുംബസൗഖ്യം ഉണ്ടാക്കും.



**ചിങ്ങക്കൂറ് (മകം, പൂരം, ഉത്രം 1/4 )ഃ** സഞ്ചാരക്ലേശം, സ്ഥലമാറ്റം എന്നിവ അനുഭവപ്പെടും. വിദ്യാഭ്യാസ രംഗം പുഷ്ടിപ്പെടും. ഉന്നത മാർക്കു ലഭിക്കും. ഉദ്യോഗത്തിൽ പ്രമോഷൻ സാദ്ധ്യത കാണുന്നു. നിക്ഷേപം നടത്തും. സുഖവാസ കേന്ദ്രങ്ങൾ സന്ദർശിക്കും. വസ്തുക്കച്ചവടം വഴിയോ ലോട്ടറി മുഖാന്തിരമോ ധനലാഭമുണ്ടാകാം. ദാമ്പത്യക്ലേശം അനുഭവപ്പെടും. മനസ്വസ്ഥതയ്ക്കായി ശാസ്താവിനെ ഭജിക്കുക.



**കന്നിക്കൂറ് (ഉത്രം 3/4, അത്തം, ചിത്തിര 1/2)ഃ** സാമ്പത്തിക നില പരുങ്ങലിൽ ആകും. ബന്ധുജനങ്ങൾക്ക് ആകസ്മികമരണമോ, അപകടമോ ഉണ്ടാകാം. കുടുംബസുഖക്കുറവ് അനുഭവപ്പെടും. വീട് വിട്ട് മറ്റൊരു സ്ഥലത്ത് താമസിക്കേണ്ടി വരും. സന്താനക്ലേശം കാണുന്നു. കണ്ടകശനിക്കാലമായതിനാൽ ശനിയാഴ്ച വ്രതമെടുക്കുന്നതും ശാസ്താഭജനവും ദോഷം കുറക്കും. വിവാഹ തടസ്സം മാറുവാൻ വിഷ്ണുവിനെ ഭജിക്കുക.



**തുലാക്കൂറ് (ചിത്തിര 1/2 ചോതി, വിശാഖം 3/4)ഃ** പുതിയ വീടും വാഹനവും വാങ്ങും. സ്ഥലമാറ്റത്തിന് സാദ്ധ്യത കാണുന്നു. ഏറ്റെടുക്കുന്ന പ്രവർത്തികളിൽ വിജയം പ്രതീക്ഷിക്കാം. സഹായികളിൽ നിന്നും അനുകൂല നിലപാടുണ്ടാകും. സഹോദരങ്ങളിൽ നിന്നും വിഷമതകൾ നേരിട്ടേക്കാം. സന്താനസുഖം അനുഭവിക്കും. മനസ്സിനിഷ്ടപ്പെട്ട വസ്ത്രാഭരണങ്ങൾ സ്വന്തമാകും. ധർമ്മ ദൈവപ്രീതി വരുത്തുക.



**വൃശ്ചികക്കൂറ് (വിശാഖം 1/4 അനിഴം, തൃക്കേട്ട)ഃ** ആദ്ധ്യാത്മികാചാര്യന്മാരെ കാണുവാനും അവരുടെ സത്സംഗത്തിൽ പങ്കുകൊള്ളുവാനും അവസരം വന്നുചേരും. പൗരാണികമായ ദേവാലയങ്ങൾ സന്ദർശിക്കും. വ്യാപാര വ്യവസായശാലകൾ വിപുലമായ തോതിൽ സ്ഥാപിക്കും. ഉദ്യോഗത്തിൽ സ്ഥാനമാനങ്ങൾ ലഭിക്കും. ധനചെലവുണ്ടാകുന്ന സമയമാണ്. വീട് മോടിപിടിപ്പിക്കും. സഞ്ചാര ക്ലേശം അനുഭവപ്പെടും. ഏഴരശനിക്കാലമായതിനാൽ ശാസ്താഭജനം നടത്തുക.



**ധനുക്കൂറ് (മൂലം, പൂരാടം, ഉത്രാടം1/4)ഃ** പുതിയ വ്യവസായം തുടങ്ങാൻ ധനസഹായം ലഭിക്കുന്നതാണ്. ഉന്നതവിദ്യാഭ്യാസത്തിന് അവസരം വന്നുചേരും. ആരോഗ്യസംരക്ഷണത്തിനായി യോഗ, ധ്യാനം എന്നിവ പരിശീലിക്കും. കുടുംബ സ്വത്തുക്കൾ മറ്റുള്ളവർ കൈവശപ്പെടുത്തിയേക്കാം. ജന്മശനിക്കാലമായതിനാൽ ശാരീരികാസ്വാസ്ഥ്യങ്ങളും കാര്യതടസ്സങ്ങളും ഉണ്ടാകാം. ശനിയാഴ്ച വ്രതമെടുക്കുക.



**മകരക്കൂറ് (ഉത്രാടം 3/4, തിരുവോണം, അവിട്ടം 1/2)ഃ** കർമ്മമേഖല പുഷ്ടിപ്രാപിക്കുകയും, ധനലാഭമുണ്ടാകുകയും ചെയ്യും. പ്രവർത്തികളിൽ അതിപ്രയത്നം വേണ്ടി വരും. മനോവിഷമങ്ങൾക്ക് പരിഹാരമുണ്ടാകും. കുടുംബസ്വത്തുക്കൾ അനുഭവിക്കുവാനുള്ള അവസരം വന്നു ചേരും. സന്താനങ്ങൾക്കു വേണ്ടി ചെയ്യുന്ന കാര്യങ്ങൾ വിജയത്തിൽ എത്തും. ഏഴരശ്ശനിക്കാലമാണ്. ശനിവ്രതം ദോഷങ്ങൾ കുറക്കും.



**കുംഭക്കൂറ് (അവിട്ടം 1/2, ചതയം, പൂരൂരുട്ടാതി 3/4)ഃ** നിലവിലുള്ള തൊഴിൽ സംരംഭം മന്ദഗതിയിൽ ആകും. വിശ്വസിച്ചവർ വഞ്ചിച്ചെന്നിരിക്കും. ധനപരമായി കാലം നല്ലതല്ല. വരവിനേക്കാൾ അധികം ചിലവുണ്ടാകും . മംഗളകാര്യങ്ങൾ നടക്കുവാനുള്ള സാദ്ധ്യതകൾ ഉണ്ട്. മനസ്വസ്ഥത കുറയും. കൃഷ്ണഭഗവാനെ ഭജിക്കുന്നതുകൊണ്ട് ദോഷങ്ങൾ കുറയും. ദിവസവും വിഷ്ണു സഹസ്രനാമം ജപിക്കുക.



**മീനക്കൂറ്(പൂരുരുട്ടാതി 1/4, ഉത്രട്ടാതി, രേവതി)ഃ** മത്സര പരീക്ഷകളിൽ വിജയിക്കും. പുതിയ സുഹൃദ് ബന്ധങ്ങൾ വന്നു ചേരും. വിദ്യാഭ്യാസ രംഗം മന്ദഗതിയിലാകും. ഓർമ്മക്കുറവ് അനുഭവപ്പെടും. ഭാഗ്യംകൊണ്ടു മാത്രം പല പ്രവർത്തികളും വിജയിക്കും. ഉദ്യോഗ രംഗത്ത് തടസ്സങ്ങൾ അനുഭവപ്പെടും. ധനവ്യയം കുറഞ്ഞിരിക്കും. നല്ലകാര്യങ്ങൾക്കായി ധനം ചിലവു ചെയ്യും. ശിവപഞ്ചാക്ഷരി ജപിക്കുന്നതും ദേവീ പ്രീതികരങ്ങളായ കാര്യങ്ങൾ ചെയ്യുന്നതും ദോഷം കുറയ്ക്കും.

*ശുഭമസ്തു*
*ശംഭോമഹാദേവ! എറണാകുളത്തപ്പൻ തുണ!*

**തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ 9 am to 1 pm വരെ ജ്യോതിഷിയുടെ സേവനം ലഭ്യമാണ്**

# MANGALYAM MATRIMONIAL

## വരനെ ആവശ്യമുണ്ട്

Nair Girl,28/175cm, Pooram, Fair, B.Tech, MBA,Amazon, Bangalore, Pref: Professionals /Top Manageril position, Mob: 9560999295/ 8744054206, Reg.No.21693

Email:msradhakishor@gmail.com
Date of Birth:07-04-1990(1.55pm)
Sishta Dasa:Venus: 6-7-4

| | | | |
|---|---|---|---|
| ര | ബു മാ | | ഗു |
| ശു | ഗ്രഹനില | | ല ശി |
| കു മ സ | & അംശകം | | ച |
| | | | |

---

Marar Girl,24/165cm, Ayilyam, Wheatish, M.Tech in Networking Engineering, Software Engineer in Infosys, Trivandrum, Pref: Professionals, Govt/Public/ Private Ltd Company, Vegetarian/ Eggetarian, Ambalavasi/ Nair, Mob:9995869754, Reg.No.21876

Email:hari_thrippekulam@yahoo.com
Date of Birth:1-10-1994(8.20am)
Sishta Dasa:Budha:12-2-26

ഗുശുസ ര

| | | | | | |
|---|---|---|---|---|---|
| | | ശി | | | |
| ല | മ | ഗ്രഹനില | | ച കു | |
| ച മ | | & അംശകം | | | കു മാ |
| | | | ല ബു ഗു ശു സ | ര മാ | |

ബു ശി

Contact Address:
MR.HARI T
NANDANAM
CHEMBAKASSERY TEMPLE ROAD
ALUVA
ERNAKULAM - 683 101

---

Nair Girl,21/155cm,Makayiram, Fair, BA Honours in English,Consultant-Editor in a Publishing Company, Chennai,Pref: Graduation & above, Professionals,prefer grooms having Chowa Dosham, Ph:044-49596669, Mob:9884301636, Reg.No.21912

Email:prakash_vasudevan@hotmail.com
Date of Birth:30-07-1997(10.24pm)
Sishta Dasa:Kuja:2-4-28

മാ ശി

| | | | | | |
|---|---|---|---|---|---|
| | മ ല | | | ച മാ | |
| മ | ശി | ഗ്രഹനില | | ര | ബു |
| | ഗു | & അംശകം | | ബു ശു സ | ശു ഗു |
| | | | | കു | കു |

സ രല ച

Contact Address:
MR.PRAKASH VASUDEVAN
313, 3RD FLOOR,IV BLOCK
ALLIANCE ORCHID SPRING
WATER CANAL ROAD
KORATTUR
CHENNAI - 600 076

---

Nair Girl,26/5'3", Vishakam, Fair, Master in Audiology and speech language pathology, Employed,Pref: Educated and well settled, under standing, broad minded partner required, Mob:9446607176, Reg.No.21913

Email:rajivramank@gmail.com
Date of Birth:05-08-1992(10.40pm)
Sishta Dasa:Guru:12-6-4

ല ചകു ശുസ

| | | | | | |
|---|---|---|---|---|---|
| | ല | | കു | ശി മാ | മാ |
| | | ഗ്രഹനില | | ര ബു | മ |
| | മ | & അംശകം | | ഗു ശു | |
| ര | സ | | ച | | |

ബു ശി ഗു

Contact Address:
MR RAJIV RAMAN KARTHA
SRI VIHAR, SMRA - 28,
ST.MARTIN'S ROAD
PALARIVATTOM
COCHIN - 682 025

---

Nair Girl,27/164cm, Utharadam, White, MBBS, JR.Doctor in a Pvt Hospital, Ernakulam District, Pref: Doctor/MD,from Ernakulam/Trichur/ Palghat Dist, Mob:9349273700, Reg.No.21915

Email:nimmyask08@gmail.com
Date of Birth:08-04-1991(9.18pm)
Sishta Dasa:Ravi:0-1-22

ച മ ബു മാ

| | | | | | |
|---|---|---|---|---|---|
| | ര | ബു | ശു | കു | |
| ര | | ഗ്രഹനില | | ശി ഗു | ശി |
| ശു സ | സ ച മ | & അംശകം | | | ല |
| കു | | ല | മാ | | ഗു |

Contact Address:
MR.K. G. SATHISH KUMAR
'SAYNA' 18/74, MYTRY A/5,
NJARAKAT ROAD
WEST PERUVARAM TEMPLE
NORTH PARUR
ERNAKULAM - 683 513

---

Nair Girl,29/165cm, Pooyam, Wheatish, BA, B.Ed, Clerk ,State Bank of India, Chennai, Pref : RBI/ SBI Employees, (Officers),Age -29-34, Mob:7994400543/ 8281886895, Reg.No.21916

Email:greeshmamenon11@gmail.com
Date of Birth:18-11-1989(6.30am)
Sishta Dasa:

| | | | |
|---|---|---|---|
| | | | |
| | ഗ്രഹനില | | |
| | & അംശകം | | |
| | | | |

Contact Address:
MR.P.R.GOPINATHAN
FLAT.NO.S2,
SECOND FLOOR
SHRUTHI APARTMENTS
KEELKATTALAI
CHENNAI - 600 117





# MANGALYAM MATRIMONIAL

## വരനെ ആവശ്യമുണ്ട്

Nair Girl,26/157cm,Pooruruttathi, White, B.Tech, Bank Employee(Union Bank),Cochin,Pref:Degree/PG,Bank/ State/Central Govt,Ltd Companies/ IT,Mob:9447976086/ 9446563663, Reg.No.21919

Email:chandrabhavanam.harikumar@gmail.com
Date of Birth:30-12-1992(11.46am)
Sishta Dasa:Guru:10-08-06

സ ബു ച കു

| | | | | | |
|---|---|---|---|---|---|
| | മാ ല | | ശി | കു | ഗു |
| | ശു ച | ഗ്രഹനില | | | മ |
| | മ | & അംശകം | | | ല ര |
| | ര ബു | സ | | ഗു | ശി |

മാ ശു

Contact Address:
MR.HARIKUMAR C. S
HARISREE,
VALAMANGALAM
THURAVOOR P. O
CHERTHALA
ALLEPPEY- 688532

---

Nair Girl,25/162cm,Revathi,Wheatish, Studing M.Tech in IIT Ahamadabad, Pref: Well educated,Mob: 9496741329/ 9207521379,Reg.No.21921

Email: regit2791@gmail.com
Date of Birth:28-10-1993(1.39pm)
Sishta Dasa:Budha:16-2-1.39

ശി മാ ബു കു

| | | | | | |
|---|---|---|---|---|---|
| | ച | | ശി | | |
| | | ഗ്രഹനില | | | ശു |
| ര | ല മ | & അംശകം | | | ല |
| ച | മാ | സ | ബു ര ഗു കു | ശു | മ |

ഗു സ

Contact Address:
MR.HARIDAS K. S
FLAT B-1,FEDERAL HARMONY
ARAFA NAGAR, CUSAT ROAD
KALAMASSERY,
ERNAKULAM - 682022

---

Nair Girl,25/5'1",Thiruvonam, Fair, MBBS,Doing MD, Pref: CA,MD, Doctor, Govt/Private, Mob:9895806926, Reg.No.21923

Email:lekhavpr@yahoo.co.in
Date of Birth:08-06-1993(6.49pm)
Sishta Dasa:

| | | | |
|---|---|---|---|
| | | | |
| | ഗ്രഹനില | | |
| | & അംശകം | | |
| | | | |

Contact Address:
MR.V. P. RAVINDRANATH
106, ALFIA NAGAR
COCHIN UNIVERSITY P O
KOCHI 682022

---

Nair Girl,24/158cm, Chathayam, Wheatish,M.Sc Microbiology, Project Assistant,Pref: PG/Ph D, Biological Science,Dist from Alappuzha to Northern Kerala, Mob:9072473152, Reg.No.21927

Email:advumasreelatha@gmail.com
Date of Birth:04-05-1994(7.25pm)
Sishta Dasa:

ശു

| | | | | | |
|---|---|---|---|---|---|
| | മാ കു | ര ബു | ശു ശി | | |
| ഗു മ | മ ച | ഗ്രഹനില | | | ല സ മാ |
| ച കു ശി | | & അംശകം | | | |
| | | ല സ | ഗു | | ര |

ബു

Contact Address:
SMT.SREELATHA. A
SAALEENAM
KAITHAVANA
SANATHANAPURAM
ALAPPUZHA - 688 003

---

Nair Girl, 26/157cm, Anizham, Fair, B.Tech,Assistant Manager - Power Grid Corporation of India Ltd. Bangalore, Pref:Professionals, Ph:0481-2537071, Mob:9447280078, Reg.No.21929

Email:ramchand7122@yahoo.com
Date of Birth:22-12-1992(1.45am)
place of birth : Kottayam
Sishta Dasa:Sani:8-10-8

സ ര ഗു

| | | | | | |
|---|---|---|---|---|---|
| | | | ശി | | |
| | | ഗ്രഹനില | | മാ കു | കു ശു മ |
| | ശു മ | & അംശകം | | | |
| | ര | ച സ ബു | | ല ഗു | ല ശി |

ബു ച മാ

Contact Address:
MR.K. RAMACHANDRAN NAIR
RAGASUDHA
PEROOR P. O
KOTTAYAM - 686 637

---

Nair Girl,32/154cm, Vishakam, Fair, Graduate,Working in Dubai, Divorcee, Mob:9895405070,Reg.No.21931

Email:shobhajayasankar@gmail.com
Date of Birth:20-02-1987(6.46pm)
Sishta Dasa:Guru:8-1-29.30

| | | | |
|---|---|---|---|
| ഗു സ മാ | കു | | |
| ര ബു | ഗ്രഹനില | | |
| | & അംശകം | | ല |
| ശു | മ | ച | ശി |

Contact Address:
MRS.SHOBHA.JAYASANKAR
28/1089, NETHRAMANGALAM
INDIRA NAGAR
KADAVANTHRA
KOCHI 682 020


## MANGALYAM MATRIMONIAL

# വരനെ ആവശ്യമുണ്ട്



Nair Girl, 23/168cm,Thriketta - Sudham, Fair, B.Tech, Associate Consultant, CAAR Technology, Chennai, Mob: 9847200165, Reg.No.21934


Email:ajithprasadar@gmail.com
Date of Birth:24-11-1995(8.57am)
Sishta Dasa:




Contact Address:
MR.AJITH PRASAD A. R
HIMASAILAM
KALLARI LANE
CHERANALLOOR. P. O
EDAPALLY
ERNAKULAM 682 024

Nair Girl,24/165cm, Pururuttathi, Suddhajathakam, Very Fair,B.Tech EC, Doing MBA,Business Analyst,Pref: Engineer/Doctor/other Executive Post,location preference - Ernakulam / Trissur/Palakkad/Malappuram (natives), Ph:0484-2782680, Mob: 9495383429, Reg.No.21936


Email:ksn201155@gmail.com
Date of Birth:06-05-1994(10.50am)
Sishta Dasa:Guru:0-11-1.12




Contact Address:
MR.K.SOMAN
KEERTHANAM,HIVES VILLA - 10
MOLUMPURAM ROAD
EROOR SOUTH POST OFFICE
TRIPUNITHURA,
ERNAKULAM - 682306

Nair Girl, 26/5'2",Makam, Wheatish, B.OTH(Bachelor of Occupational Therapy),Consultant Occupational Therapist at Bhakthi Vedantha Hospital, Mira Road, and GAET Counsiling centre, Goregaon,Pref: Professionals,Mob: 9869410382,Reg.No.21937


Email:panicsree@gmail.com
Date of Birth:11-05-1992
12.30am (00.30 hrs)
Sishta Dasa:Kethu: 0-11-0




Contact Address:
MR SREEKUMAR
B-24/104 SECTOR - 9
SUNRISE SHANTINAGAR CHS LTD
MIRA ROAD (E)
THANE - 401107
MAHARASHTRA

Nair Girl, 21/160cm, Moolam, Fair, Integrated MA (IVth year), Pref : Graduation /B.Tech, Bank/Abroad/ Govt/ Airport, Mob : 9446826676/ 9895858071, Reg.no.21944


Email:sasirnair1221@gmail.com
Date of Birth:03-03-1997(4.27pm)
Sishta Dasa:Ketu: 15.9.18




Contact Address:
MR.R.SASIKUMAR
VETTUVELIL HOUSE
NAYARAMBALAM
ERNAKULAM - 682509

Nair Girl,23/163cm,Uthrittathi,Fair, M.Com,Pref: Professionally qualified, Affluent family,Software/ Banking sector/Businessman/Human Resourse/ Professionals, Mob:9447367099, Reg.No.21946


Email:sureshbbrindavan@gmail.com
Date of Birth:4-11-1995(11.40am)
Sishta Dasa:




Contact Address:
MR.SURESH BRINDAVAN
BRINDAVAN SHOPPING COMPLEX
T. B. ROAD
KOTTAYAM - 686 001

Nair Girl, 32/160cm,Uthram, Fair, MD, DNB,Working ,Pref: MD/MS (Doctors) or B.Tech with MBA/ M.Tech with MBA/BE with MBA ,Ph: 0487-2360477, Mob:7736734183, Reg.No.21947

Email:thobu@gmail.com
Date of Birth:20-1-1987(5.15pm)
Sishta Dasa:Ravi :1-6-1




Contact Address:
MRS.SOBHANA VENUGOPALAN
53/765,TEJAS,
BEHIND KARTHIYANI TEMPLE
AYYANTHOLE
THRISSUR - 680 003






## MANGALYAM MATRIMONIAL

# വരനെ ആവശ്യമുണ്ട്




Nair Girl, 30/163cm, Pooram (2 1/2 Papam) , Wheatish, Post Graduate, HR Executive Infopark, Pref : Post Graduate, /Executive level Engineers/ Doctors, Ph : 0477- 2272525, Mob : 9496283735/ 9388619548, Reg No: 21950
Email:bvenugopal33@gmail.com
Date of Birth:21-06-1988(01.35pm)
Sishta Dasa:




Contact Address:
MR. B. VENUGOPAL
SOUPARNIKA
KARUMADY. P.O
AMBALAPUZHA
ALAPPUZHA - 688561


Nair Girl, 27/157cm, Pooradom, Fair, B.Sc, MCA, PSC coaching, Pref: Employed or Professionally qualified ,Ph:0481-2598268, Mob: 9496414501, Reg.No.21951

Email:mrreghunathan25@gmail.com
Date of Birth:04-05-1991(5.07pm)
Sishta Dasa:Sukra:7-2-12




Contact Address:
MR.REGHUNATHAN M R
MADAPPATTU HOUSE
KAIPUZHA P O
KOTTAYAM - 686 602


Nair Girl, 25/5'2", Rohini, Wheatish, B.Tech, MBA, Executive in a Private firm in Kochi, Pref: Professionals, Teetotaller, Upper middle class , Educated family background, Mob:8943859096/ 8594096986, Reg.No.21952
Email:anilthekedath@gmail.com
Date of Birth:19-02-1994(3.45pm)
Sishta Dasa:Chandra :6-8-25




Contact Address:
MR.ANIL KUMAR THEKEDATH
SKYLINE ORION APARTMENT
EDAPALLY
ERNAKULAM - 682024

Nair Girl, 28/149cm,Pooram, Fair, ,B.Tech, Software Engineer in TCS, Divorcee, Pref: B.Tech and above, Ph:0484-2807084,Mob:9400607084, Reg.No.21954

Email:aiswaryastar@gmail.com
Date of Birth:21-03-1990(12.40pm)
Sishta Dasa:Sukra:1-0-18




Contact Address:
MR.U. N. MADHUBALAN
MANGALAYIL PARAMBU
VENNALA P.O
KOCHI - 682028


**THOTTEKKATT DIWAN'S MEMMORIAL HALL**

**ERNAKULAM KARAYOGAM**

1. TDM HALL GANGA a/c
2. TDM HALL PERIYAR a/c (GROUND FLOOR)
3. TDM HALL KAVERY a/c
4. TDM HALL SOORYA a/c (DINING HALL)
5. TDM HALL YAMUNA a/c
6. TDM HALL NILA a/c (DINING HALL)
7. TDM HALL PAMBA (ROOF HALL)
8. TDM HALL NARMADA a/c (SEMINAR HALL)
9. TDM HALL GODAVARY a/c (CONFERENCE HALL)
10. TDM HALL SARASWATHY (FIRST FLOOR)
11. TDM HALL KRISHNA a/c (EXHIBITION HALL)


For Details Contact: 0484 2361160
Email: ekmkgm@gmail.com, Web: www.ernakulamkarayogam.com

# MANGALYAM MATRIMONIAL

## വധുവിനെ ആവശ്യമുണ്ട്

Nair Boy, 29/168, Makam, Wheatish Brown, MBA Finance, Operation Manager, Pref : Graduate, Mob:9946103085/ 9008161360, Reg No: 21918

Email:aravind_rajan@hotmail.com
Date of Birth:31-8-1989 (8.10 am)
Sishta Dasa:Kethu : 0-5-4





Contact Address:
MR. A.K. RAJAN
SUCHITHRA
CHILAVANNOOR ROAD
KADAVANTHRARA P. O
KOCHI -682 020

---

Nair Boy, 31/170cm, Avittam, Fair, PGDM (Equivalent to MBA), Accounts Manager in Digital Advertising Co, Ekm, Pref: Well educated, Ph:0479-2308283 Mob:9400808283, Reg.No.21920

Email:unnyettan@gmail.com
Date of Birth:23-04-1987(12.50am)
Sishta Dasa:Kuja:1-10-29





Contact Address:
MR.S.UNNIKRISHNAN NAIR
NANDANAM
KANDIYOOR
AMBALAMUKKU
MAVELIKARA
ALAPUZHA - 690 103

---

Nair Boy, 34/165cm, Karthika, Fair, B.Tech (Civil),Engineer,Australia,Pref: Professionals,Mob:9496272868/ 9446118115,Reg.No.21922

Email:kalaudayakumar34@gmail.com
Date of Birth:02-05-1984(4.20am)
Sishta Dasa:Ravi:5-8-24





Contact Address:
MR.UDAYAKUMAR R
THATTARIMADOM
KUTHIATHODE P O
NH, KUTHIATHODE
ALAPPUZHA - 688 533

---

Nair Boy, 31/5'10", Moolam, Fair, BHMS, MD (HOM), RMO, A.NSS. H.M.C.H,Kottayam, Pref: Doctor, Teacher, Ph : 0481 - 2441101 , Mob: 9447573035, Reg.No.21924

Email:dr.kurup900@gmail.com
Date of Birth:06-08-1987(6.01am)
Sishta Dasa:Kethu:6-3-26.21





Contact Address:
DR.C.R.RADHAKRISHNA KURUP
CHOORAKUNNATH(H)
P.C.KAVALA P. O
PAIPPAD
CHANGANASSERY
KOTTAYAM - 686 537

---

Nair Boy, 27/178cm,Chithira, Fair, B.Tech,MBA(XLRI -Jamshedpur), Asst.Manager(HR),Star Networks, Mumbai,Pref: Doctors/Professionally employed,Transferable job,Ph:0484-2334806,Mob: 9446084806, Reg.No. 21925

Email:mvnair1955@gmail.com
Date of Birth:21-06-1991(5.36pm)
Sishta Dasa:Kuja:1-7-14





Contact Address:
MR.VIJAYACHANDRAN NAIR M
SRUTHI, KRRA 103,
KANNANTHODATH ROAD
EDAPPALLY P O
ERNAKULAM - 682 024

---

Nair Boy, 31, 182, Pooyam, Fair, B.Com, MSW, Admin (Medical Social Work), AIMS Kochi, Pref : Degree/ Diploma, Ph: 9447366482, Reg No: 21926

Email:mohan.binu@gmail.com
Date of Birth:10-12-1987 (5.30am)
Sishta Dasa:Sani: 1-1-12




Contact Address:
MR. MANU MOHAN
PANTHRADIL HOUSE
TASS ROAD
ALUVA, ERNAKULAM -683 101






# MANGALYAM MATRIMONIAL

## വധുവിനെ ആവശ്യമുണ്ട്

Nair Boy,28/5'8", Karthika, Fair, B.Tech (Civil) Postgraduation from NICMAR, Asst.Manager,IPCL,KCT - Group, Pref:Graduation Mob:9363322207, Reg.No.21928

Email:ajithakumarbs@yahoo.com
Date of Birth:20-06-1990(1.24pm)
Sishta Dasa:Ravi:4-3-20





Contact Address:
DR.B.S.AJITHA KUMAR
MANORANJINI, TC.9/1821
SANKAR ROAD
SASTHAMANGALAM
TRIVANDRUM - 695 010

---

Nair Boy, 27/6'2", Avittom, Fair, B.Tech (Electronics & Communication) , MBA (Marketing & Strategic Operations), Manager (Branding & Social Media Communication), Bajaj Finserv Direct Ltd, Pune, Mob:9895432621, Reg. No.21930

Email:gpk_pradeep@outlook.com
Date of Birth:14-11-1991(1.15am)
Sishta Dasa:





Contact Address:
MR.PRADEEP KUMAR G
POURNAMI
JAWAHAR ROAD
POONITHURA
ERNAKULAM 682 038

---

Nair Boy,27/174cm, Chathayam, Fair, M.Tech (Embded System), TCS, Infopark, Kakkanad, Pref: Employed girls, Ph:0484-2302511, Mob:9447458254, Reg.No. 21932

Email:jayachandranapk@gmail.com
Date of Birth:22-09-1991(4.30pm)
Sishta Dasa:Rahu:3-3-17.10





Contact Address:
MR.JAYACHANDRAN P. K
SREEJAYAM
KUNJANBAVA ROAD
PONNURUNNI
VYTTILA P. O
ERNAKULAM - 682 019

---

Nair Boy, 28/159cm, Visakham, Fair, M.Tech, PhD, MBA,Assistant Professor KUFOS, Cochin, Pref: Graduation, Ph: 0484-2706041, Mob:9447706041, Reg.No.21933

Email:arsmenon@gmail.com
Date of Birth:31-07-1990(12.03pm)
Sishta Dasa:





Contact Address:
DR.A.R.S.MENON
NANDANAM
VIKAS NAGAR
MARADU P. O
ERNAKULAM - 682 304

---

Nair boy, 34/180cm, Vizhakam, Medium, B.Tech(I&C),PG from IIM, Kozhikode, Territory Sales Head, Tree Bo Hotels, 50% Hearing impaired, Pref: PG or Professional, Mob: 9895684393/ 9656640514, Reg.no.21935

Email:ibmenon@gmail.com
Date of Birth:09-07-1984(12.50am)
Sishta Dasa:Guru:2.11.4





Contact Address:
SMT SATHEE MENON
271, PULARI NAGAR
VATHIYOORKAVU P O
TRIVANDRUM - 695013

---

Nair Boy, 30/172, Aswathy, Fair, MBA (Finance) Accounts Executive (Dubai), Pref : Educated girls with Job, Employed in Dubai or Any Job in our State, Ph : 0484 - 2537555, Mob : 9645227959, Reg No: 21938

Email:krishnath.sudhakaran@gmail.com
Date of Birth:25-01-1988 (4.40 pm)
Sishta Dasa:Kethu : 4.1.12




Contact Address:
MR. K. SUDHAKARAN
KRISHNATH HOUSE
CHAMBADY ROAD
ELAMAKKARA. P.O
COCHIN-682 026

# MANGALYAM MATRIMONIAL

## വധുവിനെ ആവശ്യമുണ്ട്

Nair Boy, 32/170cm, Avittam, Wheatish, B.Tech, Business, Pref: Graduate, Ph: 0484-2779944, Mob:9446577750, Contact time (6.30am to 8.30am & 8.30pm to 10.00pm) Reg.No.21942

Email:ushapm64@gmail.com
Date of Birth:23-07-1986(1.30am)
Sishta Dasa:Kuja:6-2-7.3

സ ഗു

| | | | |
|---|---|---|---|
| | ല സ | | |
| ഗു | ഗ്രഹനില | | രബു |
| ച മാ | & അംശകം | | ശു |
| കു | മ | ശി | |

മാ / ര ച / ബു ശു

ല ശികു മ

Contact Address:
MRS.USHA.P.M
ASHADOM
ANACHAL ROAD
TRIPUNITHURA
ERNAKULAM - 682301

Nair Boy, 30/165cm, Makayiram, Fair, B.Tech, Engineer, Lulu Cyberpark, Kakkanadu, Pref: Employed Graduate, Ph:0484-2606712, Mob:9995159050, Reg.No.21943

Email:psmohan57@gmail.com
Date of Birth:14-06-1988(5.57am)
Sishta Dasa:Kuja: 6-0-28

കു മ സ

| | | | |
|---|---|---|---|
| | ഗു | ലീച ബുശു | |
| കു സ | ഗ്രഹനില | | |
| മാ | & അംശകം | | ശി |
| മ | | | |

മാ / ച / ല ര

ഗു ശി ബു ശു

Contact Address:
MR.MOHANAKRISHNAN P. S
NANDANAM
MYTHRI 52
ROSE LANE,PARUR KAVALA
THOTTAKKATTUKARA, ALUVA
ERNAKULAM - 683 108

Nair Boy, 29/165cm,Aayilyam, Medium, M.Tech (Civil), Structural Design Engineer, Pref : B.Tech/ BDS/ Paramedical courses, Ph:0484-2802485, Mob:8547412485, Reg.No.21945

Email:sivashankaramenon@gmail.com
Date of Birth:29-05-1990(8.45pm)
Sishta Dasa : Budha:8-5-0

| | | | |
|---|---|---|---|
| കു | ബു ശു | ര | ഗു |
| | ഗ്രഹനില | | ച ശി |
| മ സ | & അംശകം | | |
| ല | | | മാ |

Contact Address:
MR.K.S.SIVASANKARA MENON
THRIVENI, JCRA 174
JAWAN CROSS ROAD
PONEKARA, EDAPPALLY
COCHIN 682041

Nair Boy, 30/175cm,Thiruvonam, Fair, B.Com, Company Secretary(Institute of Company Secretaries of India), Executive Officer,AVG Group, Kottayam, Pref: Graduation and above, Ph:0484-4027507, Mob:9446139504, Reg.No.21948

Email:shyamkarthikr@outlook.com
Date of Birth:17-02-1988(12.13am)
Sishta Dasa:Chandra:1-8-21

ഗുകു മ ല

| | | | |
|---|---|---|---|
| ശു സ | ഗു | | |
| ര | ഗ്രഹനില | | |
| ബു ച | & അംശകം | | മാ |
| കു മ | | ല | ശി |

ശി / ബു ച സ / മാ

ശു ര

Contact Address:
MR.P. RAGHUNATHAN NAIR
MANOGEETH,
OLD VALLAM ROAD
PERUMBAVOOR,
ERNAKULAM - 683 542

Nair Boy, 29/170, Avittam (Sudha Jathakam), Fair, B.Tech Mechanical, Engineer , Working at Samsung (C &T) Mumbai, Pref : B.Tech, Masters B Ed, MBA, Physiotherapy, Employed-Willing to Work at Mumbai, Ph: 9747482079/ 9961949367, Reg No:21949

Email:anithavijayakumar1988@gmail.com
Date of Birth:07-11-1989 (2.40pm)
Sishta Dasa:

ബു ഗു ര ല ശു

| | | | |
|---|---|---|---|
| | | | ഗു |
| ല ച മാ | ഗ്രഹനില | | ശി |
| സ | & അംശകം | | |
| ശു മ | | ര കു ബു | |

ശി / മ

കു ചമാ സ

Contact Address:
MRS. ANITHA
VIJAYARAGAM
KANIYAMKULAM JUNCTION
NR. JAIHIND LIBRARY
SANATHANAPURAM. P.O
ALAPPUZHA-688 003

Nair Boy, 29/180cm,Anizham, Wheatish, B.Tech in Mechanical Engineering and MTech in Production Engineering, Engineer (Officer Rank), Pref: MBBS/MD/ M.Tech(expect Software),Doctors/Govt Officers/Bank officers, Ph:0484-2523580, Mob:9446323570/ 9847523580, Reg.No.21953

Email:balamuraliu1989@gmail.com
Date of Birth:08-09-1989(4.32am)
Sishta Dasa:Sani:0-2-29

ശി ബു

| | | | |
|---|---|---|---|
| | | | ഗു |
| സ | ഗ്രഹനില | | ല മാ |
| | & അംശകം | | ര കു ശി |
| മ | ച | ശു | ബു |

ല / ഗു / കു / മ മാ

ച ര ശു സ

Contact Address:
MR.M.K.UNNIKRISHNAN NAIR
THETTIKKOTTU HOUSE
THETTIKKOTTU LANE
PERUMBAVOOR
ERNAKULAM - 683542



## എറണാകുളം കരയോഗം 32-ാമത് ശ്രീമദ് ഭാഗവത സപ്താഹ യജ്ഞത്തിൽ നിന്ന്








ഫെബ്രുവരി 14ന്, കാശ്മീരിൽ പുൽവാമയിൽ ഉണ്ടായ തീവ്രവാദി ആക്രമണത്തിലൂടെ ജീവൻ പൊലിഞ്ഞ നമ്മുടെ 44 ഓളം ധീരജവാൻമാരുടെ വിയോഗത്തിൽ എറണാകുളം കരയോഗത്തിന്റെ ആദരാഞ്ജലികൾ...




2018 ലെ കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് നേടിയ കവി എസ്. രമേശൻ നായർക്ക് കൊച്ചി പൗരാവലി നല്കിയ സ്വീകരണം ബഹുമാന്യനായ മിസോറാം ഗവർണർ കുമ്മനം രാജശേഖരൻ മൊമന്റോ നല്കി പൊന്നാട അണിയിച്ച് ആദരിച്ചു. കൊച്ചി മേയർ ശ്രീമതി.സൗമിനി ജെയിൻ, ഡോ.കെ.എസ്.രാധാകൃഷ്ണൻ, സി.ജി.രാജഗോപാൽ, പി.രാമചന്ദ്രൻ (വേണു), കെ.എൽ.മോഹനവർമ്മ, ഇ.എൻ.നന്ദകുമാർ തുടങ്ങിയവർ സമീപം.




പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി എറണാകുളത്തപ്പൻ ഗ്രൗണ്ടിൽ സംഘടിപ്പിച്ച സമഗ്ര ശിക്ഷ കേരള പൊതുവിദ്യാഭാസ സമഗ്ര യജ്ഞത്തിൽ ശ്രീരുദ്രവിലാസം സ്ക്കൂളിലെ വിദ്യാർത്ഥികൾ പങ്കെടുത്തു.

DATE OF PUBLICATION: 10-03-2019

RNI NO. KERMAL/2008/23515

REGISTERED NEWSPAPER

M6-57945/2007

REGISTERED KL/EKM/514/2018-20
LICENSE NO. KL/CR/EKM/WPP-15/2018-20
LICENSED TO POST WITHOUT PREPAYMENT

Volume No. 12 March 2019 Issue No. 3

## എറണാകുളം കരയോഗം കഥകളി ക്ലബ്ബ്
# ചവറ പാറുക്കുട്ടി അനുസ്മരണ കഥകളി



പ്രവേശനം സൗജന്യം

**26.3.2019, ചൊവ്വ, 6.30 ു.ാ., ടി.ഡി.എം ഹാൾ ഗംഗ**

**കഥ : രാവണവിജയം**

| | |
|---|---|
| രാവണൻ | : അഡ്വ.രഞ്ജിനി സുരേഷ് |
| രംഭ | : ശ്രീ. കലാമണ്ഡലം ചമ്പക്കര വിജയകുമാർ |
| ദൂതൻ | : ശ്രീ. കലാമണ്ഡലം ചിനോഷ് ബാലൻ |
| പാട്ട് | : ശ്രീ. കോട്ടകൽ വേങ്ങേരി നാരായണൻ |
| | ശ്രീ. അഭിജിത്ത് വാര്യർ |
| ചെണ്ട | : ശ്രീ. കലാ. ശ്രീഹരി |
| മദ്ദളം | : ശ്രീ. കലാ. പ്രശാന്ത് |
| ചുട്ടി | : ശ്രീ. കലാനിലയം വിഷ്ണു |
| അണിയറ | : ശ്രീ. രാമചന്ദ്രൻ,സുരേന്ദ്രൻ, അരുൺ |

**കഥാസാരം :**


രംഗം 1 : രാവണന്റെ സമീപം വൈശ്രവണന്റെ ദീതൻ എത്തുന്നു. രാവണന്റെ അഹങ്കാരവും ദുഷ്ചെയ്തികളും അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെടുന്നു. അതീവ കുപിതനായ രാവണൻ കഴുത്തറുത്ത് ദൂതനെ വധിക്കുന്നു. അതിനു ശേഷം വൈശ്രവണനോട് യുദ്ധം ചെയ്യാനായി പുറപ്പെടുന്നു.

രംഗം 2 : യുദ്ധത്തിനായി അളകാപുരിയിലേയ്ക്ക് പോകുന്ന വഴിയിൽ സേനയോടൊപ്പം വിശ്രമിക്കുന്നു. അതിനിടയിൽ വൈശ്രവണന്റെ പുത്രനായ നളകൂബരന്റെ സമീപം അണിഞ്ഞൊരുങ്ങിപ്പോകുന്ന രംഭയിൽ ആകൃഷ്ടനായി അവളെ വശീകരിക്കാൻ ശ്രമിക്കുകയും മറ്റൊരാളുടെ ഭാര്യയായി പോകുന്ന തന്നെ ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നെങ്കിലും കാമാതുരനായ രാവണൻ രംഭയെ ബലാത്കരേണ പ്രാപിക്കുന്നു. ശേഷം അളകാപുരിയിലേക്ക് പുറപ്പെടുന്നു.




## എറണാകുളം കരയോഗം ഫിലിം ക്ലബ്ബ്

പ്രവേശനം സൗജന്യം




### ലോക ക്ലാസിക് ചലച്ചിത്രം

**മാർച്ച് – 17, ഞായറാഴ്ച – വൈകിട്ട് 5.00ന്**

## സാരാ ബാൻഡ് (SARA BAND)

**സ്നേഹമെന്ന വികാരമുണ്ടോ? വിശ്വ സിനിമയിലെ മഹാരഥൻമാരിൽ ഒരാളായ ഇൻഗ്മർ ബർഗ്മാൻ ഈ സിനിമയിലൂടെ നിങ്ങളോട് ചോദിക്കുന്നു.**

**അഭിനേതാക്കൾ : എയർലാന്റ് ജോസഫ് സൻ, ലാവ് ഉൾമാൻ**

**സംവിധാനം : ഇൻഗ്മർ ബർഗ്മാൻ**

The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan nair Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Sterling Print House (P) Ltd., Door.No.49/1849, AIMS Ponekkara P.O, Kochi-682041, Ph: 0484-2802522, 2800406 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.